# ഭാഷാസാഹിതി

**(Peer reviewed Journal)**

## 189


| | | |
|---|---|---|
| മുഖ്യപത്രാധിപർ | - | പ്രൊഫ. സീമാ ജെറോം |
| സഹപത്രാധിപർ | - | പ്രൊഫ. കെ. കെ. ശിവദാസ് |
| ലക്കം പത്രാധിപർ | - | പ്രൊഫ. കെ. കെ. ശിവദാസ് |

മലയാളവിഭാഗം, കേരളസർവ്വകലാശാല
കാര്യവട്ടം, തിരുവനന്തപുരം - 695 581

**Department of Malayalam, University of Kerala**
Kariavattom, Thiruvananthapuram - 695 581

# ഭാഷാസാഹിതി

**പിയർ റിവ്യൂഡ് ജേണൽ (ത്രൈമാസികം)**
**2024 ജനുവരി - മാർച്ച് പുസ്തകം - 47 ലക്കം 1**

| | | |
|---|---|---|
| മുഖ്യപത്രാധിപർ | : | പ്രൊഫ. സീമാ ജെറോം |
| സഹപത്രാധിപർ | : | പ്രൊഫ. കെ. കെ. ശിവദാസ് |
| പത്രാധിപസമിതി | : | പ്രൊഫ. സി. ആർ. പ്രസാദ്<br>പ്രൊഫ. എസ്. ഷിഫ<br>പ്രൊഫ. എം. എ. സിദ്ദീഖ്<br>ഡോ. ഷീബ എം. കുര്യൻ<br>ഡോ. ടി. കെ. സന്തോഷ്കുമാർ |
| ഉപദേശകസമിതി | : | ഡോ. എൻ. മുകുന്ദൻ<br>ഡോ. ഡി. ബഞ്ചമിൻ<br>ഡോ. ദേശമംഗലം രാമകൃഷ്ണൻ<br>പ്രൊഫ. എ. എം. ഉണ്ണികൃഷ്ണൻ<br>പ്രൊഫ. പി. എസ്. രാധാകൃഷ്ണൻ<br>ഡോ. എസ്. നസീബ് |

ഭാഷാസാഹിതി ഭാഷയെയും സാഹിത്യത്തെയും സംസ്കാരത്തെയും സംബന്ധിച്ച ഗവേഷണത്തിനും പഠനത്തിനും പ്രാധാന്യം നൽകുന്ന പ്രസിദ്ധീകരണമാണ്. പ്രതിവർഷം നാലു ലക്കങ്ങൾ: ജനുവരി - മാർച്ച്, ഏപ്രിൽ - ജൂൺ, ജൂലൈ - സെപ്തംബർ, ഒക്ടോബർ - ഡിസംബർ

| | | |
|---|---|---|
| വാർഷികവരിസംഖ്യ | - | 600 രൂപ (പോസ്റ്റൽ ചാർജ്ജ് ഉൾപ്പെടെ) |
| ഒറ്റ ലക്കം വില | - | 100 രൂപ (പോസ്റ്റൽ ചാർജ്ജ് ഒഴികെ) |

**Department of Malayalam, University of Kerala**
Kariavattom, Thiruvananthapuram - 695 581

# BHAASHAASAHITHI

Peer Reviewed Journal (Trimonthly)
2024 January - March Volume - 47 Issue - 1

| | | |
|---|---|---|
| Chief Editor | : | Prof. Seema Jerome |
| Sub Editor | : | Prof. K.K. Sivadas |
| Editorial Board | : | Prof. C.R. Prasad |
| | | Prof. S. Shifa |
| | | Prof. M.A. Siddeek |
| | | Dr. Sheeba M. Kurian |
| | | Dr. T.K. Santhoshkumar |
| Advisory Commitee | : | Dr. N. Mukundan |
| | | Dr. D. Benjamin |
| | | Dr. Desamangalam Ramakrishnan |
| | | Prof. A. M. Unnikrishnan |
| | | Prof. P. S. Radhakrishnan |
| | | Dr. S. Nazeeb |

Bhaashaasahithi is a quartely publication that places a strong emphasis on research and studies pertaining to the Malayalam Language, Literature and Culture.

Annual Subscription Charge : Rs. 600/- (including postal charge)
Price of Single Issue : Rs. 100/- (postal charge extra)

## ഉള്ളടക്കം


| | | | |
|---|---|---|---|
| | പ്രൊഫ. സീമാ ജെറോം | 7 | പത്രാധിപക്കുറിപ്പ് |
| | ഡോ. കെ. കെ. ശിവദാസ് | 8 | ആമുഖം |
| 1. | ഡോ. കെ. കെ. ശിവദാസ് | 10 | സിലോൺപ്രവാസത്തിന്റെ കഥാരേഖകൾ |
| 2. | ഡോ. ലക്ഷ്മിപ്രിയ എൻ. | 21 | അത്ഭുതം, അനുഭവം, സ്വത്വം: ഏയ്മി നെസുകുമെറ്റാറ്റിലിന്റെ കവിതകളുടെ സൂക്ഷ്മ രാഷ്ട്രീയം |
| 3. | ഡോ. അപ്പു ജേക്കബ് ജോൺ | 31 | ദൃശ്യാത്ഭുതങ്ങളിൽ അദൃശ്യരാകുന്ന മനുഷ്യർ |
| 4. | സുബിൻ ഡി. | 42 | ആയോധനകലയുടെ 1പ്രവാസചരിത്രം |
| 5. | അലേർട്ട് ജെ. കളപ്പുരയ്ക്കൽ | 48 | സിങ്കപ്പൂരിലെ മലയാളം : വെല്ലുവിളികളും സാധ്യതകളും |
| 6. | ലക്ഷ്മി ബി. | 53 | പ്രവാസികഥയുടെ സമകാലിക മുഖങ്ങൾ |
| 7. | സ്റ്റെഫിൻ നാരായണൻ | 70 | അഭയാർത്ഥിത്വം മലയാള ചെറുകഥയിൽ |
| 8. | ഡോ. സൗമ്യ ബേബി | 78 | 'കറ'യിലെ ദേശാന്തരയാത്രകൾ |
| 9. | ഡോ. സാൽവിൻ കെ. തോമസ് | 88 | മാനുഷികബോധം പ്രവാസിസാഹിത്യത്തിൽ |
| 10. | രമ്യാ രാജൻ ആർ. | 100 | പെൺപ്രവാസം: രൂപപ്പെടലും അതിജീവനവും |
| 11. | വൈശാഖ് കെ. | 105 | പ്രവാസവും നവമാധ്യമങ്ങളിലെ ആശയവിനിമയവും |
| 12. | അപർണ എ. പി. | 110 | മലയാളിപ്പെണ്ണുങ്ങൾ കണ്ടെത്തിയ യാത്രാപഥങ്ങളിലൂടെ |
| 13. | അനഘ എസ്. എസ്. | 116 | ദക്ഷിണേഷ്യൻ പ്രവാസി നാടകവേദിയും താരാ തീയേറ്റേഴ്സും |

| | | | |
|---|---|---|---|
| 14. | ഡോ. ഫാ. ജോബി ജേക്കബ് | 133 | പ്രവാസിനാടകങ്ങളും നവലോകനിർമ്മിതിയും |
| 15. | അഭിഷേക് ഇ. | 142 | സുനിൽ കെ. ചെറിയാന്റെ നാടകങ്ങളിലെ പ്രവാസിജീവിതം |
| 16. | സഫ്‌വാന എൻ. കെ. | 156 | പ്രവാസി കവിതയുടെ സമകാലികത |
| 17. | ഫ്രീഡാജി ഇശയ്യ ജി. ജെ. | 166 | സ്വാതന്ത്ര്യത്തിന്റെ വീട് |
| 18. | ആദിത്ത് കൃഷ്ണ സി. | 172 | ഗൾഫിതര ഏഷ്യൻ പ്രവാസം മലയാളസിനിമയിൽ |
| 19. | സാന്ദ്ര സുധാകരൻ, | 183 | പ്രവാസി ജീവിതം സിനിമാ ഗാനങ്ങളിൽ |
| 20. | വൈഷ്ണവി വി. | 193 | മധ്യപൂർഷ്യൻ രാജ്യങ്ങളിലെ മലയാളി സമാജങ്ങൾ: ചരിത്രവും വർത്തമാനവും |
| 21. | ഡോ.ബി. ശ്രീകുമാർ സമ്പത്ത് | 214 | ആടുജീവിതം : നോവലും സിനിമയും |


കേരളസർവ്വകലാശാലയ്ക്കുവേണ്ടി മലയാളവിഭാഗം അദ്ധ്യക്ഷ പ്രൊഫ. സീമാ ജെറോം കേരള യൂണിവേഴ്സിറ്റി പ്രസ്സിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നത്. ഭാഷാസാഹിതിയിൽ പ്രസിദ്ധപ്പെടുത്തേണ്ട ലേഖനങ്ങൾ, കത്തുകൾ എന്നിവ വകുപ്പദ്ധ്യക്ഷ, മലയാളവിഭാഗം, കേരളസർവ്വകലാശാല, കാര്യവട്ടം-695 581, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കുക.

## പത്രാധിപക്കുറിപ്പ്

കേരളത്തിലെ ജീവിതശൈലി, സംസ്കാരം എന്നിവയെ എക്കാലത്തെയും പ്രവാസങ്ങൾ പല രീതിയിൽ സ്വാധീനിച്ചിട്ടുണ്ട്. ഗൾഫ് മേഖല, യൂറോപ്പ്, അമേരിക്ക, ഓസ്ട്രേലിയ, സിലോൺ, മലേഷ്യ എന്നിവിടങ്ങളിലേക്കുള്ള കുടിയേറ്റങ്ങളും പ്രവാസികളുടെ തിരിച്ചുവരവും മലയാളസാഹിത്യം, സിനിമ എന്നിവയുടെ ഭാവുകത്വത്തിൽ വലിയമാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഭാഷയുടെ വിനിമയം, അവബോധം എന്നിവയെയും കേരളത്തിനു പുറത്തേക്കും മറ്റിടങ്ങളിൽ നിന്നകത്തേക്കും ഉണ്ടായ പ്രവാസം നിർണ്ണായകമായി സ്വാധീനിച്ചിട്ടുണ്ട്. പ്രവാസസാഹിത്യത്തിലുണ്ടായ പരിണതികൾക്കനുസൃതമായി പ്രവാസപഠനങ്ങളും അക്കാദമികരംഗത്ത് വിപുലമായ ഗവേഷണങ്ങൾക്ക് കാരണമായിട്ടുണ്ട്. ഡോ. കെ. കെ. ശിവദാസ് ഇഷ്യു എഡിറ്ററായ ഭാഷാസാഹിതിയുടെ 2024 ജനുവരി - മാർച്ച് ലക്കം പ്രവാസപഠനങ്ങൾ ചർച്ചചെയ്യുന്ന പ്രബന്ധങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. തുടർസംവാദങ്ങ ൾക്കും പഠനങ്ങൾക്കും ഉതകുമെന്ന പ്രതീക്ഷയോടെ അക്കാദമിക സമൂഹത്തിനു മുന്നിൽ ഈ ലക്കം സമർപ്പിക്കുന്നു.

**പ്രൊഫ. സീമാ ജെറോം**
മുഖ്യപത്രാധിപ, ഭാഷാസാഹിതി
മലയാളവിഭാഗം
കേരളസർവ്വകലാശാല

## ആമുഖം

ഭാഷാസാഹിതിയുടെ ഈ ലക്കം പ്രവാസം പതിപ്പാണ്. കേരളത്തിലിനിയും അക്കാദമിക രംഗത്ത് അർഹമായ പരിഗണന ലഭിച്ചിട്ടില്ലാത്ത വിഷയമാണിത്. കേരള സർവ്വകലാശാലയിൽ സാമൂഹ്യ ശാസ്ത്ര പഠനവകുപ്പിന്റെ കീഴിൽ 300 ൽ താഴെ പുസ്തകമുള്ള മിനി ലൈബ്രറി പ്രവർത്തിക്കുന്നതൊഴികെ കേരളത്തിലെ സർവ്വകലാശാലകളിലെങ്ങും പ്രവാസികൾക്കായി മ്യൂസിയമോ, പ്രഭാഷണപരമ്പരയോ ഹെൽപ്പ് ഡെസ്കുകളോ പ്രവർത്തിക്കുന്നതായി അറിവില്ല. ഈ അറിവു പൂർണമല്ലാത്തതിനാൽ അങ്ങനെവല്ലതുമുണ്ടെങ്കിൽ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 1850നു ശേഷം കേരള സമൂഹത്തിലുണ്ടായ ചലനങ്ങൾ ആഭ്യന്തരവും രാജ്യാന്തരവുമായ കുടിയേറ്റത്തിനു വഴിവെച്ചു. ഇരുപതാം ശതകത്തിന്റെ പകുതിക്കുശേഷം രാജ്യാന്തര കുടിയേറ്റം വ്യാപിച്ചു CDS ലെ ഇറുദയ രാജനും കെ.സി. സക്കറിയയും ചേർന്നെഴുതിയ പുസ്തകങ്ങളും ആണ്ടുതോറും നടത്തുന്ന കേരള മൈഗ്രേഷൻ സർവ്വെയും ലോക കേരളസഭയും കേരളത്തിലെ പ്രവാസി പഠനത്തിനു നൽകിയ സംഭാവന സത്യത്തിൽ ഏറെയൊന്നുമില്ല. ഇങ്ങനെയുള്ള സന്ദർഭത്തിലാണ് മലയാളി പ്രവാസത്തിന്റെ വിവിധ വശങ്ങൾ പഠിക്കുന്ന പ്രബന്ധങ്ങൾ സമാഹരിച്ച ഭാഷാ സാഹിതിയുടെ പതിപ്പ് പ്രസിദ്ധീകരിക്കുന്നത്. പ്രവാസി നാടകങ്ങൾക്ക് പരിഗണന നൽകിയതും എം.എ. ഒന്നാം സെമസ്റ്റർ വിദ്യാർത്ഥികളുടെ അഞ്ചു പ്രബന്ധങ്ങളുണ്ടെന്നതും ഈ പതിപ്പിന്റെ പ്രത്യേകതയാണ്. പ്രവാസി കവിത, കഥ, നോവൽ, സിനിമ എന്നീ മേഖലകളിലുള്ള പ്രബന്ധങ്ങളുമുണ്ട്. പ്രവാസി സ്ത്രീകളുടെ സാമ്പത്തിക സാമൂഹിക, സാംസ്കാരിക മേഖലകളിലെ സംഭാവനകളെക്കുറിച്ചുള്ള പ്രബന്ധങ്ങൾ ഇല്ലെന്ന ന്യൂനതയുണ്ട്. ദലിത് ഡയസ്പെറ, പിന്നാക്ക ജാതികളുടെ

കുടിയേറ്റവും സാമൂഹ്യ പദവിയിലെ ഉയർച്ചയും, ഡയസ്പെറയുടെ തിരിച്ചുവരവ്, കോവിഡുകാലത്തെ അതിജീവനം, ട്രാൻസ്നാഷനിലസം, അഭയാർ ത്ഥിത്വം എന്നീ വിഷയങ്ങളിൽ ചിലതെല്ലാം സ്പർശിക്കാനേ കഴിഞ്ഞില്ല. എങ്കിലും വിശാല കേരളത്തിലെ ശൈശവം വിടാത്ത പ്രവാസി പഠനത്തിലൊരു പുതുചുവടാണ് ഭാഷാസാഹിതിയുടെ ഈ പതിപ്പ്. മലയാളി സമാജങ്ങൾ, ചലച്ചിത്രഗാനങ്ങളിലെ പ്രവാസി ജീവിതം, പ്രവാസികളുടെ മാനവികതാബോധം എന്നീ പ്രബന്ധ ങ്ങൾ അതിനു തെളിവാണ്. ഈ പതിപ്പിലേക്ക് പ്രബന്ധം നൽകിയ വർക്ക് നന്ദി. പ്രസിദ്ധീകരണത്തിനു പിന്തുണയേകിയ കേരള സർ വ്വകലാശാലയിലെ മലയാളം വകുപ്പു മേധാവി ഡോ. സീമാ ജെറോം, പ്രസ്സ് ജീവനക്കാർ എന്നി വരോടുള്ള നന്ദി അളവറ്റതാണ്.

വിശ്വസ്തതയോടെ,

**പ്രൊഫ. കെ. കെ. ശിവദാസ്**
ഇഷ്യു എഡിറ്റർ

# സിലോൺപ്രവാസത്തിന്റെ കഥാരേഖകൾ

**ഡോ. കെ. കെ. ശിവദാസ്**
പ്രൊഫസർ, മലയാളവിഭാഗം

**ആമുഖം**

സിലോണിലേ ക്കുള്ള (ഇപ്പോഴത്തെ നാമം ശ്രീലങ്ക) ഇന്ത്യൻ പ്രവാസത്തിനു നൂറ്റാണ്ടുകളുടെ ചരിത്രമുണ്ട്. ചോളന്മാരുടെ നാവികപ്പട സിലോൺ അധിനിവേശിച്ചതിനു സഹസ്രാബ്ദങ്ങളുടെ പഴക്കമുണ്ട്. സിലോണിന്റെ വടക്കു, കിഴക്കൻ പ്രവിശ്യകളിൽ അധിനിവേശം കൂടാതെതന്നെ ബി.സി. രണ്ടാംശതകം മുതൽ തമിഴ് അധിവാസമുണ്ടായിരുന്നു. ജാഫ്ന, വന്നിമൈ നാടുവാഴികൾ തമിഴരായിരുന്നുവെന്ന് ചരിത്രകാരന്മാരും, തമിഴധിവാസത്തിനു നൂറ്റാണ്ടുകളുടെ ചരിത്രമുണ്ടെന്നു നരവംശശാസ്ത്രകാരന്മാരും അഭിപ്രായപ്പെടുന്നു. 1983 ജൂലൈ 23-ന് ആഭ്യന്തരയുദ്ധം ആരംഭിച്ചതുമുതൽ എൽ.ടി.ടി.യുടെ സമ്പൂർണ്ണ പരാജയമുണ്ടായ 2009 മെയ് 19 വരെ തമിഴർ ഇന്ത്യയിലേക്കും യൂറോപ്യൻ രാജ്യങ്ങളിലേക്കും അമേരിക്കൻ ഭൂഖണ്ഡത്തിലേക്കും അഭയാർത്ഥികളായിപ്പോയി. ഏതാണ്ട് രണ്ടുലക്ഷത്തിലധികം പേർ ആഭ്യന്തരയുദ്ധത്തിൽ കൊല്ലപ്പെട്ടു. സിലോണിലെ ഭരണകൂടവും ബുദ്ധമതനേതൃത്വവും ചേർന്നു നടപ്പിലാക്കിയ വംശഹത്യ ലോകത്ത് ഹിറ്റ്ലർ നടപ്പിലാക്കിയ ജൂതഹത്യയോടും ആഫ്രിക്കയിലെ വംശഹത്യകളോടും സമാനമാണ്. എന്നാൽ അതിൽനിന്നു വ്യത്യസ്തമാണ് സിലോണിലെ മലയാളി സന്ദർഭം. 1815 മുതൽ 1948 വരെ സിലോൺ ബ്രിട്ടീഷധീനതയിലായിരുന്ന ഘട്ടത്തിലാണ് അവർ നിർമ്മിച്ച കാപ്പി, ചായ, റബ്ബർ ത്തോട്ടങ്ങളിലേക്ക് കണക്കെഴുത്തു ഉദ്യോഗസ്ഥരായും, കച്ചവടത്തിനായും മലയാളികൾ ചെന്നെത്തിയത്. കൊച്ചിരാജ്യത്തുള്ളവരായി

രുന്നു മഹാഭൂരിപക്ഷം മലയാളികളുമെന്നതിനാൽ കൊച്ചിയാൻമാര് എന്നാണ് സിലോൺ മലയാളികൾ അറിയപ്പെട്ടത്. തെങ്ങുചെത്ത്, മന്ത്രവാദം, ഗവണ്മെന്റ് ഉദ്യോഗം, തയ്യൽ, കൂലിവേല, ബ്രിട്ടീഷു കാരുടെ പാചകക്കാർ, വീട്ടുവേലക്കാർ എന്നീ ജോലികളിലായി രുന്നു മലയാളികൾ ഏർപ്പെട്ടത്. കൊളമ്പ് എന്നാണ് കളംബോവിനെ മലയാളികൾ വിളിച്ചത്. 1815 മുതല് 1983 വരെയുള്ള കാലഘട്ടത്തിൽ ഇരുപതിനായിരത്തോളം മലയാളികൾ കൊളംബോവിലും സമീപ നഗരങ്ങളിലും ഗ്രാമങ്ങളിലുമുണ്ടായിരുന്നു. 1848-ൽ ശ്രീലങ്കയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതോടെ പലഘട്ടങ്ങളിലായി മലയാളികൾ തിരി ച്ചുപോന്നു. സ്വാതന്ത്ര്യാനന്തരം മലയാളികൾ തങ്ങളുടെ തൊഴില വസരങ്ങൾ കയ്യടക്കുന്നുവെന്ന് ആരോപിച്ച് ഒരുവിഭാഗം സിംഹള യുവാക്കൾ കടകൾ ആക്രമിച്ചു. അതോടെയാണ് മലയാളികളുടെ തിരിച്ചുവരവാരംഭിച്ചത്. തീരദേശപ്രദേശമായ കൊടുങ്ങല്ലൂർ മുതൽ ചാവക്കാട് വരെയുള്ള (ഇതിൽ ചില പ്രദേശങ്ങൾ മലബാറിൽ ഉൾപ്പെടുന്നു) സ്ഥലങ്ങളിൽ ഇപ്പോഴും കൊളംബ് റിട്ടേണീസു ജീവി ച്ചിരിപ്പുണ്ട്. യാദൃശ്ചി കമായി 1992-ൽ തൃശൂരിലെ തളിക്കുളം തമ്പാൻകടവിൽ സഹപാഠിയുടെ വീട്ടിൽപോയപ്പോൾ അയാളുടെ അമ്മ ഗുണവതി എന്ന സിലോൺകാരിയെ കാണാനും സംസാരി ക്കാനും കഴിഞ്ഞു. ഒറ്റനോട്ടത്തിലും ആദ്യസംസാരത്തിലും അവർ മലയാളിയല്ലെന്നു മനസ്സിലാക്കാനായെങ്കിലും സിലോൺകാരിയാ ണെന്നു ക്ലാസ്മേറ്റ് പറഞ്ഞപ്പോളാണ് മനസ്സിലാക്കിയത്. അദ്ദേഹ ത്തിന്റെ പിതാവു സിലോണിൽ ദീർഘകാലം കച്ചവടക്കാരനാ യിരുന്നു. പൊറത്തിശ്ശേരിയിൽ എന്റെ വടക്കേ വീട്ടിലെ ഗോപാല കൃഷ്ണനെന്ന അപ്പൂപ്പൻ സിലോണിൽ സായിപ്പിന്റെ ഓർഡർമി യായിരുന്നു. അദ്ദേഹം സിലോൺ ജീവിതത്തിന്റെ വിശേഷം എന്റെ പിതാവുമായി പങ്കുവെക്കുന്നത് കേൾക്കാനിടവന്നിട്ടുണ്ട്. 1964-ൽ ശ്രീലങ്കൻ പ്രധാനമന്ത്രി സിരിമാവോ ഭണ്ഡാരനായകെയും ഇന്ത്യൻ പ്രധാനമന്ത്രി ലാൽ ബഹാദൂർ ശാസ്ത്രിയും തമ്മിൽ ഒപ്പുവെച്ച ഉടമ്പടി പ്രകാരം ഇന്ത്യയിലേക്കു തിരിച്ചുപോന്നവരിൽ ധാരാളം മലയാളികളുമുണ്ടായിരുന്നു. 1983-ൽ സിംഹളർ ജാഫ്ന പബ്ലിക്ക് ലൈബ്രറിക്ക് തീയിടുകയും ജയിലുകളിലെ തമിഴരുടെ കണ്ണുകു ത്തിപ്പൊട്ടിക്കുകയും കൊല്ലുകയും ചെയ്തതതോടെ ആരംഭിച്ച

ആഭ്യന്തരയുദ്ധത്തോടെ അവശേഷിച്ച മലയാളികളും മടങ്ങി. ഇന്നിപ്പോൾ എതാണ്ട് ഇരുന്നൂറിൽ താഴെ മലയാളികളേ ശ്രീലങ്കയിലുള്ളൂ. സാമ്പത്തികത്ത കർച്ചയിലൂടെ ശ്രീലങ്ക പാപ്പരായശേഷം മലയാളി ടൂറിസ്റ്റുകളുടെ സഞ്ചാരവും കുറഞ്ഞു. കൊച്ചിരാജ്യത്തെ ഈഴവർ ധനികരായതിനു പിന്നിൽ സിലോൺ പ്രവാസത്തിനു പ്രധാന പങ്കുണ്ട്. ഇങ്ങനെ ധനിക രായവരെ അശോകൻ ചരുവിലിന്റെ കഥകളിലും നോവലുകളിലും (കൂട്ടർക്കടവ് എന്ന നോവലിൽ) കാണാം. 1926-ൽ പ്രക്ഷേപണമാരംഭിച്ച റേഡിയോ സിലോൺ 1952 ഡിസംബർ 16 മുതൽ ബിനാക്കാ ഗീത്മാലാ എന്ന പേരിൽ ഹിന്ദി ജന പ്രിയ സിനിമാ ഗാനങ്ങളുടെ പ്രക്ഷേപണമാരംഭിച്ചു. 1950കളിലും 1960 കളിലും ഈ പ്രേക്ഷണം വിപുലമായി. ആകാശവാണി ഇക്കാലത്ത് സിനിമാഗാനങ്ങൾക്ക് വിലക്കേർപ്പെടുത്തിയ സാഹചര്യം സിലോൺ ബിനാക്കാഗീതമാലയുടെ ശ്രോതാക്കൾ വർദ്ധിക്കുന്നതിനിടയാക്കി. 1972-ൽ ശ്രീലങ്ക റിപ്പബ്ലിക്കായതോടെ സ്റ്റേഷൻ ശ്രീലങ്ക ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷനായി. പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, നേപ്പാൾ, ഇന്ത്യ എന്നീ രാജ്യങ്ങളിൽ 1950-1970 കാലഘട്ടത്തിൽ റേഡിയോ സിലോൺ പരിപാടികൾ ജനപ്രിയ മായിരുന്നു. കെ.എസ്.രാജ, മയിൽവാഹനം എന്നീ ആർ.ജെ.കൾ ഇക്കാലത്ത് തമിഴ് സംഗീതപ്രേമികളെ ആനന്ദിപ്പിച്ചു. 1970-ൽ പ്രാദേശിക ഇന്ത്യൻ ഭാഷകളിലെ സേവനം പടിപടിയായി റേഡി യോ സിലോൺ വെട്ടിക്കുറച്ചു. റേഡിയോ സിലോൺ മലയാളം ചലച്ചിത്രഗാനങ്ങളും സംപ്രേക്ഷണം ചെയ്തിരുന്നു. സിലോൺ റേഡിയോയിൽ പ്രവർത്തിച്ച കാലത്തെ ലതിക വിവേകാനന്ദന്റെ അനുഭവക്കുറിപ്പുകളാണ് ശ്രീലങ്കൻ ഡയറി. ഷെല്ലുകൾക്കും മെഷീൻ ഗണ്ണുകൾക്കും ചാവേറുകൾക്കും മിസൈലുകൾക്കുമിടയിൽ മുപ്പതുവർഷം കഴിച്ചുകൂട്ടിയതിന്റെ അനുഭവകഥനമാണ് ഈ പുസ്തകം. 1960-ൽ തൃശൂർ റെയിൽവേസ്റ്റേഷനിൽനിന്ന് നേരിട്ട് കൊളംബോവിലേക്ക് ടിക്കറ്റെടുക്കാമായിരുന്നു. തൃശൂർ മുതൽ രാമേശ്വരം ദ്വീപിലെ ധനുഷ്കോടിവരെ ട്രെയിൻ യാത്ര. അവിടെനിന്നും 29 കി.മീ. അകലെയുള്ള തലൈമാന്നാറിലേക്ക് ബോട്ടുയാത്ര. 150 കി.മീ. അകലെയുള്ള കൊളംബോവിലേക്ക് തലൈ മാന്നാറിൽനിന്ന്

ട്രെയിയിൻയാത്ര. ഇതായിരുന്നു അന്നത്തെ യാത്രാപഥം. 1964-ൽ ധനുഷ്കോടി കടൽക്ഷോഭത്തിൽ പ്രേതനഗരമായി മാറിയതിനെ ത്തുടർന്ന് ആ മാർഗ്ഗംനിലച്ചു. വിമാനത്താവളം വഴിയായി പിൽ ക്കാല യാത്രകൾ. സിലോൺ പ്രവാസം തമിഴ്ഭാഷക്കും സാഹി ത്യത്തിനും വലിയ സംഭാവന നൽകിയെങ്കിലും മലയാളികളുടെ സിലോൺ പ്രവാസം സാംസ്കാരിക രംഗത്ത് വലിയ സംഭാവന നൽകിയതിന്റെ തെളിവുകൾ ലഭിക്കുന്നില്ല. സിലോൺ പ്രവാസി കളുടെ കുടുംബത്തിൽപ്പട്ടവർ എഴുതിയ കൃതികളാണ് ഇപ്പോൾ ലഭിച്ച സാഹിത്യകൃതികൾ. സി. വി. ശ്രീരാമൻ സിലോണിലാണ് കുട്ടിക്കാലം ചെലവഴിച്ചത്. അദ്ദേഹത്തിന്റെ പിതാവിന് സിലോണി ലായിരുന്നു ഉദ്യോഗം. എന്നാൽ ഒരന്വേഷകയോടൊപ്പം അല്പ നേരം എന്ന കഥമാത്രമാണ് അദ്ദേഹം സിലോൺ പ്രവാസ സംബ ന്ധിയായി രചിച്ചത്. ജോർജ്ജ് വറുഗീസ് കാക്കനാടന്റെ ജാപ്പാ ണപ്പുകയില, സിലോണിൽ ജോലി ചെയ്തിരുന്ന പിതാവിന്റെ ജീവിതത്തിൽനിന്ന് എം.ടി. വാസുദേവൻനായർ സൃഷ്ടിച്ച നിന്റെ ഓർമ്മയ്ക്ക്, കഡുഗണ്ണാവ ഒരു യാത്രാക്കുറിപ്പ് എന്നീ കഥകളാണ് ഈ പ്രബന്ധത്തിൽ വിശകലനം ചെയ്യുന്നത്. എഴുതിയത് പ്രവാസി കളല്ലെങ്കിലും പ്രവാസികഥയുടെ രൂപഭാവങ്ങൾ ഈ നാലു കഥയി ലുമുണ്ട്. ഇക്കാര്യങ്ങൾ വിശകലനത്തിലൂടെ കണ്ടെത്തുക എന്ന താണ് പ്രബന്ധ ലക്ഷ്യം.

**താക്കോൽ വാക്കുകൾ**

*പ്രവാസികഥ - സിലോൺ പ്രവാസം - കൊച്ചിയാൻമാമ-ശിങ്കളത്തി - സങ്കരത്വം - വേരുകൾ തേടൽ - സാംസ്കാരിക-സംഘർഷം.*

പ്രവാസികഥയുടെ രൂപവും അന്തരീക്ഷവും വ്യത്യസ്തമാ ണ്. മദ്രാസ്, ബാംഗ്ലൂർ, മുംബൈ, ഹൈദരാബാദ്, ഗോവ, കൽക്കത്ത, ഡൽഹി എന്നിവിടങ്ങളിലേക്ക് കുടിയേറിയ മലയാളികളുടെ കഥ കളിലെ പ്രവാസാനുഭവങ്ങളെക്കാൾ വിപുലവും വ്യത്യസ്തവുമാണ് രാഷ്ട്രാന്തര പ്രവാസികളുടെ കഥകൾ. എം. മുകുന്ദന്റെ ദൽഹികഥ കളും അഷ്ടമൂർത്തിയുടെ എന്റെ ബോംബെക്കഥകളും പ്രവീൺ കുമാറും അദ്ദേഹവും ചേർന്നെഴുതിയ ഡോ. കെ.കെ. പ്രേംരാജിന്റെ അനുധാവനവും ട്യുലിപ്പ് പുഷ്പങ്ങളുടെ പാടവും കുന്നന്താനം

രാമചന്ദ്രന്റെ ബാംഗ്ലൂർകഥകളും ഇതിനുദാഹരണമാണ്. ദൽഹി 1981, ദൽഹീസ് ക്രിമിനൽസ് ടേൺഡ് സാഡിസ്റ്റ്സ് എന്നീ എം. മുകുന്ദന്റെ കഥകൾ നോക്കുക. അപരിചിതമായ അന്തരീക്ഷമോ, ആഖ്യാനമോ അവയിലില്ല. കഥാന്ത്യത്തിലെ ട്വിസ്റ്റുമാത്രമാണ് ആകപ്പാടെയുള്ളത്. ഇതിൽനിന്നു വ്യത്യസ്തമാണ് ജൂമ്പാലാഹിരി ഹനീഫ് ഖുറൈഷി റോഹിൻടൻമിസ്ട്രി എന്നീ പ്രവാസികഥാകൃത്തുക്കളുടെയും ഷാനി മോട്ടൂമകെദ സിൽവെര, എം.ജി. വസ്സൻജി, സുബ്രമണി, വി.എസ്. നയ്പാൾ എന്നീ ആദ്യകാല പ്രവാസികളുടെയും കഥകൾ. രണ്ടും രണ്ടു ധ്രുവങ്ങളിൽ നിലകൊള്ളുന്നതായി മനസ്സിലാക്കാനാവും. വ്യത്യസ്ത സംസ്കാരങ്ങളിൽപ്പെട്ട കഥാപാത്രങ്ങളുടെ സംഘർഷങ്ങൾ, സംലയനങ്ങൾ സങ്കരമനുഷ്യരുടെ അസ്തിത്വവ്യഥകൾ, വേരുകൾ തേടുന്ന മനുഷ്യർ, തിരിച്ചുവരവിന്റെ ദുരിതങ്ങൾ, സങ്കടങ്ങൾ, സന്തോഷങ്ങൾ, സ്ത്രീജീവിതത്തിന്റെയും വൃദ്ധജീവിതങ്ങളുടെയും സാംസ്കാരികമായ ഒറ്റപ്പെടലുകൾ, രുചിഭേദങ്ങളിൽ വലഞ്ഞു നാരങ്ങാ അച്ചാറിനായി കാത്തിരിക്കൽ തുടങ്ങി. അന്തരീക്ഷത്തിലും കഥപറച്ചിലിലും പ്രവാസികഥകൾ, ആഭ്യന്തര പ്രവാസിക്കഥകളിൽ നിന്നു തുലോം ഭിന്നമാണ്. കെ.വി. മണികണ്ഠന്റെ അഫ്റാജ്, കെ.വി. പ്രവീണിന്റെ ചിത്രദുർഗ്ഗം, സീബ്ര, സോണിയ റഫീക്കിന്റെ സക്കർഫിഷ്. എ.എം. മുഹമ്മദിന്റെ ഖൈസു, എം.എ. റഹ്മാന്റെ പ്രവാസി കഥകൾ, ശിഹാബുദ്ദീൻ പൊയ്ത്തുംകടവിന്റെ പ്രവാസികഥകൾ, സുബൈദയുടെ ആത്മാഖ്യാനങ്ങൾ എന്നിവയിലെ ആഖ്യാനകം എം. മുകുന്ദൻ, അഷ്ടമൂർത്തി, ആനന്ദ് എന്നീ ആഭ്യന്തപ്രവാസികളുടെ കഥകളെക്കാൾ വേറിട്ടുനിൽക്കുന്നതിന്റെ പൊരുൾ ഇതൊക്കെയാണ്.

എം.ടി. വാസുദേവൻ നായരുടെ സിലോൺ കഥകൾ. നിന്റെ ഓർമ്മയ്ക്ക് (1954), കഡുഗണ്ണാവ : ഒരു യാത്രാക്കുറിപ്പ് (1993) എന്നിവയാണ് എം.ടി.യുടെ പിതാവ് സിലോണിലായിരുന്നു. അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ എം.ടി.എൻ. നായരും അച്ഛനോടൊപ്പം സിലോണിലുണ്ടായിരുന്നു.

**എം.ടി.യുടെ സിലോൺ കഥകൾ**

നിന്റെ ഓർമ്മയ്ക്ക്, കടുഗണ്ണാവ ഒരു യാത്രക്കുറിപ്പ് എന്നിവ പ്രാഥമിക ശ്രദ്ധയാകർഷിക്കുന്നത് അവയുടെ രൂപം കഥാശീർ

ഷകത്തെ പിന്തുടരുന്നുവെന്നതിനാലാണ്. ഓർമ്മക്കുറിപ്പിന്റെ ഘടനയും യാത്രാവിവരണത്തിന്റെ ഘടനയുമാണവയ്ക്ക്. ഒരേസമയം രണ്ടാമത്തെ കഥ ആദ്യത്തേതിന്റെ തുടർച്ചയും വിച്ഛേദവുമാണ്. ആദ്യകഥയിലെ നായിക ലീലയെ അന്വേഷിച്ചുള്ള അർദ്ധസഹോദരന്റെ യാത്രയാണ് കടുഗണ്ണാവ ഒരു യാത്രക്കുറിപ്പ്. നിന്റെ ഓർമ്മയ്ക്ക് എന്ന കഥയിലെ മുഖ്യകഥാപാത്രം വാസുവാണ്. അത് സ്വജീവിതത്തിൽനിന്ന് എം.ടി. പറിച്ചെടുത്ത ഒരദ്ധ്യായമാണ്. കടുഗണ്ണാവയിലെ കഥാപാത്രം പത്രപ്രവർത്തകനാണ്. വേണുവെന്നാണ്, ശ്വാസസംബന്ധമായ രോഗമുള്ള അയാളുടെ പേര്. 1942-ൽ രണ്ടാം ലോകയുദ്ധത്തിൽ കൊളംബോയിൽ ജപ്പാൻ ബോംബിട്ട തിനെ തുടർന്ന് കൊല്ലപ്പെട്ടവരും അവിടെനിന്ന് കിട്ടിയതുമെടുത്ത് തിരിച്ചുപോരുന്നവരുമായ അഭയാർത്ഥികളുടെ ചിത്രം നിന്റെ ഓർമ്മയ്ക്ക് എന്ന കഥയിലുണ്ട്. വാസുവിന്റെ അച്ഛന്റെ വാക്കുകളിലൂടെയാണ് ആ ഭീതിദചിത്രം കുടുംബത്തിൽ ലഭിക്കുന്നത്. സ്വസഹോദരൻവഴി ഭർത്താവിന് മറ്റൊരു ഭാര്യയുണ്ടെന്നറിഞ്ഞ വാസുവിന്റെ അമ്മയുടെ കലഹവും, കുലുകുലു എന്നു സംസാരിക്കുന്ന ലീലയ്ക്ക് പുതുനാട്ടിലെത്തിയതിന്റെ അപരിചിതത്വവും കഥയിൽ എം.ടി. ആവിഷ്കരിച്ചിട്ടുണ്ട്. സിലോൺ വാസം മലയാളികളുടെ സാമൂഹ്യപദവി വർദ്ധിപ്പിച്ചുവെന്നതിന് തെളിവാണ് വാസുവിന്റെ അമ്മയ്ക്ക് നാട്ടിലെ സ്ത്രീകൾക്കിടയിൽ ലഭിക്കുന്ന പരിഗണന. നെല്ലും പണ്ടവും കടം കിട്ടണമെങ്കിൽ നാട്ടുകാരികൾക്ക് അവരെ സമീപിക്കണം. വാസുവിന്റെ പിതാവിന് ഭാര്യഗൃഹത്തിൽ ലഭിക്കുന്ന വിശിഷ്ട സ്വീകരണവും സാമ്പത്തികോന്നതിയുടെ സൂചകമാണ്. നാട്ടിലെ ഏതു ധനികരുടെയും മേൽജാതിക്കാരുടെയും മക്കളുടെ കൈവശമില്ലാത്ത 'റബർ മുങ്ങ'യാണ് വാസുവിന് ക്ലാസിലെ വിദ്യാർത്ഥികൾക്കിടയിൽ താരപരിവേഷം നൽകുന്നത്.

20-69-1954 എന്ന തീയതിയിൽ നിന്നാണ് കഥാരംഭം. വാസു എന്ന ഇരുപത്തിരണ്ടുകാരന് ഒരു പന്തീരാണ്ടിനുശേഷം തന്റെ പെങ്ങളെക്കുറിച്ച് ഓർമ്മവന്ന ദിവസമാണത്. പഴയ പെട്ടിയിൽ നിന്ന് റബ്ബർ മൂങ്ങയെ കിട്ടിയ ദിനമാണ് ഓർമ്മയുണർന്നത്. താക്കോൽക്കൂട്ടം ചൂണ്ടാണി വിരലിലിട്ട് ചുഴലിറ്റിക്കൊണ്ട് തുകൽ

പ്പെട്ടിയുടെ മുകളിൽ ഇരുന്നു വിളറിയ നിറത്തിൽ വട്ടമുഖവും വിട ർന്ന കണ്ണുകളും കഴുത്തു വരെ വളർത്തിയ ചുരുണ്ട ചെമ്പൻ മുടി യും ഉള്ള ലീല. സിലോണിലെ ബന്ധത്തിൽ വാസുവിന്റെ അച്ഛനു ണ്ടായ മകൾ. സ്കൂളിലെ സഹപാഠികൾ കളിയാക്കിയ 'കൊളം ബിലെ ചെട്ടിച്ചിയുടെ മകൾ.' ആറുവർഷത്തിനു ശേഷമാണ് ദീർഘ കാലമായി സിലോണിൽ ജോലി ചെയ്യുന്നയാളും അവിടെ അറിയ പ്പെടുന്ന മലയാളിയുമായ വാസുവിന്റെ അച്ഛൻ നാട്ടിൽ വരുന്നത്. വാസുവിനെ പ്രസവിക്കാനാണ് കുറെക്കാലം സിലോണിലായിരുന്ന അമ്മയും കൂടെ ജ്യേഷ്ഠന്മാരും സിലോണിൽനിന്നും നാട്ടിലെത്തിയത്. സിലോൺകാരെ കുറിച്ചുള്ള ഭീതിദമായ ചിത്രം വാസുവിന്റെ ജ്യേഷ്ഠന്മാരുടെ വാക്കുകളിലുണ്ട്. പിൽക്കാ ലത്ത് മലയാളിയും തമിഴരും അപരത്തിന്റെ ഭീകരത അനുഭവിക്കു കയും ചെയ്തു. അപരത്തെക്കുറിച്ചുള്ള ഭീതിയും, ഭാവനയും യഥാർത്ഥ മായ സന്ദർഭമായിരുന്നു ശ്രീലങ്കയിലെ തമിഴരുടെ വംശഹത്യ. ജന തയെന്ന നിലയിൽ മലയാളികൾ പരിമിത വിഭവരും ഗൃഹോപക രണങ്ങൾ, വസ്ത്രങ്ങൾ, അലങ്കാരങ്ങൾ എന്നിവയുടെ കാര്യത്തിൽ ദരിദ്രരുമായിരുന്നെന്ന് പി. കെ. ബാലകൃഷ്ണനും പി. ഭാസ്കരനു ണ്ണിയും സൂചിപ്പിച്ചിട്ടുണ്ട്. പരമ്പരാഗത മലയാളിയുടെ ലാളിത്യം സൂചിപ്പിക്കുന്നത്. വിഭവദാരിദ്ര്യമാണ്. ആ ദാരിദ്ര്യത്തിനിടയിലേ ക്കാണ് ഞെക്കിയാൽ ഉള്ളിലെ സെന്റിന്റെ സുഗന്ധം മുറിയിലാകെ പരക്കുന്ന റബ്ബർ മൂങ്ങയും ലീലയുടെ വർണ്ണപകിട്ടുള്ള സെന്റ് പുരട്ടിയ വസ്ത്രങ്ങളും എത്തിച്ചേരുന്നത്. വാസുവിന്റെ പിതാവ് വലിക്കുന്ന മേൽത്തരം പുകയില ചുമട്ടുകാർ കാൽനടയായി കൊ ണ്ടുവന്ന വലിയ പെട്ടികൾ എന്നിവയൊക്കെ സാമൂഹ്യപദവിയിലെ ഉയർച്ച കാണിക്കാം. ഫിജിയൻ എഴുത്തുകാരനായ സുബ്രമണിയുടെ 'സൗതു' എന്ന കഥയിലെ നിശബ്ദമായധോലക് പോലെ പെട്ടിക്കടിയിൽനിന്നും കിട്ടിയ റബ്ബർ മുങ്ങയാണ് ഓർമ്മ യുടെ ഞരമ്പുകൾ വാസുവിൽ ത്രസിപ്പിക്കുന്നത്. ഏതാനും ദിവ സങ്ങൾക്കുള്ളിൽ തിരിച്ചുപോയ ലീലയെക്കുറിച്ചും പിതാവിനെ ക്കുറിച്ചും കൂടുതൽ വിവരം ലഭിക്കുന്നത് രണ്ടാമത്തെ കഥയിൽ നിന്നാണ്. മൂന്നുമാസത്തോളം അച്ഛനോടൊപ്പം ലീല അദ്ദേഹ ത്തിന്റെ തറവാട്ടിൽ താമസിച്ചു. അതിനിടയിൽ ഋതുമതിയായി.

പിന്നീടവർ തിരിച്ചുപോയി. ഏതാണ്ട് മുപ്പതിലേറെ വർഷം സിലോ ണിൽ ജോലിചെയ്ത പിതാവ് നാട്ടിലെത്തി പ്രതാപമില്ലാതെ മരിച്ചു. അന്ന് പിതാവിനെ അനുഗമിച്ച പെൺകുട്ടിയെ അന്വേഷിച്ചുള്ള യാത്രയാണ് കടുഗണ്ണാവ ഒരു യാത്രക്കുറിപ്പ്. ആദ്യ കഥയിൽ കടുഗണ്ണാവ എന്ന സ്ഥലമോ, പി. കെ. വേണുഗോപാൽ എന്ന പത്രപ്രവർത്തകനോ ഇല്ല. രണ്ടാമത്തെ കഥയിൽ സിലോൺ ശ്രീലങ്കയായി. കുളമ്പ് കളംബോയായി. 1922-ലാണ് കഥാനായകന്റെ പിതാവ് ആദ്യമായി സിലോണിലെത്തിയതെന്ന് രണ്ടാമത്തെ കഥയിൽ നിന്നറിയാം. പി. കെ. വേണുഗോപാൽ രാജ്യാന്തര സെമിനാറിൽ, വിഷയം ബോറായിട്ടും പോകാൻ ആഗ്രഹിക്കുന്നത് അർദ്ധസഹോദരിയെയും അച്ഛൻ പ്രതാപിയായി വാണ നാടായ കടുഗണ്ണാവയും കാണാനാണ്. മുമ്പൊരിക്കൽ അയാൾ അതിന് ശ്രമിച്ചെങ്കിലും നടന്നില്ല. 1983-ൽ ലങ്കയിൽ സിംഹളർ ഏകപക്ഷീയമായി വംശീയ കലാപം തുടങ്ങി. ഒരു ദശാബ്ദത്തിന് ശേഷമാണ് വേണുഗോപാൽ ലങ്കയിലെത്തുന്നത്. സമാധാനം ഒരു ശബ്ദം മാത്രമായി അവശേഷിച്ച ലങ്കയിൽ നിശബ്ദതയും ഭരണകൂടത്തിന്റെ ചാരക്കണ്ണുകളും പരസ്പരം സംവദിക്കുന്നതിൽനിന്ന് മനുഷ്യരെ വിലക്കിയ കാലം. ആഷ്ലി എന്ന സഹായിക്കൊപ്പം ലീലയെ കണ്ടുപിടിക്കാനുള്ള വേണുഗോപാലിന്റെ ശ്രമം പരാജയപ്പെടുന്നു. ആഷ്ലി പറയുന്ന കടുഗണ്ണാവയുടെ ചരിത്രകഥയിലും മറ്റും അധിനിവേശക്കാർ ഇന്ത്യക്കാരാണ്. അതിനു കൂട്ടുമൂളുന്ന വേണുഗോപാൽ എം. ടി. വാസുദേവൻ നായരെപ്പോലെ രാഷ്ട്രീയ വിഷയങ്ങളിൽ കാര്യമായ നിലപാടില്ലാത്ത വ്യക്തിത്വമാണ്. അധിനിവേശം മാത്രമല്ല ബുദ്ധസന്യാസികളുടെ നേതൃത്വത്തിൽ ലങ്കൻ ഭരണകൂടം നടത്തിയ, തമിഴരുടെ വംശഹത്യയുമുണ്ടെന്ന് മിണ്ടാൻ വേണുഗോപാലിന് ത്രാണിയില്ല. വ്യക്തിപരമാണ് അയാളുടെ യാത്രയുടെ അജണ്ട. അതിനിടയിൽ ലീലയുടെ മകനെന്നു കരുതാവുന്ന മനോരോഗി കിണറ്റിലെ പായൽ വേവിച്ച് തിന്നാനായി തോണ്ടിയെടുക്കുന്നത് അയാൾ കാണുന്നു. കൊച്ചിയാന്മാർ എല്ലാവരും കള്ളന്മാരാണെന്ന് പറയുന്ന അയാളെ വിട്ട് തനിക്ക് സ്ഥലം തെറ്റിയതായിരിക്കുമെന്ന വിചാരത്തോടെ വേണു സ്ഥലം വിടുന്നു. ഈ രണ്ടു കഥയിലും പൊതു ഘടകം

സങ്കരത്വത്തിന്റെ ചിഹ്നങ്ങളാണ്. സങ്കരസന്തതിയാണ് ലീല. അവളെ സ്വീകരിക്കാൻ നായർ തറവാട്ടുകാർക്ക് കഴിയുന്നില്ല. വാസുവിന്റെ അച്ഛൻ ബോംബ് വീണ് മരിച്ച സുഹൃത്തിന്റെ മകളെന്നു പറഞ്ഞത് അമ്മ അവിശ്വാസിക്കുന്നു. ലീലയുടെ രൂപ സൌന്ദര്യവും പളപളപ്പും റബർ മുങ്ങിയും സങ്കരത്വത്തിന് മുന്നിൽ ഒന്നുമല്ലാതാകുന്നു. പി.കെ. വേണുഗോപാലിനോട് ആഷ്‌ലി പറയുന്ന കഥയിൽ അധിനിവേശകനായ ഇന്ത്യൻ രാജാവുണ്ട്. എന്നാൽ സങ്കരത്വത്തെ അനുകൂലിക്കാത്ത ബുദ്ധമത വിശ്വാസികളായ സിംഹളർ, കഥയുടെ പശ്ചാത്തലത്തിലുണ്ട്. കൊച്ചിയാന്മാർ എല്ലാവരും കള്ളന്മാരാണെന്ന വീക്ഷണം, സിംഹളർ കുട്ടികളെക്കണ്ടാൽ കഴുത്തറുക്കുന്നവരാണെന്ന വാസുവിന്റെ സഹോദരങ്ങളുടെ കാഴ്ചപ്പാട് പോലെ വികലമാണ്.

**വേരുകൾ തേടുന്നവൾക്കൊപ്പം**

സി. വി. ശ്രീരാമന്റെ ഒരന്വേഷകയോടൊപ്പം അൽപ്പനേരം എന്ന കഥയിൽ സങ്കരത്വത്തോടുള്ള സിംഹളരുടെ എതിർ നിലപാട് വ്യക്തമാണ്. റൂപ കരുണാഗലെ എന്ന ശ്രീലങ്കൻ ശാസ്ത്രജ്ഞയുടെ അമ്മൂമ്മയുടെ ഭർത്താവായ മുല്ലത്ത് വേലാണ്ടിയുടെ വേരുകൾ തേടി സുഹൃത്തായ മലയാളി ശാസ്ത്രജ്ഞക്കൊപ്പം തൃശ്ശൂർ ജില്ലയിലെ ഒരുൾനാടൻ ഗ്രാമത്തിലെത്തുന്നതാണ് ഈ കഥയുടെ രത്നച്ചുരുക്കം. മുല്ലത്ത് വേലാണ്ടിയെ കുറിച്ച് അറിയുന്നത് അവർ അന്വേഷിച്ചു കണ്ടുമുട്ടിയ ചെത്തുകാരൻ ഭാസ്കരൻ കാണിച്ചു കൊടുത്ത ശണ്ഠ്യേൻ കോരപ്പൻ എന്ന പിതാമഹനിൽ നിന്നാണ് മുല്ലത്ത് വേലാണ്ടിയുമായി സിംഹള യുവതി ലോഹ്യത്തിലായ (കൊച്ച്യേൻമാമ)തിനെത്തുടർന്ന് ചെത്തുകാരനായ അയാളെ സിംഹളർ ചതിച്ചു കൊന്നതാണ്. കള്ളൊഴിച്ചു തിന്നുന്ന അമ്മൂമ്മയുടെ പ്രകൃതം റൂപ കരറുണാഗലെയ്ക്ക് തലമുറയിലൂടെ പകർന്നു കിട്ടിയിട്ടുണ്ട്. ഷാപ്പിൽ കയറി കള്ളുകുടിക്കാനവർക്ക് മടിയില്ല. വേലാണ്ടി മരിച്ചശേഷം അയാളുടെ ഗർഭിണിയായ വിധവയെ സുഹൃത്തുക്കൾ ചേർന്ന് കൊളംബോയിൽ കൊണ്ടുചെന്നത് തൊഴിലിലാക്കുന്നു. വേരുകൾ തേടി വന്നവൾ ഒടുവിൽ മുല്ലത്ത് വേലാണ്ടിയുടെ താട്ടിലെ ഭാര്യയെ കണ്ടു മടങ്ങുന്ന, അവൾക്ക് കണ്ണുനി

റയുന്നു. വേലാണ്ടിയുടെ ഭാര്യ തന്റെ മകന്റെ മകളുടെ തൽസ്വരൂപമായി റൂപയെ തിരിച്ചറിയുന്നു. വേരുകൾ തേടുന്ന യാത്ര സാർത്ഥകമാവുന്ന കഥാ മുഹൂർത്തങ്ങളാണിത്. താൻ പണ്ട് ശ്രീലങ്കയിൽ ഉണ്ടായിരുന്ന മലയാളികളെക്കുറിച്ച് പഠിക്കുന്ന വ്യക്തിത്വ റൂപ സ്വയം പരിചയപ്പെടുത്തുന്നു.

**പലായനവും തിരിച്ചറിവും**

കാക്കനാടന്റെ ജാപ്പാണപ്പുകയില്ല ഒരു യുദ്ധരംഗത്ത് നിന്നുള്ള പലായനത്തിന്റെയും തിരിച്ചറിവിന്റെയും കഥയാണ്. ജാഫ്നയാണ് ജാപ്പാണം. ജാപ്പാണപ്പുകയിലയുടെയും വെടിമരുന്നിന്റെയും ഗന്ധമാണ് കഥയ്ക്ക്. കഥാനായകന്റെ അച്ഛന്റെ അമ്മയ്ക്ക് മുറുക്കാൻ ഒന്നാന്തരം ജാപ്പാണപ്പുകയില തന്നെ വേണം. അത് വാങ്ങിക്കാൻ പോകുന്ന കുട്ടിയോട് അവർ അക്കാര്യം പറയുന്നു. താൻ കടക്കാരനാൽ പറ്റിക്കപ്പെട്ടാൽ അക്കാര്യം അയാളോട് പറയാൻ മടിയില്ലാത്തവളാണ് വൃദ്ധ. എന്നാൽ മകനും, കുടുംബവും ജാപ്പാണത്തേക്ക് പോകുന്നുവെന്നവരറിയുമ്പോൾ വൃദ്ധക്ക് സഹിക്കുന്നില്ല. വംശീയകലാപത്തിൽ മുറുവുപറ്റി തോറ്റോടുന്ന, പഴയ ആ കുട്ടി പിന്തിരിഞ്ഞാൽ വംശത്തിന്റെ പരാജയമാകുമെന്ന തിരിച്ചറിവിൽ തിരിച്ചു നടക്കുന്നിടത്താണ് കഥ തീരുന്നത്. ഈ കഥകൾക്ക് പുറമെ അശോകൻ ചരുവിലിന്റെ കാട്ടൂർക്കടവ് എന്ന നോവലിലും. അദ്ദേഹത്തിന്റെ ഏതാനും കഥകളിലും സിലോൺ പ്രവാസികളായ കഥാപാത്രങ്ങളെക്കാണാം. തൃശൂരിലെ ഈഴവരുടെ ആദ്യകാല ധനസമ്പാദനത്തിന് സിലോൺ പ്രവാസജീവിതത്തോട് ബന്ധമുണ്ടെന്ന് അശോകൻ ചരുവിലിന്റെ കൃതികളിലെ പരാമർശങ്ങളിൽ നിന്നറിയാം.

**നിഗമനങ്ങൾ**

1. മലയാളികളുടെ സിലോൺ പ്രവാസം സാഹിത്യരംഗത്ത് വലിയ ചലനങ്ങൾ സൃഷ്ടിച്ചില്ല. ഏതാണ്ട് ഒരുനൂറ്റാണ്ടിലേറെ മാത്രമെ പ്രവാസം നിലനിന്നുവെന്നതും ഭൂരിപക്ഷം മലയാളികളും നിരക്ഷരരായിരുന്നുവെന്നതും അതിനു കാരണമാണ്.

2. സിലോൺ പ്രവാസികളുടെ അനന്തരതലമുറയാണ് സാഹി

തൃരംഗത്ത് പ്രവാസ ജീവിതത്തിന്റെ വ്യത്യസ്ത മുഖങ്ങൾ അവതരിപ്പിച്ചത്. എം.ടി. വാസുദേവൻ നായർ, സി.വി. ശ്രീരാമൻ, അശോകൻ ചരുവിൽ എന്നിവരുടെ രചനകൾ അതിനു തെളിവാണ്.

3. സിലോൺ പ്രവാസി മലയാളികളുടെ സാംസ്കാരിക രംഗ ത്തെ സംഭാവനകൾ കൂടുതൽ ഗവേഷണം അർഹിക്കുന്ന മേഖലയാണ്. മലയാളി പത്രങ്ങൾ, മാസികകൾ, പുസ്ത കങ്ങൾ എന്നിവയെക്കുറിച്ച് പുതുജ്ഞാനം ഉല്പാദിപ്പിക്കാൻ ആ അന്വേഷണം വഴിവെക്കും.

**ഗ്രന്ഥസൂചി**


1. പ്രവാസം പ്രതിനിധാനവും സർഗാത്മകതയും, ശിവദാസ് കെ. കെ., ഇൻസൈറ്റ് പബ്ലിക്ക, കോഴിക്കോട്, 2019.
2. കാഥികന്റെ പണിപ്പുര, വാസുദേവൻ നായർ എം.ടി., കറന്റ് ബുക്സ്, തൃശ്ശൂർ 1999.
3. കാഥികന്റെ കല, വാസുദേവൻ നായർ എം.ടി., കറന്റ് ബുക്ക്സ്, തൃശ്ശൂർ, 2014.
4. എം.ടിയുടെ കഥകൾ, ഡി.സി. ബുക്സ് കോട്ടയം, 2018.
5. സി.വി. രാമന്റെ സമ്പൂർണ്ണ കഥകൾ, കറന്റ് ബുക്സ്, തൃശ്ശൂർ, 2000.
6. ജാപ്പാണപ്പുകയില, കാക്കനാടൻ, ഡി.സി. ബുക്സ് കോട്ടയം, 2001.
7. കാട്ടൂർക്കടവ്, അശോകൻ ചെരുവിൽ, ഡി.സി. ബുക്സ് കോട്ടയം, 2022.


OO

# അത്ഭുതം, അനുഭവം, സ്വത്വം: ഏയ്മി നെസുകുമെറ്റാറ്റിലിന്റെ കവിതകളിലെ സൂക്ഷ്മരാഷ്ട്രീയം

**ഡോ. ലക്ഷ്മിപ്രിയ എൻ.**
അസി. പ്രൊഫസർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്
കേരളസർവകലാശാല

**സംഗ്രഹം**

അമേരിക്കയിലെ പുതുതലമുറ കവികളിൽ ശ്രദ്ധേയയായ എയ്മി നെസുകുമെറ്റാറ്റിലിന്റെ കവിതയുടെ സൂക്ഷ്മ രാഷ്ട്രീയമാണ് ഈ പ്രബന്ധത്തിൽ പഠിക്കുന്നത്. മലയാളി പിതാവിന്റെയും ഫിസിപ്പൈൻസുകാരിയായ മാതാവിന്റെയും പാരമ്പര്യം ഒരേ സമയം ഉൾക്കൊള്ളുന്ന കവിതകളാണ് ഈ എഴുത്തുകാരിയുടേത്. 1974ൽ അമേരിക്കയിലെ ചിക്കാഗോവിൽ ഇല്ലിനോയ്സിൽ ജനിച്ച എയ്മി അമേരിക്കയിലെയും കാനഡയിലെയും നിരവധി സാഹിത്യ പുരസ്കാരങ്ങൾക്ക് അർഹയായി. എഴുത്തുകാരനായ ഡസ്റ്റിൻ പാർ സൻസാണ് ജീവിത പങ്കാളി. ഓഷ്യാനിക്, ലക്കിഫിഷ, അറ്റ് ദ ഡ്രൈവ്- ഇൻ വോൾക്കാനോ, മിറാക്കിൾ ഫ്രൂട്ട് എന്നിവയാണ് എയ്മിനെസുകുമെറ്റാലിന്റെ കവിതാസമാഹാരങ്ങൾ.

**താക്കോൽവാക്കുകൾ**

*ഡയസ്പെറ ഭാവന - ഏഷ്യൻ അമേരിക്കൻ, സ്വത്വ ബോധനിർമ്മിതി -ദൈനം ദിനത്വം, ഗൃഹാതുരത്വം - വ്യക്ത്യാനുഭവചരിത്രം*

മനുഷ്യ ചരിത്രം അധിവാസങ്ങളുടെ ചരിത്രം മാത്രമല്ല, ദേശ കാലാതീതമായ യാത്രകളുടെയും, പറിച്ചുനടലുകളുടെയും, പുറത്താക്കലുകളുടെയും, പലായനങ്ങളുടെയും ചരിത്രം കൂടിയാണ്. ആധുനിക ലോകത്തിന്റെ ക്രമാത്മകമായ അടയാളപ്പെടുത്തലുക

ളിലും ചരിത്ര നിർമ്മിതികളിലും ഇത്തരത്തിൽ, ഒറ്റയ്ക്കും കൂട്ടായും ഒഴുകി നീങ്ങുന്ന മനുഷ്യർ അക്കങ്ങളായും, കണക്കുകളായും, ദൃശ്യമായും അദൃശ്യമായും അടയാളപ്പെട്ടുകിടക്കുന്നു. ലോകത്തിന്റെ പല ഭാഗത്തേക്ക് ചിതറിത്തെറിച്ച്, ഓർമ്മയും അനുഭവവും ഇടകലർന്ന്, അവിടങ്ങളിൽ സ്വന്തം നാടിന്റെ ചെറുതുരുത്തുകൾ തീർത്തു ജീവിച്ചു പോരുന്നവർ അനവധിയാണ്. ചരിത്രപരമായും സാംസ്കാരികമായും സാമൂഹികമായും ഇവർ ഡയസ്പെറ എന്ന് അറിയപ്പെടുന്നു. പല കാരണത്താൽ, ചിലപ്പോൾ സ്വേച്ഛയാ, ജൻമനാടും കൂട്ടായ്മയും വെടിഞ്ഞ് മറുദേശത്ത് ജീവിതം തേടുന്ന ഇക്കൂട്ടർ ആത്മപ്രകാശനത്തിനായി സ്വന്തം നാടിന്റെ കൂട്ടായ ഓർമ്മകളിലും വ്യക്തിപരമായ ആശ്രയത്വങ്ങളിലും അഭയം തേടുന്നു. സാമൂഹിക, സാംസ്കാരിക പരിസരങ്ങളിൽ അവ കാണാമെങ്കിലും, ക്രീയാത്മമകവും വിമർശനാത്മകവുമായ പ്രകാശനങ്ങളിലാണ് ഡയസ്പെറയുടെ വൈവിധ്യമാർന്ന ജീവിത പരിഛേദമുള്ളത്. ഡയസ്പെറയുടെ എഴുത്ത് പ്രധാന സാഹിത്യ ശാഖയായി മുമ്പേ രൂപപ്പെട്ടു. വിദൂരതയിലുള്ള സ്വദേശത്തോട് ചിന്തയാലും ഓർമ്മയാലും ചേർന്നു നിൽക്കാൻ നടത്തുന്ന ശ്രമങ്ങളാണ് പലപ്പൊഴും ഡയസ്പെറ സാഹിത്യകൃതികളുടെ കാതൽ. വിദേശം എന്ന അനുഭവ പരിസരം മുൻനിർത്തി സ്വദേശം എന്ന രൂപക നിർമ്മിതിയും സവിശേഷ സ്വത്വബോധ നിർമ്മിതിയും ഡയസ്പെറ സാഹിത്യത്തിന്റെ പ്രത്യേകതയാണ്. മറ്റൊരു ദേശത്ത്, അനുഭവപ്പെടുന്ന അരക്ഷിതാവസ്ഥയോടുള്ള പ്രതിരോധമായി ഡയസ്പെറ സാഹിത്യം രൂപപ്പെടാറുണ്ട്. വിവേചനങ്ങളും അന്യായങ്ങളും അവഗണനകളും തിരിച്ചറിയുന്നതും എഴുത്തിലൂടെ അവയെ പ്രതിരോധി ക്കുന്നതും ഡയസ്പെറ സാഹിത്യത്തെ രാഷ്ട്രീയപരമാക്കുന്നു. കഴിഞ്ഞകാലത്തിന്റെ നേർത്ത ഓർമ്മയായോ, നടന്നുതീർത്ത വഴികളുടെ ആയാസമായോ മാത്രമല്ല ഡയസ്പെറ ഭാവന പ്രവർത്തിക്കുക. വ്യത്യസ്ത കാലദേശങ്ങളിൽ മുന്നോട്ടായുന്ന ജീവതത്തിന്റെ കുതിപ്പും, സന്തോഷവും, പ്രതിരോധവും അവയിൽ ഉൾപ്പെടുന്നു.

കുടിയൊഴിക്കപ്പെട്ട ജൂതരുടെ പലായനങ്ങൾ പരാമർശിച്ചാ ണ് ആദ്യകാല ഡയസ്പെറ പ്രമേയങ്ങൾ പഠനവിഷയമായത്. (Kenny,

1) പിന്നീടത്, സ്വത്വബോധത്തിൽ ദേശത്തോട് ഐക്യപ്പെട്ട് മറ്റൊരു ദേശത്ത് അധിവസിക്കുന്ന വിഭാഗത്തെ പ്രതിനിധീകരിക്കുന്ന രീതിയൽ പരുവപ്പെട്ടു. ഒന്നാം തലമുറക്കാർ മാത്രമല്ല, വിദേശത്ത് ജനിച്ചു വളരുന്നവരിൽ മാതാപിതാക്കളുടെ ജന്മദേശത്തോട് ചരിത്രപരമായോ സാംസ്കാരികമായോ ഭാഷാപരമായോ മറ്റ് കാരണങ്ങളാലോ ബന്ധം തോന്നുന്ന പിൻതലമുറകളും ഡയസ്പൊറ എന്ന വിശേഷണത്തിന്റെ ഭാഗമാണ്. എന്നാൽ അവരുടെ ഡയസ്പൊറിക് അനുഭവങ്ങളും അതിനോടുള്ള പ്രതികരണവും വ്യത്യസ്തമാകും. നാട് എന്ന യാഥാർത്ഥ്യത്തോടും സങ്കൽപ്പത്തോടും തലമുറകളുടെ പ്രതികരണം വ്യത്യസ്തമാണ്. ഒന്നാം തലമുറക്കാരുടെ ഓർമ്മകളും ഗൃഹാതുരത്വവും അവർക്ക് മാത്രം അനുഭവവേദ്യമാകുന്നവയാണ്. അവർ സ്വദേശത്തെ അനുഭവിക്കുന്ന ഓർമ്മകളും പരിസരങ്ങളും അടുത്ത തലമുറയ്ക്ക് അന്യമാണ്. രണ്ടും മൂന്നും തലമുറക്കാർ അവരുടെ ജീവിതത്തിലും ക്രിയാത്മമകതയിലും അവരുടെ സാമൂഹിക - സാംസ്കാരിക പരിസരങ്ങളോട് സംവേദിക്കുന്നതും ലിംഗ വർഗബോധങ്ങളെ പ്രതിരോധിക്കുന്നതുംകാണാം. ആദ്യകാല ഡയസ്പൊറ എഴുത്തിന്റെ ആശയപരിസരങ്ങളിൽനിന്ന് രണ്ടാം തലമുറക്കാർ വ്യത്യസ്തരാണ്. മടങ്ങിപ്പോകാൻ അവർക്ക് ഓർമ്മകളോ അറിവനുഭവങ്ങളോ ഇല്ല, എന്നാൽ ജീവിക്കുന്ന ദേശത്ത് അവർക്ക് വേരുകൾ വളരുന്നുമില്ല. അത് കാലത്തിന്റെ പ്രത്യേകത കൂടിയാകാം. ദ്രവാധുനികതയുടെ പ്രകടനമായ ഉപരിതല സ്പർശിയായ നിരന്തര മാറ്റങ്ങളുടെ ഒഴുക്കിന്റെയും നവലിബറൽ കാലത്തിന്റെ ഭാഗമായ തീർത്തും വ്യക്തികേന്ദ്രീകൃതമായതുമായ പരിണാമങ്ങൾ കൊണ്ടുമാകാം. എന്നാൽ, തങ്ങൾ വിദേശത്ത് അന്യരാണെന്നും മറ്റുള്ളവരുടെ കാഴ്ചകളിൽ വ്യത്യസ്തരാണെന്നും ഇക്കൂട്ടർ തിരിച്ചറിയുന്നു. അതിനാൽ ഡയസ്പൊറ എന്ന അവസ്ഥയുടെ അടയാളപ്പെടുത്തലുകൾ അവരുടെ സാഹിത്യ രൂപങ്ങളിൽ കാണാം.

മിസ്സിസ്സിപ്പി, ഓക്സ്ഫോർഡിൽ താമസമാക്കിയ, മലയാളി വേരുകൾ ഉള്ള ഏയ്മി നെസുകുമെറ്റാറ്റിൽ (Aimee Nezhukumatathil) കവിയും ലേഖികയുമാണ്. മിസ്സിസ്സിപ്പി സർവകലാശാലയിലെ

പ്രഫസറായ എയ്മി നാല് കവിതാ സമാഹാരം പ്രസിദ്ധീകരിച്ചു. ചിക്കാഗോയിൽ ജനിച്ച അവർ, ഫിലിപ്പൈനിയായ അമ്മയ്ക്കും മലയാളി പിതാവിനുമൊപ്പം അമേരിക്കയുടെ വിവിധ പ്രദേശങ്ങ ളിൽ കുട്ടിക്കാലം ചെലവഴിച്ചു. അമേരിക്കയിൽ തങ്ങൾ വിദേശിക ളാണ് എന്ന തിരിച്ചറിവും ഓർമ്മപ്പെടുത്തലും ഏയ്മി നെസുകു മെറ്റാറ്റിലിന്റെ കവിതകളിൽ കാണാം. തന്നെപ്പോലെ ആരെയും ഒരിടത്തും കാണാൻ സാധിച്ചില്ല എന്ന് അവർ സംഭാഷണങ്ങളിൽ ഓർമ്മിച്ചെടുക്കുന്നു. സിനിമയിലോ, മ്യൂസിക് വീഡിയോയിലോ, ടെലിവിഷൻ ഷോകളിലോ, ലൈബ്രറി പുസ്തകങ്ങളിലോ പാഠപു സ്തകങ്ങളിലോ ഏഷ്യൻ അമേരിക്കൻ എന്ന വിഭാഗത്തെക്കുറി ച്ചുള്ള പരാമർശങ്ങളോ കാഴ്ചകളോ ചെറുപ്പത്തിൽ അവർ കണ്ടില്ല. വിദേശത്ത് ജനിച്ച് വളർന്നവർ എന്ന നിലയിൽ ഇക്കൂട്ടർക്ക് സ്വദേ ശത്തെക്കുറിച്ചുള്ള ഓർമ്മകളും അന്യമാണ്. എന്നാൽ ജീവിക്കുന്ന ചുറ്റുപാടുകളുമായി ഇവർ പൂർണ്ണമായി ഉൾച്ചേരുന്നുമില്ല. ആയ തിനാൽ സ്വദേശം എന്ന യാഥാർത്ഥ്യം പലപ്പോഴും ധാരണയിൽ നിന്ന് തെന്നിമാറും. കവി തന്റെ സമസ്യകൾ ഇങ്ങനെ കുറിക്കുന്നു, “I spun and spun/that globe and traced my fingers along... I tried to pinch the widest part/of the Pacific Ocean, the distance between me/and India, me and the Philippines. The space/between the shorelines was too wide. My hand/was always empty when it came to land, to knowing/Where is home.” (“A Globe is Just an Asterisk and Every Home Should Have an Asterisk”)

കവി, വ്യക്തി എന്നീ രീതികളിൽ ഏയ്മി നെസുകുമെറ്റാറ്റിൽ പ്രകൃതി സ്നേഹിയാണ്. മാതാപിതാക്കളുടെ ജീവിത രീതിയുടെ തുടർച്ചയായാണ് അവരുടെ വിശാലമായ പൂന്തോട്ടത്തെയും അവ ധിക്കാല യാത്രകളെയും കവി മനസ്സിലാക്കുന്നത്. അവരിലൂടെ സ്വായത്തമാക്കിയ പ്രകൃതിസ്നേഹം കവി പക്ഷിമൃഗാദികളിലേ യ്ക്ക് വികസിപ്പിക്കുന്നു. വെളുപ്പിന്റെ ആധിക്യമുള്ള ചുറ്റുപാടുകളിൽ അരക്ഷിതാവസ്ഥ അനുഭവിക്കുന്ന കവി മനുഷ്യേതര, പ്രകൃതിയിൽ സുരക്ഷിതത്വം അനുഭവിച്ചതായി സംഭാഷണങ്ങളിൽ എയ്മി പറയുന്നു. സ്വത്വബോധത്തിന്റെ ഭാഗമായ ദേശത്തെ അവർ ഇത്തര ത്തിൽ നിർമ്മിച്ചെടുക്കുന്നതും. സ്വദേശമെന്ന കൽപനയ്ക്കും വിദേ

ശമെന്ന യാഥാർത്ഥ്യത്തിനുംമധ്യേ ഒരു തലമുറ സ്വത്വബോധവും പ്രതിരോധവും തീർക്കുന്ന മാതൃകയാണ് ഏയ്മി നെസുകുമെറ്റാറ്റിന് അത്ഭുതങ്ങൾ നിറഞ്ഞ പ്രകൃതിയും ജീവജാലങ്ങളും മനുഷ്യ ഭാവനയ്ക്കതീതമായ ഇന്ദ്രീയാനുഭവങ്ങൾ പ്രകൃതിയുടെ അനുഭവ പരിസരങ്ങളിൽ ഉണ്ടാകാം. അത്തരത്തിലുള്ള ജൈവികാത്ഭുതങ്ങളിലേയ്ക്ക് ആയുന്ന അന്വേഷണങ്ങളാണ് ഏയ്മി നെസുകുമെറ്റാറ്റിലിന്റെ കവിതകൾ. “If you dive/ deep enough where imperial volutes and hatchetfish/swim, you will find all colours/humans have not yet/ named” (‘Invitation’)

ഏയ്മി നെസുകുമെറ്റാറ്റിലിനെ സംബന്ധിച്ച് അവരുടെ ഏഷ്യൻ അമേരിക്കൻ വ്യക്തിത്വവും അതിന്റെ വ്യതിരക്തതയുമാണ് ആത്മപ്രകാശനത്തിന്റെ കാതൽ. മനുഷ്യരിൽനിന്നകന്ന് പ്രകൃതിയോടിണങ്ങി അതിലൂടെ ആത്മാംശം കണ്ടെത്തുന്ന കവി, സ്വത്വബോധ നിർമ്മിതിയിലൂടെ പ്രതിരോധത്തിന്റെ വഴി തേടുന്നു. പ്രകൃതിയ്ക്കും സഹജീവികൾക്കുംമേൽ പ്രകടമാക്കുന്ന ആധിപത്യവും അധികാര പ്രയോഗങ്ങളും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന കണ്ണികളായി കാണുന്നു. വിദേശത്ത് പ്രകൃതി എന്ന ഭൂമികയിൽ സ്വന്തം ആവാസവ്യവസ്ഥ കണ്ടെത്തുന്നു. നഷ്ടങ്ങളുടെയും വിവേചനങ്ങളുടെയും ലോകത്തെ, ജീവജാലങ്ങളുടെ നേർത്ത കാഴ്ച കൊണ്ടും നിറംകൊണ്ടും, ജീവിത പരിസരത്തും, മറികടക്കുന്നു കവിയുടെ ഭാവനാലോകം. അങ്ങനെ ദൈനംദിന സാമൂഹിക സാംസ്കാരിക ചുറ്റുപാടുകളുടെയും ലോകക്രമത്തിന്റെയും ഭാഗമാകാനുള്ള പരിശ്രമമാകുന്നു.

സ്വദേശം (home land) എന്ന സങ്കൽപ്പത്തെയും യാഥാർത്ഥ്യത്തേയും ഏയ്മി നെസുകുമെറ്റാറ്റിൽ, കവിതയിൽ സൃഷ്ടിച്ചെടുക്കുന്നു. മാതാപിതാക്കളുടെ ഭൂപ്രദേശങ്ങളെ അവരിൽ നിന്നറിഞ്ഞും, സ്വയം അനുഭവിച്ചും കണ്ടെത്താനുള്ള ശ്രമം കവിതയായി പരിണമിച്ചു. അമ്മയുടെ നാടായ ഫിലിപ്പീൻസും അച്ഛന്റെ കേരളവും അവിടങ്ങളിലെ ദൈനംദിന പരിസരവും കവിതകളിലിടംപിടിക്കുന്നു. ‘Kottayam Morning’, ‘If You Find Yourself on a Houseboat’, ‘Fortune Telling Parrot’, ‘Letter Found at the Tower of Silence’ എന്നീ

കവിതകളിൽ കോട്ടയം, കുമരകം, ഇടുക്കി, മുബൈ എന്നീ പ്രദേശ ങ്ങളും അവയുടെ സൂക്ഷ്മ സാമൂഹികതയും ദർശിക്കാം. ദൈനം ദിന ജീവിത പരിസരങ്ങളോട് സംവദിക്കുന്ന വരികൾ കാഴ്ചയിലൂ ടെയും സംവേദനത്തിലൂടെയും ദേശത്തെ അനുഭവിക്കുന്നു. '... Karimeen fish waiting/ to be wrapped and steamed/ in a single banana leaf for tonight's meal' ('Kottayam Morning') 'Letter Found at the Tower of Silence' എന്ന കവിതയുടെ ശീർഷകത്തിന് എഴുതിയ വിശദീകരണമിങ്ങനെയാണ്. 'In ancient Mumbai, India, bodies of the dead were placed atop a tower of silence-exposed to the sun and birds of prey.' വ്യത്യസ്ത, പ്രദേശങ്ങളോടും അവയിലെ വൈവിധ്യ മാർന്ന ജീവിതരീതികളോടുമുള്ള പ്രതികരണമായി കവിത സ്വയം അടയാളപ്പെടുത്തുന്നു. ഭക്ഷണം, പാർപ്പിടം, വിശ്വാസം, ആചാര ങ്ങൾ, ബന്ധങ്ങൾ എന്നീ ചിഹ്നങ്ങൾ ദേശത്തെ അനുഭവവേദ്യമാ ക്കുന്നു. ഡയസ്പെറിക്ക് എഴുത്തിലെ ഗൃഹാതുര ഭാവുകത്വത്തിന് പകരം ഏയ്മി നെസുകുമെറ്റാറ്റിലിന്റെ കവിതകൾ പുത്തൻ കാഴ്ചാ നുഭവങ്ങളിലൂടെ ദേശത്തെ നിർമ്മിച്ചെടുക്കുന്നു. സ്വത്വബോധത്തെ സ്ഥലവുമായി ബന്ധിപ്പിക്കുമ്പോൾ സത്താപരമായ സ്വത്വനിർ മ്മാണം ദൃഢപ്പെടുന്നു എന്ന വിമർശനം ഡയസ്പെറ സാഹിത്യ ത്തിനുനേരെയുണ്ട്. എന്നാൽ ഏയ്മി നെസുകുമെറ്റാറ്റിലിന്റെ രചനകൾ നടപ്പുരീതിയല്ല പിന്തുടരുന്നത്. സ്വത്വബോധത്തെ പ്രത്യേക നാടുമായി (ദേശം) കവി ബന്ധിപ്പിക്കുന്നില്ല. വ്യക്തി പരവും സാമൂഹികവും, സാംസ്കാരികവുമായ മിശ്രാവസ്ഥയുടെ അനുഭവ പരിസരങ്ങളും അവയോടുള്ള പ്രതികരണങ്ങളും സത്താ പരമായ ദേശസങ്കൽപ്പങ്ങൾക്കതീതമായി തന്റെ ഭാവനയിൽ കണ്ടെ ത്തുകയാണ്.

സ്വത്വബോധം സംബന്ധിച്ച ആശങ്ക ഡയസ്പെറ സാഹി ത്യത്തിന്റെ പ്രധാന സവിശേഷതയാണ്. ജീവിക്കുന്ന ചുറ്റുപാടിന്റെ ഭാഗമാകാൻ എത്ര ശ്രമിച്ചാലും പലപ്പോഴും ഡയസ്പെറക്ക് നിരാസ മഭിമുഖീകരിക്കേണ്ടിവരും. വ്യത്യസ്തതയും ഉൾക്കൊള്ളാതെ അവ യെ സ്വാഭാവികതയ്ക്ക് പുറത്തുനിർത്തുന്ന അധികാരപ്രയോഗ ങ്ങളും മേൽക്കോയ്മകളും ദൈനംദിന വ്യവഹാരങ്ങളുടെ

ഭാഗമായി മാറുന്ന സാഹചര്യം ഇക്കൂട്ടർ അനുഭവിക്കുന്നു. രൂപം, നിറം, ഭാഷ, സംസ്കാരം, ജീവിതരീതി എന്നിവ സംബന്ധിച്ച മുൻവിധികളും അപഹാസ്യതയും അനുഭവിക്കേണ്ട സാഹചര്യം വിദേശവാസികൾ അഭിമുഖീകരിക്കുന്നു. ക്ലാസ്സ് മുറിയിൽ കുട്ടികൾ അനുഭവിക്കുന്ന വിവേചനങ്ങൾ പലപ്പോഴും വാക്കുകൾക്കതീത മാണ്. നോട്ടത്തിന്റെയും നിസ്സംഗതയുടേയും ഭാഷയായിരിക്കും അവയ്ക്ക്. 'Your teacher means well,/even if he butchers your name like/ he has a bloody sausage casing stuck/ between his teeth, handprints/ on his white, sloppy apron. And when/ everyone turns around to check out/ your face, no need to flush red and warm.' ('On listening to your Teacher take Attendance') 'k). My school had to create/ a whole new bus stop/ just for my sister and me,/ and everyone stopped talking and stared/ when we stepped onto the bus each morning,/ smelling of grape gum and ginger roots./ l.) Just who are these girls?' ('Twelve Twelve Twelve') ചെറു പ്രായത്തിൽ നേരിടുന്ന ഇത്തരം വിവേചനം അടുത്ത തലമുറയുടെ സ്വത്വം ദുർബലമാക്കും. നീന്തിക്കയറാൻ കഴിയാത്ത കയമായി സ്വത്വം ചുരുങ്ങും. നിശ്ശബ്ദം അടിത്തറയിള ക്കുന്ന ഇത്തരം ഓർമ്മകളും അനുഭവങ്ങളും ഏയ്മിനെസുകു മെറ്റാറ്റിലിന്റെ കവിതയിലുണ്ട്. സ്വാനുഭവത്തിൽ നിന്നോ നിരീക്ഷണത്തിൽനിന്നോ രൂപീകരിക്കുന്ന അറിവനുഭവ ങ്ങൾ തീക്ഷ്ണമായാണ് കവിതയിൽ അവതരിപ്പിച്ചിട്ടുള്ളത്. സൂക്ഷ്മ നിരീക്ഷണങ്ങളും അനുഭവവും കവിതയായി ലോകത്തോട് സംവദിക്കുന്നു. ഡയസ്പെറിക്ക് എന്ന അനുഭവലോകത്തിന്റെ പ്രതിരോധവും ഇതുതന്നെയാകാം. വിദേശത്തു വസിക്കുന്ന സാഹചര്യത്തിൽ അപരദേശക്കാർക്ക് ഉണ്ടാകാനിടയുള്ള അരക്ഷിതാവസ്തയും ഭയവും ഏയ്മി നെസുകുമെറ്റാറ്റിലിന്റ കവിതയിൽ കാണാം. അത്തരം ഭയത്താലുണ്ടാകുന്ന വിമുഖത അവരെ ഉൾവലിയാൻ പ്രേരിപ്പി ക്കുന്നു. 'Hell Pig' എന്ന കവിതയിനെ, "To keep me from staying out late at night, /my mother warned of the _Hell Pig . Black and full /of hot drool, eyes the color of a lung-it'd follow me/ home if I stayed past my curfew' നാടു കടന്ന് പോയിട്ടും പിറകെ കൂടുന്ന ലിംഗ നിർമ്മിതിയും അതിന്റെ

പരിമിതിയും ഈ വരികളിൽ പരാമർശി ക്കപ്പെടുന്നു. 'It's not like the pig/ had any special powers or could take a tiny bite/ from my leg-only assurances that it was simply/ scandal to be followed home.'

ദേശം, ഭാഷ, സ്വത്വം, ഓർമ്മ, ഗൃഹാതുരത്വം എന്നിങ്ങനെ ഡയസ്പെറിക്ക് സാഹിത്യത്തിന്റെ സവിശേഷത എയ്മിനെസുകുമെറ്റാറ്റിലിന്റ കവിതയിലുണ്ട്. നിലനിൽക്കുന്ന ആഖ്യാനമാതൃക കവി പിന്തുടരുന്നില്ല. മാതാപിതാക്കളിലൂടെ ഒന്നാം തലമുറയുടെ ജീവിത സന്ദർഭവും സ്വാനുഭവത്തിലൂടെ രണ്ടാം തലമുറയുടെ അനുഭവപരിചയവും കോർത്തിണക്കി ഡയസ്പെറ എന്ന പരികൽപന നൂതന രീതിയൽ സമീപിക്കുന്ന എഴുത്തു ശൈലിയാണ് ഏയ്മി നെസുകുമെറ്റാറ്റിലിന്റേത്. സ്ത്രീ എന്ന നിലയിൽ ജൈവികതയുടെ മാനം കവി, തന്റെ ദർശനങ്ങളിൽ തേടുന്നു. പ്രകൃതിയിൽ അഭയം കാണുന്ന, ജീവന്റെ തുടിപ്പിൽ അത്ഭുതം തിരിച്ചറിയുന്ന എഴുത്തിൽ ജൈവാനുഭവങ്ങളുടെ ഉൻമാദം അലതല്ലുന്നു. കവിതയെന്ന പോലെ കാവ്യാത്മകമാണ് ഏയ്മി നെസുകുമെറ്റാറ്റിലിന്റ ഗദ്യവും. ഭാഷാ പ്രയോഗത്തിൽ ഒതുങ്ങി നിൽക്കുന്നതല്ല ഈ സവിശേഷത. അധിവസിക്കുന്ന ലോകത്തെ നോക്കിക്കാണുന്ന വിധത്തിലും, അതിനോട് സംവദിക്കുകയും സ്വന്തം കാഴ്ചകളെ സ്വരുക്കൂട്ടുകയും ചെയ്യുന്ന വിധത്തിലും മേൽ സൂചിപ്പിച്ച കാവ്യാത്മകതയുണ്ട്. കവിതയിലൂടെ വേരുകളെയും വഴികളെയും തേടുന്ന കവി, അവയിൽ നിന്നു മാറിനടന്ന് സ്വന്തമായൊരിടം വരച്ചിടുന്നു. 'Dear Betty Brown' എന്ന കവിതയിൽ ഈ നിലപാട് വ്യക്തമാണ്, 'If I didn't change my name for my husband/ I am certainly not going to change it for you/You can take the time and learn it like every one else' സമയമെടുത്തുകൊള്ളു, ധൃതിയില്ല. പക്ഷെ നിങ്ങൾ എന്റെ പേര് പറയുക തന്നെവേണം ഇത് അപേക്ഷയല്ല. തീരുമാനമാണ്. അതിർത്തികൾ തന്റെ ഭാഷയല്ലന്നും നിങ്ങളാണ് മാറേണ്ടതെന്നും ഉറക്കെ പറയുന്ന കവി, ജീവിതത്തിലെന്ന പോലെ കാവ്യഭൂപടത്തിലും തന്റെതായ ദർശനവും ഇടപെടലും നടത്തന്നു. ഡയസ്പെറയുടെ അനുഭവമെഴുത്തിൽ നിലകൊള്ളുമ്പോഴും, പ്രസ്തുത ശാഖ തന്റെ പ്രകൃതി ദർശനങ്ങളിലൂടെയും അതിജീവന ചിന്തകളിലൂടെയും

മുന്നോട്ട് നയിക്കുന്ന കവി ശക്തിയോടെ ഡയസ്പെറയുടെ രാഷ്ട്രീയം പുതുമാതൃകകളിലൂടെ മുന്നോട്ട് നയിക്കുന്നു.

കവിതകൾക്കു പുറമെ ലേഖന സമാഹാരങ്ങളും ഏയമി നെസുകുമെറ്റാറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. World of Wonders: In Praise of Fireflies, Whale Sharks, and other Astonishments എന്ന ലേഖന സമാഹാരം അത്ഭുതം എന്ന അനുഭവം പ്രകൃതിയിൽ കണ്ടെത്താനുള്ള ശ്രമമാണ്. Bite by Bite: Nourishments and Jamborees എന്ന കൃതിയുടെ (2024)ന്റെ ആമുഖത്തിൽ 'Poet of the natural world' എന്നു ഏയ്മി നെസുകുമെറ്റാറ്റിൽ സ്വയം പരിചയപ്പെടുത്തുന്നു. പ്രകൃത്യനുഭവങ്ങളുടെ സൂക്ഷ്മതയിലേയ്ക്ക് ഇറങ്ങുന്ന കവി ആ പുസ്തകത്തിൽ കനികളുടെ ചരിത്രമന്വേഷിക്കുന്നു. കുടുബത്തിന്റെയും പ്രിയപ്പെട്ടവരുടേയും അറിവനുഭവങ്ങളിലൂടെ വികസിക്കുന്ന അധ്യായങ്ങൾ തെരഞ്ഞെടുത്ത ഫലങ്ങളെ വ്യക്തിപരമായ അനുഭവചരിത്രത്തിൽ ഊന്നി വായിക്കാനുള്ള ശ്രമമാണ്. തനതുരീതിയിൽ ലോകത്തേയും പ്രകൃതിയേയും ജീവജാലങ്ങളേയും കവിതയിലൂടെ സൃഷ്ടിച്ചെടുത്ത് തന്റേടം കണ്ടെത്തുന്ന കവി അവയുടെ തുടരന്വേഷണങ്ങളാണ് ലേഖനങ്ങളിൽ നടത്തുന്നത്. ഏയ്മിനെസുകുമെറ്റാറ്റിലിന്റെ എഴുത്തിൽ ദേശം, പ്രകൃതി, സ്വത്വം, ഭാഷ, അനുഭവം, ഓർമ്മ എന്നിവ പരസ്പരപൂരകങ്ങളായി തനതു ലോകക്രമം തീർക്കുന്നു. തങ്ങളെ അന്യവത്കരിച്ച ലോകത്തോട് നിരന്തരം സംവദിക്കുന്ന കവിതകളും പ്രകൃതിയുടെ അത്ഭുതങ്ങളിലൂടെ വെളിപ്പെടുന്ന അപരലോകവും, ചരിത്രവും അനുഭവവും ഓർമ്മ പ്പെടുത്തലുകളാകുന്ന ലേഖനങ്ങളും ഏയ്മി നെസകുമറ്റാറ്റിൽ എന്ന എഴുത്തുകാരിയെ രാഷ്ട്രീയമായി അടയാളപ്പെടുത്തുന്നു. ഡയസ്പെറ എന്ന സാമൂഹികാനുഭവത്തെ സൂക്ഷ്മ രീതിയിൽ അനുഭവിച്ചും നിരീക്ഷിച്ചും സാഹിത്യഭാവനയായി വളർത്തുന്ന എഴുത്തു കാരി പ്രസ്തുത സാഹിത്യശാഖയെ മുന്നോട്ടാണ് നയിക്കുന്നത്.

**നിഗമനങ്ങൾ**

തങ്ങളെ അന്യവത്കരിച്ച ലോകത്തോട് നിരന്തരം സംവദിക്കുന്ന കവിതകളും പ്രകൃതിയുടെ അത്ഭുതങ്ങളിലൂടെ വെളിപ്പെടുന്ന

അപരലോകവും, ചരിത്രവും അനുഭവവും ഓർമ്മപ്പെടുത്തലുകളാകുന്ന ലേഖനങ്ങളും ഏയ്മി നെസകുമറ്റാറ്റിൽ എന്ന എഴുത്തുകാരിയെ രാഷ്ട്രീയമായി അടയാളപ്പെടുത്തുന്നു. ഡയസ്പെറ എന്ന സാമൂഹികാനുഭവത്തെ സൂക്ഷ്മ രീതിയിൽ അനുഭവിച്ചും നിരീക്ഷിച്ചും സാഹിത്യ ഭാവനയായി വളർത്തുന്ന എഴുത്തുകാരി പ്രസ്തുത സാഹിത്യ ശാഖയെ മുന്നോട്ടാണ് നയിക്കുന്നത്.

**ഗ്രന്ഥസൂചി**

Bauman, Zygmunt. Liquid Modernity. Polity Press, 2000. Print.

Kevin, Kenny. Diaspora: A Very Short Introduction. Oxford University Press, 2013.Print.

Nezhukumatathil, Aimee. Miracle Fruit. Tupelo Press, 2003. Print.

---. At the Drive in Volcano. Tupelo Press, 2007, Print.

---. Lucky Fish. Tupelo Press, 2011. Print.

---. Oceanic. Copper Canyon Press, 2018. Print.

---. World of Wonders: In Praise of Fireflies, Whale Sharks, and Other Astonishments. Milkweed Edition, 2020. Print.

---. Bite by Bite: Nourishments and Jamborees. ECCO, 2024. Print.

--- . "Press.". Aimee Nezhukumatathil, https://aimeenez.net/press. Accessed 1st June 2024.

൦൦

# ദൃശ്യാത്ഭുതങ്ങളിൽ അദൃശ്യരാകുന്ന മനുഷ്യർ

**ഡോ. അപ്പു ജേക്കബ് ജോൺ**
അസി. പ്രൊഫ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്,
കേരളസർവ്വകലാശാല

**സംഗ്രഹം**

അത്ഭുത നിർമ്മിതികളാൽ നമ്മെ ഞെട്ടിക്കുന്നു മദ്ധ്യേഷ്യയിലെ അറബ് രാജ്യങ്ങൾ. ഒരു നൂറ്റാണ്ടുമുമ്പ് വിജന മരുഭൂമികളായിരുന്ന ഈ രാഷ്ട്രങ്ങൾ ലോകത്തിലെ സമ്പന്ന രാഷ്ട്രങ്ങളുടെ സംഗമസ്ഥാനമായിരിക്കുന്നു. എന്നാൽ അതിൽ മുഖ്യ പങ്കുവഹിച്ചത് ഈ രാജ്യങ്ങളിലെ ജനസംഖ്യയുടെ പകുതി വരുന്ന പ്രവാസികളാണ്. എന്നാൽ പലപ്പോഴും ദൃശ്യാത്ഭുതങ്ങൾക്കിടയിൽ അവർ അദൃശ്യരാകുന്നു. പരാജിതരാവുന്ന, തൽക്കാലത്തേക്ക് വസിക്കുന്ന മനുഷ്യരാണ് കേരളത്തിലെ വൃദ്ധരിൽ പലരും. യൗവ്വനം മറ്റാർക്കോ ആഹുതിചെയ്ത മലയാളികളുടെ കഥയാണ് ദീപക് ഉണ്ണിക്കൃഷ്ണന്റെ ദി ടെംപററി പീപ്പിൾ. ഈ പ്രബന്ധം പ്രസ്തുത നോവലിന്റെ പഠനമാണ്.

**താക്കോൽ വാക്കുകൾ**

*പ്രവാസം - ഗൾഫ് മലയാളി തൊഴിലാളി - മനുഷ്യാവകാശം - ഡിസ്റ്റോപ്യ- മാജിക്കൽ റിയലിസം - ആഗോളവല്ക്കരണം - ട്രാൻസ് നാഷണലിസം.*

**ആമുഖം**

മലയാളി ജിവിതത്തിന്റെ പ്രസക്തമായ ഏടുകളിൽ ഒന്നാണ് പ്രവാസിപർവ്വം. 20-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ തുടങ്ങിയ

ബോംബെ, കൽക്കട്ടാ, മലയാ, പേർഷ്യ ബിലാത്തിയാത്രകൾ അതേ നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട്, യൂറോപ്യൻ രാജ്യങ്ങൾ എന്നിവയിലേക്കുമുള്ള കുടിയേറ്റം എന്നിവയാണ് വിവക്ഷ. മുമ്പ് വിദേശരാജ്യങ്ങളിൽനിന്നുള്ള ധനസമ്പാദനമായിരുന്നു ലക്ഷ്യമെങ്കിൽ ഇപ്പോൾ പൗരത്വം സമ്പാദിച്ചു സ്ഥിരജീവിതം നയിക്കുന്നതാണ് ലക്ഷ്യം. കേരളത്തിന്റെ വളർച്ചയ്ക്ക് പിൻബലമായത് പ്രവാസിമലയാളികളും അവർ കൊടുത്തയച്ച പണവും പണ്ടവുമാണെന്ന് നിസ്സംശയം പറയാം. പ്രവാസിലോകം പകിട്ടിന്റെ മാത്രം ലോകമല്ലെന്നും അവിടെ നഷ്ടപ്പെടുന്ന മനുഷ്യജീവിതങ്ങളും മനുഷ്യാവസ്ഥകളും ഉണ്ടെന്നുമുള്ള തിരിച്ചറിവാണ് ആടുജീവിതം. ഒരു തക്കാളിക്കൃഷിക്കാരന്റെ സ്വപ്നങ്ങൾ, അറേബ്യയിലെ അടിമ എന്നീ കൃതികൾ. ഗൾഫ് രാജ്യങ്ങളുടെയും കേരളത്തിന്റെയും വികസനത്തിന് പ്രവാസികൾകാരണമായിട്ടുണ്ട്. പ്രവാസിമലയാളികളുടെ അദ്ധ്വാനത്താൽ കെട്ടിപ്പടുത്തവയാണ് ഗൾഫ് രാജ്യങ്ങളിലെ സ്ഥാപനങ്ങളും കെട്ടിടങ്ങളും. ബുർജ്ഖലിഫയും, ജുമൈറയും മല യാളി പങ്കാളിത്തത്തിൽ സൃഷ്ടിക്കപ്പെട്ടതാണ്. യൂറോപ്യൻ വിദഗ്ദ്ധ ർക്ക് കിട്ടുന്ന പരിഗണന അവിദഗ്ദ്ധ ഇന്ത്യൻ/മലയാളി തൊഴിലാളി കൾക്ക് ലഭിക്കാറില്ല. ഈയവസ്ഥയിൽ ഇന്ത്യൻ തൊഴിൽപ്പടയുടെ അടയാളപ്പെടുത്താത്ത കഥകൾ രേഖപ്പെടുത്തേണ്ടത് ആവശ്യമാണ്. അതിനു തുടക്കമിട്ട നോവലാണ് ദീപക്ക് ഉണ്ണിക്കൃഷ്ണന്റെ 'ദി ടെംപററി പീപ്പിൾ'.

ചിക്കാഗോയിൽ താമസമാക്കിയ ദീപക് ഉണ്ണിക്കൃഷ്ണൻ. അവിടെ ആർട് ഇൻസ്റ്റിറ്റ്യൂട്ടിൽ അധ്യാപകനാണ്. മുമ്പ് അബുദാബിയിലെ ന്യൂയോർക്ക് സർവ്വകലാശാലയിലും പഠിപ്പിച്ചു. ദീപക് ഉണ്ണിക്കൃഷ്ണന്റെ ആദ്യ നോവലാണ് ടെംപററി പീപ്പിൾ. അറബ് ഐക്യനാടുകളിലെ ജനസംഖ്യയുടെ എൺപത് ശതമാനം വരുന്ന പ്രവാസി തൊഴിൽപ്പടയുടെ കഥയാണിത്. അവർ അബുദാബിയിലും ദുബൈയിലും കെട്ടിടസമുച്ചയങ്ങൾ നിർമ്മിക്കാൻ കൊണ്ടുവരപ്പെട്ടവരാണ്. അവർക്ക് പൗരത്വമില്ല. ഗൾഫിലെ അതിഥിത്തൊഴിലാളികളുടെ സത്യാവസ്ഥ വ്യക്തമാക്കുന്നതും മനുഷ്യാവകാശ പ്രതിസന്ധി വെളിവാക്കുന്നതുമായ കൃതിയാണ്. 'ടെംപററി

പീ പ്പിൾ'. നോവലിസ്റ്റ് ഇരുപത്തെട്ടു കഥകൾ കെട്ടുപിണച്ച് സൃഷ്ടിച്ച കൃതിയ്ക്ക് താത്ക്കാലിക മനുഷ്യർ എന്ന പേര് നൽകിയത് അനുയോജ്യമാണ്. നോവലിലെ കഥാതന്തുവിനോട് ഇഴചേർന്നിരിക്കുന്ന കടങ്കഥ ഇപ്രകാരമാണ്. ഉണ്ടാക്കുന്നവൻ ഉപയോഗിക്കുന്നില്ല. ഉപയോഗിക്കുന്നവൻ അറിയുന്നില്ല, വില്ക്കുന്നവൻ അറിയുന്നില്ല, വാങ്ങുന്നവൻ ഉപയോഗിക്കുന്നില്ല. ഇത്തരം ശവപ്പെട്ടി. പ്രവാസി ലക്ഷങ്ങൾ അണിചേർന്ന തൊഴിൽപ്പടയുടെ കാര്യവും വ്യത്യസ്തമല്ല. പ്രവാസിദുഃഖം തെളിവാക്കുന്ന ഈ നോവൽ ദി ഹിന്ദു പുരസ്കാരം, പുതുപ്രവാസി എഴുത്തിന്റെ റെസ്റ്റസ് ബുക്സ് പുരസ്കാരം, മൂർ പുരസ്കാരം എന്നിവ നേടി. ബിലീവർ ബുക് പുരസ്കാരം, ശക്തിഭട്ട് ആദ്യപുസ്തക പുരസ്കാരം, ക്രോസ് വേഡ് പുസ്തക പുരസ്കാരങ്ങൾക്കും, സെൻറർ ഫോർ ഫിക്ഷന്റെ ആദ്യനോവൽ പുരസ്കാരം, ദക്ഷിണേഷ്യൻ സാഹിത്യത്തിനുള്ള സി. എസ്. സി. പുരസ്കാരം, ഡബ്ലിൻ അന്താരാഷ്ട്ര പുരസ്കാരം എന്നിവയുടെ ചുരുക്കപ്പട്ടികകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു.

മറ്റു പ്രവാസിഗാഥകളിൽനിന്നും ടെംപററി പീപ്പിളിനെ വ്യത്യസ്തമാക്കുന്നത് അതിന്റെ ഡിസ്റ്റോപിയൻ (അസ്വാഭാവിക) ഘടനയാണ് ഗബ്രിയേൽ ഗാർസിയ മാർക്വേസിന്റെ ശൈലിയും രചനയിൽകാണാം. ഈ രണ്ട് സങ്കേതങ്ങളുടെ പ്രയോഗത്തിലൂടെ നോവലിനു കെട്ടുപിണഞ്ഞ സ്വഭാവം കൈവരുന്നു. കഥാപാത്രങ്ങൾക്ക് ഒരേ പേരെങ്കിലും അടുത്തടുത്ത അധ്യായങ്ങളിൽ മാറിമാറിയുള്ള സ്വഭാവം പ്രകടിപ്പിക്കുന്നു. കഥാസന്ദർഭങ്ങളിലും സമാനാവസ്ഥ തുടരുന്നു. എന്നാൽ പ്രവാസിതൊഴിൽപ്പടയുടെ അതിജീവനത്തിന്റെ പുൽമേടുകളിൽ ഈ കെട്ടു പിണച്ചിലിനു അടിസ്ഥാനമുണ്ട്. ഇതേ ലക്ഷ്യം മുൻനിറുത്തിയാണ് നോവലിന്റെ അച്ചടിയും ചിത്രസങ്കേതങ്ങളും തയ്യാറാക്കിയിരിക്കുന്നത്. നോവലിലാകെ പല സ്ഥലത്തും ടെക്സ്റ്റ് സെറ്റ് ചെയ്തിരിക്കുന്നത് വ്യത്യസ്തരീതിയിലാണ്. ചില അധ്യായങ്ങളുടെ ആദ്യം അറബി അക്ഷരങ്ങൾ രേഖപ്പെടുത്തിയത് ലേബർ ക്യാമ്പിലെ കെട്ടിടങ്ങളുടെ വാതിൽക്കലെ അക്കങ്ങളെയും അക്ഷരങ്ങളെയും സൂചിപ്പിക്കുന്നു. ചിത്രങ്ങളിൽ പലതിനും വ്യക്തമായ മുഖമില്ല. ആ ചിത്രങ്ങൾ ആർക്കും ചേരാവുന്ന

പ്രവാസി തൊഴിൽപ്പടയുടേതാണ്. മേൽപ്പറഞ്ഞ എഴുത്ത്/ചിത്രസങ്കേതങ്ങൾക്ക് ഡിസ്റ്റോപ്യൻ ശൈലി മിഴിവേകുന്നു.

പതിമൂന്നാം നൂറ്റാണ്ടിലെ ഇംഗ്ലണ്ടിൽ ജീവിച്ച സർ തോമസ് മൂർ ശ്രേഷ്ഠസ്ഥലിയെ സംബന്ധിച്ച് എഴുതിയ ലേഖനത്തിന്റെ പേരായിരുന്നു ഉട്ടോപ്യ. ഭാഷയിലെ ആ ലാറ്റിൻ വാക്കിന് അസംഭവ്യം എന്നും അർത്ഥമുണ്ട്. സാധ്യമാകാത്ത/നടക്കാത്ത ലോകം, സ്വപ്നങ്ങൾക്ക്, അതീതമായ ലോകം എന്ന നിലയിലാണ് പദത്തിന്റെ അർത്ഥം.19-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ സാമുവൽ ബട്‌ലർ 'എറിവോൺ' എന്ന പുസ്തകം എഴുതി. ബ്രിട്ടനിലെ ചില പ്രവണതകളെ വിമർശിക്കുകയായിരുന്നു ലക്ഷ്യം. പുസ്തകനാമം അത്തരത്തിൽ സൃഷ്ടിച്ചതാണ്. എറിവോൺ (crewhen) എന്നതിന് നോവെയർ (nowhere) ഒരിടത്തുമില്ലാത്തത് എന്നർത്ഥം. ഇതേ കാലഘട്ടത്തോടനുബന്ധിച്ചാണ് ജോൺ സ്റ്റുവർട്ട് മിൽ മൂറിന്റെ കൃതിയിൽനിന്നുള്ള ചോദനത്താൽ ഇംഗ്ലീഷ് സർക്കാരിന്റെ അപ്പർ ലാന്റിലെ ഭൂമിയിടപാട് പദ്ധതിയെ വിമർശിച്ച് എഴുതിയത്. ആ ലേഖനത്തിലുള്ള പദമാണ് ഡിസ്റ്റോപ്പിയ (Dystopia) ഉട്ടോപ്യ-ലോകത്തിൽ ഒരിടത്തും ഇല്ലാതിരുന്ന സ്ഥലമായിരുന്നു. ഡിസ്റ്റോപ്യ മോശം സ്ഥലിയെ അടയാളപ്പെടുത്തി. ഇരുപതാംനൂറ്റാണ്ട് അത്തരം എഴുത്തു വളർത്തി. അദ്ദേഹത്തിന്റേത് ദുരന്ത ലേഖനമല്ല. തങ്ങളായിരിക്കുന്ന ലോകത്തിന്റെ പരിതാപകരമായ അവസ്ഥ വെളിവാക്കുന്നതായിരുന്നു. രണ്ട് ലോകയുദ്ധങ്ങളും തുടർന്നുണ്ടായ നിശബ്ദയുദ്ധവും അതിന് കാരണമായി. റഷ്യക്കാരനായ യെവഗ്നി സമിയതിൻ 1924-ൽ എഴുതിയ വി/നാം എന്ന കൃതിയാണ് ലോകത്തിലെ ആദ്യ ഡിസ്റ്റോപ്യൻ നോവൽ. ആൾഡസ് ഹക്സലിയുടെ ഡ്രേവ് ന്യൂ വേൾഡ്, ജോർജ് ഓർവലിന്റെ 1984 എന്നീ നോവലുകൾ ഡിസ്റ്റോപ്യൻ സാഹിത്യത്തെ ഉന്നതമാക്കി. ഈ ശൃംഖലയിലെ കണ്ണിയാണ് ദീപക് ഉണ്ണികൃഷ്ണന്റെ 'ടെംപററി പീപ്പിൾ'.

ടെംപററി എന്ന സംജ്ഞ ഡിസ്റ്റോപ്യൻ വായനയുടെ ആദ്യലക്ഷണമാണ്. മനുഷ്യത്വത്തിന് വിലയില്ലാതെ നഷ്ടലോകത്ത് താത്ക്കാലിക അസ്തിത്വങ്ങളാവുന്ന മനുഷ്യർ സൃഷ്ടിക്കുന്ന

ലോകാത്ഭുതങ്ങൾ സ്ഥിരവാസികൾ സ്വന്തമാക്കുകയും അവ സൃഷ്ടിച്ചവർ പുറത്താക്കപ്പെടുകയും ചെയ്യുന്നതാണ് ഡിസ്റ്റോപ്പിയ. കഥ ആരംഭിക്കുന്നത് അന്നാവർഗ്ഗീസിലാണ്. ബഹുനിലമന്ദിരങ്ങളിൽ നിന്നും താഴെവീണാലും കുഴപ്പമില്ലാത്ത തൊഴിലാളികളുടെ കഥ കേൾക്കുന്ന സൈക്കിൾ സഞ്ചാരിയായ അന്നയും പ്രവാസിയാണ്. ആദ്യ അദ്ധ്യായം വായിച്ചു കഴിയുമ്പോൾപോലും അന്നയാരെന്ന സംശയംനിലനില്ക്കും. പത്രലേഖികയോ ട്രോമാകെയർ നേഴ്സോ? ആരാണ് അന്ന? അപകടത്തിൽപെടുന്ന ചെറുപ്പക്കാർ ചാടുന്നുവോ? അതോ വീഴുന്നുവോ? തുടർന്നുള്ള അധ്യായങ്ങളിൽ വിവരിക്കുന്ന പേരില്ലാത്ത ഡ്രൈവർ, ചെറുപൈതങ്ങളെ പീഢിപ്പിക്കുന്ന ഹംദാൻ ചത്വരത്തിലെ മിസ്തുബിഷി ലിഫ്റ്റ്, പലചരക്ക് കടയുടെ പിന്നാമ്പുറത്തുള്ള, ആളുകളെ ടെലിപ്പാർട്ട് ചെയ്യുന്ന ടെലിഫോൺ, പിരിഞ്ഞു പോകാൻ തയ്യാറാകുന്ന വാസുദേവനും ദേവിയും എന്നിങ്ങനെ പേരുള്ളതും ഇല്ലാത്തതും മുഖമുള്ളതും ഇല്ലാത്തതുമായ മനുഷ്യർ യൗവ്വനം പണയം വച്ച് സൃഷ്ടിച്ച സ്വർഗ്ഗരാജ്യത്തുനിന്നും പുറത്താവുകയാണ്. വാർദ്ധക്യത്തിൽ മനുഷ്യാവശിഷ്ടങ്ങളായി, താത്ക്കാലിക വ്യക്തിത്വങ്ങളായി. ഈ കദനങ്ങളിൽ വ്യക്തിത്വങ്ങൾ താത്കാലികരായി തീർന്നിരിക്കുന്നു. അത്തരം വർണ്ണന നോവലിന്റെ ഡിസ്റ്റോപ്യൻ സ്വഭാവത്തിന്റെ ചേതനയുള്ള തെളിവാണ്.

മാജിക്കൽ റിയലിസം നോവലിന്റെ ഡിസ്റ്റോപ്യൻ വായന ശക്തിപ്പെടുത്തുന്നു. സാമ്പ്രദായിക വ്യാഖ്യാനങ്ങളെക്കാളുപരി ശക്തമായ പുനഃക്രമീകരണം ഇവിടെയുണ്ട്. മാജിക്കൽ റിയലിസം, നോവലിൽ യഥാർത്ഥവും അയാഥാർത്ഥവുമായ വിഷയങ്ങളെ കെട്ടുപിണച്ചാണ് അവതരിപ്പിക്കുന്നത്. കെട്ടുപിണയലുകളുടെ ഒടുക്കം പ്രവാസി ജീവിതത്തിൽ വന്നെത്തുന്നു. ടെംപററി പീപ്പിളിൽ മാജിക്കൽ റിയലിസം ആഭ്യന്തരമായി കടന്നുവരുന്ന പല സന്ദർഭവുമുണ്ട്. അന്നാ വർഗ്ഗീസ് അവസാനമായി കേൾക്കുന്നത് ഇക്ബാൽ എന്ന മൃതപ്രായനായ തൊഴിലാളിയുടെ മൊഴിയാണ്. ഇക്ബാൽ എന്ന ഉറുദു നാമത്തിന് അഭിവൃദ്ധിയെന്നും ഏറ്റുപറച്ചിലെന്നും അർത്ഥമുണ്ട്. സ്വന്തം അഭിവൃദ്ധിയ്ക്ക്വേണ്ടിയെത്തുന്ന ഇക്ബാൽ വരണ്ട തൊഴിൽപ്പടയുടെ ഭാഗമായി നിരാശനായി

ആത്മഹത്യ ചെയ്യുന്നു. ആശുപത്രിക്കിടക്കയിൽ അവൻ തന്റെ ലൈംഗിക ജീവിതത്തിലെ നിരാശ ഏറ്റുപറയുന്നു. അന്നയെ സംബന്ധിച്ച് ഇക്ബാൽ ഉറങ്ങിപ്പോയാൽ അവന്റെ മരണത്തിന്റെ വരവ് വേഗമാകും. അത് തടയാൻ അവൾ അവനെക്കൊണ്ട് സംസാരിപ്പിക്കുന്നു. ഇതൊരു ട്രോമാകെയർ യൂണിറ്റിലെ നിത്യകാഴ്ചയാണെങ്കിലും മാജിക്കൽ റിയലിസ്റ്റ് കാഴ്ചയിൽ അത് മറ്റൊന്നാണ്. ഇക്ബാൽ തന്റെ ആസക്തി പൂർത്തിയാക്കുവാൻ പണിതീരാത്ത കെട്ടിടത്തിന്റെ ബീമിന്റെ അറ്റത്ത് വന്ന് സ്വയംഭോഗം ചെയ്യുന്നു. മതവിരുദ്ധമാണത്. കാമപൂർത്തീകരണത്തിന് വ്യക്തികളെ ലഭിക്കാത്തതിനാൽ ആകാശത്തെ ഭോഗിക്കാനാണ് അവിടേക്ക് പോകുന്നത്. കുറഞ്ഞ ചെലവിൽ ബുദ്ധിശൂന്യരായ തൊഴിൽപ്പടയെ നഴ്സറികളിൽ നട്ടുവളർത്തുന്ന മൂസായും സംഘവും, മറ്റൊരുദാഹരണം. മല്ലു ലാൻറ് സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന വിപ്ലവകാരിയായ കമാന്ററും മൂസയും മാജിക്കൽ റിയലിസത്തെ മിഴിവുള്ളതാക്കുന്നു. കമാന്റർ പട്ടാളമേധാവിയോ തൊഴിലാളി സംഘനേതാവോ അതോ മറ്റാരോ ആണോ എന്ന തോന്നൽ പലപ്പോഴുമുണ്ടാക്കുന്നു. അങ്കിൾ സൽമാൻ സൽമാൻ രാജാവിനെയാണോ മൂസായുടെ സുഹൃത്തിനെയാണോ പ്രതിനിധീകരിക്കുന്നത് എന്നും സംശയിക്കാം. മാജിക്കൽ റിയലിസത്തിന്റെ സന്ദർഭങ്ങളിലൂടെ നോവൽ ബഹുലമായ വായനക്ക് ഇടനൽകുന്നു.

മറ്റൊരു നോവലും, നോവലിൽ സൃഷ്ടിച്ചിട്ടുണ്ട്. തൊഴിൽപ്പടയെ നട്ടുവളർത്തിയ മൂസയുടെ ഭാര്യ അയാളുടെ തിരോധാനത്തിന് ശേഷം പോണ്ടിച്ചേരിയിൽ വച്ചെഴുതിയ ഫ്രഞ്ച് നോവൽ. 'വ മൂസേ' (Mussee) വൂസേ എന്നാൽ മ്യൂസിയം (പ്രദർശനശാല) എന്നർത്ഥം. പ്രവാസി തൊഴിൽപ്പടയുടെ ജീവിതം പ്രദർശനശാലയാണ്. സ്വന്തം ആഗ്രഹം അടക്കിപ്പിടിച്ച് മറ്റൊരാൾക്ക് വേണ്ടി ജോലി ചെയ്യുന്ന മനുഷ്യാവശിഷ്ടങ്ങളാണവർ. തന്റെയും കുടംബത്തിന്റെയും അഭിവൃദ്ധിയ്ക്കു തങ്ങളുടേതെല്ലാം നഷ്ടപ്പെടുത്തി, യൗവ്വനം നഷ്ടപ്പെടുത്തി ആരുടെയൊക്കെ കൽപ്പനകൾക്ക നുസരിച്ച് മനുഷ്യാന്തസ്സിന് യോഗ്യമല്ലാത്ത സ്ഥലികളിൽ പരിമിതമായ ആഹാരം കഴിച്ചു വിനോദോപാധികളോ കുടുംബബന്ധങ്ങളോ

ഇല്ലാതെ ജീവിച്ച ചതിയ്ക്കപ്പെട്ടവരാണവർ. നേടുന്ന പണത്തിൽ അഭിമാനിച്ച് ജീവിയ്ക്കാനവർക്കാവുന്നത് സ്വന്തം നാട്ടിൽ തിരിച്ചെത്തുമ്പോഴാണ്. അപ്പോഴേക്കും ആരോഗ്യം നശിച്ചു മനുഷ്യാവശിഷ്ടങ്ങളായി മാറിക്കഴിഞ്ഞിരിക്കും. 'ലെ ടു ഡേ' എന്ന വാച്യാർത്ഥത്തിനു 'മൂസായെക്കുറിച്ച്' എന്നും അർത്ഥം വ്യാഖ്യാനിക്കാം. അറബി നാട്ടിൽ നടന്ന സംഭവം, മലയാളിയായ സാക്ഷി തമിഴ് നാട്ടിലെ, ഫ്രഞ്ച് മുഖ്യഭാഷയായ പോണ്ടിച്ചേരിയെന്ന കേന്ദ്രഭരണ പ്രദേശത്ത് വച്ച് ഫ്രഞ്ചിൽ രഹസ്യമായി/പരസ്യമായി എഴുതുന്നു. ഇത് പരിഭാഷപ്പെടുത്തി ആളുകൾ സ്വേച്ഛ യാ വായിക്കുന്നു. 'മല്ലു ലാൻറ്' സ്ഥാപിക്കാനുള്ള പദ്ധതിയായിരുന്നു കമാന്ററിനെങ്കിൽ സൽമാന് അത് അവരെ ഉന്മൂലനം ചെയ്യുന്നതിനുള്ള വഴിയായിരുന്നു. സംഭവം ഒന്ന്, എഴുത്ത് ഒന്ന്, വായന പലത്. എഴുത്ത്, ആയതിന്റെ വായന നിയന്ത്രിക്കുന്ന പക്ഷമാണ്. ഇവിടെലെ മൂസെ എന്ന പ്രസിദ്ധീകൃതമായ നോവൽ എഴുതപ്പെടാത്ത അനേകം നോവലുകളാണ്. ഈ കഥകളിലാകമാനം. അവയെ നാം എങ്ങനെ വായിക്കുന്നു, അവ എങ്ങനെ വായിക്കപ്പെടണം എന്നതാണ് വിഷയം.

മാജിക്കൽ റിയലിസ്റ്റ് സങ്കേതം ശക്തമാക്കുന്നത് കഥയിൽ കടന്നുവരുന്ന ആക്ഷേപഹാസ്യത്തിന്റെ (satire) ഭ്രമാത്മക വർണ്ണനകളാണ്. കുടിയേറ്റത്തെ ഭ്രമാത്മക വർണ്ണനയിലൂടെ മറ്റൊരു തലത്തിൽ നോവലിസ്റ്റ് എത്തിച്ചിരിക്കുന്നു. മലയാളി തൊഴിലാളികളെ കൃഷി ചെയ്തെടുക്കുന്ന മൂസായുടെ കൃഷിത്തോട്ടം, കൊച്ചു കുട്ടികളെ പീഢിപ്പിക്കുന്ന മിസ്തുബിഷി ലിഫ്റ്റ്, കെട്ടിടങ്ങളുടെ ഉറപ്പും താഴെ വീണാൽ പ്രശ്നമില്ലെന്നും കാണിക്കുന്നവരുമായ തൊഴിലാളികൾ, ഉപയോഗിക്കുന്നവരെ നാട്ടിലേക്ക് ടെലിപോർട്ട് ചെയ്യുന്ന ഫോൺ എന്നിവ ഭ്രമാത്മകഭാവനയാണ്. ആക്ഷേപഹാസ്യത്തിൽ ചാലിച്ച ഭ്രമാത്മക വിവരണത്തെ അത് ശ്രദ്ധേയമാക്കുന്നു. അതിൽ പ്രധാനം ഫ്രാങ്കൻസ്റ്റൈൽ കോംപ്ലക്സിന്റെ അവതരണമാണ്. മൂസായുടെ കൃഷിയിടം-തൊഴിലാളികളെ സൃഷ്ടിക്കുന്ന ലാബ് - ആക്ഷേപഹാസ്യത്തിന്റെയും ഭ്രമാത്മക വർണ്ണനയുടെയും ഉദാഹരണമാണ്. ഡോ. പീറ്റർ എന്ന ചെക്ക് ശാസ്ത്ര

ജ്ഞന്റെ ആശയങ്ങൾ മൂസാ പ്രാവർത്തികമാക്കുകയാണ്. കാൻസ് മലയാളി പ്രോജക്ട് എന്നാണ് പദ്ധതിയുടെ പേര്. കുപ്പിയിലടച്ച് തയ്യാറാക്കിയ മലയാളി തൊഴിലാളികൾ - ചിന്താശേഷിയില്ലാത്ത തൊഴിൽപ്പട ആണ് അവർക്ക് ആവശ്യം. ആ വർണ്ണനയിൽ ഫ്രാങ്കെൻസ്റ്റൈൻ കടന്നുവരുന്നു. മേരി ഷെല്ലിയുടെ ആ നോവലിൽ വിവരിക്കുന്ന, ഭ്രാന്തമായി ജീവനും മരണത്തിനുംമേൽ ആധിപത്യം നേടാൻ ശ്രമിക്കുന്ന ശാസ്ത്രജ്ഞനാണ് വിക്ടർ ഫ്രാങ്കൻസ്റ്റൈൻ. മൃതാവശിഷ്ടങ്ങളിൽനിന്നും അദ്ദേഹം ജീവൻ കൊടുത്തെടുക്കുന്ന രൂപം ശാസ്ത്രജ്ഞന്റെ ജീവൻ അപകടത്തിലാക്കി. മൂസായുടെ ജീവിതകഥയും വ്യത്യസ്തമല്ല. ചിന്താശേഷിയില്ലാത്ത പുരുഷന്മാരെയായിരുന്നു മൂസാകൃഷിചെ യ്തത്. എന്നാൽ ഒരു ഘട്ടത്തിൽ മൂസാ അവർക്ക് ചിന്താശേഷി നല്കി. അത് അവരെ വിപ്ലവകാരികളും മല്ലു ലാൻറിന് വേണ്ടി വാദിക്കുന്നവരുമാക്കി. അതോടെ മൂസായുടെ ജീവിതം പ്രതിസന്ധിയിലായി. ഭരണകൂടം അയാളെ ഇല്ലാതാക്കി. ആ കൃഷിയിലെ ബാളിനെ മൊത്തം നശിപ്പിച്ചു. ലോകത്താകമാനമുള്ള തൊഴിൽ ചൂഷണത്തിന് മറ്റുദാഹരണം ആവശ്യമില്ല. ബുർജ് ഖലീഫാ നിർമ്മിച്ച തൊഴിലാളികൾ 2016-ൽ ശമ്പളത്തിനുവേണ്ടി നടത്തിയ സമരങ്ങൾ ഓർക്കുക. മരുഭൂമിയിൽ നശിപ്പിക്കാൻ കൊണ്ടുപോയ തൊഴിൽപ്പടയിൽ ഒരു വിഭാഗത്തെ അസൂയക്കാരനായ സുൽത്താൻ മോമോയ്ക്കും പ്രധാനമന്ത്രി 'ഏബിൾ' അലിയ്ക്കും വിറ്റതിന്റെ, പിന്റെ, വിവ്റ്റോകളുടെ അവസ്ഥയും മൂസയുടേതിനോട് ചേർത്ത് വായിക്കാം.

ഈ നോവലുമായി ബന്ധപ്പെട്ടു ചർച്ചയ്ക്കെടുക്കേണ്ട മറ്റൊരു സംവർഗ്ഗം ട്രാൻസ് നാഷണലിസമാണ്. ഇന്നത്തെ പ്രവാസ/കുടിയേറ്റ രീതികൾ ഒരേതരത്തിലല്ല. ടെംപററി പീപ്പിൾ, ട്രാൻസ്നാഷണലിസത്തെ കാണുന്നത് ആഗോളവത്ക്കരണ പ്രക്രിയയുടെ ഉപോൽപ്പന്നമായാണ്. ട്രാൻസ്നാഷണലിസം രാജ്യസീമകൾ കടന്നുള്ള സാംസ്കാരിക ബന്ധമെന്ന മട്ടിലാണ് രംഗപ്രവേശം ചെയ്തത്. ആ വാക്കിന്റെ ഉല്പത്തി അങ്ങനെയാണെങ്കിലും ഇപ്പോൾ ഉത്പാദന പ്രക്രിയയുടെ സാർവ്വദേശീയ അംഗീകാരമെന്ന മട്ടിലാണത് നടപ്പിലാക്കപ്പെടുന്നത്. വിദഗ്ദ്ധ/അവിദഗ്ദ്ധത്തൊഴിലാളികളുടെ വിതരണത്തെയും അതേ മട്ടിൽ വ്യവഹരിക്കുന്നു.

ഗൾഫ് മേഖലയിൽ നല്കുന്ന 'ഗോൾഡൻ വിസ'യടക്കമുള്ളവ അതിനുദാഹരണമാണ്. ഈപ്രക്രിയ സ്വീകർത്താക്കൾക്ക് അംഗീകാരമെന്ന മട്ടിലാണ് അവതരിപ്പിക്കുന്നതെങ്കിലും ആഗോളികരണകാലത്തിന്റെ ദൃഷ്ടിയിൽ വിദഗ്ദ്ധത്തൊഴിലാളികളെ ഉറപ്പാക്കുന്നതിനുള്ള എളുപ്പവഴിയാണത്. ഉല്പാദനം ത്വരിതപ്പെടുത്തുന്നവഴി. അതിലൂടെ വ്യവസായിക ഉന്നതി കൈക്കൊള്ളുവാനുമാകുന്നു. പ്രവാസികൾക്ക് ലഭിക്കുന്ന സൗകര്യങ്ങളിൽ അല്പം നല്കിയാൽ അവരുടെ സേവന, വേതനങ്ങൾ പ്രവാസി ദേശത്ത് ഉപയോഗിക്കാം. വൻകിട കോർപ്പറേറ്റുകൾക്ക് ഉപയോഗശൂന്യമെന്നു തോന്നിക്കുന്ന സ്ഥലങ്ങളിൽ സൗജന്യമായി വൈദ്യുതിയും വെള്ളവും സൗകര്യങ്ങളും നല്കി തൊഴിൽ നിയമങ്ങൾക്ക് ഇളവും നല്കി സെസ്സുകളാക്കി നിലനിറുത്തുന്നതും മറ്റൊന്നിനല്ല. ടെംപററി പീപ്പിളിൽ പ്രവാസി തൊഴിൽപ്പടയുടെ ട്രാൻസ്നാഷണലിസമുണ്ട്. ഗൾഫിലെപ്പോലെ സൗകര്യങ്ങൾ നാട്ടിൽ സൃഷ്ടിക്കുന്നതിന് താത്പര്യപ്പെട്ടാണ് മിക്ക മലയാളികളും കടൽ കടക്കുന്നത് അവർ ഏത് മാർഗ്ഗവും അതിന് സ്വീകരിക്കും. 'ഗഫൂർ കാ ദോസ്ത്' എന്ന ഡയലോഗ് മലയാളി മനസ്സിൽ എക്കാലവും നിലനില്ക്കുന്നു. മൂസായുടെ ഫാം ഇതു പോലെ ചിന്താശേഷിയില്ലാത്ത - ഭാസുര ഭാവിയ്ക്കു വർത്തമാനത്തെ ബലികഴിയ്ക്കുന്ന ജനതയെ വാർത്തെടുക്കുന്ന സ്ഥലിയാണ്. അവിടുത്തെ 'ആടുജീവിത'ങ്ങളെക്കുറിച്ച് നമുക്കിന്ന് അറിയാം. എങ്കിലും നാം ഗൾഫ് സ്വപ്നം കാണുന്നു. സ്വപ്നദേശത്തുനിന്നും നിർബന്ധിതമായി വിരമിക്കേണ്ട കാലംവരും. വാസുദേവനും ദേവിയും ജീവിതകാലം ചെലവാക്കിയേടത്തുനിന്നും തിരിച്ചു വരാനാവാത്തവണ്ണം പുറത്താക്കപ്പെടുന്നു. അവരുടെ അതുവരെയുള്ള ജീവിതം ശൂന്യമാവുന്നു. കേരളത്തിൽ ഉപയോഗിക്കുന്ന എക്സ് എൻ ആർ ഐ, എക്സ് ഗൾഫ്, ഗൾഫ് റിട്ടേൺഡ് എന്നീ പദങ്ങളിൽ അന്തർലീനമായ പരിഹാസത്തിനും ട്രാൻസ്നാഷണലിസം ആക്കം കൂട്ടുന്നു.

**നിഗമനങ്ങൾ**

ടെമ്പററി പീപ്പിൾ പ്രവാസി ലോകത്തിന്റെ പളപളപ്പു പൊളിച്ചെഴുതുന്ന കൃതിയാണ്. ഓരോ അദ്ധ്യായത്തിലും കെട്ടുപിണഞ്ഞ

മനുഷ്യഗാഥകളുടെ കൂട്ടത്തിലേക്കാണ് എഴുത്തുകാരൻ വായനക്കാരെ കൊണ്ടുപോവുന്നത്. കണ്ടുമറന്നതും കേട്ടുമറന്നതുമായ മുഖങ്ങളിലൊന്നാണ് ഈ കഥകളിലെ ഓരോരുത്തരും. അവരെ നാം മറന്നു പോയേക്കാം. തിരിച്ചുവരാൻ പറ്റാത്തവിധം അവർ അകന്നുപോയേക്കാം. എങ്കിലും മനുഷ്യാസ്തിത്വത്തിന്റെയും സാഹസികതയുടെയും സുദൃഢമായ ഭാവിയുടെയും നിദർശനങ്ങളാണ് ഓരോ കഥയും. പ്രവാസവും ചൂഷണവും അവസാനിക്കുന്നില്ല. അതു തുടരുന്നു – താത്ക്കാലിക മനുഷ്യർ എന്നും സൃഷ്ടിക്കപ്പെടുന്നു. ആഗോളീകരണ കാലത്ത് അവരുടെ സാംഗത്യം നഷ്ടമാവുമ്പോൾ അവർ കാലയവനികയ്ക്ക് പിന്നിൽ മറയുന്നു. പുതു പ്രവാസികൾ അവരെ മറന്ന് മുന്നോട്ട് പോകുന്നു.

**ഗ്രന്ഥസൂചി**

1. Deepak Unnikrishnan, Temporary People, Penguin: House, 2017.
2. Fathima, Sameera, ‘A Migrant Experience of Gulf Malayalees in Deepak Unniskrishnan’s Temoprary People’ May 23 Greative Saplings 2(02), pp. 24-38.
3. Fathima, Sameera, ‘Temoprary People - A Novel by Deepak Unnikrishnan’ Muse India, May - June 18. 19.
4. ...................... ‘Elements of Magic Realism : A Readying of ‘Temporary People’, Deepak Unnikrishnan’, Gnosis, Vol. 5. No.2 January 19, pp. 9-19.
5. Berman, Jacob Rama, ‘Migrant Cernatulaes’ Deepak Unnikrishnan’s Temoprary People’, Los Angelas Review of Books, 12.4.17.
6. Milne, Rosie, Temoprary People by Deepak Unnikrishnan", Asian Review of Books, 9.5.27.

## Articles

Breman, Jacob Rama, ‘Migrant Cernatulaes’ Deepak Unnikrishnan’s Temoprary People’, Los Angelas Review of Books, 12.4.17.

Fathima, Sameera, ‘A Migrant Experience of Gulf Malayalees in Deepak Unniskrishnan’s Temoprary People’ May 23 Greative Saplings 2(02).

Milne, Rosie, Temoprary People by Deepak Unnikrishnan, Asian Review of Books, 9.5.27.

Yasmin, Tansima, ‘Temoprary People: A Novel by Deepak Unnikrishnan’, Muse India, May - June 18-19.

Fathima, Sameera, ‘Elements of Magic Realism : A Readying of ‘Temporary People’ byDeepak Unnikrishnan’, Gnosis, Vol. 5 No.2 January 19.

oo

# ആയോധനകലയുടെ പ്രവാസചരിത്രം

**സുബിൻ ഡി.**
ഗവേഷകൻ, മലയാളവിഭാഗം,
കേരളസർവകലാശാല

**ആമുഖം**

ലോകമെമ്പാടുമുള്ള സംസ്കാരങ്ങളിൽ ആയോധന കലകൾക്ക് ദീർഘവും സമ്പന്നവുമായ ചരിത്രമുണ്ട്. യുദ്ധത്തിലെ പ്രതിരോധം മുതൽ ആത്മീയ വളർച്ചവരെയുള്ള ആവശ്യങ്ങൾക്കായി മനുഷ്യർ അവ വികസിപ്പിച്ചെടുത്തു. എന്നാൽ പ്രവാസം ആയോധനകലകളെ എങ്ങനെ ബാധിക്കുന്നു? തായ്‌വേരിൽ നിന്നുള്ള വേർപാടും പുനർനിർമ്മാണവും ഈ കലാരൂപങ്ങളിൽ എന്തൊക്കെ മാറ്റങ്ങൾക്ക് കാരണമാകുന്നു? എന്നീ ചോദ്യങ്ങളാണ് ഈ പ്രബന്ധത്തിൽ ചർച്ചചെയ്യുന്നത്. കലയും കുടിയേറ്റവും തമ്മിലുള്ള ഇടപഴകലിന്റെ പ്രധാന ഫലങ്ങളിലൊന്നാണ് പുതിയ സൃഷ്ടികൾ രൂപപ്പെടുന്നതിനുള്ള വൈവിധ്യപൂർണ്ണമായ കൈമാറ്റം. കുടിയേറ്റക്കാർ പുതു ഭൂമിയിലേക്ക് താമസം മാറുമ്പോൾ, അവരുടെ കലാപരമായ പൈതൃകവും കൂടെ കൊണ്ടുപോകുന്നു. അതോടൊപ്പം പുതു രൂപങ്ങളും സങ്കേതങ്ങളും സൗന്ദര്യശാസ്ത്രപരമായ രീതികളും സംജാതമാവുന്നു. വ്യത്യസ്ത ശൈലികളുടെ സംയോജനം നിലവിലുള്ള കലാരൂപങ്ങളെ സ്വാധീനിക്കുകയും അതിലൂടെ വിശിഷ്ടമായ സങ്കരരൂപങ്ങൾ ഉടലെടുക്കുകയും ചെയ്യുന്നു. ലോകം മുഴുവൻ, ആയോധന കലകൾ സാംസ്കാരിക അഭിജ്ഞതയുടെയും സ്വത്വത്തിന്റെയും പ്രതീകങ്ങളാണ്. എന്നാൽ പ്രവാസികൾക്ക്, അവ പുതുലോകത്ത് വെല്ലുവിളിയും അവസരവും നൽകുന്നു. ഈ പ്രബന്ധത്തിൽ ആയോധന കലകളുടെ പ്രവാസജീവിതം പരിശോധിക്കുകയും അവയുടെ ചരിത്രപരമായ പ്രാധാന്യം വിശകലനം ചെയ്യുകയുമാണ്.

**താക്കോൽ വാക്കുകൾ**

*പ്രവാസം-കളരിപ്പയറ്റ്-കുങ് ഫു-ബോക്സിങ്-മുവായ് തായ് -സങ്കരകല-മിക്സഡ് മാർഷ്യൽ ആർട്ട്*

ചരിത്രത്തിൽ, മനുഷ്യർ പലകാലങ്ങളിൽ യുദ്ധം ചെയ്തിട്ടുണ്ട്. സ്വയരക്ഷയ്ക്കും ദേശങ്ങൾ കീഴടക്കുന്നതിനുമായി ആയുധങ്ങൾ വികസിപ്പിച്ചെടുത്തു. യുദ്ധവിജയത്തിനാണ് ആയോധനകലകൾ ഉടലെടുത്തത്. നിലനിൽപ്പിനും അധികാരസ്ഥാപനത്തിനും മനുഷ്യർ ആദിമ കാലംമുതൽക്കേ ആക്രമണവും പ്രതിരോധവും നടത്തി. അവ സമന്വയിപ്പിച്ചു ശാസ്ത്രീയ അടിസ്ഥാനങ്ങളിലൂടെ വികസിപ്പിച്ചെടുത്തതാണ് ആയോധനകല. ലോകത്തിന്റെ പലഭാഗത്ത് വ്യത്യസ്തങ്ങളായ ആയോധനകലകൾ രൂപംകൊണ്ടു. ക്രമേണ ആയോധനകലകൾ യുദ്ധതന്ത്രങ്ങൾക്കപ്പുറം വളർന്നു. അച്ചടക്കം, ധൈര്യം, ക്ഷമ എന്നീ ധാർമ്മിക ഗുണങ്ങൾ വളർത്താനുള്ള പരിശീലന രീതികളായി മാറി. കാലാന്തരത്തിൽ മാറ്റങ്ങൾക്കു വിധേയമായി കൂട്ടിച്ചേർക്കലുകളിലൂടെയും ഒഴിവാക്കലുകളിലൂടെയുമാണ് ആയോധനകല നിലനിൽക്കുന്നത്. ലോക സംസ്കാരങ്ങളുടെ കാതലായ ഞരമ്പുകളിലൂടെ ആയോധനകലകൾ വളരുകയും പരിണമിക്കുകയും ചെയ്തു. പുരാതനകാലത്ത് യുദ്ധമുറകളും ആത്മരക്ഷയ്ക്കുള്ള ഉപാധികളുമായിട്ടാണ് അവ ആരംഭിച്ചത്. എന്നാൽ കാലക്രമേണ, ആയോധനകല. അച്ചടക്കം, ധ്യാനം, ആന്തരിക ശക്തി വളർത്തൽ എന്നിവയുൾപ്പെട്ട ദാർശനിക തത്വങ്ങളുടെ സംവിധാനമായി. വ്യാപാരം, കുടിയേറ്റം, അധിനിവേശം എന്നിവയിലൂടെ ഈ കലാരൂപങ്ങൾ രാജ്യാതിർത്തി തരണംചെയ്തു. വിവിധ സംസ്കാരങ്ങളിലെ ആയോധന കലകൾ തമ്മിലെ കൈമാറ്റം പുതുരൂപങ്ങളും വ്യതിയാനങ്ങളും സൃഷ്ടിച്ചു. ഇന്ന്, ലോകമെമ്പാടും ആളുകൾ ആരോഗ്യ സംരക്ഷണം, കായികക്ഷമത, ആത്മരക്ഷ എന്നിവയ്ക്കു ആയോധനകല പരിശീലിക്കുന്നു. സാംസ്കാരിക പൈതൃകവും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്നതിനുള്ള മാർഗ്ഗമായും അവ വർത്തിക്കുന്നു.

ആയോധനകലകളുടെ മാതാവ് എന്നാണ് കളരിപ്പയറ്റ് അറിയപ്പെടുന്നത്. പല ആയോധനകലകളിലും സ്വാധീനം ചെലുത്തുന്ന

ഘടകങ്ങൾ കളരിപ്പയറ്റിൽ കാണാം. ശരീര വ്യായാമം, ആയോധനനൈപുണ്യം, മാനസിക ദൃഢത, ആത്മീയ ഉന്നമനം, അച്ചടക്കം എന്നിവ ലക്ഷ്യമാക്കിയാണ് കളരി പരിശീലനം. ശരീരത്തിന്റെയും മനസ്സിന്റെയും ഏകോപനമാണ് അതിലൂടെ സാധ്യമാകുന്നത്. കളരിയുടെ പ്രവാസ ജീവിതവും സ്വീകാര്യതയും ചിന്തനീയമായ വസ്തുതയാണ് സാംസ്കാരിക കൈമാറ്റ സിദ്ധാന്തം ഇവിടെ പ്രസക്തമാകുന്നു. ഒരു സംസ്കാരത്തിലുള്ളവർ പുതു സംസ്കാരങ്ങളുമായി സമ്പർക്കം പുലർത്തുമ്പോൾ പുതിയ ആയോധനകലയും സാങ്കേതികവിദ്യയും പഠിക്കുന്നു. സ്വന്തം പാരമ്പര്യങ്ങളുമായി അവയെ സംയോജിപ്പിക്കുന്നു. ഇത് പുതിയ ശൈലികളുടെയും സമ്പ്രദായങ്ങളുടെയും വികസനത്തിന് കാരണമാകുന്നു. ബ്രസീലിയൻ ജിജുത്സു ജപ്പാനീസ് ജൂഡോയിൽനിന്ന് ഉരുത്തിരിഞ്ഞതാണ് എന്നാൽ ഇത് ബ്രസീലിയൻ സംസ്കാരത്തിന്റെ സ്വാധീനം പ്രതിഫലിപ്പിക്കുന്ന രീതിയിൽ വികസിപ്പിച്ചു. കളരിപ്പയറ്റിൽ നിന്നാണ് കുങ്ഫു ഉത്ഭവിച്ചത്. എ. ഡി. അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ബോധിധർമ്മൻ എന്ന പല്ലവ രാജാവിന്റെ മൂന്നാമത്തെ പുത്രനാണ് ചൈനയിൽ കളരിപ്പയറ്റ് എത്തിച്ചത്. അതിൽ നിന്നാണ് ഇപ്പോൾ കാണുന്ന കുങ്ഫു ഉത്ഭവിച്ചത്. രണ്ടിനുമുള്ള സാമ്യം വ്യക്തമാണ്. ചുവടുകൾ, ഗുരുസങ്കൽപ്പം, ആയുധങ്ങൾ എന്നിവയിൽ സാമ്യം കാണാം. (വാൾ, കുന്തം, വടി എന്നിവ). കേരളത്തിന്റെ അതിർത്തി കടന്നു കളരിപ്പയറ്റ് സഞ്ചരിച്ചു.

കുങ്ഫുവിന്റെ ബാലപാഠങ്ങൾ അടിസ്ഥാനമാക്കിയാണ് കരാത്തെ പിറവിയെടുത്തത്. ഷോറിൻ റിയു എന്ന കരാത്തെ സമ്പ്രദായം പരിശോധിച്ചാൽ ഈ ബന്ധം മനസിലാക്കാം. ഷോറിൻ എന്ന പദം ഷാവോലിൻ എന്ന പദത്തിൽ നിന്നുണ്ടായതാണ്. കരാത്തെ എന്ന പദത്തിനു ചൈന ഹാൻഡ് എന്നായിരുന്നു അർത്ഥം പിന്നീട് അതിനു കൈ എന്ന അർത്ഥം മാത്രം കൽപ്പിച്ചു എന്ന വാദവുമുണ്ട്. കരാത്തെ കുങ്ഫുവിൽനിന്ന് ഉത്ഭവിച്ചതോ കുങ്ഫുവുമായുള്ള സമ്പർക്കത്തിലൂടെ പുതുരൂപത്തിൽ മാറ്റം വന്നതോ ആകാം. കുങ്ഫുവും കളരിപ്പയറ്റും തമ്മിലും ബന്ധമുണ്ട്.

കുടിയേറ്റക്കാർ പുതിയ പോരാട്ട രീതികൾ അഭിമുഖീകരിക്കുമ്പോൾ അവയിൽനിന്ന് തന്ത്രവും സാങ്കേതിക വിദ്യയും കടമെടുത്ത് സംയോജിപ്പിച്ച് മിശ്ര ആയോധനകലകൾ രൂപീകരിക്കുന്നുണ്ട്. അതിനുദാഹരണമാണ് തായ്‌ലാൻഡിലെ മുവായ് തായ്. അത് കുങ്ഫുവിന്റെയും ബർമീസ് ആയോധന കലയായ ലെഥയുടെയും അംശങ്ങൾ ഉൾക്കൊള്ളുന്നു. കിക്ക് ബോക്സിങിൽ ഒന്നിലധികം ആയോധന കലകളുടെ സമ്മേളനമുണ്ട്. ബോക്സിങും കരാത്തെയും മുവായ് തായും കൂടിച്ചേർന്ന കായിക കലയാണ് കിക്ക്ബോക്സിങ്. എത്യോപ്പിയയിൽ നിന്നുൽഭവിച്ചു എന്ന് കരുതുന്ന ബോക്സിങ്ങ് കാലങ്ങളിലൂടെ ഈജിപ്ത്‌ൽ എത്തി. അവിടെനിന്ന് ഗ്രീസ്, മെസപ്പോട്ടോമിയ, റോം എന്നീ രാജ്യങ്ങളിലെത്തുകയും മോഡേൺ ബോക്സിങ്ങ് രീതി ഇംഗ്ലണ്ടിൽ ഉടലെടുക്കുകയും ചെയ്തു. ബോക്സിങ്ങിൽ മുവായ് തായ്‌ൽനിന്നു കാലുകൊണ്ടുള്ള അടികളും പ്രയോഗങ്ങളും കൂട്ടിച്ചേർത്താണ് കിക്ക് ബോക്സിങ് രൂപപ്പെട്ടത്. ഇവിടെ ആയോധനകലയുടെ സങ്കരസ്വഭാവവും പുതകലകളുടെ ഉദയവും കാണാം.

ആയോധന കല ജനകീയമാകുന്നതിനും പ്രവാസം കാരണമാണ്. ആഗോളവൽക്കരണം ഇതിനു മറ്റൊരു കാരണമാണ്. ലിംഗഭേദം, സാമൂഹികഘടന, ജാതിവേർതിരിവു എന്നിവ അടിസ്ഥാനമാക്കിയായിരുന്നു ആയോധന കലാപരിശീലനം നടന്നത്. ആഗോളവൽക്കരണം രാജ്യാതിർത്തികൾ പുനർനിർണ്ണയിച്ചു. അതിലൂടെ കലയുടെ പ്രവാസസാധ്യത പുനർനിർണ്ണയിക്കപ്പെട്ടു. അവിടെയാണ് പരമ്പരാഗത ചിന്താരീതിയ്ക്ക് മാറ്റമുണ്ടാക്കിയ കാപ്പോയെര എന്ന ബ്രസീലിയൻ ആയോധന കലയുടെ സാംഗത്യം. അടിമവർഗ്ഗത്തിന്റെ നൃത്തച്ചുവടുകൾ നിറഞ്ഞതായിരുന്നു കാപ്പോയേര. അതിന്റെ വ്യാപന കാരണം മറ്റു രാജ്യങ്ങളിൽ കിട്ടിയ സ്വീകാര്യതയാണ്. മുവായ് തായ് പുരുഷന്മാരുടെ ആയോധന കലയായിരുന്നു ഇപ്പോൾ സ്ത്രീകൾ പരിശീലിക്കുകയും മത്സരിക്കുകയും ചെയ്യുന്നു അതിന്റെ മാറ്റത്തിന് കലയുടെ വ്യാപനവും സ്വീകാര്യതയും പങ്ക് വഹിച്ചു. മിക്സഡ് മാർഷ്യൽ ആർട്ട്(MMA) ഫൈറ്റ്. ആയോധന

കലകളുടെ കൂടിച്ചേരലാണ്. രാജ്യാതിർത്തികൾ തരണം ചെയ്തു ഒന്നാകുന്ന ആയോധാനകലകളുടെ സമ്മേളനമാണത്.

ആയോധന കലയുടെ പ്രവാസ ചരിത്രത്തിനു വ്യത്യസ്തമാണ് സമകാല സാഹചര്യം. ആയോധന കലകളുടെ പുനസ്ഥാപനമാണ് ഇപ്പോൾ നടക്കുന്നത്. മികച്ചത് കരസ്തമാക്കുവാൻ ശ്രമിക്കുന്ന മനുഷ്യർക്കു മുന്നിൽവാതിൽ തുറന്നു കിടക്കുന്നു. ഏതു ലോകത്തെ കലയിലേക്കും ആർക്കും കടന്നുചെല്ലാൻ നിമിഷങ്ങൾ മതി അതിന്റെ സാധ്യതകൾ ഇന്നുപയോഗിക്കപ്പെടുന്നു. ഇന്നും ആയോധനകല സഞ്ചരിക്കുന്നു. പക്ഷെ സഞ്ചാരം അതിന്റെ തനതുരീതി അവലംബിച്ചാണ്. ആധികാരിക (Authentic) പഠനങ്ങൾക്കാണ് ഇപ്പോൾ പ്രാധാന്യം. എല്ലാ കലകളുടെയും തനതു ശൈലികൾക്കാണ് പ്രാമാണ്യം. സാംസ്കാര വ്യവസായത്തിലൂടെയാണ് ഈ സഞ്ചാരം സാധ്യമാകുന്നത്. കരാത്തെ തനതു വേഷവിധാനങ്ങളോടുകൂടിയാണ് ഇന്ന് പരിശീലിക്കുന്നത്. കളരിപ്പയറ്റിന്റേതായി ഇന്റർനെറ്റിൽ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേരളീയതയുടെ തനതാംശം നിലനിർത്താൻ ശ്രമിക്കുന്ന പ്രവാസി ഗുരുകുലങ്ങൾ കാണാം. വാസ്തു വിധിപ്രകാരം ഉള്ള ദിശകളോ കോണുകളോ അല്ലെങ്കിൽപോലും പൂത്തറകളും ദൈവത്തറകളും നിർമ്മിച്ച് കളരിയുടെ തനതു ശൈലി പകർത്താൻ ശ്രമിക്കുന്നു. വാസ്തുവിലെ വ്യത്യാസം ഒഴികെ സജീകരണം കൃത്യമാണ്. കളരിപ്പയറ്റ് ചാമ്പ്യൻ ഷിപ്പിലും മത്സരവേദിയിലും അടവുകളും ചുവടുകളും വടക്ക് തെക്കൻ മധ്യകേരള സമ്പ്രദായങ്ങൾ അവലംബിക്കുന്നു ആയുധ ലഭ്യത അനുസരിച്ച് ചെറിയ വ്യത്യാസത്തോടെ ലോകത്തെവിടെയും കളരിപ്പയറ്റുണ്ട്. കളരിപ്പയറ്റിന് ഗൾഫ് രാജ്യങ്ങളിൽ ലഭിക്കുന്ന സ്വീകാര്യതയും കളരി നിർമ്മാണവും തെളിവാണ്. സാംസ്കാരിക വ്യക്തിത്വം അഥവാ സ്വത്വം കാത്തുസൂക്ഷിക്കുന്ന തരത്തിൽ കല നിലനിൽക്കുന്നു. കളരിപ്പയറ്റ് മത്സരങ്ങൾ ഇന്നു ഗൾഫിൽ നടന്നു വരുന്നു. ഇത്തരത്തിൽ പ്രവാ സത്തിനു ആയോധന കല വിധേയമാവുന്നു. പുതിയ സഞ്ചാര പഥങ്ങൾ ഉണ്ടാക്കുന്നു. അത് വിരൽ ചൂണ്ടുന്നത് പ്രവാസം ജീവജാലങ്ങളുടേത് മാത്രമല്ല ആയോധന കലകളുടേത് കൂടിയാണ് എന്നതിലേ

ക്കാണ്. ദേശാന്തര പ്രവാസത്തിന്റെ ചരിത്രം സാംസ്കാരിക കൈമാറ്റത്തിന്റെ ചരിത്രംകൂടിയാണ്.

**ഗ്രന്ഥസൂചി**

1. മഹേഷ് കിടങ്ങിൽ - കളരിപ്പയറ്റ് ആയോധനകലകളുടെ മാതാവ് - കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം പേജ് 38,13.
2. Clint sharp - Brazilian Jiu-Jitsu: A Comprehensive Guide to BJJ Grappling Basics for Beginners and a Comparison with Japanese Jujitsu-Primsta publications- page 22
3. https://en.wikipedia.org/wiki/Boxing - visited on 15/03/2024, 9:30pm

൦൦

# സിങ്കപ്പൂരിലെ  മലയാളം : വെല്ലുവിളിയും സാധ്യതയും

**അലേർട്ട് ജെ. കളപ്പുരയ്ക്കൽ**
ഗവേഷകൻ, മലയാളവിഭാഗം
കേരള സർവ്വകലാശാല

**സംഗ്രഹം**

1819ൽ സ്റ്റാംഫോർഡ് റാഫിൾസ് ഈസ്റ്റിന്ത്യാ കമ്പനിക്കായി നഗരം രൂപകൽപ്പന ചെയ്യുന്നിടത്തുനിന്നാണ് ആധുനിക സിംഗപ്പൂരിന്റെ ചരിത്രം ആരംഭിക്കുന്നത്. എന്നാൽ ബ്രിട്ടീഷ് അധിനിവേശത്തോടൊപ്പമോ അതിലേറെയോ ചരിത്രം ഇന്ത്യൻ വംശജർക്ക് സിംഗപ്പൂരിൽ അവകാശപ്പെടാൻ സാധിക്കുമെന്നാണ് ചരിത്ര പണ്ഡിതനായ കെർണിയൽ സിങ് സന്ധു അഭിപ്രായപ്പെടുന്നത് 1. ഇന്ന് ആകെ ജനസംഖ്യയുടെ 9.2 ശതമാനം വരുന്ന ഇന്ത്യൻ പ്രവാസികളിൽ 77 ശതമാനം പേർ തമിഴ് വംശജരാണ്. മൻഡരിൻ, ഇംഗ്ലീഷ്, മലായ് എന്നിവയോടൊപ്പം രാജ്യത്തെ ഔദ്യോഗിക ഭാഷാപദവി നേടുവാനും തമിഴിനു കഴിഞ്ഞു. തമിഴിനു പിന്നിലായി ഇന്ത്യൻ ജനവിഭാഗങ്ങൾ ഉപയോഗിക്കുന്ന ഭാഷകളിൽ, രണ്ടാം സ്ഥാനം മലയാളത്തിനുണ്ട്. എന്നാൽ ജനസംഖ്യാനുപാതികമായി, സ്കൂളുകളിൽ രണ്ടാം ഭാഷാപദവി നേടാനാകാതെ സ്വത്വപ്രതിസന്ധി നേരിടുകയാണ് സിംഗപ്പൂർ മലയാളം. ഇതിനു കാരണമായ, രാജ്യത്തെ അക്കാദമിക - ഭാഷാസമീപനങ്ങളിലെ പ്രശ്നങ്ങളും അതിലൂടെ ഉടലെടുത്ത സാംസ്കാരിക പ്രതിസന്ധികളും വിശകലനം ചെയ്യുകയാണ് പ്രബന്ധത്തിൽ.

**താക്കോൽവാക്കുകൾ**

*ദ്വിഭാഷാവാദം, മലായ്, എം.ടി പോളിസി, സെക്കന്റ് ലാംഗ്വേജ് പോളിസി, സി.എം.ഐ.ഓ, പ്രായോഗികബഹുഭാഷാവാദം*

ദ്വിഭാഷാവാദത്തിന്റെ സാധ്യത തിരിച്ചറിഞ്ഞ രാജ്യമാണ് സിംഗപ്പൂർ. 1965ൽ സ്വാതന്ത്ര്യം നേടിയശേഷം ഇംഗ്ലീഷിന് ഔദ്യോഗികസ്ഥാനം നൽകിയപ്പോഴും ചെറുത്തുനിൽപ്പിന്റെയും ബഹുസ്വരതയുടെയും സാംസ്കാരിക അടയാളങ്ങളായി മലായ്, മൻഡരിൻ, തമിഴ് എന്നീഭാഷകൾക്കും തുല്യ ഭാഷാപ്രാധാന്യം നൽകി. എന്നാൽ ഇപ്പോൾ ആഗോളസാമ്പത്തികവ്യവസ്ഥയിൽ 'ക്യാപിറ്റൽ എക്കണോമി'യുടെയും 'നികുതിരഹിതസ്ലാബുകളുടെ'യും കേന്ദ്രമെന്ന നിലയിൽ രാജ്യത്തിന്റെ സമ്പദ്ഘടനയിലുണ്ടായ മാറ്റം സാംസ്കാരികമേഖലകയിലും ചലനം സൃഷ്ടിക്കുന്നു. 2010ൽ 30% ജനങ്ങൾക്ക് പരിചിതമായിരുന്ന ഇംഗ്ലീഷ്, 2020 ആകുമ്പോൾ രാജ്യത്തെ പകുതിയോളം ജനങ്ങൾക്ക് പ്രാഥമികഭാഷയായി. 2 ഈ കടന്നുകയറ്റം ഔദ്യോഗിക സ്ഥാനമുള്ള മറ്റു ഭാഷകളെ സ്വാധീനിച്ചെങ്കിലും രാജ്യത്തെ ഇതരന്യൂനപക്ഷഭാഷകളെ സാരമായി പ്രതിസന്ധിയിലാക്കി.

പ്രായോഗികബഹുഭാഷാവാദം, ദ്വിഭാഷാവിദ്യാഭ്യാസനയം എന്നിവ ഔദ്യോഗിക മാർഗ്ഗരേഖകളാക്കിയാണ് സിംഗപ്പൂരിലെ വിദ്യാഭ്യാസനയം രൂപപ്പെട്ടിട്ടുള്ളത്. എല്ലാ കുട്ടികളും ഇംഗ്ലീഷ് ഭാഷയിൽ പാഠ്യപ്രവർത്തനം നടത്തുകയും മാതൃഭാഷ പഠനവിഷയമായി മാറുകയും ചെയ്യുന്നു. മാതൃഭാഷപാഠ്യ പദ്ധതി വിഭാവനം ചെയ്യുന്നതുതന്നെ 'വംശീയ-പൈതൃക ഭാഷ', 'വീട്ടിൽ സംസാരിക്കണമെന്ന് നിർബന്ധമില്ല' എന്ന മാനദണ്ഡമാണ്. ഈ നയസ്വാതന്ത്ര്യം, രണ്ട് തരത്തിലുള്ള ഫലം സ്കൂൾ പഠനപ്രക്രിയയിൽ സൃഷ്ടിച്ചു അനന്തരഫലമായി:

1. ഇംഗ്ലീഷ് ഭാഷയ്ക്ക് അമിതപ്രാധാന്യം ലഭിച്ചു.
2. കുട്ടിക്ക് ജീവിതത്തിലൊരിക്കലും പരിചയമില്ലാത്ത ഭാഷ മാതൃഭാഷയായി തെരഞ്ഞെടുക്കുന്നതിനുള്ള സാഹചര്യങ്ങളും സമ്മർദ്ദവും രൂപപ്പെട്ടു.

ഈ സങ്കീർണമായ അക്കാദമികസാഹചര്യത്തിൽ നിന്നുകൊണ്ടാകണം ന്യൂനപക്ഷഭാഷകൾ സിംഗപ്പൂരിൽ നേരിടുന്ന വെല്ലുവിളി മനസ്സിലാക്കേണ്ടത്. ഇംഗ്ലീഷ് അധിനിവേശത്തെ പ്രതിരോധിക്കുന്നതിനു നിർമ്മിച്ച മാതൃഭാഷാപദ്ധതി പരിശോധിക്കുക.

വൈ വിധ്യങ്ങളെ കൈകാര്യം ചെയ്യുന്നതിനും ബഹുസ്വരതയോട് പ്രതി ബദ്ധത പുലർത്തുന്നതിനുമായി രാജ്യത്തെ സി.എം.ഐ.ഓ കമ്മ്യൂ ണിറ്റിക്ക് (ചൈനീസ്, മലായി, ഇന്ത്യൻ, മറ്റുള്ളവ) മാതൃഭാഷാപദവി നൽകി. എന്നാൽ സങ്കീർണമായ ബഹു സ്വരസ്വഭാവം ഭാഷാപരമായി ഏകതയിലേക്ക് അണിചേർക്കുന്ന തിനുള്ള ബോധപൂർവ ശ്രമം അധികം ബാധിച്ചത് ഇന്ത്യൻ ഭാഷകളെയാണ്. തമിഴിലൂടെ ഇന്ത്യൻ 'ഡയസ്പെറ' ഒന്നടങ്കം പ്രതിനിധീകരിക്കുന്നുവെന്ന് വരുത്തിതീർക്കുന്നതിനുള്ള ശ്രമത്തിനു, കാണാൻ കഴിയാഞ്ഞത് ഒരു ഡസനോളം വരുന്ന മറ്റു ഇന്ത്യൻഭാഷകളെയാണ്. മലയാളിയെ വൈകാരികമായും ഭാഷാപരമായും അന്തരമുള്ള മറ്റൊരു ഭാഷ മാതൃഭാഷയായി തെരഞ്ഞെടുക്കുവാൻ നിർബന്ധിക്കുന്നു. അല്ലെങ്കിൽ രണ്ടു വ്യത്യസ്തഭാഷാഗോത്രങ്ങളിലുള്ള ഭാഷകൾ- മാൻഡരിൻ (സൈനോ-ടിബറ്റിയൻ), തമിഴ് (ദ്രവീഡിയൻ) എന്നിവ വ്യത്യസ്ത തകൾക്കുപരി മാതൃഭാഷ എന്ന നിലയിൽ പ്രാധാന്യം നേടുന്നു. ചുരുക്കത്തിൽ മാതൃഭാഷ തെരഞ്ഞെടുക്കുന്നതിൽ വ്യക്തിക്ക് വൈ കാരികാംശങ്ങളേക്കാൾ ഭാഷയുടെ സാങ്കേതികത കണക്കിലെടു ക്കേണ്ടിവരുന്നു.

തമിഴിതര-ഇന്ത്യൻ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ സെക്കൻഡ് ലാംഗ്വേജ് പോളിസി (1989) പരിശോധിക്കാം. ഹിന്ദി, ഗുജറാത്തി, ബംഗാളി, പഞ്ചാബി, ഉറുദു എന്നീ ഭാഷകളിലേക്ക് മാത്രം വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പുകൾ ചുരുക്കുകയും മല യാളത്തെ പൂർണമായും ഒഴിവാക്കുകയും ചെയ്തു. ചരിത്രപരമായി ജനസംഖ്യാടിസ്ഥാനത്തിൽ രണ്ടാമതുള്ള ഇന്ത്യൻ ഉപവിഭാഗജന തയുടെ ഭാഷ മാറ്റിനിർത്തി അതിനേക്കാൾ ന്യൂനപക്ഷ ഭാഷകളെ അക്കാദമികമായി അംഗീകരി ക്കുകവഴി ജനതയുടെ സ്വത്വത്തെത ന്നെ പാർശ്വവൽക്കരിച്ചു. അതിനു പിന്നിൽ ശക്തമായ രാഷ്ട്രീയസ മ്മർദ്ദങ്ങളുണ്ടായിട്ടു ണ്ടാകണം. ഏതെങ്കിലും തരത്തിൽ കുടുംബപ രമോ, വൈകാരികമോ ആയി മലയാളഭാഷയോട് അടുപ്പമുള്ള തമി ഴിതരവിദ്യാർത്ഥിക്ക്, മാതൃഭാഷ പഠിക്കുന്നതിനുള്ള അക്കാദമിക സാധ്യത ഇല്ലാതായി. തന്മൂലം ഇംഗ്ലീഷ്, ഹിന്ദി ദ്വിഭാഷപദ്ധതിയി

ലേക്ക് കുട്ടി ചെന്നുചേരുന്നു.

പാഠ്യപദ്ധതിയിലെ ഒഴിവാക്കലുകൾ നിർമ്മിച്ച സാമൂഹിക, സാംസ്കാരിക മാറ്റങ്ങൾക്ക് 1980കളിൽ ഗവൺമെൻറ് നടപ്പാക്കിയ നഗരവൽക്കരണപദ്ധതികൾ വേഗംനൽകി. 1950കളിൽ ശ്രീനാരായണ മിഷന്റെ നേതൃത്വത്തിൽ നടത്തിയിരുന്ന മലയാളം ക്ലാസുകളും 'കേരളബന്ധു', 'മഹാത്മാ' മുതലായ ജേർണലുകളും അപ്രത്യക്ഷമായി. സിംഗപ്പൂർ മലയാളി അസോസിയേഷന്റെ 'ഓണോപഹാരം' മാത്രമാണ് നൂറു വർഷങ്ങൾക്കിപ്പുറവും പ്രവാസി സാഹിത്യധാരയിൽ ഇടംനേടുന്ന മാസിക. ക്രിസ്ത്യാനികൾക്കിടയിൽ ആരാധനക്രമം ഇംഗ്ലീഷിലേക്കുമാറി, മുസ്ലിങ്ങൾക്കിടയിലെ പ്രാർത്ഥനാപ്രമാണങ്ങളിലേക്കു മലായഭാഷ കടന്നുവരന്നു. ഇവ മലയാള ഭാഷയുടെ പ്രായോഗികതലങ്ങളിൽ ആഘാതമായി. പഠിച്ചിറങ്ങിയ തലമുറയ്ക്ക് ഭാഷ അന്യമായപ്പോൾ സംഭവിച്ച സ്വാഭാവികമായ വിധേയപ്പെടലുകൾ മാത്രമാണിത്. ദേശീയതലപരീക്ഷകളിൽ- O, A ലെവൽ പരീക്ഷകളിൽ വിഷയമായി മലയാളത്തെ പരിഗണിക്കണമെന്ന ചുരുക്കം ഭാഷാസ്നേഹികളുടെ അപേക്ഷകളും അഭ്യർത്ഥനകളും തുടരുന്നു.

മലയാളത്തിൽ പ്രാവീണ്യം നേടിയ പ്രവാസികളെ അന്യവൽക്കരണത്തിന്റെ ആഘാതം ഏൽപ്പിക്കാതെ രക്ഷിക്കാൻ കഴിയുന്നതെങ്ങനെ എന്നതാണ് ചിന്തിക്കേണ്ടത്. ഗവൺമെന്റ് നയങ്ങളിൽ മാറ്റമുണ്ടകണം. ദേശീയ പാർലമെന്റിൽ അധികാരത്തിലുള്ള തമിഴ് വംശജർ തമിഴിന്റെ അവസരങ്ങൾ വിപുലീകരിക്കാനുള്ള ശ്രമത്തിലാണ്. 2024 ഏപ്രിലിൽ മന്ത്രി ഇന്ദ്രാണി രാജ തമിഴ്, വിദ്യാർഥികൾക്ക് പ്രായോഗികതലത്തിൽ അനുഭവവേദ്യമാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ചർച്ചചെയ്തു. 3 ആഭ്യന്തര വംശീയ-ഭാഷാ സംഘർഷത്തിനപ്പുറം രാജ്യത്ത് ന്യൂനപക്ഷഭാഷകൾ നേരിടുന്ന പ്രതിസന്ധിക്കെതിരെ ഒറ്റക്കെട്ടായി നിലകൊള്ളുവാൻ തമിഴ്- മലയാള ഭാഷാ സ്നേഹികൾക്ക് കഴിയണം. ഭാഷാപരമായ പ്രതിസന്ധിക്ക് സമാനസ്വഭാവമുണ്ടെന്നും അതു സംസ്കാരത്തിന്റെ ഉന്മൂലനത്തിന് ശേഷിയുള്ളതാണെന്നുമുള്ള പൊതുബോധം ഇന്ത്യൻ വംശജർക്കി

ടയിൽ ഉണ്ടാകണം. ദൃശ്യമാധ്യമ സാധ്യത വിപുലമായി ഉപയോഗിക്കുക എന്നതാണ് മറ്റൊരു വഴി. ഒപ്പം പുത്തൻ ഡയസ്പെറയിൽ പിറവിയെടുക്കുന്ന സാഹിത്യപരവും സാംസ്കാരികപരവുമായ ശ്രമങ്ങൾ പ്രതിരോധത്തിലേക്ക് അണിചേർക്കണം. കൈരളി കലാനിലയവും, സിംഗപ്പൂർ മലയാളി ലിറ്ററി ഫോറവും (SMLF) ഇത്തരം അടയാള പ്പെടുത്തലുകളാണ്. അങ്ങനെ മലയാള ഭാഷയു ഒഴിച്ചു നിറുത്തപ്പെടുന്നത് തടയാൻ സാമൂഹകേന്ദ്രിതമായ പ്രവർത്തനങ്ങൾ ഉണ്ടാകണം. അത്തരം ശ്രമങ്ങൾക്ക് ആഗോളതലത്തിൽ മലയാളത്തെ സ്നേഹിക്കുന്നവരുടെ പിന്തുണ ലഭിക്കുകയും വേണം.

## കുറിപ്പുകൾ

1. Kernial Singh Sandhu, Indians in Malaya: Some Aspects of Their Immigration and Settlement (1786-1957) (Cambridge: Cambridge University Press, 2010),
2. https://www.languagemagazine.com/2021/08/19/english-on-the-rise-in-singapore/
3. https://www.hindustantimes.com/world-news/singapore-ministers-pitch-to-introduce-children-to-tamil-language-heres-why-101712288173890.html

## ഗ്രന്ഥസൂചി


1. Pillai, Anitha & Rubdy, Rani. (2021). The changing status of Malayalam in Singapore. 10.4324/9780429280146-6.
2. Gomez, J. (1997). Consolidating Indian identities in post-independence Singapore: A case study of the Malayalee community. Asian Journal of Social Science , 25 (2), 39-58.
3. Department of Statistics. (2011). Census of population , 2010 . Singapore: Department ofStatistics.
4. Pillai, A. D. (2009). Language shift among Singaporean Malayalee families. Language in India ,9 , 1-20.
5. Pillai, A. D. (2017). Malayalees in Singapore. In A. D. Pillai & P. Arumugam (Eds.), From Kerala to Singapore: Voices from the Singapore Malayalee community (pp. 16-65). Singapore: Marshall Cavendish.

# പ്രവാസികഥയുടെ സമകാലിക മുഖങ്ങൾ

**ലക്ഷ്മി ബി.**
ഒന്നാം സെമസ്റ്റർ എം.എ. മലയാളം
കേരളസർവകലാശാല,

**സംഗ്രഹം**

പ്രവാസികളുടെ അനുഭവങ്ങളും പോരാട്ടങ്ങളും വീക്ഷണങ്ങളും അനാവരണം ചെയ്യുന്നതോടൊപ്പം ഗൃഹാതുരത്വം, സാംസ്കാരികസ്വത്വം, ആതിഥേയ സമൂഹവുമായുള്ള ബന്ധങ്ങളും അവരുമായുള്ള ഇടപെടലുകളും പ്രവാസികഥയ്ക്കു വിഷയമാക്കുന്നു. പ്രവാസികഥയുടെ സന്ദർഭം രേഖപ്പെടുത്തുന്നതോടൊപ്പം പ്രവാസികഥകളിലെ സ്വത്വബോധം, സ്വത്വപരിണാമം, അന്യവത്കരണം, സാമ്പത്തിക ഉച്ചനീചത്വം എന്നീ ഘടകങ്ങളുടെ വിശകലനമാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം. സോണിയ റഫീക്കിന്റെ 'സക്കർഫിഷ്', കെ.വി. പ്രവീണിന്റെ 'സീബ്ര' എന്നീ കഥകളിലെ കഥാപാത്രങ്ങളുടെ സ്വത്വപദവി, തൊഴിലിടങ്ങളിലെ അധികാരത്തിന്റെ രാഷ്ട്രീയം എന്നിവ ഈ പ്രബന്ധത്തിൽ വിശകലനം ചെയ്യുന്നു.

**താക്കോൽവാക്കുകൾ**

*വർണവിവേചനം - പ്രവാസികഥ - സ്വത്വപദവി - അധികാരത്തിന്റെ രാഷ്ട്രീയം - കോളനിവത്കരണം.*

**ആമുഖം**

കനേഡിയൻ-ജമൈക്കൻ കഥാകാരിയാണ് മകെഡ സിൽവെറ. അവരുടെ 'കാനെഡ സ്വീറ്റ്, ഗേൾ' എന്ന കഥയിൽ വ്യക്ത്യനു

ഭവങ്ങൾ മാറ്റങ്ങളോടെ ആവിഷ്കരിച്ചിരിക്കുന്നു. കനേഡിയൻ-കരീബിയൻ അടിസ്ഥാന ജനതയിൽനിന്നായിരുന്നു അവരുടെ കഥാപാത്രങ്ങൾ. എങ്കിലും കാനഡയിൽ കുടിയേറ്റക്കാർ നേരിടുന്ന പ്രശ്നങ്ങൾ ആ കഥയിൽ അഭിസംബോധന ചെയ്യുന്നു. എം. ജി. വസൻജിയുടെ 'റഫ്യൂജി', ഹിരോമി ഗോട്ടോയുടെ 'സ്റ്റിൻകി ഗേൾ', ചിമ മൻഡ എൻഗോസി അദീച്ചിയുടെ കഥകൾ എന്നിവ രണ്ടോ അതിലധികമോ ദേശങ്ങളുടെയും ഭാഷകളുടെയും സംസ്കാരങ്ങളുടെയും അനുഭവങ്ങൾ പേറുന്നവയാണ്.

ഭാരതി മുഖർജി, ചിത്ര ബാനർജി ദിവാകരുണി എന്നിവർ പ്രവാസി ഇന്ത്യൻ കഥയെഴുത്തുകാരിലെ ആദ്യതലമുറയിൽപ്പെട്ടവരാണ്. അനിത ദേശായി, ശൗണ സിംഗ് ബാൾഡ്വിൻ, അമിതാവ് ഘോഷ്, സുനേത്ര ഗുപ്ത, അനിതാ നായർ, ജുംപാലാഹിരി എന്നിവർ രണ്ടാംതലമുറയിൽ ഉൾപ്പെടുന്നു. 1970-നു ശേഷം കേരളത്തിൽനിന്നുള്ള പ്രവാസം വർദ്ധിച്ചു. ഗൾഫ് രാജ്യങ്ങളിലേക്കുള്ള തൊഴിലാളികളുടെ ഒഴുക്കു വർദ്ധിച്ചു. ഗൾഫ് പ്രവാസി മലയാളകഥയിൽ ഇടം പിടിച്ച രചനയാണ് 'സാവിത്രി' ഗൾഫ് കുടിയേറ്റം സാവിത്രിയുടെയും ഉണ്ണിയുടെയും ജീവിതത്തിലുണ്ടാക്കിയ പരിണാമം ശത്രുഘ്നൻ 'സാവിത്രി' എന്ന കഥയിൽ അടയാളപ്പെടുത്തുന്നു. 'നീല വാതിലിനു മുമ്പിൽ നിൽക്കുന്ന സാവിത്രിയുടെ ജാരൻ അഹമ്മദ് ഹംസ' സാവിത്രിയുടെ ലൈംഗിക സങ്കല്പത്തിലെ വ്യതിയാനത്തിന്റെ സൂചകമാണ്. എ.എം. മുഹമ്മദിന്റെ 'ഖൈസു' തൊഴിലാളിസ്ത്രീയുടെ ആത്മസംഘർഷം അനാവരണം ചെയ്യുന്നു. തടവറയിലെ തോറ്റങ്ങൾ (എഡി. മഹമ്മൂദ് മാട്ടൂൽ, 1982), പുതിയ കഥകൾ (എഡി. ഹസ്സൻ തിക്കോടി, 1985) എന്നീ സമാഹാരങ്ങൾ ആദ്യകാല പ്രവാസികളുടെ കഥകൾ ഉൾക്കൊള്ളുന്നു. ഇരുപത്തിയൊന്നാം നൂറ്റാണ്ടെത്തിയപ്പോഴേക്കും പ്രവാസി കഥ വികസ്വരമായി. നസീം പുന്നയൂർ എഡിറ്റുചെയ്ത 'പ്രതീക്ഷ' (2000), 'മരുപ്പച്ച' (2003), കെ. അനിരുദ്ധൻ എഡിറ്റ് ചെയ്ത 'പാരിതോഷികം' (2001, മിനിക്കഥകൾ), രമേഷ് പെരുമ്പിലാവ് എഡിറ്റ് ചെയ്ത 'മണൽ ജലം കാലം' (2002) എന്നിവ ഗൾഫ് പ്രവാസികഥാ സമാഹാരങ്ങളാണ്.

സർക്കാർ സ്ഥാപനങ്ങളുടെ പിന്തുണയോടെ കഥാസമാഹാരങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടതാണ് പ്രവാസികഥയ്ക്ക് ഊർജ്ജമേകിയത്. കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച 'ഗൾഫ് മലയാളികഥകൾ' (എഡി. അശോകൻ ചരുവിൽ 2009) ഊഷരതയിൽ നിന്നു ഉർവരതയിലേക്കുള്ള നോട്ടമാണ്. ദുബൈ ചിരന്തന പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച 'പ്രവാസക്കഥകളി'ലെ (2001) ചില കഥകൾ പുസ്തക ശീർഷകത്തോടു നീതിപുലർത്തുന്നു. അബു ഇരിങ്ങാട്ടിരിയുടെ 'എന്റെ പ്രവാസകഥകൾ'(2020) മറ്റൊരു സമാഹാരമാണ്'.

അമേരിക്കൻ മലയാളികളുടെ കഥകളും പ്രസിദ്ധീകൃതമായി. ഗൾഫ് പ്രവാസികളിലേറെപ്പേരും അടിസ്ഥാനവർഗ്ഗത്തിൽനിന്നാണ്. എന്നാൽ അമേരിക്കൻ കുടിയേറ്റക്കാരിലേറെയും മധ്യ, ഉപരിവർഗ്ഗത്തിൽപ്പെടുന്നു. അമേരിക്കൻ മലയാളികളിൽ ഗണ്യമായ വിഭാഗം അമേരിക്കൻ പൗരത്വം സ്വീകരിക്കുന്നു. അമേരിക്കയിൽ ജീവിതമാരംഭിച്ചശേഷം എഴുത്തിന്റെ ലോകത്തേക്ക് കടന്നവരും മുമ്പേ കേരളത്തിൽവെച്ച് എഴുത്തു തുടങ്ങിയവരും അവരിലുണ്ട്. ജോൺ മാത്യു, ചാക്കോ ശങ്കരത്തിൽ, ജോർജ്ജ് മണ്ണിക്കരോട്ട്, ചെറിയാൻ കെ. ചെറിയാൻ എന്നിവർ രണ്ടാമത്തെ വിഭാഗത്തിൽപെടുന്നു. ജോൺ മാത്യുവിന്റെ 'മാഗ്നോളിയപ്പൂക്കൾ', 'റിക്കിമോന്റെ കഥ', 'പാവക്കൂത്ത്', 'ഉടുപ്പുകളുടെ ഘോഷയാത്ര' എന്നീ കഥകളിൽ ദാമ്പത്യം, പ്രണയം, ബാല്യം, മനുഷ്യബന്ധങ്ങൾ എന്നിവയിൽ പ്രവാസം സൃഷ്ടിക്കുന്ന പരിവർത്തനങ്ങൾ ചിത്രീകരിച്ചിട്ടുണ്ട്. ചെറിയാൻ കെ. ചെറിയാന്റെ 'പ്രേമിക്കുകയെന്ന അവകാശം' സാംസ്കാരിക സന്ദർഭത്തിനനുസൃതമായി മാറിമറിയുന്ന പ്രണയ/ദാമ്പത്യ ബന്ധത്തിന്റെ തുറന്നെഴുത്താണ്. വിട്ടുപോന്ന നാടിന്റെ ഗൃഹാതുരതകൾ എഴുതാനല്ല, അമേരിക്കയിലെ ജീവിതത്തിന്റെ നേരനുഭവങ്ങൾ അവതരിപ്പിക്കുവാനാണ് അദ്ദേഹം കഥകളെഴുതിയതെന്ന് ഡോ. എം. എം. ബഷീർ അഭിപ്രായപ്പെടുന്നു(1). 'മടക്കം', 'കാൻവാസ്' എന്നീ കഥകളിൽ അദ്ദേഹം ജീവിതം വേറിട്ട കോംപോസിഷനുകളിലൂടെ ആവിഷ്കരിക്കുന്നു. സ്വന്തം അനുഭവബോധ്യങ്ങളിൽനിന്നു കഥാ രചന നിർവഹിച്ചയാളാണ് സി.എം.സി.

'നാട്ടുമരുന്നു', 'മടക്കയാത്ര', 'പിറന്നാൾസമ്മാനം' എന്നീ കഥകളിൽ എതിർ ദിശയിലെ സംസ്കാരങ്ങൾക്കിടയിൽപ്പെട്ട് കുഴങ്ങുന്ന കഥാപാത്രങ്ങളെ കാണാം. കേരളീയജീവിതവും അമേരിക്കൻ ജീവിതവും ഒരുപോലെ അവതരിപ്പിക്കുന്ന നീനാ പനയ്ക്കലിന്റെ 'സന്മനസ്സുള്ളവർക്ക് സമാധാനം', 'ഒരു വിഷാദഗാനംപോലെ', 'ഭാര്യ' എന്നീ കഥകൾ, മാത്യു നെല്ലിക്കുന്നിന്റെ 'അപരിചിതൻ', ജോർജ്ജ് മണ്ണിക്കരോട്ടിന്റെ 'അകലുന്ന ബന്ധങ്ങൾ', മുരളി ജെ. നായരുടെ 'ഹൺടിംഗ്ഡൻ താഴ്വരയിലെ സന്ന്യാസിക്കിളികൾ' എന്നിവ അമേരിക്കൻ പ്രവാസത്തിന്റെ നേർച്ചിത്രങ്ങളാണ്.

ജർമ്മൻ പ്രവാസി മുക്കാടന്റെ (എഡ്വേർഡ് നസ്രേത്ത്) 'ജർമ്മനിയിൽനിന്നും ഒരുപിടിമണ്ണ്' (2) എന്ന കഥ ജന്മനാട് പെറ്റമ്മയാകുമ്പോൾ കുടിയേറിയ നാട് പോറ്റമ്മയാകുന്നതിന്റെ ആവിഷ്കാരമാണ്. ജർമ്മൻമലയാളികൾ 'നാട്ടിൽ പോക്ക്' (1982) എന്ന കഥാസമാഹാരവും പ്രസിദ്ധീകരിച്ചു.

ഗൾഫ് രാജ്യങ്ങളിലെയും, അമേരിക്ക, ജർമ്മനി, ഇംഗ്ലണ്ട് എന്നിവിടങ്ങളിലെയും മലയാളികളുടെ കഥകളാണ് ചർച്ച ചെയ്ത ത്. മലേഷ്യ, സിങ്കപ്പൂർ എന്നിവിടങ്ങളിലെ കഥകൾ അധികം ചർച്ച ചെയ്തില്ല. സിങ്കപ്പൂർ പ്രവാസി ഞെക്കാട് അറുപതോളം കഥകളെഴുതി. ലഹരി എന്ന സമാഹാരം പ്രസിദ്ധീകരിച്ചു. എന്നാൽ ചറുകഥാ സാഹിത്യചരിത്ര ഗ്രന്ഥങ്ങളിൽ അദ്ദേഹം വിസ്മരിക്കപ്പെട്ടു.

**ആഖ്യാനവും സ്വത്വപദവിയും**

പ്രവാസികഥകൾ ഒറ്റ ഏകകമല്ല. ദേശാനുസാരിയായ ആഖ്യാനം, മാറിവരുന്ന കഥാപാത്രസ്വത്വം അഭിസം ബോധന ചെയ്യുന്ന പ്രശ്നങ്ങൾ എന്നീ ഘടകങ്ങൾ കഥകളെ വ്യത്യസ്തമാക്കുന്നു.

ഗൾഫ് പ്രവാസികഥയിലെ ആഖ്യാനം തുടക്കത്തിൽ താരതമ്യപരമായിരുന്നു. ഗൾഫിന്റെ ഊഷരതയിൽ തണുപ്പേകാനെന്നോണം നാടിന്റെ ഉർവരത മനസ്സിൽ നിറയുന്നു. ലിംഗവും പ്രായവും

സാമ്പത്തിക, സാമൂഹിക സ്ഥാനങ്ങളും ഗൃഹാതുരത്വത്തിന്റെ ഏറ്റ ക്കുറച്ചിലുകളെ സ്വാധീനിക്കും. നിമ്നവർഗ്ഗ പ്രതിനിധികളായ കഥാപാത്രങ്ങൾ കഥകളിൽ നിറയുന്നു. വീട്ടുവേലയ്ക്കു നിൽക്കുന്നവർ, ഒട്ടകങ്ങളെയും ആടുകളെയും പരിപാലി ക്കുന്നവർ, നിർമ്മാണത്തൊഴിലാളികൾ എന്നിങ്ങനെയാണത്. ദുരിതപൂർണ്ണമായ അവരുടെ ജീവിതം കഥകളിൽ ആവിഷ്കൃതമാകുന്നു. സ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങുള്ള അറേബ്യൻ രാഷ്ട്രങ്ങളിലിരുന്ന് ഭരണകൂടവിമർശനവും സംസ്കാര വിമർശനവും നടത്തുന്നതിനു പരിമിതിയുള്ളതിനാൽ കഥകളിൽ അവ ഉപരിപ്ലവമായേ കാണൂ.

'തിരിച്ചുവന്ന പ്രവാസി കറവ വറ്റിയ പശുവാണ്' എന്ന് 'പ്രവാസിയെ വില്പനയ്ക്ക്' എന്ന കഥയിൽ മൻസൂർ നില മ്പൂർ പറയുന്നു(3). നസീം പുന്നയൂരിന്റെ 'അസ്കർ അലിയും ഒട്ട കങ്ങളും' എന്ന കഥയും സമാനപാത്രസ്വത്വം മുന്നോട്ടുവ യ്ക്കുന്നു. വൈ. എ. സാജിദയുടെ 'വെയിൽ തിന്നുന്ന മരുപ്പക്ഷി കളി'ലെ ഹൈദ്രോസും അത്തരം ജീവിതസംഘർഷത്തിലൂടെ കടന്നുപോകുന്നു. ജീവിതത്തിന്റെ ഊർജ്ജം നിറഞ്ഞ കാലഘട്ടം മുഴുവൻ കുടുംബത്തിനായി, ചുറ്റുപാടുകളിൽനിന്നകന്ന് ജീവിച്ചു തീർത്ത പ്രവാസി മടങ്ങിയെത്തുമ്പോൾ പ്രിയപ്പെട്ടവർ താനയ യ്ക്കുന്ന പണമാണ് ആഗ്രഹിച്ചിരുന്നതെന്ന് അറിയുമ്പോൾ അതു സൃഷ്ടിക്കുന്ന വികാരമെന്തെന്ന് ആ കഥകൾ വെളിപ്പെടുത്തുന്നു. ദുര്യോഗം നേരിടുന്ന കഥാപാത്രങ്ങളുടെ പ്രതികരണം ചിലപ്പോൾ മൗനമായിരിക്കും. ആ മൗനം നഷ്ടജീവിതത്തിനുള്ള തർപ്പണമാണ്.

'ഗൾഫിന്റെ സവിശേഷസാഹചര്യത്തിൽ കുടിയേറ്റം എന്നതി നു പകരം കുടിമാറ്റം എന്നു പറയുന്നതായിരിക്കും ഉചിത'മെന്ന് സോണിയ റഫീക് അഭിപ്രായപ്പെടുന്നു. കുടിമാറിയ നാട്ടിൽ ജന്മനാടിന്റെ കാഴ്ച തേടാനുള്ള വാഞ്ഛ പ്രവാസികൾക്കു ള്ളിൽ പ്രബലമായിരിക്കും. നാടിന്റെ വിശാലാന്തരീക്ഷത്തിൽനിന്നു തൊഴിലിടങ്ങളിലെ ഇടുങ്ങിയ വാസസ്ഥലിയിൽ ഒതുങ്ങിപ്പോയ വരുടെ മാനസികസംഘർഷങ്ങൾ ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് 'ഈസ' എന്ന കഥയിൽ രേഖപ്പെടുത്തുന്നു.

ജന്മനാടും കുടിയേറിയ നാടും പെറ്റമ്മയും പോറ്റമ്മയും എന്ന നിലയിലേക്ക് പരിണമിക്കുന്ന പ്രതിഭാസം ജർമ്മൻ, അമേരിക്കൻ പ്രവാസിമലയാളികളിൽ സാധാരണമാണ്. 'ഹൺടിംഗ്ഡൻ താഴ്വരയിലെ സന്ന്യാസിക്കിളികൾ' എന്ന കഥയിൽ മുരളി ജെ. നായർ പ്രവാസത്തിന്റെ ആ തലം ആവിഷ്കരിക്കുന്നു. പരേതനായ ഭർത്താവ് ദേവിന്റെ ഓർമ്മ പേറുന്ന ഹൺടിംഗ്ഡൻ വാലിയിലെ വീടുമായി സാവിത്രി താദാത്മ്യം പ്രാപി ക്കുന്നു. അയാൾക്കു പ്രിയപ്പെട്ട സന്ന്യാസിക്കിളികളിലൂടെ അവൾക്ക് ദേവിന്റെ സാന്നിദ്ധ്യം അനുഭവപ്പെടുന്നു. 'ജർമ്മനിയിൽ നിന്നും ഒരുപിടി മണ്ണ്' എന്ന മുക്കാടന്റെ കഥയിലെ റോസിയും മറ്റൊരു രീതിയിൽ ചെന്നയിടത്തോട് ആത്മബന്ധം പുലർത്തുന്നു. നാട്ടിൽ വാർദ്ധക്യകാലം ചെലവഴിക്കാൻ ഭർത്താവ് ആഗ്രഹിക്കു മ്പോൾ ജീവിതത്തിന്റെ നല്ല പങ്കും ചെലവഴിച്ച ജർമ്മനിയിൽ തുടരാനാണ് അവളുടെ ആഗ്രഹം. 'പറിച്ചുനടുന്നിടത്ത് തഴച്ചുവ ളരുന്ന അലങ്കാരച്ചെടികളാണ് പ്രവാസികൾ. വൃക്ഷങ്ങളായി വളരാ നുള്ള മണ്ണും ഇല കൈയെത്തിപ്പിടിക്കാനുള്ള അവകാശവും അവ ർക്ക് സ്വന്തമല്ല' എന്നാണ് അവൾ വിശ്വസിക്കുന്നത്. ബംഗാളി/ഇന്ത്യൻ വംശജയായ അമേരിക്കക്കാരിയെന്ന സ്വത്വമാണ് താൻ ഇഷ്ടപ്പെടുന്നതെന്ന് ഭാരതി മുഖർജി പ്രസ്താവിച്ചത് ഇതിനോട് ചേർത്തു വായിക്കാം(4).

### അടിത്തട്ടിലെ മനുഷ്യർ പ്രവാസികഥകളിൽ

എ. എം. മുഹമ്മദിന്റെ 'ഖൈസു' വിലെ നായികയ്ക്ക് ഹോസ്പിറ്റലിൽ സ്ത്രീകളുടെ മയ്യത്ത് കുളിപ്പിക്കുന്ന ജോലിയാണ്. ഭർതൃപീഡനത്തിൽനിന്നു മോചനം തേടി, ഭിന്നശേഷിക്കാരിയായ മകളെ പോറ്റാനാണ് അവൾ ആ ജോലി തെരഞ്ഞെടുക്കുന്നത്. ഉൾക്കൊള്ളാനാകാത്തതൊക്കെ തീരത്തേക്കു തള്ളിയ ഇരമ്പുന്ന കടലായിരുന്നു ഖൈസു. ആ പുറന്തള്ളലിനു മുമ്പ് പല മാലിന്യവും തന്നിൽ കലരുന്നത് അവൾക്കു സഹിക്കേണ്ടിവന്നു. രക്ഷകരെന്നു കരുതിയവർ ചൂഷകരായ സാഹചര്യമുണ്ടായി. പ്രവാസം മനുഷ്യരിലെ വികാരവിചാരങ്ങളെ വരൾച്ചയിലേക്കു നയിക്കും. വല്ല്യുപ്പ മരിച്ചുകിടന്നപ്പോൾ മൃതശരീരം കാണാൻ ഭയന്ന ഖൈസു,

അപരിചിതരുടെ മൃതശരീരം കുളിപ്പിക്കാൻ ഭയമില്ലാത്തവളായത് അത്തരമൊരു വരൾച്ചയിലാണ്. ഭയന്നാൽ ചേർത്തുപിടിക്കാൻ ആരുമുണ്ടാകില്ല എന്ന തിരിച്ചറിവ് 'ഒസാമ' എന്ന കഥയിലുമുണ്ട്. ഒസാമയും നൂറുദ്ദീനും കുടുംബ സൗഖ്യത്തിനായി പ്രവാസിക ളായവരാണ്. പ്രിയപ്പെട്ടവർ ആഡംബരവില്ലയിൽ വസിക്കുന്നതിന് അവർ കനത്ത ചൂടിൽ പണിയെടുത്ത് ടെന്റിൽ കഴിയുന്നു. കുടും ബത്തിൽനിന്നും അന്യവത്കരിക്കപ്പെടുന്നു. ആവശ്യങ്ങളുടെ പട്ടിക കളടങ്ങിയ കത്തുകളാണ് കുടുംബത്തിൽനിന്നു ലഭിക്കുന്നത്. കുടും ബത്തിന്റെ ഭാഗമാകുമ്പോഴും അവർക്ക് വൈകാരിക അന്യവൽക്ക രണത്തിന്റെ ആഘാതം നേരിടേണ്ടിവരുന്നു.

ഉള്ളതു വിറ്റും പണയപ്പെടുത്തിയും ഇടനിലക്കാർക്ക് ഈടു നൽകിയും കുടുംബത്തിന്റെ സാമ്പത്തികഭദ്രത ഉറപ്പുവരുത്താ നുതകുന്ന ജോലി പ്രവാസി സ്വപ്നം കാണുന്നു. ഇടനിലക്കാരാൽ വഞ്ചിക്കപ്പെട്ട് അവർ ചിലപ്പോൾ പെരുവഴിയിലാകുന്നു. പറഞ്ഞ ജോലികിട്ടാതെ അടിമ ജീവിതം നയിക്കേണ്ടിവരുന്നു. ശിഹാബുദ്ദീൻ പൊയ്ത്തുംകടവിന്റെ 'മായാചരിത്ര'ത്തിൽ വീട്ടുവേല ചെയ്യുന്നത് സ്റ്റാറ്റസിന് നിരക്കാത്തതായിതോന്നുന്ന പി.എച്ച്.ഡി.ക്കാരന് ഗൾഫിൽ ആടിനെയും ഒട്ടകത്തെയും മേയ്ക്കുന്ന ജോലി സ്റ്റാറ്റസ്സിനെ ബാധിക്കുന്നില്ല. ദുരഭിമാനത്തിന്റെ നേർക്കാഴ്ചയാണ് ഈ കഥ.

**സക്കർഫിഷ്: ആഖ്യാനവും സൗന്ദര്യശാസ്ത്രവും**

പ്രവാസിഎഴുത്തുകാരിയായ സോണിയ റഫീക്ക്. വ്യത്യസ്തമായ അഖ്യാനശൈലിയിലൂടെ കഥയിൽ പുതുമാർഗ്ഗം സൃഷ്ടിച്ചു. ക്ലീഷേ കഥാപാത്രങ്ങളും വായനക്കാരെ ത്രസിപ്പിക്കുന്ന വഴിത്തിരിവുകളുമില്ലാതെ കഥ പറയുകയാണ് അവരുടെ ശൈലി. അനുഭവതലത്തിലേക്ക് ആണ്ടിറങ്ങാൻ വായനക്കാരെ അനുവദി ക്കുന്നവിധം ആഖ്യാന ശൈലിയാണത്.

ആശയക്കുഴപ്പത്തിലായ തന്റെ ലോകം തിരിച്ചറിയാൻ ലഭിച്ച വഴി എഴുത്തായിരുന്നുവെന്ന് ഹനീഫ് ഖുറേഷി പ്രസ്താവിച്ചിട്ടുണ്ട്. ഇതിനുസമാനമായ സാഹചര്യമാണ് സോണിയ റഫീക്കിനെയും എഴുത്തിലെത്തിച്ചത്. ഇരുധ്രുവങ്ങളിലുമുള്ള സംസ്കാരങ്ങളിലെ

സാമൂഹികദ്വന്ദ്വങ്ങൾ തിരിച്ചറിയാനും കഥകളിൽ ആവിഷ്ക രിക്കാനും അവർക്കായി. സമൂഹത്തിന്റെ ഉള്ളിൽനിന്നുകൊണ്ടു മാത്രം അതിനെ വിലയിരുത്താനാകില്ല. പുറത്തുനിന്നു കൊണ്ട് മറ്റു സമൂഹങ്ങളെക്കൂടി വിലയിരുത്തുമ്പോൾ എഴുത്തുകാരുടെ ആഖ്യാനലോകം വിശാലമാകും. പ്രവാസിയായശേഷം മലയാളിയെ ദൂരെനിന്ന് കാണാനും വിലയിരുത്താനുള്ള അവസരം എന്ന് സോണിയ റഫീക്കിന് ലഭിച്ചു.(5). പ്രവാസിയുടെ അന്യവത്കരണം എഴുത്തിൽ സംക്രമിപ്പിച്ചപ്പോൾ അവരുടെ കഥകൾ അനുഭവവേദ്യങ്ങളായി.

ഖലീൽ എന്ന കഥാപാത്രത്തിന്റെ സ്വത്വപരിണാമത്തിലെ നവീനതയാണ് 'സക്കർഫിഷി'ന്റെ സവിശേഷത. ഗൾഫ് പ്രവാസിയുടെ പ്രരൂപം ഉൾക്കൊള്ളുന്നുവെങ്കിലും കഥയിലെ വീക്ഷണകോൺ വ്യത്യസ്തമാണ്. വീട്ടുകാർ അവധിക്കുപോയ അവസരത്തിൽ ഫ്ളാറ്റും അതിലെ വസ്തുക്കളും സ്വന്തമെന്ന പോലെ ഉപയോഗിക്കുകയും അവർ തിരികെയെത്തുമ്പോഴും അവ രറിയാതെ അതിന്റെ നിയന്ത്രണം അധീനത്തിലാക്കുകയും ചെയ്യു ന്ന ഖലീൽ എന്ന ബംഗ്ലാദേശി തൊഴിലാളിയാണ് മുഖ്യകഥാപാത്രം. അയാളുടെ പ്രതിരൂപമാണ് സക്കർഫിഷ്. പായലും ഉച്ഛിഷ്ടവും ഭക്ഷണമായ മത്സ്യമാണ് സക്കർഫിഷ്. ഫ്ളാറ്റിലെ വീടുകൾ വൃത്തിയാക്കുന്ന ജോലി ചെയ്ത് ജീവിക്കുന്നവനാണു ഖലീൽ. വിനോദും കുടുംബവും പതിനഞ്ചു ദിവസത്തെ അവധിക്കുപോയ പ്പോഴാണ് വാച്ച്മാൻ മുനീറിന്റെ സഹായത്തോടെ ഖലീൽ അവരുടെ ഫ്ളാറ്റിൽ ഉടമസ്ഥയെപ്പോലെ ജീവിക്കുന്നത്. കാമുകി സമീറയോടൊപ്പം അനേകം രാത്രി അയാൾ അവിടെ ചെലവിടുന്നു. മീരയുടെ അലക്കിയിട്ടിരുന്ന വസ്ത്രങ്ങൾ ഖലീൽ സമീറയ്ക്കു നൽകുന്നു. പതിനാറാം നാൾ വീട്ടുകാർ തിരികെയെത്തുമ്പോൾ ആരും പറയാതെ ഖലീൽ വൈകുന്നേരം ഫ്ളാറ്റിലെത്തുന്നു. പതിയെ ആ ഫ്ളാറ്റിന്റെയും വീട്ടുകാരുടെയും നിയന്ത്രണം കൈപ്പിടിയിലൊതുക്കുന്നു. മാജിക്കൽ റിയലിസ്റ്റ് സങ്കേതത്തിൽ കഥ അവസാനിക്കുമ്പോൾ വിനോദും മീരയും സച്ചിനും ഇല്ലാതാകുന്നു. ഫിഷ്ടാങ്കിൽ കിടന്നന്ന സക്കർഫിഷ് നാലു

സ്വർണമത്സ്യങ്ങളെയും ഭക്ഷണമാക്കിയിരുന്നു.

ആരംഭത്തിൽ ഖലീൽ വീട്ടുടമയുടെ മട്ടും ഭാവവുമായി പ്രത്യക്ഷപ്പെടുന്നു. പരിസരം വൃത്തിയായിരിക്കുവാൻ ശാഠ്യമുള്ളവൻ. അയാളുടെ വിരസവും ഏകാന്തവുമായ ജീവിതം നോക്കിക്കാണുന്ന സക്കർഫിഷിന് ആ സന്ദർഭത്തിൽ പ്രസക്തിയില്ല. സമീറയുടെ കടന്നുവരവ് ലിവിംഗ് ടുഗെതർ ബന്ധത്തിലേക്ക് ദൃഷ്ടി തിരിക്കുന്നു. പതിനാറാം നാളോടെ ചിത്രം തെളിയുന്നു. ഉടമ എന്ന ഖലീലിന്റെ സ്വത്വം തകർന്നുവീഴുന്നു. മൂന്നുപേരടങ്ങുന്ന മലയാളികുടുംബത്തിന്റെ വീട്ടുജോലിക്കാരനായ ബംഗ്ലാദേശി എന്ന സ്വത്വം വെളിപ്പെടുന്നു. എന്നാൽ ആ പതിനഞ്ചു ദിവസത്തിൽ അവന്റെയുള്ളിലുണ്ടായ സ്വത്വപരിണാമം ഉടമസ്ഥതയാർജ്ജിക്കുന്നു. അവൻ കുടുംബത്തിനുമേൽ ആധിപത്യം സ്ഥാപിക്കുന്നു. സക്കർഫിഷ് ടാങ്കിലെ മാലിന്യം ചുരണ്ടിത്തിന്നുന്നതുപോലെ മലയാളികുടുംബത്തെ ഖലീൽ തുടച്ചുമാറ്റുന്നു.

അസ്വാഭാവികത കഥയിലുണ്ടെന്ന് തോന്നാം. സംശയാസ്പദമായ അനേകം സന്ദർഭമുണ്ടായിട്ടും തങ്ങളുടെ അസാന്നിദ്ധ്യ ത്തിൽ ഫ്ളാറ്റിൽ മറ്റാരെങ്കിലും കയറിയോ എന്നന്വേഷിക്കാൻ കുടുംബാംഗങ്ങൾ ശ്രമിക്കുന്നില്ല. മറവി ബാധിച്ചവരെപ്പോലെയാണവരുടെ പെരുമാറ്റം. ഖലീലിന്, ഫ്ളാറ്റിൽ ലഭിക്കുന്ന നൽകുന്ന സ്വാതന്ത്ര്യം സാധാരണ ആരും നൽകാറില്ല. ഈ ഘടകങ്ങൾ യഥാർഥ ജീവിത്തോട് ചേർത്തുവയ്ക്കുമ്പോഴാണ് സംശയങ്ങളുണ്ടാകുന്നത്. ടൊയ്‌ലറ്റ് ക്ലീനർ വീണു അലിഞ്ഞുപോകുന്ന മീര, ബുൾസൈയുടെ മഞ്ഞ പോലെ ചുരുങ്ങിപ്പോകുന്ന സച്ചിൻ, സക്കർ ഫിഷ് ടാങ്കിലെ പായൽ ചുരണ്ടിത്തിന്നുന്നതുപോലെ വിനോദിന്റെ കോശങ്ങളെ ചുരണ്ടിത്തിന്നുന്ന ഖലീൽ എന്നീ ചിത്രങ്ങടങ്ങിയ കഥാന്ത്യം മാജിക്കൽ റിയലിസത്തിന്റെ സാധ്യത വെളിപ്പെടുത്തുന്നു.

സക്കർഫിഷ്, ഗൾഫ് രാഷ്ട്രങ്ങളിലെ വേലക്കാരുടെ രൂപകമാണ്. സ്വർണമത്സ്യങ്ങൾക്കിടയിൽ ചൂളിപ്പിടിച്ചുനിൽക്കുന്നിടത്തുനിന്നു

തന്റേടം സൃഷ്ടിക്കാൻ വ്യഗ്രനായ സക്കർഫിഷിനെപ്പോലെയാണവർ. ഖലീലിന്റെ സ്വത്വപരിണാമംപോലൊന്ന് അയഥാർഥ ലോകത്തേ സാധ്യ മാകൂ. യഥാർഥജീവിതത്തിൽ അധികാരത്തിന്റെ അട്ടിമറി പോയിട്ട്, അവനു ലഭിച്ച സ്വാതന്ത്ര്യംപോലും അപ്രാപ്യം. വീട്ടുവേലക്കാർ ഗൾഫിൽ മാനസികവും ശാരീരികവുമായ പീഡനത്തിനിര യാക്കപ്പെട്ടതിന്റെ വാർത്തകളനവധിയാണ്. ഗൾഫിൽ വീട്ടുടമയും വേലക്കാരും തമ്മിൽ അടിമ-ഉടമ മനോഭാവം നിലനി ൽക്കുന്നു. വേലക്കാർ സക്കർഫിഷുകളാണവിടെ. കഥയിൽ ഗോൾഡ് ഫിഷുകളോടൊപ്പം കൊണ്ടിട്ട സക്കറിനെ സച്ചിൻ വെറുപ്പോടെ നോക്കുന്നിടത്ത് ഈ മനോഭാവം തെളിയുന്നു. 'ക്ലീനി ങ്ങിനു വരുന്ന ബംഗ്ലാദേശിയെപ്പോലെയുണ്ട് ഈ ഫിഷ്. എന്തൊരു കറുപ്പാണിതിന്. ദേഹമാകെ പുള്ളിയും പോരും, തിന്നുന്നതോ വൃത്തികെട്ട സാധനങ്ങളും.' ബാക്കിവരുന്ന ഭക്ഷണം മീര ഖലീലിന് പൊതിഞ്ഞുകൊടുക്കുന്നത് സച്ചിൻ കണ്ടിട്ടുണ്ട്. ആ കാഴ്ചയാണ് അവനിൽ കറുപ്പിനെ താഴ്ത്തിക്കെട്ടുന്ന മനോഭാവം രൂപീകരിക്കു ന്നത്. സക്കർഫിഷ് എന്ന വർണ്യം അതിന്റെ നിറത്തിലൂടെയാണ് സച്ചിനിൽ ഇഷ്ടക്കേടുണ്ടാക്കുന്നത്. അതേ മനോഭാവത്തോടെ യാണ് അവർണ്യമായ ഖലീലിനേയും അവൻ കാണുന്നത്. ഖലീ ലിന് ഫ്ളാറ്റിൽ സ്വാതന്ത്ര്യം ലഭിക്കുന്നുവെങ്കിലും ബംഗ്ലാദേശി യോടുള്ള അവജ്ഞ കുടുംബാംഗങ്ങൾ പല സന്ദർഭത്തിലും പ്രകടിപ്പിക്കുന്നു. ഖലീലിന്റെ വിരൽത്തുമ്പിലെ നനവു പറ്റിയ ചായക്കപ്പ് ഈർഷ്യയോടെ നോക്കുന്ന വിനോദിന്റെ മനോഭാവം ഉദാഹരണം.

ചുരുക്കത്തിൽ സക്കർഫിഷിലെ കഥാപാത്രങ്ങൾ ഒന്നിന്റെ പരിച്ഛേദങ്ങളാണ്-മനുഷ്യനും മത്സ്യവും. എന്നാൽ അനുഭ വതലത്തിൽ സക്കർഫിഷ് അനേകായിരത്തിന്റെ രൂപകമാകുന്നു.

**സീബ്ര : വരകളാൽ നിശ്ചയിക്കപ്പെടുന്ന മനുഷ്യർ**

ഓരോ സമൂഹത്തിനും അതിന്റെ അളവുകോലും ന്യായ വിധിയുമുണ്ട്. വ്യക്തികൾ ചേർന്നു സമൂഹം രൂപപ്പെടുന്നുവെന്നി രിക്കെ അളവുകോലുകൾ സംയോജിതപ്രവർത്തനത്തിന്റെ

ഫലമാകും. എപ്പോഴും ചിലരുടെ പ്രതിനിധാനം ഒഴിവാക്കപ്പെടുന്നു. മറ്റൊരു വിഭാഗക്കാർ അളവുമാതൃക നിശ്ചയിക്കുന്നു. പ്രൊക്രസ്റ്റസിന്റെ കട്ടിൽ എല്ലാ സമൂഹത്തിലുമുണ്ട്. പലരും അതിൽ ബന്ധിക്കപ്പെടുന്നു. ചിലരുടെ കൈകാലുകൾ അടിച്ചുനീട്ടപ്പെടുകയോ വെട്ടിമാറ്റപ്പെടുകയോ ചെയ്യുന്നു. അത്തരത്തിൽ അളവുകയറിൽ കുരുങ്ങിപ്പോയ ജീവിതമാണ് 'സീബ്ര'(കെ. വി. പ്രവീൺ) എന്ന കഥയിലെ മാർട്ടിൻ. അവന്റെ രൂപ ഭാവങ്ങളാണ് വിധി നിർണ്ണയിച്ചത്, പ്രവൃത്തിയല്ല. 'എനിക്ക് ആറു വയസ്സുള്ളപ്പോ മുതല് ഞങ്ങളുടെ തെരുവില് എന്തു മോഷണം നടന്നാലും ആളുകള് കെട്ടിയിട്ടടിക്കുന്നത് എന്നെയായിരുന്നു. ഇനി ശരിക്കുള്ള കള്ളനെ പിടിച്ചാലും എന്നെ വെറുതെ പിടിച്ചടിക്കും. ഞാൻ ഭാവിയിൽ ചെയ്യാൻ പോകുന്നതിനുള്ള മുൻകൂർ ശിക്ഷ പോലെ'. ഒന്നിനു പുറകേ ഒന്നായി എത്തുന്ന പ്രശ്നങ്ങളുടെ ആരം ഭം സിസ്റ്റർ റീനയോട് മാർട്ടിൻ ഇങ്ങനെ വിവരിക്കുന്നു. മാർട്ടിൻ ശിക്ഷിക്കപ്പെടുന്നത് ഏതെങ്കിലും തെറ്റിന്റെ പേരിലല്ല, നിറത്തിന്റെ പേരിലാണ്. ആ വർണവെറിക്ക് സമൂഹം 'മുൻകൂർശിക്ഷ' എന്ന ആവരണം നൽകുന്നു. അവന്റെ കറുപ്പ് സമൂഹത്തിന്റെ സങ്കല്പത്തിൽ പൊറുക്കാനാകാത്ത, നിരന്തരം ശിക്ഷ ഏറ്റുവാങ്ങേണ്ട അപരാധമാണ്. കുറ്റകൃത്യത്തിന്റെ പേരിൽ സംശയിക്കപ്പെടുന്ന രണ്ടുപേരിൽ ഒരാൾ വെളുത്തവനും മറ്റേയാൾ കറുത്തവനുമാണെങ്കിൽ നിയമപാലകർക്കുപോലും കറുത്തവന്റെ നേർക്കുള്ള സംശയത്തിന്റെ അളവേറും. ജോർജ്ജ് ഫ്ളോയിഡ് വെള്ളപ്പോലീസുകാരന്റെ കാലിനടിയിൽ ശ്വാസം കിട്ടാതെ പിടഞ്ഞുമരി ച്ചതോർക്കുക.

പ്രവാസിമലയാളി സ്ത്രീകളിൽ പ്രഗത്ഭരാണ് നഴ്സുമാർ. രാപകൽ സേവനമനുഷ്ഠിക്കേണ്ട സാഹചര്യം അവർ ക്കുണ്ട്. 'സീബ്ര'യിൽ റീന എന്ന നഴ്സ് ജോലിചെയ്യുന്ന ആശുപത്രിയിൽനിന്ന് ഹൈഡ്രോ കോഡോൺ എന്ന നാർകോട്ടിക് വിഭാഗത്തിൽപ്പെട്ട മരുന്നു മോഷ്ടിക്കാൻ ശ്രമിച്ചുരക്ഷപ്പെടുന്നതിനി ടെയാണ് ആശുപത്രിയിലെ പേഷ്യന്റ് ട്രാൻസ്പോർട്ടറായ മാർട്ടിൻ

പിടിക്കപ്പെടുന്നത്. രക്ഷപ്പെടാനുള്ള ശ്രമത്തിനിടെ പരുക്കുപറ്റി ചികിത്സയിൽ കഴിയുമ്പോൾ, മോഷണശ്രമത്തിന് സാക്ഷിയായ റീനയെ അയാൾക്കെതിരെ പോലീസിനു മൊഴി നൽകാൻ ഭർത്താവും സുഹൃത്ത് ഡോ. സൂസനും സമ്മർദ്ദം ചെലുത്തുന്നു. മൊഴി നൽകിയാൽ മാർട്ടിന് മരണശിക്ഷ ലഭിക്കുമെന്നു മനസ്സിലാക്കിയ റീന അയാളെ രക്ഷപ്പെടാൻ സഹായിക്കുന്നു.

ജനിച്ചതു മുതൽ റീന മറ്റുള്ളവരുടെ തീരുമാനങ്ങൾക്കനുസരിച്ച് ചലിക്കുന്നവളായിരുന്നു. മാതാപിതാക്കളെക്കുറിച്ചുള്ള വേവലാതിയാണ് ഇഷ്ടപ്പെട്ടവന്റെ കൂടെയുള്ള ജീവിതം ഹോമിക്കാൻ പ്രേരിപ്പിച്ചത്. എന്നാൽ അനുജത്തി സെലീന അന്യജാതിക്കാരനെ രജിസ്റ്റർ വിവാഹം ചെയ്തപ്പോൾ വീട്ടുകാരുടെ ഭീഷണി വെറുതെയായിരുന്നുവെന്ന് അവൾ തിരിച്ചറിഞ്ഞു. വിവാഹശേഷം ഭർത്താവിനൊപ്പം ഗൾഫിലേക്കു കടന്നപ്പോൾ അവൾ കുടുംബത്തിലും നഴ്സായിച്ചുരുങ്ങി. തകർന്ന ബിസിനസ്സിനിടയിലും ഭർത്താവ് ജീവിതം ആസ്വദിക്കുമ്പോൾ റീനയുടെ വിചാരങ്ങളോ ബുദ്ധിമുട്ടുകളോ അയാളെ ബാധിക്കുന്നില്ല. ആശുപത്രിയിൽ റീനയുടെ പ്രവൃത്തി ഡോ. സൂസന്റെ നിർദ്ദേശപ്രകാരമാണ്. നിർദ്ദേശത്തിന്റെ സ്വരമാണ് വീട്ടിലെത്തുമ്പോൾ ഭർത്താവ് ജോയിയിൽനിന്നും കേൾക്കുന്നത്. ഡോ. സൂസന്റെയും ജോയിയുടെയും വാക്കിലെ ധ്വനി ആജ്ഞയുടേതാണ്. സ്പോൺസർ മാത്യൂസിന്റെ സംഭാഷണത്തിൽ അതിനു പുറമേ ഭീഷണിയും കലരുന്നു. ജോയിയുടെ ജീവിതത്തിൽ സൂസനുള്ള സ്ഥാനമെന്തെന്ന് വ്യക്തമല്ല. എന്നിരുന്നാലും 'എല്ലാം സൂസനോടു ചോദിച്ചു മതി' എന്നു തീർപ്പു കല്പിക്കുന്ന ജോയി റീനയുടെ അഭിപ്രായം അവഗണിക്കുന്നു. മോർണിങ് ഷിഫ്റ്റിനു പോകാൻ വിളി ച്ചുണർത്തിയ റീനയെ സംശയദൃഷ്ടിയോടെ നോക്കുന്ന അയാൾ സൂസന്റെ നിർദ്ദേശപ്രകാരമാണതെന്നു കേൾക്കുമ്പോൾ ചോദ്യമവസാനിപ്പിച്ച് സമാധാനിക്കുന്നു. ഗൾഫിൽ വളർന്ന വ്യക്തി യെന്ന നിലയ്ക്ക് സൂസനുണ്ടാകാവുന്ന അനുഭവപരിചയം നാട്ടിൽ വളർന്ന റീനയ്ക്ക് ഉണ്ടാകില്ല എന്ന ധാരണയിൽനിന്ന് രൂപപ്പെട്ടതായിരിക്കണം ജോയിയുടെ മനോഭാവം. മനഃസാക്ഷിക്കൊത്ത്

പ്രവർത്തിക്കാൻ ശ്രമിക്കുന്ന റീന 'അവന്റെ കൈയോ കാലോ പോയാൽ നിനക്കെന്താ, അവൻ നിന്റെ കാമുകനൊന്നുമല്ലല്ലോ' എന്ന ഭർത്താവിന്റെ ചോദ്യത്തിൽ ഉലഞ്ഞുപോകുന്നു. സ്വപക്ഷം ന്യായീകരിക്കുന്നതിനു അന്യന്റെ വികാരമോ ശരീരമോ പരിഗണിക്കതുള്ള വാക്കുകൾ സൃഷ്ടിക്കുന്ന മുറിവിന്റെ ആഴം മനസ്സിലാക്കാതെ പ്രവർത്തിക്കുന്ന സ്വാർഥരുടെ ഇടയിൽപ്പെട്ട് മണലാരണ്യത്തിന്റെ ഏകാന്തതയിൽ ദിക്കറിയാതെ ഉഴലുന്നവളാണ് റീന. മനഃസാക്ഷിക്കൊത്ത് പ്രവർത്തിക്കുന്നതിലൂടെയേ മനസ്സിൽ മരുപ്പച്ച രൂപപ്പെടുത്താനാകൂ എന്ന് അവൾ മനസ്സിലാക്കുന്നു. 'ജീവിതത്തിൽ ഒരദ്ഭുതമെങ്കിലും ഒരാൾക്കവകാശപ്പെട്ടതാണ്' എന്ന തിരിച്ചറിവിന്റെ പശ്ചാത്തലത്തിൽ അതിന്റെ പരിണിതഫലത്തെക്കുറിച്ച് വ്യാകുലയാകാതെ മാർട്ടിനെ അവൾ രക്ഷപ്പെടുത്തുന്നു. സുഖദുഃഖങ്ങൾ അന്വേഷിക്കാൻ ആരുമില്ലെന്നിരിക്കെ കരുതൽ സഹപ്രവർത്തകനായ മാർട്ടിനാണ്. തന്നോട് പ്രകടിപ്പിച്ചത് സീബ്രകളെ മാർട്ടിൻ ഇഷ്ടപ്പെടുന്നത് അവയിൽ തന്നെത്തന്നെ സങ്കല്പിക്കുന്നതുകൊണ്ടാണെന്ന് അവൾ മനസ്സിലാക്കുന്നു. കുതി രയ്ക്കും കഴുതയ്ക്കും സീബ്രയ്ക്കുമൊക്കെ ഒരേ പൂർവികരായി രിക്കെ സീബ്രയ്ക്കു മാത്രമാണു വര കിട്ടിയത്, കോളനിയിൽ ആരും മോഷണം നടത്താൻ സാധ്യതയുണ്ടെന്നിരിക്കെ മാർട്ടിനെ കള്ളനെന്ന് മുൻകൂർ വിധിച്ച് ശിക്ഷിക്കുന്നതിനോട് സീബ്രയുടെ വര ചേർത്തു വായിക്കാം. സീബ്രയ്ക്ക് വരകൾ ലഭിച്ചപോലെ മാർട്ടിന്റെ കറുത്ത ശരീരം മോശം പ്രവൃത്തി ചെയ്യും എന്നു മറ്റുള്ളവർ മുദ്രകുത്തുന്നു. 'ഒറ്റ നോട്ടത്തിൽ വില്ലനാണെന്ന് പരിചയമില്ലാത്ത ആളുകളെക്കൊണ്ട് പറയിപ്പിക്കുന്ന രൂപവും ഭാവവും'- ഇങ്ങനെയാണ് മാർട്ടിന്റെ ബാഹ്യപ്രകൃതിയുടെ വർണനന. 'ഇവന്മാരൊക്കെ കള്ളന്മാരാണെന്നാ എന്റെ അനുഭവം' എന്നു ജോയി. ബാഹ്യരൂപം വെച്ച് വ്യക്തികളെ അളക്കുന്നതിനടിസ്ഥാനമാണെന്ന അനുഭവ സാധൂകരിക്കാനാകില്ല. കറുത്ത തൊലിയും ചെമന്നു കിറുങ്ങിയ കണ്ണുകളുമല്ല ജനശത്രുക്കളുടെ ലക്ഷണമെന്ന് ചരിത്രത്തി ലുണ്ട്. ഹിറ്റ്ലർ, ലിയോപോൾ രണ്ടാമൻ, മാവോ സെ തുങ്, ചെങ്കിസ്ഖാൻ, മുസ്സോളിനി, ജോസഫ് സ്റ്റാലിൻ, പോൾ പോട്ട് എന്നിവ

രുടെ പട്ടികയിൽ ഈദി അമീൻ, തിയോനെസ്റ്റ ബഗസോറ, റോബർട്ട് കജുഗ, ജീൻ ബോസ്കോ എന്നീ കറുത്ത വരും ഉണ്ടാകും. മോഷണവും കൊലപാതകവും പരിശോധിച്ചാലും ഈ സ്ഥിതിക്ക് മാറ്റമില്ല. ഈ വസ്തുത മുന്നിലുള്ളപ്പോൾ കറുത്ത തൊലിയുള്ളവരുടെ നേർക്കുള്ള മനോഭാവം അനുഭ വങ്ങൾക്കുമേൽ ചാർത്തിക്കൊടുക്കാനാകില്ല. ഇന്ത്യയിൽ ജാത്യ ടിസ്ഥാനത്തി ലാണതെങ്കിൽ, യൂറോപ്പിൽ വംശീയ മുൻവിധികളു ണ്ടായിരുന്നു. കുടിയേറ്റക്കാരിൽനിന്ന് വംശവെറി നേരിടേണ്ടിവന്ന അനുഭവമാണ് റെഡ് ഇന്ത്യക്കാർക്കുള്ളത്.

ജോയി റീനയെക്കുറിച്ചോ അവളുടെ ജോലിയെക്കുറിച്ചോ ശ്രദ്ധാലുവല്ല. അതിനാൽ മാർട്ടിനെ പരിചയമുണ്ടാകാൻ സാധ്യത യില്ല. അതുകൊണ്ട് ബാഹ്യരൂപം അടിസ്ഥാനമാക്കി എന്നതിനേ ക്കാൾ, അയാളുടെ ജീവിതസാഹചര്യവും ജോലിയും അടിസ്ഥാനമാ ക്കിയായിരിക്കണം ജോയി മാർട്ടിന്റെ വിശ്വാസ്യത അളക്കുന്നത്. അടിത്തട്ടിലെ ജനതയ്ക്ക് നേരെയുള്ള മേൽക്കോയ്മാ മനോഭാ വത്തിന്റെ പരിണിതഫലമാണത്. പരിചയമില്ലാത്ത വ്യക്തിയെക്കു റിച്ച് ഇത്തരമനുമാനത്തിൽ എത്തിച്ചേരണമെങ്കിൽ കാരണം മറ്റൊ ന്നില്ല. സൂസന്റെ വാക്കുകളുടെ സ്വാധീനം മാത്രമാണ് അയാളി ലുള്ളതെന്ന് കരുതാനാകില്ല.

മാത്യൂസിനെ കണ്ടുവരാനുള്ള യാത്രയ്ക്കിടയിൽ, തിളയ്ക്കു ന്ന വെയിലിൽ ദിവസക്കൂലിക്ക് ജോലി ചെയ്യുന്നവരും താനും തമ്മിൽ, ടാക്സിക്കുള്ളിൽ യാത്ര ചെയ്യുന്നു എന്ന വ്യത്യാസമേയുള്ളൂ എന്ന് റീന മനസ്സിലാക്കുന്നു. ഇരുകൂട്ടരും മേലധി കാരികളുടെ ആജ്ഞാനുവർത്തികളായ യന്ത്രങ്ങളാണ്. റീനയുടെ ഭൂതകാലത്തിന്റെ ആവർത്തനമായി വർത്തമാനം മാറുന്നു. മാർ ട്ടിനെ രക്ഷിക്കുന്നതിലൂടെ തനിക്ക് അപ്രാപ്യമായിരുന്ന ആത്മവി ശ്വാസം അവൾ നേടിയെടുക്കുന്നു. ഭൂതവർത്തമാനങ്ങളുടെ കയറ്റിറക്ക ങ്ങൾക്കൊടുവിലാണ് റീനയുടെ കഥാപാത്രം ആ തലത്തിലെത്തി ച്ചേരുന്നത്. ജോയിയുടെ കൈയിലെ വീഡിയോ ഗെയിമിൽ പൊട്ടി ത്തകർന്നുവീണ കെട്ടിടം യഥാർഥത്തിൽ അയാളുടെ വാക്കിൽ തക ർന്നുവീണ റീനയുടെ ഉള്ളിലെ

വിധേയത്വത്തിന്റെ തടവറയാണ്.

തന്റെമേൽ ജോയിയും സൂസനും മാത്യൂസും മതാപിതാക്കളും വരച്ചുവെച്ച വരകൾ നിലനിർത്തിക്കൊണ്ടുതന്നെ ഒരിക്ക ലും ഇണക്കാനാകാത്ത സീബ്രയായി റീന മാറുന്നു. മാർട്ടിനെ രക്ഷ പ്പെടുത്തുമ്പോൾ സെക്യൂരിറ്റിയുടെ നേരെ അവൾ ഉയർത്തിപ്പിടിച്ച ബാഡ്ജ് അവളുടെ വ്യക്തിത്വത്തിന്റെ അടിത്തറയുറപ്പിക്കലായി രുന്നു. അമർത്തപ്പെട്ട സ്വത്വം അവൾ അതിലൂടെ വീണ്ടെടുക്കുന്നു.

**ഉപദർശനങ്ങൾ**

പ്രവാസികഥകൾ ദേശത്തിന്റെയും കാലത്തിന്റെയും തൊഴി ലിന്റെയും ലിംഗപദവിയുടെയും അടിസ്ഥാനത്തിൽ ഉള്ളടക്കത്തി ലും ആഖ്യാനത്തിലും വ്യത്യസ്തമാണ്. ഭാവനയേക്കാളേറെ വ്യക്ത്യനുഭവങ്ങളുടെ പുനരാവിഷ്കാരമാണ് അവയിലുള്ളത്. അമേ രിക്കൻ ഭൂഖണ്ഡത്തിലെയും, ഗൾഫ് നാടുകളിലെയും പ്രവാസികഥകൾ ധാരാളം പുറത്തുവന്നെങ്കിലും ആഫ്രിക്കൻ രാജ്യങ്ങൾ, വിയറ്റ്നാം, ചൈന മുതലായ നാടുകളെ പ്രതിനിധീകരിക്കുന്ന കഥകൾ പ്രവാസിമലയാളികളിൽ നിന്ന് ഉണ്ടാകേണ്ടതുണ്ട്. ആഭ്യന്തരപ്രവാസികളുടെ സമാഹാരങ്ങൾ പഠന സാധ്യതയുള്ള മേഖലയാണ്. പ്രവാസം സൃഷ്ടിക്കുന്ന സ്വത്വപ്രതിസന്ധി കുറെയൊക്കെ അഭിസംബോധന ചെയ്യാൻ 'ചൈസു', 'സാവിത്രി', 'പ്രവാസിയെ വില്പനയ്ക്ക്' എന്നീ കഥ കൾക്ക് കഴിയുന്നു. 'ചൈസു', 'ഹൺ ടിംഗ്ഡൻ താഴ്‌വരയിലെ സന്ന്യാസിക്കിളികൾ', 'ജർമ്മനിയിൽനിന്ന്' 'ഒരുപിടി മണ്ണ്' എന്നീ കഥകൾ സ്ത്രീസ്വത്വാവിഷ്കാരത്തിനുദാഹരണങ്ങളാണ്. അടി ത്തട്ടിലെ മനു ഷ്യരുടെ പ്രതിസന്ധികൾക്കു മുമ്പിൽ രാജ്യാതിർത്തി അദൃശ്യ മാകുന്നതെങ്ങനെയെന്ന് 'ഒസാമ'യിലെ ഒസാമയും നൂറു ദ്ദീനും കാട്ടിത്തരുന്നു. 'സക്കർഫിഷ്' എന്ന കഥയിൽ അടിസ്ഥാ നവർഗ്ഗത്തിൽപ്പെട്ട പ്രവാസിയുടെ സ്വത്വപരിണാമം വിഷയീഭവി ക്കുന്നു. നവീനമായ ആഖ്യാനരീതി ആ കഥയെ അതുല്യ മാക്കുന്നു. യാഥാർഥ്യത്തിന്റെയും മാജിക്കൽ റിയലിസത്തിന്റയും തലങ്ങളിൽനിന്നുകൊണ്ട് സക്കർഫിഷു അതെ രൂപത്തിലാകുന്ന പ്രവാസിത്തൊഴിലാളികളുടെ രൂപകമാകുന്നു. സമൂഹം മനുഷ്യർ

ക്കുമേൽ ചാർത്തിക്കൊടുത്തിരിക്കുന്ന സങ്കല്പങ്ങൾ അവരെ നിരന്തരം വേയ്ക്കു വിട്ടുകൊടുക്കുന്ന സാഹചര്യമാണ് 'സീബ്ര'യിലേതും. ശരീരത്തിന്റെ രാഷ്ട്രീയം മാർട്ടിൻ എന്ന കഥാപാത്രത്തിലുണ്ട്. മാർട്ടിന്റെയും റീനയുടെയും രൂപഭാവങ്ങളാണ് അവരെ ആജ്ഞാനുവർത്തികളാക്കുന്നത്. വ്യക്തിസ്വത്വത്തിന്റെ കണ്ടെത്തലാണ് ഈ കഥാപാത്രങ്ങളെ സാഹസികരാക്കുന്നത്. 'സീബ്ര'യിലും 'സക്കർഫിഷി'ലും ഒരുപോലെ കാണപ്പെടുന്ന ഘടകമാണ് കറുപ്പ്. ബാഹ്യമായ കറുപ്പുനിറം മാർട്ടിനെ 'വില്ലനാ'ക്കുന്നതിനു സമാനമായി അതു ഖലീലിനെ സക്കർഫിഷാക്കുന്നു.

**കുറിപ്പുകൾ**

1. ബഷീർ, എം. എം., മലയാളചെറുകഥാസാഹിത്യചരിത്രം (1950 2007), 2008, പേജ് 761.
2. മുക്കാടൻ, ജർമ്മനിയിൽനിന്നും ഒരുപിടി മണ്ണ്, 30 ജനുവരി, 2024, ഇ.മലയാളി.com
3. മൻസൂർ നിലമ്പൂർ, പ്രവാസിയെ വില്പനയ്ക്ക്, 27 നവംബർ 2020, എഴുത്തിടം, മനോരമ ഓൺലൈൻ.
4. "If I describe myself in terms of ethno-nationality, I'd say I'm an American writer of Bengali-Indian origin" - Bharati Mukherjee (Holders of the word : An Intervew with Bharati Mukerjee by Tina chen and S.X. Goudie, University of California, Berkeley), 1997
5. സോണിയ റഫീക്ക്, മലയാളിയെ ദൂരെ നിന്ന് കാണാനും വിലയിരുത്താനും സഹായിക്കുന്ന പ്രവാസം, 27 ഒക്ടോബർ, 2021, സമയം മലയാളം.

**ഗ്രന്ഥസൂചി**

1. ബെന്നി കുര്യൻ (എഡിറ്റർ), അമേരിക്കൻ കഥക്കൂട്ടം, ഗ്രീൻ ബുക്സ്, തൃശ്ശൂർ, 2022
2. പ്രവീൺ, കെ.വി., ഓർമ്മച്ചിപ്പ്, ഡി.സി. ബുക്സ്, കോട്ടയം, 2017

3. മുരളി ജെ. നായർ, ഹൺടിംഗ്ഡൻ താഴ്വരയിലെ സന്ന്യാസി ക്കിളികൾ, ഗ്രീൻ ബുക്സ്, തൃശ്ശൂർ, 2015
4. മുഹമ്മദ്, എ. എം., എ.എം. മുഹമ്മദിന്റെ തിരഞ്ഞെടുത്ത കഥകൾ, കറൻറ് ബുക്സ്, കോട്ടയം, 2019
5. ശിവദാസ് കെ.കെ., പ്രവാസം പ്രതിനിധാനവും സർഗ്ഗാത്മ കതയും, ഇൻസൈറ്റ് പബ്ലിക്ക, കോഴിക്കോട്, 2019
6. സോണിയ റഫീക്ക്, ഇസ്തിരി, ഡി.സി. ബുക്സ്, കോട്ടയം, 2017
7. സോണിയാ റഫീക്ക്, പെൺകുരിശ്, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2017
8. റഫീഖ് മേമുണ്ട (എഡിറ്റർ), പെൺപ്രവാസം, ഒലിവ് പബ്ലി ക്കേഷൻസ്, കോഴിക്കോട്, 2014

**ജേർണൽ**

1. തുടി (റിസർച്ച് ജേർണൽ), വാല്യം 8 (1), കണ്ണൂർ സർവ കലാശാല മലയാളവിഭാഗം, 2020

# അഭയാർത്ഥിത്വം മലയാളചെറുകഥയിൽ

**സ്റ്റെഫിൻ നാരായണൻ**
ഗവേഷകൻ, മലയാളവിഭാഗം
കേരളസർവ്വകലാശാല

"Once we had a country and we thought it fair, Look in the atlas and you'll find it there: We cannot go there now, my dear, we cannot go there now"

Refugee Blues - W.H. Auden

വംശം, മതം, ദേശീയത, സാമൂഹ്യസംഘടനകളിലെ അംഗത്വം എന്നിവ മൂലം, ആക്രമിക്കപ്പെടുമെന്ന ഭയത്താൽ നാടും വീടും ഉപേക്ഷിച്ചു പോകേണ്ടി വരുന്നവരാണ് ഐക്യരാഷ്ട്രസഭയുടെ 1951 ലെ അഭയാർത്ഥി കൺവൻഷൻ പ്രകാരം അഭയാർത്ഥികൾ. ദേശവും സമ്പത്തും നഷ്ടമായി മറ്റൊരു രാജ്യത്തിന്റെ ആശ്രയത്വത്തിന് യാചിക്കേണ്ടി വരുന്നവരാണ് അഭ യാർത്ഥികൾ. ഒറ്റരാത്രികൊണ്ട് നാടില്ലാത്തവരായി അവർ മാറുന്നു. അനിശ്ചിതത്വം നിറഞ്ഞ ഭാവിയിലേക്ക് അഭയാർത്ഥികൾ എറിയ പ്പെടുന്നു. പ്രകൃതി ദുരന്തം മൂലം പലർക്കും വീടുവിട്ട് പോകേണ്ടി വരുന്നു. United Nations High Commissioner for Refugeesന്റെ കണക്കനുസരിച്ച്, ലോകമൊട്ടുക്കു 65.3 ദശലക്ഷം പേർ നിർബന്ധിതമായി കുടിയിറക്കപ്പെടുന്നു. പ്രതിദിനം നാല്പതിനായിരത്തിലേറെ ജനങ്ങൾ സുരക്ഷിതത്വം തേടി യാത്രതിരിക്കുന്നു. പ്രശ്നം വർദ്ധിച്ചതോടെ കാരണങ്ങളും പ്രത്യാഘാത ങ്ങളും വിശകലനം ചെയ്യുന്ന അഭയാർത്ഥിപഠനങ്ങൾ വികസിച്ചു. സാഹിത്യത്തിലും കുടിയേറ്റം സ്ഥാനം പിടിച്ചു. വിവിധ ഭാഷകളിൽ അഭയാർത്ഥിത്വം വിഷയമായി പുസ്തകങ്ങളുണ്ടായി. എസ്. കെ. പൊറ്റെക്കാട്ടിന്റെ 'മലയാളത്തിന്റെ ചോര', എം. ടി. വാസുദേവൻ നായരുടെ 'അഭയംതേടി', കാക്കനാടന്റെ 'ജാപ്പാണപ്പുകയില', സി.വി.

ശ്രീരാമന്റെ 'വാസ്തുഹാര', എൻ.എസ്. മാധവന്റെ 'വൻ മരങ്ങൾ വീഴുമ്പോൾ' എന്നീ കഥകൾ അഭയാർത്ഥിത്വം കേന്ദ്ര പ്രമേയമായവയാണ്. ബെന്യാമിൻ, കെ. വി. മണി കണ്ഠൻ എന്നിവരുടെ 'ആഡീസ് അബാബ', 'അഫ് രാജ്' എന്നീ കഥകൾ ഈ ഗണത്തിൽപ്പെടുന്നു. തീക്ഷ്ണമായ ജീവിതയാഥാർത്ഥ്യങ്ങൾ വീര്യം ചോർത്തിക്കളയാതെ അവർ കഥകളിൽ അവതരിപ്പിക്കുന്നു.

'ആഡീസ് അബാബ'യിൽ അഭയാർത്ഥികളായ മനുഷ്യരുടെ ജീവിതപ്രശ്നങ്ങളാണ് ആവിഷ്കരിക്കുന്നത്. ജനിച്ച മണ്ണിൽനിന്നും പലായനം ചെയ്യേണ്ടിവരുന്ന കഥാപാത്രങ്ങൾ. പറി ച്ചുമാറ്റപ്പെട്ട സ്ഥലരാശി ഓർമ്മയിൽ കൊണ്ടുനടക്കുകയും ഒന്നും ചെയ്യാനാവാതെ സമൂഹത്തിൽ ഏകാകികളായിത്തീരുന്നു. എത്യോപ്യയിലെ കമ്പനിയിൽ ജോലി ചെയ്യുന്ന മലയാളിയായ തോമസ് ചാണ്ടി നെടുവേലിപ്പറമ്പിൽ എന്ന കഥാപാത്രത്തിലൂടെയാണ് ബെന്യാമിൻ ആഖ്യാനം നിർവഹി ക്കുന്നത്. പട്ടാളത്തിൽ ഉന്നത ഉദ്യോഗസ്ഥനായ അമേരിക്കക്കാരൻ കെവിൻപീറ്ററുമായി തോമസ് ചാണ്ടി പരിചയത്തിലാവുന്നതാണ് കഥയുടെ ആരംഭം. മിലിട്ടറിക്വാട്ടയിൽ തരപ്പെടുന്ന മദ്യം വാങ്ങി മേടിക്കാൻ തോമസ് ചാണ്ടി ഒരുദിവസം കെവിന്റെ ഫ്ളാറ്റിലെത്തുന്നു. അവിടെവെച്ച് അദ്ദേഹത്തിന്റെ ഭാര്യ, ആഫ്രിക്കക്കാരി റോസ് വില്യംസുമായി സൗഹൃദത്തിലാവുന്നു. വഴിയേ ആ സൌഹൃദം ബലപ്പെടുകയും ദൈന്യപൂർണമായ ജീവിതാനുഭവങ്ങൾ റോസ്, തോമസിനോട് വിവരിക്കുന്നതുമാണ് ഇതിവൃത്തം.

എത്യോപ്യയിലെ പത്താം പ്രവിശ്യയിൽപ്പെടുന്ന ഗിയോൻ നദിക്കരികിലുള്ള ഹോസൈന എന്ന ചെറുപട്ടണത്തിലാണ് റോസ് വില്യംസിന്റെ ജനനം. ജീവിതത്തിലെ താത്കാലിക സംവിധാനങ്ങൾ പോലെയാണ് റോസ് വില്യംസ് എന്ന പേര്. എലേനി ഹദിയ സാസി എന്നതാണ് യഥാർത്ഥ നാമം. എത്യോപ്യയുടെ ഭരണം പ്രമുഖ ഗോത്രവിഭാഗങ്ങളായ അംഹാര ഓറോമ വംശജ രുടെ കൈവശമാണ്. മുപ്പതു ശതമാനത്തിലധികം വരുന്ന അവർ ക്കിടയിൽ വെറും രണ്ടു ശതമാനം മാത്രം വരുന്ന

ഹദിയ വംശത്തിലുൾപ്പെട്ടവളാണ് എലേനി. ഒരുകാലത്ത് എത്യോപ്യൻ മണ്ണ് അടക്കി ഭരിച്ചിരുന്നവരായിരുന്നു ഹദിയർ. പതിനാറാം നൂറ്റാണ്ടിലെ പേരുകേട്ട ഭരണാധികാരി എലേനി രാജ്ഞിയുടെ അനന്തരാവകാശിയാണ് താനെന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് എലേനി ഹദിയ സാസി എന്ന പേര് അവർ സ്വീകരിക്കുന്നത്. എത്യോപ്യ പട്ടിണിയുടെയും മരുഭൂമിയുടെയും നാടാണെങ്കിലും ഹോസൈന വ്യത്യസ്തമായിരുന്നു. പുൽമേടുകളും കാപ്പിത്തോട്ടങ്ങളും കന്നുകാലികളുംകൊണ്ട് സമ്പൽസമൃദ്ധമായ, പട്ടിണിമൂലം കുട്ടികൾ മരിക്കേണ്ടി വന്നിട്ടില്ലാത്ത പ്രദേശം. ഫലഭൂയിഷ്ഠമാർന്ന ആ സ്ഥലത്തിനുമേൽ ആഡീസ് അബാബയുടെ ഭരണത്തിലുള്ള പിടി മുതലാക്കി അംഹാര ഓറോമ വംശജർ കൈയൂക്കുകൊണ്ട് അധികാരം പിടിച്ചെടുക്കുന്നു. എറിത്രിയൻ വിമോചന സമരത്തിന്റെ ഭാഗമായി 1993-ൽ എറിത്രിയ സ്വതന്ത്രരാജ്യമായപ്പോൾ, അവർക്ക് രഹസ്യമായി പിന്തുണ നൽകിയെന്ന ആരോപണത്തിന്റെ മറപിടിച്ചായിരുന്നു ആ നീക്കം. ആഭ്യന്തരകലാപത്തിനിടയിൽ ദേശമുപേക്ഷിച്ച് എലേനി അലച്ചിലാരംഭിക്കുന്നു. വീടും നാടും നഷ്ടപ്പെട്ട എലേനി ഹദിയ സാസി അഭയാർത്ഥിത്വ ത്തിന്റെ പ്രഹരം അനുഭവിച്ചുതുടങ്ങുന്നു.

അഭയാർത്ഥികൾ ജൈവികസ്വത്വം നഷ്ടപ്പെടുന്നവരാണ്. അവർക്ക് വംശത്തുടർച്ച നഷ്ടമാവുന്നു. ബന്ധുജനങ്ങളെ നഷ്ട പ്പെടുന്നു. ഭാഷയും സംസ്കാരവും പ്രതിസന്ധിയിലാവുന്നു. എലേ നിയുടെ വംശം ദേശദ്രോഹികൾ എന്നാണ് മുദ്രകുത്തപ്പെട്ടത്. ദേശ വ്യാപകമായ ആക്രമണം ഹോസൈനയിൽനിന്ന് അവരെ ആട്ടി പ്പായിച്ചു. അവൾക്ക് പിതാവിനെയും സഹോദരന്മാരെയും നഷ്ട പ്പെട്ടു. ബാറിലെ ജോലിയെക്കുറിച്ച് തോമസ് അന്വേഷിക്കുമ്പോൾ 'ബാർ ജീവിതമൊക്കെ ഒരു നേരംപോക്ക്, പിന്നെ സ്വന്തം ഗോത്ര ക്കാരുമായി ആശയവിനിമയം നടത്താനുള്ള ഒരു ഇടത്താവളം' എന്നാണ് മറുപടി. സ്വന്തം ഗോത്രക്കാരോടൊപ്പം ആഫ്രിക്കൻ രീതിയിലുള്ള ചില ആചാരങ്ങൾ എലേനി അനുഷ്ഠി ക്കുന്നു. കറുത്തവരായ ആഫ്രിക്കക്കാർ നിറഞ്ഞ ഇടുങ്ങിയ ഫ്ളാറ്റുമുറിയിൽ,

വലിയ മുത്തുമാലകൾ കഴുത്തിൽ വാരിയണിഞ്ഞ്, പുരാതന രീതിയിലുള്ള വസ്ത്രധാരണവുമായി സിംഹാസനംപോ ലെയുള്ള വലിയ കസേരയിൽ എലേനി ഹദിയ സാസി ഇരിക്കുന്നു. മനസിലാവാത്ത ഭാഷയിൽ പാട്ടുപാടി മദ്ദളത്തിന്റെ താളത്തിനനു സരിച്ച് ചുവടുവെയ്ക്കുന്ന ഗോത്രക്കാർ വരിവരിയായി നിന്ന് എലേനിയുടെ കൈകളിൽ ചുംബിക്കുകയും സമ്മാനപ്പൊതി സമർപ്പിക്കുകയും ചെയ്യുന്നു. നാടില്ലാതാവുന്നവർ പരസ്പരം സം സാരിക്കാൻ മദ്യശാലയെ ആശ്രയിക്കേണ്ടിവരുന്നതും, ആചാരാ നുഷ്ഠാനങ്ങളുടെ ഇടങ്ങൾ ഇടുങ്ങിയ ഫ്ളാറ്റുമുറിയിലേക്ക് ചുരു ങ്ങിപ്പോകുന്നതും അഭയാർത്ഥിത്വത്തിന്റെ അനന്തരഫലമാണ്.

തോമസ് ചാണ്ടി നെടുവേലിപ്പറമ്പിൽ, എലേനി ഹദിയ സാസി, കെവിൻപീറ്റർ താമസിക്കുന്ന അപ്പാർട്ടുമെന്റിലെ പഞ്ചാബി സെക്യൂരിറ്റി എന്നീ കഥാപാത്രങ്ങൾ മാനസികമായ അടിമത്ത ത്തിനു വഴങ്ങിയവരാണ്. മനപ്പൂർവമല്ല അത്തരമൊരു സ്ഥിതിവി ശേഷം സംജാതമാകുന്നത്. നിലനിൽപ്പിനുവേണ്ടിയുള്ള മനുഷ്യ ന്റെ സഹജവാസനയുടെ ഭാഗമാണത്. വെള്ളക്കാർ ടി.സി.എൻ എന്ന ചുരുക്കപ്പേരിൽ വിളിക്കുന്നത് തോമസ് ചാണ്ടി നെടുവേ ലിപ്പറമ്പിൽ എന്ന പേരിന്റെ ചുരുക്കരൂപമല്ലെന്നും, തേർഡ് കൺട്രി നാഷണൽ അഥവാ മൂന്നാംലോകരാജ്യ ദരിദ്രവാസികളെ അപ്പാടെ യാണെന്ന് തോമസ് മനസിലാക്കുമ്പോൾ അതുവരെയുണ്ടായിരുന്ന ഗരിമയിൽ അയാൾക്ക് മനംപിരട്ടുന്നു. ‘നീയൊരു ടി.സി.എൻ. ഞാനുമൊരു ടി.സി.എൻ. കൂടുതലായി എല്ലാവരുടെയും മുന്നിൽ ഞാനൊരു ആഫ്രിക്കൻ ചെറ്റ. നൈജർ! കറുമ്പി! അതിലപ്പുറം ഒന്നുമില്ല’ എന്ന് എലേനിയും പ്രഖ്യാപിക്കുന്നു. അമേരിക്കക്കാ രനായ കെവിൻപീറ്ററിന്റെ സൌഹൃദം സ്ഥാപിക്കാൻ മാത്രം വലു തായവനെന്ന് ഗർവ്വോടെ ചിന്തിക്കുന്നയാളാണ് തോമസ് ചാണ്ടി. കെവിന്റെ ഭാര്യാപദവി ശത്രുക്കളിൽനിന്നുള്ള രക്ഷാകവചമാണ് എലേനിക്ക്. ഒരു അമേരിക്കൻ പട്ടാള ഓഫീസറുടെ ഫ്ളാറ്റിൽ കയറി തന്നെ തട്ടാനൊന്നും അവരായിട്ടില്ല എന്ന വിശ്വാസമാണ് അവൾ ക്കുള്ളത്. ഹോസൈനയിൽനിന്ന് ജിബൂട്ടിയിലേക്കും അവിടുന്ന് മറ്റൊരിടത്തേക്കും പലായനം ചെയ്യുന്ന എലേനി, കഥയുടെ അവ

സാനത്തിൽ തുടർന്നുള്ള ജീവിതം ഇറ്റലിയിലാണെന്ന് തോമസിനോട് സൂചിപ്പിക്കുന്നുണ്ട്. നഷ്ടപ്പെട്ട സ്വത്തുക്കൾ വീണ്ടെടുക്കാൻ സഹോദരൻ കേസ് നടത്തുന്നുണ്ടെന്ന കാര്യം എലേനിക്ക് പ്രതീക്ഷ നൽകുന്നുണ്ടെങ്കിലും, സുരക്ഷിതമല്ലാത്ത ഭാവിയാണ് എലേനിയെ കാത്തിരിക്കുന്നതെന്ന് ധ്വന്യാത്മകമായി പറഞ്ഞുകൊണ്ടാണ് 'ആഡീസ് അബാബ' അവസാനിക്കുന്നത്.

കെ. വി. മണികണ്ഠന്റെ 'അഫ്റാജ്' വാസവും പ്രവാസവും സൃഷ്ടിക്കുന്ന ജീവിതസങ്കീർണതകൾ നിറഞ്ഞ കഥയാണ്. മലബാറിലെ തദ്ദേശീയഭാഷയിലാണ് ആഖ്യാനം. ജാസിം എന്ന മുപ്പതുകാരൻ, ടി. വി ജേണലിസ്റ്റായ എലിസബത്ത്, തെരേസ എന്ന ലൈംഗികത്തൊഴിലാളി എന്നിവ രാണ് കഥാപാത്രങ്ങൾ. പാതി മലയാളിയും പാതി അറബിയുമാണ് ജാസിം. അയാളുടെ അസാധാരണ ജീവിതം എലിസബത്തിനു വിവരിച്ചുകൊടുക്കുന്ന രീതിയിലാണ് കഥാഘടന.

ജാസിമിന്റെ പിതാവ് മലബാറികളുടെ ഭാഷയിൽ ഒന്നാന്തരം ലോക്കലറബിയാണ്. ഒറിജിനൽ എമറാത്തി അറബി. പണ്ടൊരിക്കൽ മലബാറിൽ വന്ന സമയത്ത് ജാസിമിന്റെ ഉമ്മയെ അറബിക്കല്ല്യാണം നടത്തി കൂട്ടിക്കൊണ്ടുപോയതാണ്. ആ ദമ്പതികളുടെ ഏഴുമക്കളിലൊരുവനാണ് ജാസിം. അന്യരോട് അനാവശ്യമായി അടിപിടിയുണ്ടാക്കുക, കള്ളുകച്ചവടം നടത്തുന്നവരിൽനിന്ന് കള്ളു മോഷ്ടിക്കുക, ക്രൂരത ചെയ്യുന്നതിൽ ആനന്ദം കണ്ടെത്തുക എന്നീ പ്രവൃത്തികൾ ചെറുപ്രായത്തിൽ ജാസിമിന് താത്പര്യമായിരുന്നു. അതിന്റെ പേരിൽ അയാൾ ജയിലിലാവുകയും ചെയ്യുന്നു. ഒരുപ്രാവശ്യം സ്ത്രീകളെ വിൽപ്പന നടത്തുന്ന സംഘത്തിൽനിന്നും ശ്രീലങ്കക്കാരിയായ പെൺകുട്ടിയെ രക്ഷിക്കാൻ ജാസിം ശ്രമിക്കുന്നു. പോലീസ് അയാളെ അറസ്റ്റു ചെയ്യുന്നു. മൂന്നുമാസത്തെ തടവുകാലത്ത് ജയിലുദ്യോഗസ്ഥനെ ജാസിം ആക്രമിക്കുകയും, അതിന്റെ ശിക്ഷയായി ഉമ്മയുടെ രാജ്യമായ ഇന്ത്യയിലേക്ക് ഭരണകൂടം അയാളെ നാടുകടത്തുകയും ചെയ്യുന്നു.

എമറാത്തിൽ പാസ്പോർട്ട് കിട്ടാത്ത സാഹചര്യത്തെക്കുറിച്ച്

അയാൾ എലിസബത്തിനോട് പറയുന്നു. 'എനിക്ക് എമറാത്തി ജവാസത്തിനു പേപ്പറു കൊടുത്തില്ല. കൊടത്തതാ. ജയിലിലു കിട ന്നോണ്ട് അത് ആദ്യം തള്ളി. അന്ന് ബാബ വിചാരിച്ചാ ശര്യാ ക്കാർന്ന്. അത് ചെയ്തില്ല! ഞങ്ങളു ഇങ്ങനെ ബാബ മാത്രം അറ ബ്യായോര് കുറേണ്ടവിടെ. അവരട്യ്യാക്കെ എറ്റും വല്ല്യ കിനാവാണ് ജവാസത്ത്. പാസ്പോർട്ട്ന്ന് മ്മളു ഇവടെ പറയണ സാധനം. അത് കിട്ടണവരെ നമ്മള് അവടെ വരത്തരാ. എന്റെ ചേട്ടന്മാർക്കും അനീ ത്തിമാർക്കും അനിയനും ഒർജിനൽ എമറാത്തികളായ്. ഞാൻ മാത്രം ഇങ്ങനെ തെരേസ പറയുമ്പോലെ കോക്കാനുമല്ല മരപ്പട്ടീ മ്മല്ലാണ്ട്'. ബാപ്പയുടെയും ഉമ്മയുടെയും രാജ്യം ജാസിമിന് സ്വന്ത മല്ല. അയാൾ മേൽവിലാസമില്ലാത്തവനാണ്. നാടുകടത്തപ്പെട്ട് ബാഗും ധരിച്ച തുണിയുമായി എയർപോട്ടിനു മുന്നിൽ ജാസി മെത്തുമ്പോൾ അയാളുടെ ഉള്ളിൽ വ്യക്തമല്ലാത്ത ചോദ്യ ങ്ങളുടെ വേലിയേറ്റമുണ്ടാകുന്നു. തന്റെ കഥ മറ്റുള്ളവർക്ക് രസിക്കും, പക്ഷേ തനിക്ക് അങ്ങനെയല്ല എന്ന് ജാസിം പറയുന്നു. സമൂഹവും ഭരണകൂടവും പുറംതള്ളിയ ഒരുവന്റെ തുറന്നു പറച്ചി ലാണത്. 'കടലിനറ്റത്ത് ഒരു പക്ഷി ഒറ്റയ്ക്ക് പറക്കുന്നു. പൊന്തുന്ന തിരമാലകളുടെ മുനമ്പ് ചേക്കേറാറുള്ള ചില്ല എന്ന് വിചാരിക്കു മ്പോലെ ആ പക്ഷി കടലിനെ തുടർച്ചയായി തൊട്ടകന്നുകൊണ്ടി രിക്കുന്നു', 'നോക്കിയിരിക്കേ അയാൾക്കുള്ളിൽ ഒരു കടലിരമ്പിയാ ർക്കുന്നുണ്ടെന്ന് വ്യക്തമായി', 'കടല്യേപ്പോണത് മൂപ്പൻ വെലക്ക്യ ആ ബഷീറില്ലേ, അസ്സല് മരയ്ക്കാൻ. അവനോടൊന്ന് പോയ് ചോയ്ക്ക്. കടലൊഴിച്ചുള്ള ഈ ദുനിയാവ് മുഴോൻ ഒരു ബല്ല്യ ജയിലാന്ന് ഓൻ പറയും' എന്നീ വാക്യങ്ങളിലൂടെ ജാസിമിന്റെ നിസ്സഹായാവസ്ഥ കഥാകൃത്ത് വെളിപ്പെടുത്തുന്നു.

കാണാത്ത, കേട്ടറിവു മാത്രമുള്ള രാജ്യത്തേക്കാണ് ജാസി മിനെ അറബികൾ നാടുകടത്തിയത്. മുംബൈ, ചെന്നൈ, ഹൈ ദരാബാദ് തുടങ്ങിയ മഹാനഗരങ്ങളിൽ അയാൾ അലഞ്ഞിട്ടുണ്ട്. 'വെശന്നട്ടാ എന്റടുത്ത് പാത്തും പതുങ്ങീം ആളോള് വരണത്. മറ്റേ വെശപ്പ്. പക്ഷേ ഈ ചെറുക്കൻ മാത്രാ വയറ് വെശന്ന്ട്ട് വന്നത്' എന്ന് ലൈംഗികത്തൊഴിലാളിയായ തെരേസ പറയുന്നു. കഠിനമായ

ജീവിതാനുഭവങ്ങളെ അതിജീവിച്ച ഭൂതകാലമാണ് ജാസിമിനുള്ള തെന്ന് വ്യക്തമാകുന്നു. നാട്ടുകാരിൽ ചിലർ തെരേസ യെയും ജാസിമിനെയും ഉൾപ്പെടുത്തി എരിവുള്ള കഥകൾ മെന ഞ്ഞെടുത്ത് പോലീസിന് പരാതി നൽകുന്നു. ജാസിം വീണ്ടും അറ സ്റ്റിലാവുന്നു. വിരട്ടിവിടാൻ പൊക്കിയതാണെന്ന് എസ്. ഐ. പറ യുന്നു. ജീവിക്കുന്ന ഇടങ്ങൾ മാറുന്നുണ്ടെങ്കിലും സമൂഹവും അധി കാരശക്തികളും വ്യക്തികളെ പരിചരിക്കുന്ന രീതിയിൽ മാറ്റമു ണ്ടാകുന്നില്ല. അഭയാർത്ഥിയായ ജാസിം ഒരിടത്തും സുരക്ഷിതനല്ല. അഫ്റാജ് മോചനമല്ല, കുടുങ്ങിക്കിടക്കലുമാണെന്ന കഥാന്ത്യ ത്തിലെ ഊന്നലാണ് കഥയുടെ സാരം. ജയിലിനു പുറത്തുള്ള ലോകം ജയിലിനുള്ളിലെ സിൻസാനയേക്കാൾ ക്രൂരമാണ്. ജാസിം ആ ലോകത്തിന്റെ ഇരയാണ്. അഭയം പ്രാപിക്കുന്ന ഇടങ്ങളെല്ലാം അയാളെ കുടുക്കിലാക്കുന്നു. അപ്പോഴെല്ലാം എലിസബത്ത് പറയു ന്നതുപോലെ, അയാളിൽ അറബി കിടന്ന് തിളയ്ക്കുന്നുണ്ടെന്ന സത്യം ഇല്ലാതാകുന്നില്ല.

വ്യക്തിക്ക് അല്ലെങ്കിൽ ജനസമൂഹത്തിന് സ്വന്തം രാജ്യത്തു നിന്ന് പലായനം ചെയ്യേണ്ടി വരുന്നതിന് പല കാരണങ്ങളുണ്ട്. അഭയാർത്ഥിത്വത്തിന്റെ ദുരിതം പേറുന്നവർക്ക് ആ മേൽവിലാസ ത്തിൽ ജീവിക്കേണ്ടിവരുന്നു. എലേനി ഹദിയ സാസിയെപ്പോലെ യും ജാസിമിനെപ്പോലെയുമുള്ളവർ എവിടെയെങ്കിലും കാലുറപ്പി ക്കാൻ ഇടംതേടുന്ന നിസ്സഹായരായ മനുഷ്യരുടെ പ്രതിനിധിക ളാണ്. അവർ അഭയം നൽകിയ രാജ്യത്തിന്റെ പുരോഗതിയിൽ ഏതൊക്കെ രീതിയിൽ ഭാഗഭാക്കായാലും അഭയാർത്ഥികൾ എന്ന വിളിപ്പേരിൽനിന്ന് മോചനമില്ല.

സമൂഹജീവിയായി മാറുന്നതുമുതൽ മനുഷ്യർ അവരുടെ യാത്ര തുടങ്ങുന്നു. ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നതിൽനിന്ന് യുദ്ധങ്ങളുടെയും വെട്ടിപ്പിടിക്കലിന്റെയും കഥ പറയുന്ന ചരിത്രസ ന്ധികളിലെല്ലാം അഭയാർത്ഥികൾ രൂപപ്പെടുന്നു. പ്രകൃതിയും മഹാ മാരിയും പലായനത്തിന് പുതുനിർവചനം നൽകുന്നു. യുദ്ധവും ദാരിദ്രവും തീർക്കുന്ന അഭയാർത്ഥിനിര തുടരുന്നു. തുർക്കി യിലെ ബ്രോഡം കടൽത്തീരത്ത് മണൽത്തരികളിൽ കമിഴ്ന്നുകിട ക്കുന്ന

ഐലൻ കുർദിയുടെ കരളുപിളർക്കുന്ന ഓർമ യുക്രൈനി ലെയും പലസ്തീനിലെയും സംഘർഷഭൂമിയിലെ പലായനത്തിന് അവസാനം കുറിക്കുന്നില്ല. ലോകത്തിന്റെ പുറമ്പോക്കുകളിലേക്ക് മാറ്റിനിർത്തപ്പെടുന്ന ജനതയുടെ കഥ, പൗരത്വത്തിന്റെ പേരിൽ ന്യൂനപക്ഷങ്ങൾ അഭയാർത്ഥികളായിത്തീരുന്ന കഥ ആവർത്തി ക്കുന്നു.

**ഗ്രന്ഥസൂചി**

1. ബെന്യാമിൻ, കഥകൾ, ഡി.സി. ബുക്സ്, 2019.
2. മണികണ്ഠൻ കെ.വി., ഭഗവതിയുടെ ജട, ഡി.സി. ബുക്സ്, 2019.
3. Gill Loescher, Refugees; A very short Introduction, Oxford University Press, 2021.
4. Anna Triandafyllidou, Routledge Handbook of Imigration and Refugee Studies, Routledge, 2023.

oo

# ‘കറ’യിലെ ദേശാന്തരയാത്രകൾ

**ഡോ. സൗമ്യ ബേബി**
അസോസിയേറ്റ് പ്രൊഫസർ,
മലയാളവിഭാഗം, സെന്റ് തെരേസാസ് കോളേജ്, എറണാകുളം

ബൈബിൾ നിരന്തരയാത്രയുടെയും, പ്രവാസത്തിന്റെയും, ചരിത്രകഥകളുടെയും ആഖ്യാനമാണ്. ചരിത്രവും ഭാവനയും ചേർന്നുപോകുന്നവയല്ല. ഓരോ കൃതിയുടെയും നിലനിൽപ്പ് ഭാവനയുടെയും ചരിത്രത്തിന്റെയും പുരാവൃത്തങ്ങളുടെയും ബുദ്ധിപൂർവ്വമായ ഏകോപനമാണ്. ചരിത്രത്തിലെ ഗർത്തങ്ങളുടെയും വിടവുകളെയും പൂരിപ്പിക്കാൻ ഭാവനസഹായകമാകും.

പഴയ നിയമത്തിലും പുതിയ നിയമത്തിലും– പ്രവാസത്തിന്റെ ആഖ്യാനാനുഭവം കാണാം. ഉത്പത്തി പുസ്തകത്തിൽ അബ്രഹാം സ്വദേശമായ ‘ഉർ’ വിട്ട് കനാൻ ദേശത്തേക്ക് യാത്രയാകുന്നതോടെ പലായനമാരംഭിക്കുന്നു[1]. ഇസ്രയേൽ ജനം ഈജിപ്തിൽ അടിമകളായത്, ഇസ്രയേല്യരെ മോചിപ്പി ച്ചുകൊണ്ടുള്ള തുടർയാത്ര, അസീറിയരുടെയും ബാബിലോണിയരുടെയും കീഴിലുള്ള ജീവിതം എന്നിവ കൂടാതെ പുതിയ നിയമത്തിൽ ക്രിസ്തുവിന്റെ ജനനത്തിനായുള്ള പലായനം വരെ ബൈബിൾ നിരന്തര യാത്രകളുടെ ആഖ്യാനമാണ്.

ഉൽപ്പത്തി പുസ്തകത്തിൽ വിവരിക്കുന്ന അബ്രഹാമാണ് പ്രവാസിയായ നയിക്കുന്ന ആദ്യവ്യക്തി. ഉർ പട്ടണത്തിന്റെ ശിൽപ്പിയായിരുന്ന തേരഹിന്റെ പുത്രനാണ് അബ്രഹാം. നാബോർ, ഹാരാൻ എന്നീ രണ്ടു മക്കൾ കൂടി അദ്ദേഹത്തിന് ഉണ്ടായിരുന്നു. സമ്പദ്സമൃദ്ധമായിരുന്ന ഉർ ദേശത്തുവെച്ച് ഹാരൻ മരിക്കുന്നു. തുടർന്ന്, തേരഹും മക്കളും ഹാരാൻ ദേശത്തേക്ക് യാത്രയാകു

ന്നു. തേരഹ് ഹാരാനിൽ വെച്ച് മരിക്കുന്നു. തുടർന്ന് അബ്രഹാം, ഹാരാന്റെ മകൻ ലോത്ത് എന്നിവരടങ്ങുന്ന സംഘം ശേഖേം, ബഥേൽ എന്നിവിടങ്ങളിലൂടെ സഞ്ചരിച്ച് കനാനിൽ എത്തുന്നു. ഈജിപ്ത്, നെഗബ് എന്നീ സ്ഥലങ്ങളിലേക്കും പലായനം തുടരുന്നു.

ഈ യാത്രക്കിടയിൽ അബ്രഹാമും ലോത്തും പിരിയുന്ന ഇടം മുതലാണ് സാറാജോസഫിന്റെ 'കറ' രൂപംകൊള്ളുന്നത്. സമ്പന്നതയുടെ കറ വേലക്കാർക്കിടയിൽ യുദ്ധമാകുമ്പോൾ പുതിയ പ്രവാസവ്യവസ്ഥ രൂപം കൊള്ളുന്നു. സഞ്ചാരജീവിതം നയിച്ചിരുന്ന അബ്രഹാമും ലോത്തും അതിരുകൾ ചേർത്ത് ഭൂപടം പുനർനിർമ്മിക്കുന്നു. ആ അതിരും ഭേദിച്ച് പ്രവാസികളാകുന്ന ജനതയുടെ കഥയാണ് കറ. അധികാരം, മതം, സ്ത്രീവിരുദ്ധത, സദാചാരം, പീഡിപ്പിക്കപ്പെടുന്ന കുട്ടികൾ, ലഹരി എന്നിങ്ങനെ നിരവധി കറകളുടെ ചിത്രണമാണ് നോവൽ. സോദോം, ഗൊമേറ എന്നീ നഗരങ്ങളാണ് പശ്ചാത്തലം. സൊദോമിലെ റോഷേ ചെടികളിൽ വിളഞ്ഞ മരണത്തിന്റെ തേൻകനിയാണ് അവരുടെ സമ്പന്നതയ്ക്കുള്ള അടിസ്ഥാനം. സൊദോമിലെ ജനങ്ങളെ കറുപ്പിന്റെ പിടിയിൽനിന്നും രക്ഷിക്കുക എന്ന ദൗത്യത്തോടെയാണ് ലോത്ത് സോ ദോമിൽ താമസിക്കുന്നത്. 'സൊദോമിന്റെ നിലവിളി കർത്താവിന്റെ അടുക്കൽ എത്തിയിരിക്കുന്നു. സോദോമിന് നൽകപ്പെടുന്ന അവസാനത്തെ അവസരം നീയാണ്. നീ അതിന്മേൽ ഉപ്പ് തളിക്കുക' (2023: 179) എന്ന അബ്രഹാമിന്റെ വാക്കിൽ ഇത് വ്യക്തമാക്കുന്നു.

സൊദോം ഗൊമേറയിലെ ശപിക്കപ്പെട്ട ജനതയുടെ അടുത്തേക്ക് ലോത്ത് പോകുന്നതിൽ അബ്രഹാമിന് താൽപ്പര്യമില്ല. ദാരിദ്ര്യത്തിന്റെയും മയക്കുമരുന്നിന്റെയും കുത്തഴിഞ്ഞ ലൈംഗികതയുടെയും പരദേശികളോടുള്ള ക്രൂരമായ പെരുമാറ്റത്തിന്റെയും പേരിൽ പ്രശസ്തമായിരുന്നു ഈ നഗരങ്ങൾ. നാഗരിക സമ്പന്നതയുടെ സുഖാലസ്യം നൽകുന്നുണ്ടെങ്കിലും കറുപ്പ് കച്ചവടത്തിലൂടെ ആഴത്തിൽ നശിച്ചുപോവുകയായിരുന്നു സൊദോം, ഗൊമേറ നിവാസികൾ. മുലകുടിക്കുന്ന കുഞ്ഞുങ്ങൾക്ക് മുതൽ കറുപ്പ് നൽകി തലമുറയെ മുഴുവൻ ലഹരിക്ക് അടിപ്പെടുത്തുന്നു. ലഹരിക്കു പണം

കണ്ടെത്താൻ സാധാരണ ജനം എന്തും ചെയ്യുമായിരുന്നു. ലോത്ത് വിശ്വസിച്ചിരുന്ന യാഹ്‌വേയുടെ നിയമങ്ങൾ അവിടെ പ്രചരിപ്പിക്കുവാൻ കഴിയുമായിരുന്നില്ല. എന്നാലും കിട്ടുന്ന അവസരങ്ങളിൽ വിഗ്രഹാരാധനയെയും നരബലിയെയും സ്വവർഗ്ഗസംഭോഗത്തെയും തിരുത്താൻ ലോത്ത് ശ്രമിച്ചിരുന്നു. നാഗരിക സമ്പന്നതയുടെ സ്വസ്ഥത ലോത്തിന്റെ കുടുംബം കണ്ടെത്തിയെങ്കിലും തുടർന്നും യാത്രയാകുന്നവർ ഒറ്റപ്പെടലിന്റെ നൈരന്തര്യം അവശേഷിപ്പിക്കുന്ന ഭീകര യാഥാർത്ഥ്യങ്ങളിലേക്കുള്ള കാഴ്ചയാണ് 'കറ'.

വിശാലവും ഫലഭൂയിഷ്ഠവുമായ ജോർദ്ദാൻ താഴ്‌വരയും സൊദോം, ഗൊമേറ ഇടങ്ങളും തെരഞ്ഞെടുത്തതിൽ ലോത്തിന് കുറ്റബോധമുണ്ട്. പരസ്പര സ്നേഹത്തോടെയും വിശ്വാസത്തോടെയും കഴിഞ്ഞിരുന്ന അബ്രാഹമിനോട് താൻ നീതി പുലർത്തിയില്ല എന്ന തോന്നലിൽ നിന്നുമാണ് ഹൊദയ എന്ന വാല്യക്കാരത്തിയോട് 'മരുഭൂമി താൻ എന്തുകൊണ്ടാണ് തെരഞ്ഞെടുക്കാതിരുന്നത്?' എന്നു ലോത്ത് ചോദിക്കുന്നത്. അതിനുള്ള മറുപടി, 'മനുഷ്യൻ ഏറ്റവുമാദ്യം അവരവരെപ്പറ്റിയാണ് ചിന്തിക്കുക യജമാനനേ' (2023: 21) എന്നായിരുന്നു. എല്ലാ പ്രവാസത്തിന്റെയും മൂലം ഇനിയും നേടേണ്ടതുണ്ട് എന്ന ചിന്തയാണ്. 'ഞാനോ ഏറ്റവും നല്ലത് എനിക്കുവേണ്ടി തെരഞ്ഞെടുത്തു. ജീവിതം വെറുമൊരു നിഴലും നെടുവീർപ്പുമായിരിക്കെ ഞാൻ എന്തിനിത് ചെയ്തു' (2023: 167) എന്ന ആത്മനിന്ദയിൽ ലോത്ത് പുളയുന്നു.

അബ്രഹാമിന്റെയും ലോത്തിന്റെയും വിശ്വാസം യാഹ്‌വേയിൽ അധിഷ്ഠിതമായിരുന്നു. അക്കാലം വരെ സൂര്യചന്ദ്രന്മാരെയും പ്രകൃതിശക്തികളെയും ആരാധിച്ചിരുന്നവരിൽ ഏകദൈവ വിശ്വാസം രൂപീകരിക്കപ്പെടുന്നത് അബ്രാത്തിലൂടെയാണ്. ലോത്തിലും ഏകദൈവ വിശ്വാസം ഉണ്ടായിരുന്നെങ്കിലും തനിക്ക് പ്രത്യക്ഷപ്പെടാത്ത ദൈവത്തോട് പല ചോദ്യങ്ങളും ഉള്ളിൽ നിറച്ചിരുന്നു. കോപിക്കുന്ന ദൈവം, സ്വന്തം ആളുകളെ മാത്രം സംരക്ഷിക്കുന്ന ദൈവം, അസഹിഷ്ണുതയുടെ ദൈവം എന്നീ ചിന്തകൾ സാറായുടെയും ലോത്തിന്റെ ഭാര്യയായ ഈഡിത്തിന്റെയും മനസ്സിൽ ചോദ്യമുയർത്തുന്നു. ഈഡിത്ത് രഹസ്യമായി ചന്ദ്രാരാധന നട

ത്തുകയും ലോത്തിന് മുന്നിൽ വെളിപ്പെടാത്ത-അബ്രഹാമിന് മുന്നിൽ മാത്രം പ്രത്യക്ഷപ്പെടുന്ന-ദൈവത്തെ വെറുക്കുന്നുമുണ്ട്. സന്തോഷങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്ന ദൈവം, തന്നെ മാത്രമേ ആരാധിക്കാവു എന്നുപറയുന്ന ദൈവം, പുരുഷനും സ്ത്രീക്കും വ്യത്യസ്ത നീതി പുലർത്തുന്ന ദൈവം എന്നിവയോട് പൊരുത്തപ്പെടാൻ ഈ സ്ത്രീകൾക്ക് കഴിയുന്നില്ല. സൊദോമിൽ നിന്നു പലായനം ചെയ്യാൻ ലോത്ത് ആവശ്യപ്പെടുമ്പോൾ ഈഡിത്ത് വിസമ്മതിക്കുന്നു. തനിക്ക് കൂടാരവാസം മടുത്തുവെന്നും യാഹ്‌വേ ആഹ്ലാദത്തിന് എതിരായ ദൈവം ആണെന്നതുമാണ് കാരണം.

ഹാരാനിലെ പ്രവാസം അവസാനിപ്പിക്കാൻ അബ്രഹാം പ്രഖ്യാപിച്ചപ്പോൾ ഇതു വ്യക്തമാകുന്നു. 'ഹാരാൻ വിട്ടുപോകുന്നത് എന്തിന്? എങ്ങോട്ട്?' അവൾ ലോത്തിനോട് ചോദിച്ചു. അബ്രഹാമിന്റെ ദൈവം കൽപ്പിച്ചു എന്ന ലോത്തിന്റെ ഉത്തരം അവളുടെ പരിഹസത്തിനിടയാക്കുന്നു. അബ്രഹാമിനെ നിത്യസഞ്ചാരം സ്വസ്ഥമാക്കുന്നതായി അവൾ തിരിച്ചറിയുന്നു. 'കൂടാരങ്ങൾ അടിക്കേണ്ടത് എവിടെയെന്നും അഴിച്ചെടുക്കേണ്ടത് എപ്പോഴെന്നും തെക്കോട്ടോ വടക്കോട്ടോ നടക്കേണ്ടത് എന്നുമെല്ലാം തീരുമാനിക്കുന്നത് പുരുഷന്മാരാകുന്നു' (2023: 133). സ്ത്രീകൾ അവർക്ക് പുറകെ പോകുന്നു. തങ്ങൾ പ്രവാസികളാണെന്ന കാര്യം സ്ത്രീകൾ മറക്കുന്നതായി ലോത്ത് ആശ്വസിക്കുന്നു.

പ്രവാസികളിൽ ഇരയാക്കപ്പെടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും നീതിയുടെ കണിക വിശ്വാസസംഹിതകളിൽ ലഭ്യമല്ല. ഓരോ ദേശവും ചൂണ്ടിക്കാട്ടി ഇത് നിങ്ങളുടേതാണ് എന്ന് യാഹ്‌വേ പറയുമ്പോൾ തദ്ദേശീയ ജനത എന്തുചെയ്യുമെന്ന് ഈഡിത്തും സാറയും ആകുലരാകുന്നു. അബ്രഹാം കനാൻ ദേശത്തേക്കു യാത്ര നയിക്കുമ്പോൾ സാറാ ഈ ചോദ്യം അദ്ദേഹത്തോട് ചോദിക്കുന്നു. 'യാഹ്‌വേ എനിക്കുവേണ്ടി കനാനീയരോട് യുദ്ധംചെയ്യു'മെന്ന മറുപടി അബ്രഹാം നൽകുന്നു. ആയിരങ്ങളുടെ പ്രവാസത്തിന് യുദ്ധവും മതവും കാരണമാണെന്ന് സാറാ ജോസഫ് അടിവരയിടുന്നു.

'കൂടാരവാസികൾ', 'പരദേശികൾ' എന്നിങ്ങനെയാണ് ലോത്തിന്റെ ജനം സൊദോമിലും ഗൊമോറിയയിലും അറിയപ്പെട്ടിരുന്നത്. സമ്പന്നതയുടെയും സുഖലോലുപതയുടെയും നാടായ സൊദോം ഗൊമോറയിൽ അതിസമ്പന്നനായ ലോത്തിന് അൽപ്പമെങ്കിലും സ്ഥാനം ലഭിച്ചു. പ്രവാസികളോടുള്ള പുച്ഛം സൊദോം, ഗൊമോറ നിവാസികൾ പുലർത്തിയിരുന്നു. അന്യദേശവാസികളെ ശാപമായി കണ്ടിരുന്ന സൊദോം, ഗൊമോറ നിവാസികൾ ദയവില്ലാതെ അവരെ കൊന്നിരുന്നു. വൈദ്യൻ, സമ്പന്നൻ, കച്ചവടക്കാരൻ, എബ്രായൻ, അബ്ര ഹാമിന്റെ ബന്ധു എന്നിവയെല്ലാം ലോത്തിന്റെ സാമൂഹ്യസ്ഥാനം നിർണ്ണയിച്ചിരുന്നു. എല്ലാ കാലത്തും 'പരദേശിത്തം' ലോത്തിനും കുടുംബത്തിനും മേലുണ്ടായിരുന്നു. പ്രവാസികൾ അനുഭവിക്കുന്ന ദേശരാഷ്ട്ര ബോധത്തിലെ അരാജകത്വം ലോത്തും കുടുംബവും അനുഭവിച്ചിരുന്നു.

**കറയുടെ ഇരകൾ**

പ്രവാസികളിൽ ഇരയാക്കപ്പെടുന്നതധികവും സ്ത്രീകളും കുട്ടികളുമാണ്. ഓരോ ദേശത്തിന്റെയും സംസ്കാരവും ആചാരാനുഷ്ഠാനങ്ങളുമായി ഇടകലർന്ന് ജീവിക്കേണ്ട അവസ്ഥ പ്രവാസം അവശേഷിപ്പിക്കുന്നു[2]. ഈ നോവലിൽ അബ്രഹാം ജനങ്ങളുടെ വിഗ്രഹാരാധനയെ എതിർക്കാനും ശിശുബലിപീഠങ്ങൾ ക്കും നരബലിക്കും പകരം രക്തം നൽകി പരിച്ഛേദനം നിർബന്ധമാക്കാനും ശ്രമിക്കുന്നു. അതിനു സ്ത്രീക്കും പുരുഷനും വ്യത്യസ്ത നിയമം നിർമ്മിക്കുന്നു. പുരുഷൻ ദൈവത്തി ന്റെ അടയാളമായി ശരീരത്തിൽ പരിച്ഛേദനം പേറുമ്പോൾ സ്ത്രീ എന്ത് അടയാളമാണ് പേറുക എന്ന സാറായുടെ ചോദ്യത്തിന് അബ്ര ഹാമിന് ഉത്തരമില്ല. സാംസ്കാരിക സങ്കലനമില്ലാതെ പ്രത്യേക ജനതയായി നിൽക്കാൻ അബ്രഹാം യാഹ്വേയുടെ നിയമങ്ങൾ സൃഷ്ടിച്ചെടുക്കുന്നു.

ഈഡിത്തും സാറായും കൂടാരവാസികളായ സ്ത്രീകളും ഇത്തരം വ്യവസ്ഥാ രൂപീകരണത്തെ എതിർക്കുന്നു. നീതി, നിയമം, വ്യവസ്ഥ, ശിക്ഷ, അധികാരം, ഏകദാമ്പത്യം തുടങ്ങി അന്നുവരെ പിന്തുടർന്നിരുന്ന സാമൂഹികജീവിതത്തിൽ കലർപ്പില്ലാതിരിക്കാൻ പ്രവാസികളുടെ നിയമം അബ്രഹാം കർശനമാക്കുന്നു. പ്രവാ

സകാലത്ത് സാറായിയെ ഫറവോയ്ക്ക് കൊടുത്ത വകയിലുണ്ടായ സമ്പത്തിൽ തനിക്ക് താൽപ്പര്യമില്ലെന്ന് ഈഡിത്ത് പറയുമ്പോൾ താൻ സൂക്ഷിച്ച രഹസ്യം എങ്ങനെയാണ് ഈഡിത്ത് അറിഞ്ഞ തെന്ന് ലോത്ത് ചോദിക്കുന്നു. 'ഒരു സ്ത്രീക്ക് മറ്റൊരു സ്ത്രീ യുടെ വ്യസനമറിയാൻ നൂറുവഴികളുണ്ട്' എന്ന ഈഡിത്തിന്റെ മറുപടി ലോത്തിനെ നിശബ്ദനാക്കുന്നു (2023: 157). നിയമനിർമ്മാണത്തിലെ അനീതി ചോദ്യം ചെയ്യപ്പെടുമ്പോൾ അബ്രഹാം പറയുന്ന മറുപടി പിൽക്കാല മതൃപിതൃമേധാവിത്വത്തിന്റെ മൂലക്കല്ലായി. 'യാഹ്‌വേയുടെ കൽപ്പനകളെ വ്യാഖ്യാനിക്കാനോ തിരുത്താനോ സ്ത്രീകൾക്ക് അധികാരമില്ല' (2023: 245). അസ്വസ്ഥതകൾക്കു നേരെ മൗനം അവലംബിക്കുന്നതിലൂടെ പ്രവാസവും അടിമത്തവും പലാ യനവും അവശേഷിപ്പിച്ച പ്രത്യേക മാനസികാവസ്ഥ പേറുന്ന കഥാ പാത്രങ്ങളാണ് ലോത്തിന്റെ മക്കളായ ലേയ, മിഹാൽ, അടിമയായ ബിത്വാ, എമാലത്ത്, അടിമയായ ഹാഗർ, ലോത്തിന്റെ വിശ്വസ്ത ഹൊാദയ എന്നിവർ.

പലായനത്തിൽ ചൂഷണം ചെയ്യപ്പെടുന്ന സ്ത്രീശരീരത്തിന്റെ ശക്തമായ ആഖ്യാനമാണ് സാറായി. ഭാര്യയായിരുന്നിട്ടും അബ്രഹാ മിന്റെ രക്ഷയ്ക്കായി സഹോദരിയാണെന്ന് കള്ളം പറഞ്ഞ് മറ്റു രാജാക്കന്മാരുടെ കൂടെ കഴിയേണ്ടി വന്നവളാണ് സാറാ. സ്ത്രീ യുടെ ഏകഭർതൃത്വത്തെക്കുറിച്ച് നിയമം നിർമ്മിക്കുമ്പോൾ, 'ബഹു ഭർതൃത്വം കർത്താവ് ആഗ്രഹിക്കുന്നില്ലായെന്നും സ്ത്രീയേ നിന്റെ ഗർഭപാത്രം ശുദ്ധമായിരിക്കട്ടെ' (2023: 243) എന്നും സാറായോട് പറയുന്നു. തുടർന്ന് സാറാ ഇങ്ങനെ ചോദിക്കുന്നു: "ഞാൻ പെങ്ങ ളാണെന്ന് പറഞ്ഞ് ഫറവോയെ തെറ്റിദ്ധരിപ്പിക്കാനും എന്നെ അയാ ളുടെ കിടപ്പറയിലേക്ക് എത്തിക്കാനും അദോണോയ് നിങ്ങളോട് പറഞ്ഞിരുന്നോ? ഈ ചോദ്യത്തിന് മുന്നിൽ പതറിയ അബ്രഹാം തെരഞ്ഞെടുക്കപ്പെട്ട ജനതയെ നയിക്കുന്നതിന് താൻ ആവശ്യമാ യിരുന്നു എന്നു മറുപടി പറയുന്നു. തുടർന്ന് സാറാ, 'എന്നോട് ചെയ്തതിനെപ്പറ്റി പശ്ചാത്താപം ഉണ്ടെങ്കിൽ സ്ത്രീകൾക്കുവേണ്ടി വ്യവസ്ഥ ഉണ്ടാക്കുമ്പോൾ അത് പ്രതിഫലിക്കട്ടെ' എന്ന് അഭിപ്രാ യപ്പെടുന്നു. എന്നാൽ കലർപ്പിന് അബ്രഹാം കൂട്ടുനിന്നില്ല (2023:

247). എപ്പോഴും ആരോപിതയായും തെളിയിക്കപ്പെടേണ്ടവളായും കുറ്റം പേറേണ്ടവളായും സ്ത്രീയെ നിലനിർത്തിക്കൊണ്ട് പ്രവാസകാല തലമുറകളുടെ ശുദ്ധി സ്ത്രീയുടെ ആവശ്യമാക്കി നിലനിർത്തി.

സ്ത്രീ കുറ്റക്കാരിയല്ലെന്ന് തെളിഞ്ഞാൽ അവർക്കെതിരെ ദുരാരോപണം ഉന്നയിച്ച പുരുഷൻ ശിക്ഷിക്കപ്പെടുമോ എന്നൊരു യുവാവ് ചോദിച്ചപ്പോൾ അബ്രഹാമിന്റെ മറുപടി ഇപ്രകാരമാണ്; 'ഈവക കാര്യങ്ങളിൽ സ്ത്രീയാണ് പരീക്ഷിക്കപ്പെടേണ്ടത്. പുരുഷൻ ദോഷവിമുക്തനാകും. സ്ത്രീയാകട്ടെ തന്റെ കുറ്റം പേറേണം.' ഇത് യാഹ്വേയുടെ നിയമമായി അബ്രഹാം അവതരിപ്പിക്കുന്നു. സ്ത്രീ ഉപഭോഗവസ്തുവായി മനുഷ്യകുലത്തിൽ നിലകൊണ്ടത് എങ്ങനെ എന്നതിനുള്ള ഉത്തരമാണ് കറയിലെ സ്ത്രീകഥാപാത്രങ്ങൾ. ശക്തരായി ചോദ്യങ്ങൾ ചോദിക്കുന്നുണ്ടെങ്കിലും മതം, ദൈവീകതീരുമാനം എന്നീ തന്ത്രങ്ങളാൽ അവർ നിശബ്ദരാക്കപ്പെടുന്നു. തങ്ങൾ ആനന്ദിക്കുന്നത് ഇഷ്ടപ്പെടാത്ത ദൈവത്തോട് കൂടാരവാസികളായ പെണ്ണുങ്ങൾ കലഹിക്കുന്നുണ്ടെങ്കിലും മുഖ്യധാരാ തീരുമാനങ്ങളെ ഇതു സ്വാധീനിക്കുന്നില്ല (2023: 242).

ഫറവോയോടൊപ്പം ഏഴു വർഷമാണ് സാറായുടെ ജീവിതം. തുടർന്ന് നെഗസ് ദേശത്തേക്ക് മടങ്ങുമ്പോൾ ധാരാളം സമ്പത്ത് ഫറവോ നൽകിയിരുന്നു. അതവളുടെ ശരീരത്തിന്റെ വിലയായിരുന്നു. അബ്രഹാമിന്റെ സമ്പന്നതയ്ക്ക് പിന്നിൽ സാറായുടെ ശരീരത്തിന്റെ മൂല്യമുണ്ടായിരുന്നു. പ്രവാസത്തിനുശേഷം അബ്ര ഹാമിനോട് ചേർന്ന സാറായെ കുപിതയായ യജമാനത്തിയായാണ് നോവലിൽ പിന്നീട് കാണുക. 'നിയമം അവൾക്ക് രണ്ടിരട്ടി ബാധ കം' (2023: 287) എന്ന വചനത്തിൽ സാറായും സ്ത്രീവർഗ്ഗവും വീണ്ടും കുരുങ്ങിക്കിടക്കുന്നു.

ലോത്തിന്റെ പലായനം സൊദോം, ഗൊമേറ നശിച്ചതിനുശേഷവും തുടരുന്നു. ഭൂമിയിൽ അഞ്ചുദിവസം രാവും പകലും തിരിച്ചറിയാൻ കഴിഞ്ഞില്ല. തങ്ങൾ മാത്രമേ ഭൂമിയിൽ അവശേഷിക്കുന്നുള്ളൂവെന്ന് ലോത്തും പെൺമക്കളും കരുതുന്നു. പ്രതീക്ഷയില്ലാത്ത

പലായനം ഭ്രാന്താവസ്ഥയിലേക്ക് അവരെ എത്തിക്കുന്നു. രാജ്യമില്ലാതെ, ഭക്ഷണമില്ലാതെ, പാർപ്പിടവും വസ്ത്രവുമില്ലാതെ ഓടിക്കൊണ്ടേയിരുന്നു അവർ. പ്രവാസത്തിന്റെ അനന്തതയിൽ തീർത്തും ഒറ്റപ്പെട്ട് വർഷങ്ങൾ അവർ ജീവിച്ചുതീർത്തു. ലോത്തിന്റെ പെൺമക്കൾ പിതാവിൽനിന്നും ഗർഭം സ്വീകരിക്കുകയും പിന്നീട് അന്യവർഗ്ഗത്തോടൊപ്പം ജീവിതം തെരഞ്ഞെടുക്കുകയും ചെയ്യുന്നു. യാഹ്‌വേ ആഗ്രഹിക്കാത്ത ഒന്ന്- സങ്കരവർഗ്ഗം-സൃഷ്ടിച്ചെടുത്ത് തങ്ങൾ കുടുങ്ങിക്കിടന്ന സദാചാരത്തിന്റെ കെട്ടുകൾ അറുത്തെടുത്ത് പുതു സമുദായം നിർമ്മിക്കുന്നു. ലോത്തിന് മക്കളെ ഉപേക്ഷിക്കുകയല്ലാതെ നിവൃത്തിയില്ല. മതവും അധികാരവും അത്രമേൽ ലോത്തിനെ അന്ധനാക്കിയിരുന്നു.

ലഹരി വ്യാപാരത്താൽ സമ്പന്നമായ സൊദോം നഗരം ഇതേ കറയാൽ കുഞ്ഞുങ്ങളെപ്പോലും കൊന്നുകളയുന്നു. മുലപ്പാലിനൊപ്പം കറുപ്പ് വായിലേക്കിറ്റിച്ച് മുന്തിരിപ്പാടങ്ങളിൽ ജോലിക്ക് പോകുന്ന അടിമപ്പെണ്ണുങ്ങൾ, ബാല്യത്തിലെ വൃദ്ധരാകേണ്ടി വന്ന കുഞ്ഞുങ്ങൾ, പുരുഷന്മാരുടെ സിരകളിൽ എപ്പോഴുമുള്ള ലഹരി, നരബലി, ആദ്യജാതബലി, സ്വവർഗ്ഗരതി, ബാലരതി എന്നിവയാൽ ആത്മനിയന്ത്രണമില്ലാത്ത രാഷ്ട്രം (2023: 261) സ്വയം നശിക്കുന്നു. കൂടാതെ, ഭൗതികതയിലേക്ക് തിരിഞ്ഞുനോക്കരുത് എന്ന മുന്നറിയിപ്പ് വകവയ്ക്കാതെ ഈഡിത്ത് ഉപ്പുപാറയായി മാറിയപ്പോൾ ലോകത്തിന് മുന്നിൽ ആത്യന്തികമായി ഓരോ മനുഷ്യനും ഭരണകൂടവും എന്തുനേടി എന്ന ചോദ്യം അവശേഷിപ്പിക്കുകയാണ് ഈ നോവൽ. പ്രവാസം ഇപ്രകാരം സാംസ്കാരിക ചരിത്രമാകുന്നു.

അന്യദേശക്കാരായ രണ്ടുപേർ ആസന്നനാശം ഉദ്ഘോഷിച്ചുകൊണ്ട് ലോത്തിന്റെ വീട്ടിലെത്തുമ്പോൾ 'നിന്റെ വീട്ടിൽ നീ ചാരന്മാരെ ഒളിപ്പിച്ചിരിക്കുന്നു' എന്നു പറഞ്ഞുകൊണ്ട് ജനക്കൂട്ടം ലോത്തിന്റെ വീട് വളയുന്നു. സമാധാനപ്പെടുത്തൽ അവരുടെ വിഷയമായിരുന്നില്ല (2023: 279). ലോത്തിന്റെയും കുടുംബത്തിന്റെയും പരദേശിത്തം ജനക്കൂട്ടത്തെ എതിരാക്കുന്നു. ദിവ്യഇടപെടലുകളാൽ രക്ഷിക്കപ്പെട്ട ലോത്തിനോട് മലമുകളിലേക്ക് പലായനം ചെയ്യാനുള്ള നിർദ്ദേശത്തെയും ഈഡിത്ത് ചോദ്യം ചെയ്യുന്നു. തിരിഞ്ഞു

നോക്കരുത് എന്ന കൽപ്പന ഈഡിത്തിന് പാലിക്കാനാവുന്നില്ല. പ്രവാസികളും അഭയാർത്ഥികളും നേരിടുന്ന ഉപേക്ഷിക്കൽ എപ്പോഴും എളുതല്ല. ജീവിതകാലം അദ്ധ്വാനിച്ചുനേടിയ സമ്പത്തും നാടും വീടും ബന്ധുത്വവും അസ്തിത്വവും ഉപേക്ഷിച്ചു പോകുന്നതിൽ ഭേദം മരണമാണെന്ന് ഈഡിത്ത് തിരിച്ചറിയുന്നു. ഒരൊറ്റ നിമിഷത്തെ തിരിഞ്ഞുനോട്ടം അനേകം പലായനങ്ങളുടെ പ്രതീകമായ ഉപ്പുതൂൺ സാക്ഷിയാക്കി അവളെ മാറ്റി. തിരിഞ്ഞുനോക്കണോ വേണ്ടയോ എന്ന ചോദ്യം (2023: 275) പ്രവാസത്തിന്റെയും, പലായനത്തിന്റെയും വിങ്ങൽ എന്നുവരെ ഉണ്ടാകുമോ അന്നുവരെ ഭൂമിയിൽ അവശേഷിക്കും.

ടോബി മില്ലർ കൾച്ചറൽ ഡിസ്കോഴ്സ് ആന്റ് സിറ്റിസൺഷിപ്പ് എന്ന ലേഖനത്തിൽ വിവരിക്കുന്ന, 'More and more people feel as though they donot belong, more and more people are applying to belong and more and more people are not counted as belonging' (2007: 174) എന്ന അവസ്ഥ 'കറ'യിൽ നോവലിസ്റ്റ് അടയാളപ്പെടുത്തുന്നു. ഓരോ പ്രവാസവും പലായനവും സംസ്കാരങ്ങളുടെ മേളനവും അസന്തുലിതത്വവും ഉള്ളടങ്ങുന്നു. കലർപ്പുകളൊഴിവാക്കാൻ ശ്രമിക്കുന്നിടത്തോ ളം അത് വേദനയും ഭീകരതയും അവശേഷിപ്പിക്കും. ഞാൻ എന്ന സ്വത്വത്തിൽ നിന്നും, വ്യക്തി/ രാഷ്ട്രം എന്ന ബോധത്തിൽനിന്നും അന്യത്വത്തിലേക്കുള്ള പ്രയാണം അരാജകത്വം സൃഷ്ടിക്കും. അതാണ് 'കറ'യുടെ ഉൾപ്പൊരുൾ.

**കുറിപ്പുകൾ**

1. ബൈബിളിന്റെ ഉള്ളടക്കം സംബന്ധിച്ച് അഭിപ്രായഭേദങ്ങളുമുണ്ട്. പാശ്ചാത്യ, പൗരസ്ത്യസഭകൾ പല എഴുത്തുകാരെയും കൂട്ടിച്ചേർത്തതായും ഒഴിവാക്കിയതായും ചർച്ച നടന്നിട്ടുണ്ട്. ഇവിടെ അക്കാര്യം പാഠ്യവിഷയമല്ല. എന്നിരുന്നാലും പഴയ നിയമത്തിലെ ആദ്യപുസ്തകങ്ങളും പുതിയ നിയമത്തിലെ ആദ്യഭാഗവും എല്ലാ ബൈബിൾ വിവർത്തനങ്ങളിലും പൊതുവാണ്.

2. Simone de Beauboir- യുടെ പ്രശസ്തമായ ഒരു വാക്യമാണ്

'One is not born but is made a women'. ഓരോ ദേശവും സംസ്കാരവും പലായനത്തിന് വിധേയരാകുന്ന സ്ത്രീസ്വത്വം സൃഷ്ടിക്കുന്നു. One is uprooted from the familiar comfort of 'home' to embark on the unknown path in strange lands, often hostile to newcomers. Leaving behind one's cultural locationality of norms and mores to venture in to a society embracing a different world view surely shapes personal beliefs and aspirations. For imigrant woman the new cultural modalities in host societies offer many ways to challege, transform, or negotiate traditional prescriptions of woman hood , womans work , and identities , among others. (2012:8)

**ഗ്രന്ഥസൂചി**


1. കറ, സാറാ ജോസഫ്, 2023, കറന്റ് ബുക്സ്, തൃശ്ശൂർ
2. Global Migration, Social change and Cultural Transformation (Ed. by Emory Elliot), 2007, Palgrave Macmillan, Newyork
3. Feminism and Migration, (Ed. by Glenda Tibe, Bonifacio), 2012, University of Lethbridge, Canada


OO

# മാനുഷികബോധം പ്രവാസിസാഹിത്യത്തിൽ

**ഡോ. സാൽവിൻ കെ. തോമസ്**
അസി. പ്രൊഫസർ, മലയാളവിഭാഗം,
സെന്റ്. തോമസ് കോളേജ്, പാലാ

**സംഗ്രഹം**

പ്രവാസിസാഹിത്യത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. പ്രവാസചരിത്രത്തിന്റെ നേർചിത്രം ബൈബിളിലെ പഴയനിയമഗ്രന്ഥത്തെ ഹൃദ്യമാക്കുന്നു. എന്നാൽ പ്രവാസത്തിന്റെ രീതിയിലും വീക്ഷണത്തിലും കാലഘട്ടമനുസരിച്ചു മാറ്റങ്ങൾ സംഭവിച്ചപ്പോൾ എഴുത്തിലും സംവേദനീയതയിലും പുതുമാനമുണ്ടായി. യാഥാർത്ഥ്യബോധവും മാനസികവ്യാപാരങ്ങളുടെ അപഗ്രഥനവും മാനവികതാവാദവും പ്രവാസി എഴുത്തിന്റെ ചാലകശക്തിയായി. ഇത്തരത്തിൽ പ്രവാസി രചനകളുടെ പൊതുസവിശേഷതകൾ മുൻനിറുത്തി ബിജി തോമസിന്റെ കഥകളിൽ അന്തർലീനമായിരിക്കുന്ന മാനുഷികബോധത്തെ കണ്ടെത്തുകയാണ് ഈ പ്രബന്ധത്തിൽ.

**താക്കോൽവാക്കുകൾ**

*പ്രവാസം, മാനവികത, സംസ്കാരം, പ്രവാസിസാഹിത്യം.*

**ആമുഖം**

പ്രാചീനകാലത്തുനിന്നും ആധുനിക കാലഘട്ടത്തിലേക്കെത്തിയപ്പോൾ പ്രവാസിസാഹിത്യത്തിന്റെ രൂപത്തി ലും രീതിയിലും താരതമ്യം ചെയ്യാനാവാത്ത മാറ്റം സംഭവിച്ചു. പ്രവാസം കേവല യാഥാർത്ഥ്യം എന്നതിലുപരി പ്രവാസത്തിന്റെ വിഭിന്ന തലങ്ങളെക്കുറിച്ചും രൂപഭാവങ്ങളെക്കുറിച്ചും ഗൗരവമുള്ള

പഠനങ്ങളും ശാസ്ത്രീയ വിശകലനങ്ങളും രൂപപ്പെട്ടു. പ്രവാ സം പ്രേമേയമായി. സാഹിത്യരചനകളും കലാരൂപ ങ്ങളും പ്രവാസിചരിത്രത്തിന്റെ കാലാനുസൃ ആവിഷ്കാരങ്ങളാണ്.

യഹൂദജനതയുടെ ജീവിതവുമായി ബന്ധപ്പെട്ടാണ് പ്രവാസം എന്ന ആശയത്തിന്റെ സൃഷ്ടിയും പ്രചാരവും. 'നിരന്തരമായ അർത്ഥ വിപുലനത്തിന്റെ ചരിത്രമാണ് പ്രവാസം (Diaspora) എന്ന കല്പനയ്ക്കുള്ളത്. ജൂതജനതയുമായി ബന്ധപ്പെട്ടതാണ് അതിന്റെ ക്ലാസിക്കൽ അർഥം. ഇസ്രായേലിൽനിന്നും മറുനാടുകളിലേക്ക് ചിത റിപ്പാർത്ത ജൂതരെക്കുറിച്ചാണ് ഡയസ്പെറ എന്ന സംജ്ഞ ഉപ യോഗിക്കപ്പെട്ടത്. ചിതറൽ അഥവാ വികിരണം എന്ന അർത്ഥ ത്തിൽ വികീർണ പ്രവാസമെന്നും ജൂത പ്രവാസത്തെ വിളിക്കാ റുണ്ട്.'[1]

യഹോവ എന്ന ദൈവിക സങ്കല്പത്തിൽ കേന്ദ്രീകരിച്ചാണ് യഹൂദന്മാരുടെ ജീവിതവും സംസ്കാരികരൂപീകരണവും മുന്നോട്ടുപോയത്. യഹൂദരുടെ പൂർവ്വപിതാവായ അബ്രാഹത്തിന് യഹോവ നൽകിയ വാഗ്ദത്ത ഭൂമിയാണ് 'ദേശം' സങ്കല്പത്തിന് അടിസ്ഥാനം. ദൈവികനിയമമനുസരിച്ചു മുന്നോട്ടുപോയാൽ വാഗ്ദത്തഭൂമിയിൽ സ്ഥിരവും സമൃദ്ധി നിറഞ്ഞതുമായ ജീവിതം ലഭിക്കുമെന്ന് അവർ വിശ്വസിച്ചു. യഹോവയുടെ കല്പനകൾ നിരസിച്ചപ്പോൾ ശിക്ഷയായി വാഗ്ദത്തദേശത്തുനിന്നും പലായനം ചെയ്യേണ്ടിവരുന്നു. ഈ ചരിത്രമാണ് ബൈബിളിലെ പ്രവാസം.

**പ്രവാസവും സാംസ്കാരിക പരിണാമവും**

"ഗ്രീക്ക് ഗാർഡനിങ് പാരമ്പര്യത്തിൽനിന്ന് ഉടലെടുത്ത ഡയസ്പെറിൻ (Diasperien) എന്ന സംയുക്തപാതത്തിൽനിന്നാണ് ഡയസ്പെറയുടെ നിരുക്തി. Dia എന്നതിന് Across (കുറുകെ, വില ങ്ങനെ) എന്നും Sperien എന്നതിന് to sow or scatter seeds (വിത്ത് വിതയ്ക്കുക, വിതറുക) എന്നും അർഥം പറയാം." [2] "പ്രകർഷേണ യുള്ള വാസം' എന്നാണ് പ്രവാസം എന്ന സംസ്കൃതപദത്തിന്റെ വിഗ്രഹരൂപം. 'പ്ര' പൂർവകമായ 'കൃഷ്' ധാതുവിൽനിന്നും നിഷ്പ ന്നമാണ് 'പ്രകർഷം' . 'കൃഷ്' ധാതുവിന് അടുപ്പിക്കൽ, ആകർഷണം

എന്നീ അർത്ഥങ്ങളുണ്ട്. അന്യദേശത്തോടുള്ള ആകർഷണം നിമിത്തം പുറപെട്ടുപോയവരുടെ അനുഭവങ്ങൾ കൂടി യാവുന്നു പ്രവാസം."[3] ചുരുക്കത്തിൽ, സ്വദേശത്തുനിന്ന് ഒന്നില ധികം രാജ്യങ്ങളിലേക്കുള്ള ജനസമൂഹത്തിന്റെ സ്വമേധയായോ നിർബന്ധപൂർവമായോ ഉള്ള ചലനമാണ് പ്രവാസം.

പ്രവാസി വ്യക്തികൾ സാംസ്കാരിക മണ്ഡലത്തിന്റെ നിർമ്മിതിക്കും പുനരുദ്ധാരണത്തിനും സവിശേഷ പങ്കു വഹിച്ചു. ഗ്രാമാന്തരീക്ഷത്തിൽനിന്നും നഗര പരിസരങ്ങളിലേക്ക് കുടിയേറിയവരുടെ സാഹചര്യം പുതുവീക്ഷണത്തിന് കാര ണമായി. ഗ്രാമനഗര സംഘർഷമായും ഗ്രാമനഗര സങ്കരമായും ഈ ജീവിതവീക്ഷണത്തിന് നവമാനം ലഭിച്ചു. ഭക്ഷണം, വസ്ത്രം, പാർ പ്പിടം, പെരുമാറ്റം, വിദ്യാഭ്യാസം, വീക്ഷണഗതികൾ, സഞ്ചാരം, തൊ ഴിൽ എന്നിങ്ങനെ സമസ്തമേഖലയിലും രൂപാന്തരണം സംഭ വിച്ചു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കേരള ത്തിലെ സാമൂഹികാവസ്ഥ മാറി ലോകത്തിന്റെ പല ഭാഗ ങ്ങളിലേക്കും മലയാളികൾ കുടിയേറി. ബർമ്മ, ശ്രീലങ്ക,സിംഗപ്പൂർ, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിലേക്കായിരുന്നു ആദ്യകാല കുടിയേറ്റം. തൊഴിലധിഷ്ഠിതമായിരുന്നു ആ പ്രവാസത്തിന്റെ പശ്ചാത്തലം. നിശ്ചിത കാലഘട്ടത്തിലെ വാസത്തിനുശേഷം തിരിച്ചു കേരളത്തിലേക്കെത്തുന്ന സംവിധാനമാണ് കുടിയേറ്റക്കാരിൽ ഭൂരിപക്ഷവും സ്വീകരിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ അവധിക്കു നാട്ടിലെത്തുന്ന പ്രവാസികളുടെ കുടുംബാന്തരീക്ഷം കഥയിലും നോവലിലും പ്രത്യക്ഷപ്പെട്ടിരുന്നു. എന്നാൽ 1970-1980 കാലഘട്ടത്തിൽ, തൊഴിലില്ലായ്മ വർദ്ധിച്ചതോടെ ഗൾഫ് കുടിയേറ്റം പ്രബലമായി. ചെറുകിടതൊഴിലുകൾ തേടിയായിരുന്നു ഗൾഫ് കുടിയേറ്റത്തി ന്റെ ഭൂരിഭാഗവും. വിദ്യാഭ്യാസപരമായും സാമൂഹി കപരമായും പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങളിൽപെട്ടവരായിരുന്നു കുടി യേറ്റക്കാർ. കേരളത്തിന്റെ ഗ്രാമപ്രദേശങ്ങളിൽ സാമ്പത്തിക സുരക്ഷിതത്വം, അടിസ്ഥാനവികസനം എന്നിവയുണ്ടാക്കുന്നതിൽ ഗൾഫ് കുടിയേറ്റം മുഖ്യ പങ്കുവഹിച്ചു.

യൂറോപ്പ്, അമേരിക്ക, കാനഡ, ആസ്ട്രേല്യ എന്നീ തുടങ്ങിയ പ്രദേശങ്ങളിലേ ക്കുള്ള കുടിയേറ്റമാണ് മലയാളി പ്രവാസത്തിന്റെ മൂന്നാംഘട്ടം. വിദ്യാഭ്യാസവും തൊഴിലും തേടിയുള്ള പ്രവാസ മാണിത്. ജീവിതസൗകര്യങ്ങളും സാമ്പത്തിക നേട്ടങ്ങളും സ്വതന്ത്ര ജീവിതത്തിനുവേണ്ടിയുള്ള ത്വരയുമാണ് അതിന്റെ പ്രേരകശക്തി. സ്ഥിരകുടിയേറ്റമായതു രൂപാന്തരപ്പെടുന്നു. സ്വാതന്ത്ര്യം എന്നീ ഘടകങ്ങളാണ് പ്രവാസത്തിന്റെ കുടിയേറ്റത്തിന്റെ അടിസ്ഥാന കാരണം.

**പ്രവാസി സാഹിത്യം**

ജീവിതം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്ത് എത്തുന്നവരുടെ ഗൃഹാതുരമായ സ്വത്വനൈ രാശ്യങ്ങളുടെയും ജീവിതാനുഭവങ്ങളുടെയും ആവിഷ്കാരമാണ് പ്രവാസിസാഹിത്യം. തങ്ങൾക്ക് നഷ്ടമായ ഭാഷ, ആചാരം, മതം, കാലാവസ്ഥ, ഭക്ഷണം എന്നിവയിൽ അന്തർലീനമായി കിടക്കുന്ന വൈകാരികത്വത്തിന്റെ സാംസ്കാരിക അംശങ്ങളാണ് പ്രവാസ സാഹിത്യത്തിന്റെ ഊർജ്ജം. കച്ചവടത്തിനും തൊഴിലിനുമായി അന്യദേശത്ത് എത്തിയവരും രാഷ്ട്രീയ കാരണങ്ങളാൽ സ്വന്തദേശം നഷ്ടപ്പെട്ടവരുമെല്ലാം പ്രവാസിയുടെ അർത്ഥ പരിധിയിൽ വരും.[4]

കേരളത്തിന്റെ സാംസ്കാരിക മണ്ഡലം പ്രവാസികളോട് ബന്ധപ്പെട്ടാണ് വികസിച്ചത്. ജൈനർ, ബൗദ്ധർ, യഹൂദർ, റോമാ ക്കാർ, അറബികൾ, ആര്യന്മാർ, ഗ്രീക്കുകാർ, ചൈനക്കാർ, മിഷനറി മാർ, മുസ്ലിങ്ങൾ എന്നിങ്ങനെ കേരളത്തിൽ എത്തിയവർ ഇവി ടത്തെ സാംസ്കാരിക മണ്ഡലത്തിൽ സ്വാധീനം ചെലുത്തി. ആദ്യ കാല ചരിത്രകാരന്മാരാണെന്ന ഡിമാക്കോസ്, മെഗസ്തീനോസ്, ടോളമി, ഫാക്സിയൻ, അൽ ബെറൂണി, അൽ മസൂദി, ഹ്യൂൻ-സാങ്, ഫാഹിയാൻ, ഇബ്ൻബത്തൂത്ത, മാർക്കോപോളോ എന്നിവർ തങ്ങളുടെ ഗ്രന്ഥങ്ങളിൽ കേരളത്തെക്കുറിച്ച് പ്രതിപാദിച്ചത് മിഷനറിമാരുടെ വ്യാകരണഗ്രന്ഥങ്ങൾ, നിഘണ്ടുക്കൾ, മതഗ്രന്ഥങ്ങൾ എന്നിവ കേരളത്തിനകത്ത് രൂപപ്പെട്ട പ്രവാസി

സാഹിത്യമാണ്. കേരളത്തിലെ പ്രവാസികൾ രൂപപ്പെടുത്തിയ വൈജ്ഞാനിക സാഹിത്യമായി അവ കണക്കാക്കപ്പെടണം.

എന്നാൽ ഇന്ത്യയിലെ വൻ നഗരങ്ങളിലേക്ക് മലയാളികൾ താമസം മാറ്റിയപ്പോൾ രൂപപ്പെട്ട സാഹിത്യമാണ് മലയാളത്തിലെ പ്രവാസി സാഹിത്യത്തിന്റെ ദ്വിതീയ നഗരങ്ങളിലെ മലയാളികളുടെ രചനകൾ സാഹിത്യത്തിൽ ഭാവുകത്വ പരിണാമം സൃഷ്ടിച്ചു. സംവേദന ക്ഷമതയ്ക്ക് പുതുമാനം നൽകി. വ്യത്യസ്തമായ സ്ഥല കാലസങ്കല്പങ്ങൾ മലയാളി പരിചയപ്പെടുന്നത് ഇത്തരം രചനകളിലൂടെയാണ്. കുമാരനാശാൻ, എം. ഗോവിന്ദൻ, മാധവൻ അയ്യപ്പത്ത്, എസ്. കെ. പൊറ്റെക്കാട്ട്, വൈക്കം മുഹമ്മദ് ബഷീർ, സേതു, എം. മുകുന്ദൻ, സി. രാധാകൃഷ്ണൻ, ഒ.വി. വിജയൻ, കാക്കനാടൻ, വി. കെ. എൻ, ടി. പത്മനാഭൻ, പുനത്തിൽ കുഞ്ഞബ്ദുള്ള, ഒ. എം. അനുജൻ, ആനന്ദ്, ബാലാമണിയമ്മ, വിക്രമൻ നായർ, ഹൃഷികേശൻ പി. ബി., അഷ്ടമൂർത്തി, പ്രവീൺകുമാർ, പി. എ. ദിവാകരൻ, മാനസി, കമലാ സുറയ്യ, എൻ. എസ്. മാധവൻ, മേതിൽ രാധാകൃഷ്ണൻ, എന്നീ എഴുത്തുകാർ ഈ വിധം സംഭാവന നൽകി.

ഗൾഫിലെ മലയാളികൾ കഠിനാദ്ധ്വാനികളായിരുന്നു. കുടുംബാന്തരീക്ഷവും സാമൂഹിക അന്തരീക്ഷവും അവരുടെ പ്രവാസിജീവിതം ദീർഘകാലത്തേതാക്കി. സ്ഥിരതാമസക്കാർ ആയില്ലെങ്കിലും ദീർഘകാല താമസക്കാരായി മാറിയ മലയാളികൾ കൂട്ടായ്മകളും സൗഹൃദ സദസ്സുകളും ഗൾഫിൽ സ്ഥാപിച്ചു. കലാ-സാംസ്കാരിക-സാഹിത്യമേഖലയിൽ മലയാളിത്തനിമ സൃഷ്ടിക്കാൻ ഇത്തരം സദസ്സുകൾ പങ്ക് വഹിച്ചു. അതിന്റെ ബഹിർസ്ഫുരണങ്ങളായി സാഹിത്യ രചനകളും സംവാദങ്ങളും സജീവമായി.' 'ആടു ജീവിതം', 'മഞ്ഞവെയിൽ മരണങ്ങൾ', 'മുല്ലപ്പൂ നിറമുള്ള പകലുകൾ' എന്നീ നോവലുകൾ ഉദാഹരണങ്ങളാണ്. സാമൂഹ മാധ്യമങ്ങളിലൂടെ പ്രവാസി സാഹിത്യം വളർന്നു. ബ്ലോഗ് എഴുത്തുകൾ, ഫേസ്ബുക്ക് കുറിപ്പുകൾ എന്നിവ പുതുവാതായനങ്ങളായി. തൊഴിലിലെയും താമസസ്ഥലത്തെയും

വിരസത മറികടക്കാൻ സാഹിത്യ സദസ്സുകളും സാഹിത്യ രചനകളും പ്രവാസികൾ ഉപയോഗിച്ചു. അത്തരത്തിൽ പ്രവാസ സാഹിത്യത്തിന്റെ മൂന്നാംഘട്ടം ശക്തമായി.

വിദ്യാഭ്യാസത്തിനായി വിദേശത്ത് എത്തുന്നവർ തൊഴിൽ സമ്പാദിച്ച് അവിടെ സ്ഥിരതാമസമാക്കുന്ന പ്രവണത സമകാലിക മലയാളി ജീവിതത്തിന്റെ പ്രത്യേകതയാണ്. ഇവിടെ മുൻ തലമുറ മലയാളികൾ എന്ന സങ്കൽപ്പം രൂപീകരിക്കുന്നു. മറ്റുള്ളവർ അതിന്റെ അതിർത്തി മുറിച്ചുകടക്കുന്നു. "ജീവിതായോധനത്തിലെ പരിണിതിയെന്ന നിലയിൽ പരി ഗണിക്കപ്പെടുകയും സ്മൃതിരൂപമായ ഗൃഹാതുരത്വമായോ അപരി ചിത ലോകങ്ങളോടുള്ള ആകാംക്ഷയായോ ഒക്കെ ആവിഷ്കരി ക്കപ്പെടുകയും ചെയ്ത പ്രവാസം ഗൗരവമുള്ള സാംസ്കാരികാനു ഭവവും സ്വത്വപ്രശ്നവുമായി മാറുകയാണ് ആധുനികാനന്തര മലയാളസാഹിത്യത്തിൽ."[5] ഇത്തരത്തിലുള്ള പ്രവാസി രചനയ്ക്ക് ഉദാഹരണമാണ് ബെന്യാമിന്റെ 'അൽ അറേബ്യൻ നോവൽ ഫാക്ടറി'.

**ബിജി തോമസ്സിന്റെ കഥകൾ**

ബഹ്റൈനിലെ പ്രവാസി മലയാളികളുടെ രചനകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള ഇടമാണ് ആർട്സ് ക്ലബ്ബ് എന്ന സാഹിത്യ വേദി. അതിൽ പ്രസിദ്ധീകരിച്ച ബിജി തോമസിന്റെ കഥയാണ് 'കാറ്റിൽ പറന്നുപോയ അപ്പൂപ്പൻ താടി'. പ്രവാസത്തിന്റെ പ്രതീക്ഷയും ചവർപ്പും നിരർത്ഥകതയും കൂടിച്ചേർന്ന വികാരനിർഭര സന്ദർഭങ്ങൾ അവതരിപ്പിക്കുന്ന കഥയാണിത്. 'പ്രവാസത്തിന്റെ ഇര' എന്ന് വിശേഷിപ്പിക്കാവുന്ന ശരവ ണൻ എന്ന കഥാപാത്രത്തിന്റെ ജീവിതസംഗ്രഹമാണ കഥ. കുറ ച്ചുകാലം വിദേശത്ത് പണിയെടുത്ത് സമ്പാദിച്ച് നാട്ടിലേക്ക് തിരിച്ചുചെന്ന് അന്തസ്സുള്ള ജീവിതം നയിക്കാമെന്ന പ്രതീക്ഷയിലാണ് ശരവണൻ ഗൾഫിൽ എത്തുന്നത്. അച്ഛന്റെ രോഗം അയാളെ, ഗൾഫിലെ സ്ഥാപനമുടമയുടെ കടക്കാരനാക്കി. ശമ്പളം നാട്ടിലേക്ക് അയച്ച് ഹോട്ടലിൽ രാത്രി കഴിച്ചുകൂട്ടിയ കഷ്ടപ്പാടിന്റെ ദിനങ്ങൾ. കടംവീട്ടി നാട്ടിലെത്തിയപ്പോൾ അദ്ദേഹത്തെ സ്വീക രിച്ചത് അച്ഛന്റെ

മരണമാണ്. മക്കൾക്ക് വേണ്ടി അദ്ദേഹം വീണ്ടും പ്രവാസിയായി. മക്കൾക്ക് നല്ല വിദ്യാഭ്യാസം, ജോലി എന്നിങ്ങനെ കാലം നീണ്ടു. മക്കൾ നല്ല നിലയിൽ എത്തി. എന്നാൽ ഭാര്യ മറ്റാരുടെയോകൂടെ ഒളിച്ചോടിപ്പോയി. വയസ്സനായി, രോഗിയായി, ആർക്കും വേണ്ടാത്തവനായി പാകിസ്ഥാൻകാരന്റെ കടയുടെ പിറകിലെ മുറിയിൽ കഴിയുന്ന നിത്യ പ്രവാസിയുടെ ജീവിതമാണ് 'കാറ്റിൽ പറന്നുപോയ അപ്പൂപ്പൻ താടി' യിൽ ആഖ്യാനം ചെയ്യുന്നത്. നിരാശാഭരിതമായ ഓർമ്മകളാണ് ശരവണനെ വേട്ടയാടുന്നത്. പ്രതീക്ഷ അസ്തമിക്കുന്നിടത്ത് ജീവിതം ശൂന്യമാകുന്നു എന്ന തിരിച്ചറിവി ലേക്ക് പ്രേക്ഷകരെ നയിക്കുന്നു ഈ കഥ.

സൃഷ്ടിപഥം ഡിജിറ്റൽ മാസികയിൽ 2023 ആഗസ്റ്റ് ഒന്നിന് പ്രസിദ്ധീകരിച്ചതാണ് 'തരുവിന്റെ ആത്മഹത്യാക്കുറിപ്പ്'. ജീവിച്ചുതീരാതെ അവസാനിച്ച തരു എന്ന 68 വയസ്സുകാരന്റെ ആത്മഹത്യാക്കുറിപ്പെന്ന വിവരണത്തോടെയാണ് കഥ ആരംഭിക്കുന്നത്. 68 വയസ്സുവരെ ജീവിച്ചു എന്നത് കഥാപാത്രത്തിന് അത്ഭുതമാണ്. ഇതുവരെ ജീവിച്ചിട്ട് എന്ത് നേടി എന്ന ചോദ്യത്തിന് നിരാശയാണ് ഉത്തരം. ആത്മഹത്യ ചെയ്യാനുള്ള തീരുമാനത്തെ അദ്ദേഹം 'വിധി' എന്ന് വിശേഷിപ്പിക്കുന്നു. വിധിക്ക് മുമ്പിൽ ചെയ്തതെല്ലാം തോൽവിയായിരുന്നു എന്ന് തരു തിരിച്ചറിയുന്നു. ആരോഗ്യമുള്ള കാലത്ത് താൻ പണിത വീട് ഭാവിയിൽ എപ്പോഴെങ്കിലും ഇടിഞ്ഞുവീഴുമെന്ന് അദ്ദേഹം ചിന്തിക്കുന്നു. എണീറ്റ് നടക്കാൻ സാധിക്കാത്ത അവസ്ഥയിൽ ആര് പരിചരിക്കും എന്ന ചോദ്യ മലട്ടുന്നു. വയ്യാതെ കിടന്നാൽ ശരീരത്തിന്റെ നല്ല മണം മാറി വൃത്തികെട്ടതാകും. ചുറ്റുമുള്ളവർ തന്റെ മരണം കാംക്ഷിക്കും. ഈ തിരിച്ചറിവ് അയാളെ ഭഗ്നാശനാക്കുന്നു. അച്ഛനും അമ്മയും തണലായിരുന്നു. ജീവിത സാഹചര്യങ്ങൾ ആ തണലിൽ നിന്ന് അകറ്റിയപ്പോൾ അനാഥനായി എന്ന സത്യം അദ്ദേഹത്തെ വികാരഭരിതനാക്കുന്നു. തന്റെ പ്രണയിനിയുമായുള്ള ബന്ധത്തിൽ താൻ മരമായി, തണലായി. അവിടെ കിളിക്കൊഞ്ചലുകൾ കേട്ടുതുടങ്ങി. പക്ഷേ തന്റെ ഇലകളും ചില്ലകളും മണ്ണിൽ പതിക്കുന്നത് കണ്ടപ്പോൾ അവരെല്ലാം കുറ്റം പറഞ്ഞു തുടങ്ങി എന്ന യാഥാർ

ത്ഥ്യം ഞെട്ടലോടെ അയാൾ മനസ്സിലാക്കുന്നു. ഇനി ഒരിക്കലും തളിർക്കാൻ തന്റെ വേരുകൾക്ക് ശക്തിയില്ല എന്ന് അവർ മുദ്രകുത്തിയത് അദ്ദേഹത്തിന് താങ്ങാനാവാത്ത മുറിവായി. സ്വന്തമെന്ന് പറയാനുണ്ടായിരുന്ന മുദ്രക്കടലാസുകളുടെയും ചക്രങ്ങളുടെയും ബലത്തിൽ സ്വീകരിക്കാൻ ആളുണ്ടായിരുന്നു. പക്ഷേ കീശ കാലിയായതോടെ അവർ വഴിമാറിത്തുടങ്ങി. ഇത് തരുവിനെ പുതിയ തീരുമാനത്തിലെത്തിക്കുന്നു. വിധിയുടെ മുൻപിൽ തോറ്റ അയാൾ ആത്മഹത്യയിലൂടെ വിധി മാറ്റുന്നു. ചെയ്യുന്നത് ശരിയാണെന്ന ബോധ്യത്തിലെത്താൻ അയാൾ ശ്രമിക്കുന്നു.

മനുഷ്യ ജീവിതത്തെ അപഗ്രഥിച്ച് ഈ കഥയിലൂടെ അസ്തിത്വദുഃഖത്തിന്റെ കാരണങ്ങളിലേക്ക് വിരൽചൂണ്ടുകയാണ് കഥാകൃത്ത്. പ്രവാസിയുടെ ജീവിതവും കഥാപാത്രത്തെപ്പോലെ ജീവിതമദ്ധ്യത്തിൽ വിധിക്ക് കീഴ്പ്പെട്ട് ഓടിയൊളിക്കേണ്ടിവരുന്ന സമസ്യയാണ് എന്നുള്ള ദൂരക്കാഴ്ച അനുവാചകർക്ക് നൽകുന്നതിൽ കഥാ വിജയമാണ്. യാഥാർത്ഥ്യബോധത്തിന്റെ ചൂടും ചൂരും പ്രവാസി അനുഭവിക്കേണ്ടി വരുമെന്ന കാഴ്ചപ്പാട് പുതുതലമുറയ്ക്ക് നൽകാൻ ബിജി തോമസ്സ് ശ്രമിക്കുന്നു.

**മാനവികതാ മാനങ്ങൾ പ്രവാസി സാഹിത്യത്തിൽ**

മനുഷ്യന് സമുന്നതത്വം കൽപ്പിക്കുന്ന ചിന്താ പദ്ധതിയാണ് മാനവികതവാദം. മാനവികതയുടെ അടിത്തറയിലാണ് പ്രവാസ രചനകളുടെ നിലനിൽപ്പ്. മാനുഷികത, ബൗദ്ധിക സ്വാതന്ത്ര്യം, ധാർമികത, യുക്തിവിചാരം എന്നീ ഘടകങ്ങൾക്ക് പ്രവാസ സാഹിത്യം ഊന്നൽ നൽകുന്നു.

മാനവ സിദ്ധിയുടെ പൂർണ്ണ വികാസത്തെ നിർണയിക്കുന്ന തത്വശാസ്ത്രമാണ് മാനവികത. മനുഷ്യരാശിയുടെ ക്ഷേമത്തിനും അന്തസ്സിനും പ്രാധാന്യം നൽകുന്നതും ശുഭാപ്തി വിശ്വാസം പകരുന്നതുമായ ദർശനമാണത്. മനുഷ്യനെ നന്മയായി കാണുകയും സുഖത്തിനാവശ്യമായ വ്യവസ്ഥിതി സൃഷ്ടിക്കാൻ വെമ്പുകയും ചെയ്യുന്ന ചിന്താപദ്ധതിയാണ് മാനവികത.[6] മാനുഷികത, ധാർമികത, യുക്തിവിചാരം, ബൗദ്ധിക സ്വാത ന്ത്ര്യം എന്നിങ്ങനെ

നാല് അടിസ്ഥാന തത്വങ്ങളിലാണ് മാനവികത നിലകൊള്ളുന്നത്. മനുഷ്യന്റെ സിദ്ധി വിശേഷങ്ങളുടെ പരിപക്വവും സമഗ്രവുമായ വികാസത്തിന് ഈ നാല് മാനദണ്ഡങ്ങളും കൂടിയേ തീരൂ.

ശാസ്ത്രം, രാഷ്ട്രീയം, ദർശനം എന്നിങ്ങനെ മനുഷ്യനുമായി ബന്ധപ്പെട്ട എല്ലാ മേഖലയിലും മാനവികത അന്തർധാരയാണ്. സാഹിത്യത്തിന്റെ ഗതിവിഗതികൾ നിയന്ത്രിക്കുന്നതും മാനവികതയാണ്. മനുഷ്യരിലെ സഹജമായ യുക്തി ബോധത്തിലും ധാർമികതയിലും നൈസർഗികമായ വാസനക ളിലും അധിഷ്ഠിതമായിട്ടാണ് സാഹിത്യവും മാനവികതയും തമ്മി ലുള്ള ബന്ധം വികസിച്ചത്. മനുഷ്യന്റെ അടിസ്ഥാന ആവശ്യ ങ്ങളായ ഭ ക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയാണ് വിശാലാർത്ഥത്തിൽ സാഹിത്യത്തിന്റെ വിഷയം. 'മനുഷ്യന്റെ അന്തസ്സ്' ഉയർത്തിപ്പിടിക്കുന്നതും നശിപ്പിക്കുന്നതും സാഹിത്യത്തിൽ ചർച്ചാ വിഷയമാകുമ്പോൾ മാനവികതയുടെ മണ്ഡലം വികസിക്കുന്നു. സാഹിത്യകൃതികളിൽ പൊതുവേ അംഗീകരിച്ചുപോന്ന മനുഷ്യനന്മ, സാഹസികത, സ്വാതന്ത്ര്യം, മനുഷ്യമഹത്വം, സാഹോദര്യം എന്നിവ മാനവികതയുടെ അവതരണങ്ങളാണ്. ദാന്തെ, പ്രെട്രാർക്ക്, ബൊക്കാച്ചിയോ, പേൾ എസ്. ബെക്ക്, വില്യം ഫോക്നർ, ഏർണ സ്റ്റ് ഹെമിങ്വേ, ദസ്തയേവ്സ്കി, ടോൾസ്റ്റോയി, വിക്ടർ ഹ്യൂഗോ തുടങ്ങിയ സാഹിത്യകാരന്മാരുടെ രചനകളും ഭാരതീയ സാഹിത്യ ത്തിലെ ഭക്തിപ്രസ്ഥാനവും മിസ്റ്റിക് ചിന്താഗതിയും മാനവിക തയുടെ ദർശനങ്ങളാണ് പ്രതിനിധാനം ചെയ്യുന്നത്. കാല്പനിക തയും റിയലിസവും ആധുനികതയും ഉത്തരാധുനികതയും മാനവി കതയുടെ ഭേദങ്ങൾ അവതരിപ്പിച്ചു. ഏകാധിപത്യം - ജനാധിപ ത്യം, സങ്കല്പം-യാഥാർത്ഥ്യം, ആസ്തികം-നാസ്തികം, ഏകത്വം - നാനാത്വം, ക്രമബദ്ധം - ക്രമരഹിതം, പ്രകൃതിസ്നേഹം - പ്രകൃതി നശീകരണം, സുരക്ഷിതത്വം - അരാജകത്വം, ഗുണം - നിർഗുണം, മനുഷ്യത്വം - മൃഗത്വം, നന്മ - തിന്മ, പ്രതീക്ഷ - നിരാശ, ധാർമികം - അധാർമികം എന്നിങ്ങനെ വിരുദ്ധ ദ്വന്ദ്വങ്ങളിലൂടെ മാനവിക തയുടെ സാധ്യതകൾ സാഹിത്യത്തിൽ അവതരിപ്പിക്കപ്പെട്ടു. ആദ്യ കാല പ്രവാസത്തിലും ആധുനിക പ്രവാസത്തിലും പ്രവാസികൾ

അഭിമുഖീകരിച്ച വിഷയം മാനവികതയായിരുന്നു. ആധുനിക പ്രവാസത്തിൽ മാനവികത ആത്മനിഷ്ഠമായ വഴിയിലൂടെ സാഹിത്യത്തിൽ അവതരിപ്പിക്കപ്പെട്ടു. മനുഷ്യന്റെ മാനസിക വ്യാപാരവും അന്തഃസംഘർഷവും മാനവികതയുടെ അവതരണ ശൈലിക ളായി സാഹിത്യം സ്വീകരിച്ചു. ഗൃഹാതുരത്വവും പുതുപ്രതീക്ഷകളും മാനവികതയുടെ നവീന സങ്കൽപ്പങ്ങൾക്ക് രൂപംനൽകി. ഇപ്രകാരം മാനവികത ആധുനിക പ്രവാസിസാഹിത്യത്തിന്റെ തരംഗ മായും സ്ഥായിഭാവമായും വികസിച്ചു.

ജീവിതത്തിൽ ഒറ്റപ്പെട്ടുപോയവരുടെ വ്യഥകളും പ്രവാസികൾ അനുഭവിക്കുന്ന വ്യാകുലതകളുമാണ് ബിജി തോമസ്സിന്റെ കഥകളിൽ തെളിയുന്നത്. മറ്റുള്ളവർക്കു ജീവിതം മാറ്റിവയ്ക്കുന്ന നായകർ ജീവിതത്തിന്റെ പ്രതിസന്ധികളും ബുദ്ധിമുട്ടുകളും സന്തോഷത്തോടെ നേരിടുന്നു. പ്രയോജനം സ്വീകരിച്ചവർ തങ്ങളുടെ ലോകത്തുനിന്നും പ്രവാസി കളെ അകറ്റിനിർത്തുമ്പോൾ പ്രവാസി അനുഭവിക്കുന്ന അന്യതാ ബോധം അസ്തിത്വദുഃഖമാകുന്നു. അസ്ഥിരതയും അസ്വസ്ഥതയുമാണ് പലപ്പോഴും പ്രവാസികളെ പ്രതിസന്ധിയിലാഴ്ത്തുന്നത്. സമൂഹത്തിൽ മാന്യരായി പരിഗണിക്കപ്പെടുമ്പോഴും ഒറ്റപ്പെടലിന്റെയും നിരാശയുടെയും ഇരകളായി മാറുന്ന ഇടത്തരക്കാരായ പ്രവാസികളാണ് ബിജി തോമസ്സിന്റെ കഥാപാത്രങ്ങൾ. അവർ മാനവികതയിലേക്ക് അനുവാചകരെ നയിക്കുന്നു. ആത്മസംഘർഷവും അഭിമാനബോധവും അവഗണനയും അനി ശ്ചിതത്വവും പ്രവാസിയുടെ സ്വത്വ നിർണ്ണയത്തിന്റെ മാനദണ്ഡങ്ങളാണ്. ഒറ്റപ്പെട്ടുപോകുന്ന പ്രവാസികളുടെ സഹവർത്തിത്വം കഥാകാരൻ ആഗ്രഹിക്കുന്നു. അസ്തിത്വദുഃഖത്തിൽ നിന്നും മാനവികതാവാദത്തിലേക്കു മാറിയവയാണ് ബിജി തോമസ്സിന്റെ കഥകൾ.

**നിഗമനങ്ങൾ**

1960ൽ ആഫ്രിക്കൻ സ്റ്റഡീസ് പണ്ഡിതരാണ് ആദ്യമായി 'ഡയസ്പെറ'യെ അക്കാദമിക പഠനത്തിന്റെ ഭാഗമാക്കിയത് എന്ന് സിഗ്മണ്ട് ബൊമൻ നിരീക്ഷിക്കുന്നു. അടിമത്തം, ദേശീയ സംഘർ

ഷങ്ങൾ, വംശീയത, യുദ്ധം എന്നിവയുടെ ഭാഗമായി ചിതറിപ്പോയ മനുഷ്യരെക്കുറിച്ചുള്ള പഠനം എന്ന നിലയിൽ ആയിരുന്നു തുടക്കം. 1990 നു ശേഷം അക്കാദമിക് താൽപര്യം വർദ്ധിക്കുകയും ജേർണലുകൾ, പുസ്തകങ്ങൾ, പ്രോജക്ടുകൾ എന്നിവ കൂടുതലായി ഉണ്ടാവുകയും ചെയ്തു.[7] വിട്ടുപോന്ന സാഹചര്യങ്ങളെ അടിസ്ഥാനമാക്കി (ഇര, തൊഴിൽ, വാണിജ്യം, സാമ്രാജ്യത്വം, സാംസ്കാരികം) എന്നിങ്ങനെ ഡയസ്പെറയെ വർഗീകരിക്കാൻ റോബിൻ കോഹ്ൻ ശ്രമിച്ചു.[8] പ്രവാസത്തിൽ അന്തർലീനമായിരിക്കുന്ന മാനുഷിക ബോധത്തിന്റെ പ്രതിഫലനമാണ് സാഹിത്യ സൃഷ്ടികളിൽ നിഴലിക്കുന്നത്. അക്കാദമിക പഠനങ്ങളിലും സാംസ്കാരിക വിനോദ രചനകളിലും മാനവികതയുടെ മാനദണ്ഡങ്ങൾ ഉപയോഗിച്ചുള്ള സമീപനമാണ് സ്വീകരിക്കേണ്ടത്. മാനവികതയുടെ അടിസ്ഥാന ദർശനങ്ങളായ മാനുഷികത, ധാർമികത, യുക്തിവിചാരം, ബൗദ്ധിക സ്വാതന്ത്ര്യം എന്നിവയെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രവാസി സാഹിത്യം മൂല്യാധിഷ്ഠിത സമൂഹനിർമ്മിതിക്കും സാംസ്കാ ര രൂപീകരണത്തിനും കാരണമാകും.

**കുറിപ്പുകൾ**

1. പി.കെ. രാജശേഖരൻ, പ്രവാസരേഖകൾ, പ്രവാസസാഹിത്യം - സമ്പാദനം പഠനം, എ.എസ്. പ്രതീഷ് , പുറം XVII - XXVIII.
2. കെ.കെ. ശിവദാസ്, പ്രവാസം പ്രതിനിധാനവും സർഗ്ഗാത്മകതയും, പുറം 11.
3. എ. എസ്. പ്രതീഷ്, പ്രവാസസാഹിത്യം - സമ്പാദനം പഠനം, പുറം XIX.
4. എ. എസ്. പ്രതീഷ്, പ്രവാസസാഹിത്യം - സമ്പാദനം, പഠനം, പുറം XXII.
5. പി. കെ. രാജശേഖരൻ, പ്രവാസരേഖകൾ, പ്രവാസസാഹിത്യം സമ്പാദനം, പഠനം, എ. എസ്. പ്രതീഷ്, പുറം XXVI.
6. സച്ചിദാനന്ദൻ, മനുഷ്യൻ ദാർശനിക സൃഷ്ടിയിൽ, (പി.റ്റി. ചാക്കോ, സമ്പാദകൻ) പുറം 121.
7. കെ. കെ. ശിവദാസ്, പ്രവാസം: പ്രതിനിധാനവും സർഗാത്മ

കതയും, പുറം. 16.

8. കെ. കെ. ശിവദാസ്, പ്രവാസം: പ്രതിനിധാനവും സർഗാത്മ കതയും, പുറം. 17.

**ഗ്രന്ഥസൂചി**

1. പ്രതീഷ്, എ. എസ്., പ്രവാസസാഹിത്യം, സമ്പാദനം - പഠനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019
2. ശിവദാസ് കെ.കെ., പ്രവാസം പ്രതിനിധാനവും സർഗാത്മ കതയും, ഇൻസൈറ്റ് പബ്ലിക്ക, കോഴിക്കോട്, 2019
3. സച്ചിദാനന്ദൻ, മനുഷ്യൻ ദാർശനിക സൃഷ്ടിയിൽ, (പി.റ്റി. ചാക്കോ, സമ്പാദകൻ, വിദ്യാർത്ഥിമിത്രം, കോട്ടയം, 1969)

# പെൺപ്രവാസം: രൂപപ്പെടലും അതിജീവനവും

**രമ്യാ രാജൻ ആർ.**

**സംഗ്രഹം**

അമേരിക്കയിലെ ആദ്യകാല മലയാളി എഴുത്തുകാരിയാണ് സരോജ വർഗീസ്. കഥ, യാത്രാവിവരണം, ഓർമ്മക്കുറിപ്പുകൾ, ആത്മകഥ എന്നിങ്ങനെ പരന്നുകിടക്കുകയാണ് അവരുടെ സാഹിത്യ മണ്ഡലം. അമേരിക്ക എന്ന സ്വപ്നഭൂമിയി ലേക്ക് കടന്നുചെന്ന മലയാളി നഴ്സിന്റെ ജീവിത സംഘർഷം അവർ എഴുത്തുകളിലൂടെ വരച്ചിട്ടു. ജീവിതത്തിന്റെ സമസ്ത മേഖലയിലും ഉത്തമ ബോധ്യത്തോടെ കാലുറച്ചുനിന്ന സ്ത്രീയുടെ ജീവിത ബോധ്യം അവരുടെ എഴുത്തിൽ പ്രകടമാകുന്നു.

**താക്കോൽവാക്കുകൾ**

*പ്രവാസം, തൊഴിൽ പ്രവാസം, പെൺ പ്രവാസം.*

പൂർവികർ താമസിച്ചിരുന്ന ദേശം വിട്ട് ജനങ്ങൾ ലോകത്തിന്റെ വിവിധ കോണുകളിലേക്ക് താമസം മാറുന്ന പ്രക്രിയ എന്ന് 'ഡിയസ്പെറ'യെ ലളിതമായി വിശദീകരിക്കാനാകില്ല. സ്ഥലപരമായ മാറ്റം എന്നതിനപ്പുറത്ത് മനുഷ്യരുടെ സാമൂഹികവും മാനസികവുമായ ജീവിത ചുററുപാടുകളെയാകെ പ്രശ്നവൽക്കരി ക്കുന്ന മാറ്റം എന്ന നിലയിലാണ് പ്രവാസാനുഭവം പരിഗണിക്കപ്പെ ടേണ്ട അനേകം കാരണങ്ങൾ വ്യക്തിയെ പ്രവാസിയാക്കും. യുദ്ധം, പ്രതികൂല കാലാവസ്ഥ, തൊഴിലില്ലായ്മ, ആഭ്യന്തര കലാപം എന്നിവ ഉദാഹരണം. ലക്ഷ്യസ്ഥാനം നൽകുന്ന മെച്ചപ്പെട്ട വിദ്യാ ഭ്യാസം, തൊഴിൽ, സുരക്ഷ ജീവിത സൗകര്യം എന്നീ തുടങ്ങിയ ഘടകങ്ങളും പ്രവാസത്തിലേക്ക് നയിക്കാം.

**തൊഴിൽ പ്രവാസം (labour diaspora)**

മലയാളികളെ പ്രവാസികളാക്കി മാറ്റിയതിന് പിന്നിലെ പ്രധാന കാരണം തൊഴിൽ തേടിയുള്ള യാത്രയാണ്. മെച്ചപ്പെട്ട

ജീവിത സാഹചര്യങ്ങളും സാമ്പത്തിക ഭദ്രതയുമാണ് ഇതിനു പ്രേരിപ്പിച്ചത്. സമ്പദ് വ്യവസ്ഥയെയും വിപണി യുടെ ഘടനാപരമായ വ്യത്യാസത്തെയും തൊഴിൽ പ്രവാസം നിർണ്ണയിക്കുന്നു. വികസിത രാജ്യങ്ങളിലെ തൊഴിൽ ആവശ്യകതയാണ് കുടിയേറ്റത്തിന് പ്രേരകശക്തിയായത്. വിദ്യാഭ്യാസവും കഴിവും ബുദ്ധിസാമർഥ്യവും ആവശ്യമായ മേഖലകളിലേക്ക് അധ്വാന ശേഷിയുള്ള തൊഴിലാളികളുടെ ആവശ്യം പ്രവാസത്തിന് ആക്കംകൂട്ടി.

**പെൺപ്രവാസം**

പ്രവാസി മലയാളി സ്ത്രീകൾ പലവിഭാഗത്തിൽ പെടുന്നു. തൊഴിൽ തേടി വ്യത്യസ്ത ഭൂപ്രദേശങ്ങളിൽ ജീവിക്കേണ്ടി വരുന്നവരാണ് അവരിലധികവും നാടും ജീവിത ചുറ്റുപാടുകളും ഉപേക്ഷിച്ച് പോകുമ്പോൾ സ്ത്രീ എന്ന നിലയിൽ അവർ അനുഭവിക്കുന്ന അനാഥത്വം വലുതാണ്. ജീവിതരീതി, ഭക്ഷണം, ഭാഷ, സംസ്കാരം, പ്രകൃതി എന്നിവ നഷ്ടപ്പെടുമ്പോൾ ഉണ്ടാകുന്ന അന്യതാബോധം അവരുടെ എഴുത്തിലും പ്രതിഫലിക്കും. അതിന് ഉദാഹരണമാണ് സരോജ വർഗീസിന്റെ രചനകൾ. അപരിചിത സംസ്കാരത്തിൽ, അപരിചിതഭാഷ ഉപയോഗിച്ച് ജീവിക്കേണ്ടി വരുമ്പോൾ സ്വത്വാനുഭവമാവിഷ്കരിക്കാൻ മാതൃഭാഷ ഉപയോഗിക്കുകയാണിവിടെ. അങ്ങനെ സാഹിത്യ രചന സ്വത്വ പ്രതിസന്ധി മറികടക്കാ നുള്ള മാർഗമായി മാറുന്നു.

മുഖ്യമായും 1960 – 70 കാലഘട്ടത്തിലാണ് മലയാളി നഴ്സുമാരുടെ രാജ്യാന്തര കുടിയേറ്റം ആരംഭിക്കുന്നത്. ആദ്യ ഘട്ടത്തിൽ പരിഹാസവും അനീതിയുമാണ് അവർ അനുഭവിച്ചത്. എന്നാൽ ജീവിതം കരുപ്പിടിപ്പിക്കുവാൻ അവർ നടത്തിയ ശ്രമം ധീരമാണ്. സരോജ വർഗീസ് 1972 ൽ അമേരിക്കയിലെത്തി. ഔദ്യോഗിക ജീവിതത്തിനിടയിലും സാമൂഹിക സാംസ്കാരിക മേഖലകളിൽ ഇടപെട്ടു. കഥാരചനയിൽ മികവു പുലർത്തി. യാത്രാവിവരണങ്ങൾ രചിച്ചു. ഭർത്താവ് ജോയുടെ വിയോഗത്തിൽ സരോജ എഴുതിയ

'പ്രിയ ജോ നിനക്കായ് ഈ വരികൾ' എന്ന സ്മരണ മലയാളി കളെ സ്വാധീനിച്ചിരുന്നു. 1988 ൽ ഫിലാഡൽഫിയയിലെ രജനി മാസികയിൽ പ്രസിദ്ധീകരിച്ച എക്സിറ്റ് ആണ് സരോജയുടെ ആദ്യ കഥ. കൈരളി, ജനനി, മലയാള പത്രം എന്നീ പ്രസിദ്ധീകരണങ്ങളിൽ അവർ എഴുതി. തീരം കാണാത്ത തിര, പൊലിയാത്ത പൊൻവിളക്ക് എന്നിവ പ്രധാന കഥാ സമാഹാരങ്ങളാണ്. ലളിതമായി ഒഴുകിപ്പോകുന്ന അരുവി പോലെയാണ് സരോജയുടെ കഥകൾ. മടുപ്പില്ലാതെ വായിച്ചുപോ കാവുന്നവ. അന്യവത്കൃതരായി സ്വയം നഷ്ടപ്പെട്ട് നിൽക്കുന്ന മനു ഷ്യർക്ക് ആശ്വാസമേകുന്ന സ്നേഹത്തിന്റെ കയ്യൊപ്പ് അവയിൽ തെളിഞ്ഞു കാണാം. മനസ്സിൽ സൂക്ഷിക്കാവുന്ന നന്മയുടെ പാഠം ഓരോ കഥയും അവശേഷിപ്പിക്കുന്നു. മലയാളി സ്ത്രീകൾ അധിക മില്ലാത്ത എഴുത്തു മേഖലയിൽ സധൈര്യം കടന്നുവന്ന സരോജയുടെ ആത്മകഥയും ഓർമ്മക്കുറിപ്പുകളും തുറന്ന അനുഭവങ്ങളുടെ ആവിഷ്കാരങ്ങളാണ്. സരോജ എന്ന അമ്മയെയും നഴ്സിനെയും ഭാര്യയെയും മകളെയും സ്നേഹിത യെയും അവരുടെ എഴുത്തിൽ കണ്ടെത്താം. മത സാമൂഹിക - സാംസ്കാരികരംഗത്ത് പ്രവർത്തിച്ച സരോജയുടെ അനുഭവങ്ങൾ അവരുടെ രചനകളിൽ മിന്നിമറയുന്നു. അമേരിക്ക എന്ന സ്വപ്നഭൂമിയിലേക്ക് കടന്നുചെന്ന മലയാളി നഴ്സിന്റെ ജീവിത സംഘർഷം അവർ എഴുത്തു കളിലൂടെ വരച്ചിട്ടു. ജീവിതത്തിന്റെ സമസ്തമേഖലയിലും ഉത്തമ ബോധ്യത്തോടെ കാലുറച്ചുനിന്ന സ്ത്രീയുടെ ജീവിത ബോധ്യ ങ്ങൾ സരോജയുടെ ആത്മകഥയിൽ വെളിവാകുന്നു.

**ഏകാന്തതയെ മറികടക്കുന്ന യാത്ര**

സരോജയുടെ എഴുത്തിന്റെ വലിയ പങ്കും യാത്രാനുഭവങ്ങളുടെ ആവിഷ്കാരമാണ്. സ്വദേശത്തുനിന്ന് മറ്റൊരുദേശത്തേക്ക് നടത്തുന്ന വലിയ യാത്രയ്ക്ക് പുറത്ത് ചെറു സ്ഥലങ്ങളിലേക്ക് നടത്തുന്ന സന്ദർശന ഇടവേളകൾ അവർ കൃത്യ മായി ആവിഷ്കരിക്കുന്നു. ചുറ്റുപാടുകളിൽ ഉറച്ചുനിൽക്കാതെ നേർ

രേഖയിലുള്ള ഏകാന്തത മറികടക്കാൻ 'യാത്ര' എന്ന അതി ജീവനതന്ത്രം കണ്ടെത്തുമ്പോൾ യാത്രാനുഭവത്തിന്റെ ചിത്രീകരണം വേറിട്ടതാകുന്നു. സരോജയോടൊപ്പം യാത്രകളിൽ നമ്മളും സന്ദർശകരാകുന്നു. യാത്രകളെ സംബന്ധിച്ച് തനി ക്കുള്ള കാഴ്ചപ്പാട് എന്താണെന്ന് 'സാഗര ഹൃദയത്തിലെ പറുദീസ യിലൂടെ' എന്ന യാത്രാവിവരണത്തിന്റെ ആമുഖഭാഗത്ത് സരോജ വ്യക്തമാക്കുന്നു. ''നാടുകളെയും അവിടുത്തെ ജനങ്ങളെയും അറിയാനും അടുത്ത് പരിചരിക്കാനും അദമ്യമായ അഭിനിവേശം എന്നിൽ മുളപൊട്ടുന്നതുകൊണ്ടാകാം എന്റെ സഞ്ചാര പദങ്ങളിൽ വൈതരണികളില്ല. കാണേണ്ടയിടങ്ങളിലൊക്കെ പാർസൽ പോലെ പോയിവരാൻ ഞാൻ ആഗ്രഹിച്ചില്ല." യാത്രയെ സവിശേഷാനുഭവമായി കാണുന്ന സരോജയുടെ താല്പര്യമാണ് ഇവിടെ ദൃശ്യമാകുന്നത്. 'വിശുദ്ധ സ്വപ്നങ്ങളുമായി വിശുദ്ധ നാട്ടിൽ' എന്ന യാത്രാവിവരണത്തിൽ ഓരോ ഘട്ടത്തിലും യാത്ര എന്നത് ആത്മ സാക്ഷാത്കാരം നേടുന്നതിനുള്ള മഹത്തായ പ്രവർത്തനം കൂടി യാകുന്നു.

പുതിയ ചുററുപാടിന് അനുഗുണമായ ജീവിതചര്യകൾ ചിട്ടപ്പെടുത്തി ഔദ്യോഗിക സ്ഥിരത കൈവരിക്കുമ്പോഴും സ്വന്തം നാടുമായി ബന്ധം പുലർത്താനുള്ള ശ്രമത്തിന്റെ ഭാഗമാണ് മലയാളത്തിലുള്ള എഴുത്ത്. മാനസികമായ ഐക്യപ്പെടലാണ് അതിലൂടെ സാധ്യമാകുന്നത്. ജീവിതത്തിന്റെ പല ഘട്ടങ്ങളിലായി പല ആവശ്യങ്ങൾക്ക് വേണ്ടി നാടും വീടുംവിട്ട് വിദൂര ദേശങ്ങളിലേക്ക് കുടിയേറുന്ന മനുഷ്യരുടെ ജീവിതമാണ് പ്രവാസി രചനകളുട വിഷയം. അന്യവൽക്കരിക്കപ്പെടുന്ന പുതിയ പരിസരത്ത് സ്വന്തം അസ്തിത്വം ചോദ്യചിഹ്നമാകുന്ന മനുഷ്യന്റെ മാനസിക സംഘർഷം ഈ രചനകളുട മുഖമുദ്രയാണ്. സരോജ വർഗീസിന്റെ എഴുത്തുകൾ സ്ത്രീ എന്ന നിലയിൽ ജീവിതത്തെ നേരിട്ട ധീര ശ്രമത്തിന്റെ തെളിവുകളാണ്.

**ഗ്രന്ഥസൂചി**

സരോജ വർഗീസ്, വിശുദ്ധ സ്വപ്നങ്ങളുമായി വിശുദ്ധ നാട്ടിൽ, പ്രഭാത് ബുക്സ്, തിരുവനന്തപുരം.

സരോജ വർഗീസ്, സാഗര ഹൃദയത്തിലെ പറുദീസയിലൂടെ, പ്രഭാത് ബുക്സ്, തിരുവനന്തപുരം, 2008.

ബാബു ഭരദ്വാജ്, പ്രവാസിയുടെ കുറിപ്പുകൾ, മാതൃഭൂമി ബുക്സ്, 2011.

Briji Lal, The encyclopedia of the Indian Diaspora, O$ford University Press,2007.

Braziel Jana Evanas, Diaspora An introduction, Black well publishing,UK, 2008.

൦൦

# പ്രവാസവും
# നവമാധ്യമങ്ങളിലെ ആശയവിനിമയവും

**വൈശാഖ് കെ.**
ഗവേഷകൻ, മലയാള-കേരളപഠനവിഭാഗം,
കാലിക്കറ്റ് സർവ്വകലാശാല.

സംസ്കാരവികാസ ചരിത്രത്തിൽ പ്രവാസത്തിന് സ്ഥാനമുണ്ട്. ജന്മദേശം വിട്ട് പല കാരണത്താൽ അന്യദേശത്തേക്ക് ജീവിതം പറിച്ചുനടുന്നതിന്റെ ഭാഗമായുണ്ടാവുന്ന അവസ്ഥയാണ് പ്രവാസം. കാർഷിക സംസ്കാരത്തിന്റെ ഭാഗമായാണ് മനുഷ്യർ ഭൂമിയിൽ ഭവനം നിർമ്മിച്ച് താമസിച്ചത്. കാലാവസ്ഥയുടെ ഭാഗമായി അവർ ഒരു ദേശത്ത്നിന്ന് മറ്റൊരു ദേശത്തേക്ക് യാത്ര നടത്തി. ഭക്ഷണം, ഭൂമിയുടെ മേലുള്ള ആധിപത്യം, ജീവിതത്തിന്റെ സുരക്ഷ, പ്രകൃതിവിഭങ്ങൾ എന്നിവയാണ് പ്രാചീന മനുഷ്യരെ യാത്രക്ക് പ്രേരിപ്പിച്ചത്. സ്വാഭാവിക യാത്രയിൽനിന്നും വ്യത്യസ്തമാണ് കുടിയേറ്റം ഒരു ഭൂമേഖലയിൽനിന്നും മറ്റൊരു ഭൂമേഖലയിലേക്കുള്ള ജനതകളുടെ സംഘടിതമോ അസംഘടിതമോ ആയ ചേക്കേറലാണു കുടിയേറ്റം. കാരണം പലതാ ണ്. അതിന്റെ ഉപോൽപ്പന്നമാണ് പ്രവാസം. ദേശാന്തരഗമനമാണ് പ്രവാസം. പ്രവാസത്തിന്റെ പ്രത്യേകമായ സ്ഥിരതാമസമാണ് പ്രവാസം. പ്രവാസമെന്ന അനുഭവ തലത്തിലേക്ക് സ്ഥിരവാസം ആരംഭിച്ചവരാണ് പ്രവാസികൾ. പ്രവാസപഠനത്തിൽ ജന്മദേശം (Home land), പ്രവാസ ദേശം (Host land) വ്യക്തി (Person) എന്നിവ പ്രധാനമാണ്.[1] തിരിച്ചു വരാൻ ജന്മഭൂമി ഉണ്ടായിരിക്കുക എന്നത് പ്രവാസത്തിലെ നിർണായക ഘടകമാണ്. തൊഴിൽ, സമ്പത്ത്, വിദ്യാഭ്യാസം, മെച്ച പ്പെട്ട ജീവിതസൗകര്യം എന്നിവയാണ് മനുഷ്യരെ പ്രവാസ ത്തിന് പ്രേരിപ്പിക്കുന്നത്.

തിരുവനന്തപുരത്തെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് 1998 മുതൽ അന്തർ ദേശീയവും ആഭ്യന്തരവുമായ കുടിയേറ്റ സർവ്വെ നടത്തുന്നു. സാമൂഹിക-സാമ്പത്തിക സ്ഥിതിക്ക് ഗുണപരമായ മാറ്റം ലക്ഷ്യമാക്കി പ്രവാസികളായവരാണ് മലയാളികൾ. അകലം (Distance) ആശയവിനിമയത്തിൽ നിർണ്ണായക ഘടകമാണ്. പ്രവാസം ചിലപ്പോൾ വ്യക്തിയെ കുടുംബ ബന്ധങ്ങളിൽനിന്ന കറ്റുന്നു. ജന്മഭൂമിയിലെ ഭൗതികമായ അസാന്നിധ്യം ഒന്നാം തല മുറ പ്രവാസിയെ ബാധിക്കുന്നു. വൈകാരിക വിനിമയങ്ങളിൽ നിന്നുള്ള വിടുതൽ കൂടിയാണിത്. പ്രവാസിയായ ഓരോരുത്തനും ജന്മദേശത്തെ ബന്ധുക്കളും സുഹൃത്തുക്കളുമായി നിരന്തരം ആശ യവിനിമയത്തിന് ശ്രമിക്കും. പ്രവാസിയുടെ വിനിമയരീതി വ്യത്യസ്തമാണ്. മറ്റു രാജ്യങ്ങളുടെ സ്റ്റാൻഡേർഡ് സമയവുമായി ഇന്ത്യൻ സ്റ്റാൻഡേർഡ് സമയത്തിന് ചെറുതും വലുതുമായ വ്യത്യാസമുണ്ട്. ഇന്ത്യയ്ക്ക് സമാനമായ ഭൂരേഖാംശമേഖലയി ലുള്ള രാജ്യങ്ങൾ ചൈന, ശ്രീലങ്ക, നേപ്പാൾ, റഷ്യ എന്നിവയാണ്. അറബ് രാഷ്ട്രങ്ങളിലെ സ്റ്റാൻഡേർഡ് സമയവുമായി ഇന്ത്യൻ സ്റ്റാൻ ഡേർഡ് സമയം ഒന്നര മണിക്കൂർ മുന്നിലാണ്. യുണൈറ്റഡ് കിം ഗ്ഡവുമായി അഞ്ചര മണിക്കൂറിന്റെ വ്യത്യാസമുണ്ട്.

CDS നടത്തിയ ആദ്യത്തെ കേരള മൈഗ്രേഷൻ സർവേ പ്രകാ രം ഗൾഫ് രാഷ്ട്രങ്ങളിലേക്ക് കുടിയേറിയ മലയാളികളിൽ കൂടുതലും പുരുഷന്മാരാണ്. ഭൂരിഭാഗവും 25നും 35നും ഇടയിൽ പ്രായമുള്ളവർ. അച്ഛൻ, അമ്മ, ഭാര്യ, മക്കൾ എന്നീ ബന്ധുക്കളുമായി അവർ ആഗ്ര ഹിക്കുന്ന വൈകാരിക വിനിമയം സ്വാഭാവികമാണ്. 1997- ൽ ടെലിഫോൺ സൗകര്യം കേരളത്തിൽ സാർവ്വത്രികമായി. കത്തുകളിലൂടെയായിരുന്നു അതിനുമുമ്പ് പ്രവാസികൾ ജന്മദേശവുമായി സംവദിച്ചിരുന്നത്. കത്തെഴുതാനും വായിക്കാനും അറിയാത്ത ധാരാളം പ്രവാസികളും കുടുംബങ്ങളും അന്നുണ്ടായിരുന്നു. തൊഴിൽ ജീവിതത്തിൽ കത്തിടപാടുകളിലെ വിനിമയത്തിനും ആശയസംവേദനത്തിനും സമയദൈർഘ്യം കൂടുതലായിരുന്നു. ട്രങ്ക്കോൾ ബുക്ക് ചെയ്യാനാണ് മുമ്പ് ദീർഘദൂര അന്തർദ്ദേശീയ കോളുകൾ വിളിച്ചിരുന്നത്. രണ്ട് ടെലിഫോൺ

എക്സ്ചേഞ്ചുകൾ തമ്മിൽ അന്താരാഷ്ട്രതലത്തിലുള്ള നെറ്റ്വർക്ക് കണക്ഷനാണിത്.

ഇന്റർനെറ്റിന്റെയും ആധുനിക ടെലി - കമ്മ്യൂണിക്കേഷൻ സാങ്കേതിക വിദ്യയുടെയും കടന്നുവരവോടെ കമ്മ്യൂണിക്കേഷൻ ടെക്നോളജി ഡിജിറ്റലായി. കത്തുകൾ, ടെലിഫോൺ, ഫാക്സ്, ഇ-മെയിൽ, മൊബൈൽഫോൺ, എസ്.എം.എസ്, ഓർക്കുട്ട്, ഫേസ് ബുക്ക്, വാട്സപ്പ്, ടെലഗ്രാം, വീഡിയോ കോളിംങ് എന്നിങ്ങനെ ആശയവിനിമയത്തിലുണ്ടായ വളർച്ചയിൽ പ്രവാസികളുടെ വിനിമ യരീതി മാറി. ആധുനിക സാമൂഹിക മാധ്യമങ്ങൾ ആശയവിനിമയ രംഗത്ത് ഡിജിറ്റൽകൾച്ചർ രൂപപ്പെടുത്തി. ഇന്റർനെറ്റ് അധിഷ്ഠിതവിനിമയങ്ങൾ സ്വകാര്യത നൽകി. അവ കുറഞ്ഞ അകലം പാലിക്കുന്നു. ഭൗതികതയുടെ പരിച്ഛേദമാണ് സൃഷ്ടിക്കപ്പെട്ടത്. വ്യക്തിയുടെ ജീവിതയാഥാർത്ഥ്യങ്ങൾക്കു പുറ മെ മറ്റൊരു യാഥാർത്ഥ്യം സൃഷ്ടിക്കാൻ അവയ്ക്ക് കഴിയുന്നു. സാങ്കേതികതയിൽ അധിഷ്ഠിതമായ ഡിജിറ്റൽ വിനിമയ ഉപാധികൾ അചേതനമാണ്. മുൻകൂട്ടി തയ്യാറാക്കിയ കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങിലൂടെയാണ് പ്രവർത്തനം. ഉപഭോക്താവിന്റെ നിർദ്ദേശം മാത്രമാണ് അത് പ്രതിഫലിപ്പിക്കുന്നത്. പ്രവാസികളിൽ വലിയ വിഭാഗം യുവാക്കളായതിനാൽ സ്മാർട്ട് ഫോണും നവമാധ്യമങ്ങളും എളുപ്പത്തിൽ കൈകാര്യം ചെയ്യുന്നു. വിക സിച്ചുകൊണ്ടിരിക്കുന്ന സ്മാർട്ട്ഫോൺ സാങ്കേതികരംഗവും വിപ ണിയും ഡിജിറ്റൽകമ്മ്യൂണിക്കേഷന് പ്രാധാന്യംനൽകുന്നു. ആപ്പിൾ, സാംസങ് എന്നീ സ്മാർട്ട് ഫോൺ കമ്പനികൾക്ക് സ്വീകാര്യത ലഭി ക്കുന്നത് പ്രവാസികൾക്കിടയിലാണ്. ഉപഭോക്താക്കളുടെ പങ്കാളി ത്തമാണ് സ്മാർട്ട്ഫോൺ ഉപയോഗിച്ചുള്ള നവമാധ്യമങ്ങളിലെ ആശയങ്ങളിൽ പുതുമയുണ്ടാക്കുന്നത്.

ഫേസ്ബുക്ക്, വാട്സപ്പ് എന്നീ ഇൻസ്റ്റന്റ് ചാറ്റിങ് മാധ്യമങ്ങൾ അവയുടെ ഉള്ളടക്കം പലതവണ വിപുലപ്പെടുത്തി. ടെക്സ്റ്റ് മെസ്സേ ജുകൾമാത്രം അയയ്ക്കാവുന്ന മൊബൈൽ ആപ്ലിക്കേഷനുകളിൽ ഇന്ന് ഓഡിയോ - വീഡിയോ ഫയലുകളുടെ വിനിമയം മുതൽ പണമിടപാടുകൾ വരെ നടത്താം. മലയാളി പ്രവാസികൾ ആശയ

വിനിമയത്തിനു കൂടുതൽ ഉപയോഗിക്കുന്നത് വാട്സപ്പാണ്.[2] നിശ്ചലചിത്രങ്ങൾ, ദൃശ്യങ്ങൾ, ശബ്ദശകലങ്ങൾ, ഡോക്യുമെന്റുകൾ എന്നിവയുടെ പങ്കുവെക്കലും വീഡിയോകോളിങ് സംവിധാനവു മുള്ള സൗജന്യ മെസ്സേജിങ് സർവ്വീസാണ് വാട്സപ്പ്. ഒന്നിലധികം വ്യക്തികളെ അംഗങ്ങളാക്കിയിട്ടുള്ള കുടുംബഗ്രൂപ്പുകളും സൗഹൃദ ഗ്രൂപ്പുകളും പ്രത്യേകം നിർമ്മിച്ച് ഒരേസമയം എല്ലാ അംഗങ്ങളോടും ആശയവിനിമയം നടത്താൻ സാധിക്കുന്നതു വാട്സപ്പിന്റെ സവി ശേഷതയാണ്. ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, ലിങ്ഡിൻ, ടിറ്റർ, ടമ്പ്ലർ, സ്കൈപ്പ്, റെഡ്ഡിറ്റ്, ടിക്ക് ടോക്ക്, ഷെയർ ചാറ്റ് എന്നിവ വ്യക്തിഗ തവിനിമയങ്ങളേക്കാൾ ഉപയോഗപ്പെടുത്തുന്നത് ലൈഫ് സ്റ്റൈൽ ബ്രോഡ്കാസ്റ്റിങ്ങിനാണ്. ഫേസ്ബുക്ക് കമ്പനി 2014ൽ 19 ബില്യൺ ഡോളർ നൽകി വാട്സപ്പിനെ സ്വന്തമാക്കിയത് ജനപ്രീതി മുൻനിർ ത്തിയാണ്.

ഫേസ്ബുക്ക് ഓൺലൈൻ സൗഹൃദ ശൃംഖലയാണ്. ഫേസ് ബുക്കിന്റെ ഉള്ളടക്കം ജന്മദേശത്തിന്റെ സ്പന്ദനങ്ങൾ പ്രവാസി കളിൽ ഡിജിറ്റലായി പ്രദർശിപ്പിക്കുന്നു. പോസ്റ്റ് ചെയ്യപ്പെടുന്നതോ ഷെയർ ചെയ്യപ്പെടുന്നതോ ആയ ഫേസ്ബുക്കിലെ ഉള്ളടക്കത്തോ ടുള്ള പ്രതികരണം ലൈക്ക് ബട്ടൺ, ഇമോജികൾ, സ്റ്റിക്കറുകൾ എന്നിവയിലൂടെ പോസ്റ്റുചെയ്തവരെ അറിയിക്കാനാകും. ഫേസ് ബുക്കിൽ പോസ്റ്റു ചെയ്യുന്നതിലൂടെ വ്യക്തികൾ തമ്മിലുള്ള വിനിമ യത്തിന് പുറമേ സംഭവത്തെക്കുറിച്ചുള്ള അഭിപ്രായപ്രകടനങ്ങളും നടത്താം. ലൈവ് വീഡിയോ പ്രക്ഷേപണത്തിന് പ്രവാസികൾ ഉപ യോഗപ്പെടുന്നതു ഫേസ്ബുക്കാണ്. പ്രവാസിലോകത്തെ വിശേഷ ങ്ങൾ യൂട്യൂബ് ചാനലിലൂടെ വീഡിയോ വ്ളോഗുകളായി ചിത്രീക രിച്ച് പബ്ലിഷ് ചെയ്യുന്നുമുണ്ട്. ജീവിതശൈലി, സ്ഥലങ്ങൾ, ഭക്ഷണ രീതികൾ, വ്യക്തിപരവും പൊതുവായതുമായ ആഘോഷങ്ങൾ, വാർത്തകൾ എന്നിവ മാതൃഭാഷയിൽ അവതരിപ്പിച്ച് പബ്ലിക് വെബ് പോർട്ടലിലൂടെ വിനിമയം ചെയ്യുന്നതാണ് വ്ളോഗുകളുടെ സ്വഭാ വം. കാഴ്ചക്കാർക്ക് അഭിപ്രായങ്ങൾ കമന്റ് ബോക്സിലൂടെ അറി യിക്കാം. തൊഴിൽ, വിദ്യാഭ്യാസ സാധ്യതകളെക്കുറിച്ചറിയാൻ ആളു കൾ ഉപയോഗപ്പെടുത്തുന്നത് യൂറ്റ്യൂബ് ചാനലുകളിലെ ലൈഫ്

സ്റ്റൈൽ വ്‌ളോഗുകളാണ്. പ്രവാസിമേഖലയിൽ കഴിഞ്ഞ കാൽ നൂറ്റാണ്ടിനിടെ സംഭവിച്ചിട്ടുള്ള മുഖ്യവികസനം സാങ്കേതിക - ആശയവിനിമയരംഗത്തുണ്ടായ വളർച്ചയാണ്. പ്രവാസികളുടെ ദൈനംദിന വിനിമയത്തിൽ ഇടങ്ങളും സമയങ്ങളും പ്രധാനമാണ്. വീട്/ഫ്ലാറ്റ്, തൊഴിലിടം, വിദ്യാഭ്യാസ സ്ഥാപനം, വാഹനം, പൊതു സ്ഥലം എന്നിവയിൽ താമസ സ്ഥലത്തുവച്ചാണ് കൂടുതലും വിനിമയം നടക്കുന്നത്. ബന്ധങ്ങളിലെ വൈകാരികത, സാമ്പത്തികനില, സമയം എന്നിവ പ്രവാസിവിനിമയത്തിലെ മുഖ്യഘടകമാണ്. നവമാധ്യമങ്ങളിലൂടെയുള്ള ആശയവിനിമയം പ്രവാസിയുടെ അനുഭവം വ്യത്യസ്തമാക്കുന്നു. ഫോട്ടോ ട്രാൻസ്ഫർ, വീഡിയോ കോളിങ്, വോയ്സ് മെസ്സേജ്, ടെക്സ്റ്റ് മെസ്സേജ് എന്നിവ വ്യക്തികൾക്കിടയിലെ അകലം അദൃശ്യമാക്കുന്നു. ഒറ്റപ്പെട്ടു കഴിയുന്ന പ്രവാസിക്ക് വീട്ടുകാർ നൽകുന്ന ധാർമ്മികവും വൈകാരികവുമായ പിന്തുണയാണ് ഇത്തരം വിനിമയങ്ങളിലെ നേട്ടം.

**കുറിപ്പുകൾ**

1. Kapoor, Kapil. Theorising diaspora and the Indian Experience- Theorising and critiquing Diaspora, New Delhi, Creative books, 2004
2. Kerala Migration Survey - 2018

**ഗ്രന്ഥസൂചി**

1. വെങ്കിടേശ്വരൻ, സി. എസ്, മലയാളികളുടെ നവമാധ്യമ ജീവിതം, ഡി.സി. ബുക്സ്, കോട്ടയം 2018

**പ്രബന്ധം**

2. യദുനന്ദൻ,എസ്.ആർ, പ്രവാസി മലയാളികളുടെ ആശയ വിനിമയരീതികളിൽ സാമൂഹിക മാധ്യമ ഉപയോഗത്തിന്റെ സ്വാധീനം (പി.എച്ച്.ഡി പ്രബന്ധം), തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വ കലാശാല - 2019
3. ബിന്ദു എം.കെ, പ്രവാസം എം. മുകുന്ദന്റെ നോവലുകളിൽ- പ്രവാസം, ദൽഹി, ദൽഹിഗാഥകൾ എന്നീ നോവലുകളെ ആസ്പദമാക്കി ഒരു പഠനം (പി.എച്ച്.ഡി പ്രബന്ധം), കാലിക്കറ്റ് സർവ്വകലാശാല - 2019

# മലയാളിപ്പെണ്ണുങ്ങൾ കണ്ടെത്തിയ യാത്രാപഥങ്ങളിലൂടെ

**അപർണ എ. പി.**

ഗവേഷക, മലയാളവിഭാഗം,

കേരള സർവ്വകലാശാല

**സംഗ്രഹം**

ബെന്യാമിന്റെ 'നിശബ്ദ സഞ്ചാരങ്ങൾ' നഴ്സുമാരുടെ പ്രവാസജീവിതം അവതരിപ്പിക്കുന്ന നോവലാണ്. ഈ നോവലിന്റെ പഠനമാണ് പ്രബന്ധത്തിൽ നിർവ്വഹിക്കുന്നത്.

**താക്കോൽ വാക്കുകൾ**

*പെൺ പ്രവാസം, നിശബ്ദ സഞ്ചാരം, സങ്കരത്വം, തിരിച്ചുപോക്ക്*

പ്രവാസധാരകൾ ചർച്ച ചെയ്യുന്നതിനിടയിൽ പ്രാധാന്യം അർഹിക്കുന്നതാണ് പെൺപ്രവാസം. ആരോഗ്യം വീട്ടുജോലി, അദ്ധ്യാപനം, ആതുര സേവനം എന്നിങ്ങനെയുള്ള തൊഴിലിനായി സ്ത്രീകൾ കുടുംബ ത്തിന്റെ പൂർണമായ ഏറ്റെടുത്തു. അവരുടെ പ്രശ്നങ്ങൾ പല പ്പോഴും ചർച്ച ചെയ്യപ്പെടുന്നില്ല. തൊഴിലിടങ്ങളിലെ ലൈംഗികവും സാമ്പത്തികമവുമായ ചൂഷണം സ്ത്രീപ്രവാസികളെ ബുദ്ധിമു ട്ടിക്കുന്നു. ജോലിക്കോ പഠനത്തിനോ ആയല്ലാതെ വിവാഹത്തിന് ശേഷം ഭർത്താവിന്റെ ജോലിസ്ഥലത്തേക്ക് മാറ്റി നടപ്പെട്ട സ്ത്രീകളുടെ ജീവിതവും അതിൽപ്പെടുന്നു.

പ്രവാസി സ്ത്രീക ളുടെ ജീവിതവും അവർ അനുഭവിക്കുന്ന പാർശ്വവത്കരണവും സ്വത്വപ്രതിസന്ധിയും, തൊഴിലിടങ്ങളിലെ പൂഷണവും അവതരിപ്പിക്കുന്ന കൃതികൾ വിരളമാണ്. പ്രവാസി

ജീവിതത്തിന്റെ സങ്കീർണത സ്ത്രീ വീക്ഷണത്തിൽ അവതരിപ്പിച്ച നോവലിസ്റ്റാണ് സുനേത്രാഗുപ്ത. അവരുടെ 'മെമ്മറീസ് ഓഫ് റെയിൻ' പ്രവാസി ജീവിതത്തിൽ ഉണ്ടാകുന്ന സാംസ്കാരിക അന്തരം വിവാഹജീവിതം സംഘർഷത്തിലേക്ക് നയിക്കുന്നതെങ്ങ നെയെന്ന് അവതരിപ്പിക്കുന്നു. പ്രവാസി നഴ്സുമാരുടെ ജീവിതവും അവർ അനുഭവിക്കുന്ന സ്വത്വപ്രതിസന്ധിയും അഭിസംബോധന ചെയ്യുന്ന നോവലാണ് ബെന്യാമിന്റെ 'നിശബ്ദ സഞ്ചാരങ്ങൾ'. മധ്യ തിരുവിതാംകൂറിൽനിന്ന് പല കോണുകളിലേക്ക് നഴ്സുമാർ നടത്തിയ കുടിയേറ്റത്തിന്റെയും അതിജീവനത്തന്റെയും കഥയാണത്.

ഉറുമ്പുവർഷങ്ങളായി തോന്നിയ ഏതാനും ആശുപത്രി ദിവ സങ്ങളുടെ ഏകാന്തതയിൽ മനുവിനെ രോഗശയ്യയിൽ പരിചരിക്കുന്ന മരിയ എന്ന നഴ്സിന്റെ നിസ്വാർത്ഥ സേവനം അയാൾക്ക് നഴ്സുമാരെപ്പറ്റിയുള്ള ധാരണകൾ തിരുത്തുന്നു. ആ ദിവസങ്ങളിലെപ്പോഴോ അയാൾക്കു തന്റെ നാലു തലമുറ മുൻപുള്ള മറിയാമ്മ യോഹന്നാൻ നഴ്സായി വിദേശത്ത് പോയതും പിന്നീടു ണ്ടായ സംഭവങ്ങളും അന്വേഷിച്ചറിയാനുള്ള ത്വരയുണ്ടാകുന്നു. കുടുംബത്തിൽ അന്വേഷിച്ചെങ്കിലും, ഇന്റർനെറ്റും, ഫോണും സാങ്കേതിക വിദ്യകളും ഇല്ലാതിരുന്ന കാലത്ത് വിദേശത്ത് പോയ മറിയാമ്മച്ചിയെ കുറിച്ച് കൃത്യം വിവരം നൽകാൻ ആർക്കും കഴിയുന്നില്ല. പുരുഷന്മാരേക്കാൾ മുൻപേ സ്ത്രീ കടൽകടന്നു വിദേശത്ത് ജോലിക്കു പോയത് എന്നത് അംഗീകരിക്കാനുള്ള മടിയും പലർക്കുമു ണ്ടായി. നഴ്സുമാരോടുള്ള പുച്ഛം ബഹുമാനത്തിനും ആരാധനയ്ക്കും വഴി മാറുന്നു. ഇതാണ് തലമുറയുടെ ചരിത്രം പരിശോധിക്കുന്നതിലേക്കും അതിന്റെ വേരുകൾ അന്വേഷിച്ച് പോകുന്നതിലേക്കും മനുവിനെ കൊണ്ടെത്തിച്ചത്. മറിയാമ്മയുടെ ജീവിതത്തെക്കുറിച്ചും മരണത്തെക്കുറിച്ചും അറിയാനുള്ള ആകാംക്ഷ വ്യക്തികളിൽനിന്നും സ്ഥലങ്ങളിൽനിന്നും ശേഖരിച്ച വിവരം ഈ നോവലിന്റെ ജീവനാണ്. സിംഗപ്പൂരിൽ ജോലിചെയ്യുന്ന സമയത്ത് മറിയാമ്മ നാട്ടിലേക്ക് അയച്ച കത്തു കളാണ് അതിൽ പ്രധാനം.

പൂർവ്വിക ചരിത്രം ഗൗനിക്കാത്ത തലമുറയാണ് ഇവിടെയുള്ളത് എന്ന് നോവലിസ്റ്റ് തുടക്കത്തിലെ സൂചിപ്പിക്കുന്നു. തന്നെ മാത്രം നോക്കി ജീവിച്ച ജനതയല്ല മാന്തളിർ ദേശത്തെ മുൻതലമുറ എന്നും ഒരാൾ മറ്റൊരാളിനെ രക്ഷപ്പെടുത്താൻ ശ്രമിച്ചിരുന്നുവെന്നും മനുവിന്റെ അന്വേഷണത്തിൽ വെളിവാകുന്നു. അച്ഛനമ്മമാരും എഞ്ചിനീയറിംഗ് ബിരുദധാരികളായ മക്കളും തമ്മിലെ സംസാരം ഈ നോവലിലും കാണുന്നു. അത്തരക്കാർ കേരളത്തിൽ നിന്നാൽ രക്ഷപ്പെടില്ല എന്ന സംഭാഷണവും ഇടക്കിടക്ക് കയറിവരുന്നു. 'പാറ്റയുടെയും കൊതുകിന്റെയും കാർക്കിച്ചു തുപ്പുന്ന വല്യപ്പൻമാരുടെയും നാടാണ്' കേരളമെന്നാണ് മനുവിന്റെ മാതാപിതാക്കളുടെ അഭിപ്രായം. മനുവിന്റെ പ്രണയിനി ജാനകി അന്യമതസ്ഥയായിട്ടും സാധാരണ കാണുന്ന എതിർപ്പ് മനുവിന്റെ വീട്ടിലില്ല. എതിർപ്പ് ജാനകിയുടെ പഠനവിഷയവുമായി ബന്ധപ്പെട്ടാണ്. എം.എ. മലയാളംകാരി നഴ്സിംഗ് പഠിച്ചില്ല എന്നതാണ് ആകെയുള്ള പ്രശ്നം. പഠനം കഴിഞ്ഞ് നഴ്സിംഗ് പഠിച്ച് ആസ്ട്രേലിയയിൽ ജോലി നേടുന്നതിന് മനുവിന്റെ അമ്മ അവനെ ഉപദേശിക്കുന്നു. നഴ്സിംഗ് ജോലിയെ അവഗണനയോടെയാണ് പല മലയാളികളും നോക്കിക്കാണുന്നതെങ്കിലും നോവലിലെ കഥാപാത്രങ്ങൾ നഴ്സിംഗ് ഏത് ജോലിയേക്കാളും അഭിമാനാർഹമാണെന്ന് കരുതന്നവരാണ്. പൂർവ്വികരുടെ സാമ്പത്തിക അടിത്തറ ഉണ്ടാക്കിയതിൽ നഴ്സിംഗിന് വലിയ പങ്കുണ്ട്. പുറംനാട്ടിൽ വിയർപ്പൊഴുക്കി ദേശത്തെ പട്ടിണിയിൽനിന്നും മോചിപ്പിച്ച പൂർവ്വികരോട് അങ്ങേയറ്റം ബഹുമാനം മനുവിനുണ്ട്.

മനു ആദ്യം കണ്ടെടുക്കുന്ന കത്തിൽ ഒരു വ്യക്തിയെക്കുറിച്ചുള്ള സൂചന മാത്രമേയുള്ളൂ എന്നാൽ അയാൾ നടത്തിയ അന്വേഷണത്തിൽ കൂടുതൽ കാര്യങ്ങൾ കണ്ടെത്തുന്നു. ചരിത്രത്തി ലേക്ക് വീണ്ടും ഇറങ്ങിച്ചെല്ലാനുള്ള ഊർജ്ജമായി അത് മാറുന്നു. കത്തുകളിലൂടെയും ഡയറികളിലൂടെയും വിശാലമായ നിശ്ശബ്ദ സഞ്ചാരങ്ങൾ തുറന്നിടുന്നു. മരിച്ചവരുടെ ശബ്ദമാണ് അവിടെ മുഴങ്ങുന്നത്. കഥാപാത്രങ്ങളെപ്പോലെ ഓജസ്സുറ്റ ഘടകങ്ങളാണ്

ഡയറികളും കത്തുകളും. കത്തുകൾ പങ്കുവയ്ക്കുന്നത് ദൈവത്തോടുള്ള കടപ്പാട്, കുടുംബാംഗങ്ങളോടുള്ള സ്നേഹം, ജോലിസ്ഥലത്തെ വിശേഷങ്ങൾ, ജോലി മാറ്റത്തിനും മറ്റുമുള്ള പ്രതീക്ഷാനിർഭരമായ കാത്തിരിപ്പ് അക്കാലത്തെ പകർച്ച വ്യാധികൾ, യുദ്ധക്കെടുതികൾ, നാട്ടിലെത്താനുള്ള ആഗ്രഹം എന്നിവയാണ്. ഗ്രേസി പ്പിള്ളയാന്റിയെന്ന സ്ത്രീയുടെ കടന്നുവരവ്. മനു അന്വേഷിച്ച മറിയാമ്മയുടെ കഥ ചുരുളഴിക്കുന്ന കത്തു കളിലേക്ക് നയിക്കുന്നു. കത്തിൽ കൂടുതലും രണ്ടാം ലോക യുദ്ധ ക്കാലത്ത് ബോർണിയോ എന്ന ദ്വീപിലും മറ്റുമായി യുദ്ധത്തടവു കാരെ ചികിത്സിക്കുന്ന നഴ്സായി കഴിഞ്ഞ സമയ ത്തെ ജപ്പാൻകാരുടെ ക്രൂരത വർണിയ്ക്കുന്നതായിരുന്നു. ജപ്പാൻ സൈന്യത്തിന്റെ ക്രൂരത നോവലിന്റെ പല ഭാഗത്തും കാണാം. ഉപാധിയില്ലാതെയുള്ള പരസ്പരബന്ധത്തിന് ദൂരം പരിധി അല്ലെന്ന് നോവലിലെ കഥാപാത്രങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. മനു, ജാനകി, ജോൺ, മറിയാമ്മ, ഗ്രേസിപ്പിള്ള എന്നിവരെ ഉദാഹരിക്കാം.

പഠിച്ച് നഴ്സായി വിദേശത്തേക്ക് പോയാൽ ഉത്തരവാദിത്തത്തിന്റെ ഭാരം പെൺകുട്ടിയുടെ തലയിൽ വയ്ക്കുക എന്നത് സാധാരണ പ്രതിഭാസമാണ്. നഴ്സിന്റെ പിൻബലത്തിൽ അക്കരയ്ക്ക് കടക്കാമെന്ന് കരുതുന്നവർ ഒരുപാടാണ്. ലാലി ആന്റി എന്ന കഥാ പാത്രം എല്ലാവരുടെയും നിർബന്ധത്തിന് വഴങ്ങിയാണ് ഗർഭം അലസിപ്പിച്ചത്. 'എന്റെ കുഞ്ഞിന്റെ രക്തത്തിന്റെ വില കൊണ്ട് പൊങ്ങച്ചം ചമയുന്ന എല്ലാ തെണ്ടികളോടും ഒടുങ്ങാത്ത പുച്ഛം തോന്നും' എന്നത് സ്ത്രീയുടെ വൈകാരികതയ്ക്ക് വില കല്പിയ്ക്കാത്ത സമൂഹത്തോടുള്ള പ്രതിഷേധമാണ്. ലാലി ആന്റിയുടെ നഷ്ടം ഒരുപാടു പേർക്ക് ജീവിതം നൽകി. പ്രവാസി സ്ത്രീ കളുടെ അധ്വാനത്തിനോ സഹനത്തിനോ സമൂഹത്തിൽ പരിഗണന ലഭിക്കുന്നില്ല. എത്ര നഷ്ടം സംഭവിച്ചാലും ചിരിച്ച മുഖവുമായി രോഗികളെ ശുശ്രൂഷിക്കുക എന്നതാണ് നഴ്സിന്റെ ധർമ്മം. നഴ്സിങ്ങ് പലർക്കും പകിട്ടും പത്രാസുമുള്ള തൊഴിലേയല്ല. പഠിച്ചാൽ ജോലി ഉറപ്പുള്ള മോശമല്ലാത്ത ശമ്പളം ലഭിക്കുന്ന, ആഗ്രഹങ്ങൾ സഫലമാക്കാനുള്ള ജോലിയാണ്. നഴ്സിംഗിനെ

രണ്ടാംതരം തൊഴിലായാണ് മലയാളികൾ കാണു ന്നത്. മനുഷ്യരുണ്ടായ കാലംമുതൽ നേരിടുന്ന ദുരിതങ്ങളുടെ വർണനകളാണ് ഈ നോവലിന്റെ മറ്റൊരു പരിച്ഛേദം. യുദ്ധത്തിന്റെയും രോഗത്തിന്റെയും കെടുതികളെക്കുറിച്ചുള്ള വിവരണങ്ങൾ നോവലിലുണ്ട്. 'മതിലിന്റെ പുറത്ത് വെകിളിപിടിച്ച വെട്ടുപോത്തിനെപ്പോലെ യുദ്ധം വന്നെത്തി നോക്കുന്നു.' എന്നാണ് ജോണിന്, മറിയാമ്മ ബോർണിയോയിൽ നിന്നെഴുതിയ കത്തിലുള്ളത്. യുദ്ധത്താലും രോഗത്താലും ദുരിതം അനുഭവി ക്കുന്ന ജനതയ്ക്ക് ആശ്വാസം ആതുര ശുശ്രൂഷകരാണ്. ജീവൻ വകവയ്ക്കാതെ മനുഷ്യജീവന്റെ രക്ഷിക്കാൻ അവർ അധ്വാനിക്കുന്നു. രോഗത്തിന് ഡോക്ടറെന്നോ നഴ്സെന്നോ അധികാരിയെന്നോ ഉള്ള വേർതിരിവില്ല അത് എല്ലാരെയും ബാധിക്കുന്നു. നിരവധി നഴ്സുമാർ മരണത്തിന് കീഴടങ്ങിയിട്ടുണ്ട്. നോവൽ അവസാനിയ്ക്കുന്നത് കോവിഡ് വ്യാപനത്തിന്റെ ഭീഷണിയിൽപ്പെട്ട് തകിടം മറിഞ്ഞ ജനതയുടെ ജീവിതത്തിലേക്ക് പ്രവേശിച്ചാണ്. പണ്ട് ജോലി ചെയ്ത ബഹറൈനിലെ ആശുപ ത്രിയിൽ കോവിഡ് വന്ന് രോഗികൾ കൂടിയെന്നറിഞ്ഞപ്പോൾ തിരി കെ നാട്ടിലേക്ക് മടങ്ങിയ മനുവിന്റെ മമ്മി ഖേദം പ്രകടിപ്പിക്കുന്നു. 'ഒരു നഴ്സിന്റെ മനസ്സു നിനക്കൊരിക്കലും മനസിലാവില്ലെടാ മഹാ മാരികളുടെ കാലത്ത് ജോലി ചെയ്യാത്ത നഴ്സ്, യുദ്ധങ്ങളില്ലാത്ത കാലത്ത് ജോലി ചെയ്യുന്ന പട്ടാളക്കാരെപ്പോലെയാണ്' എന്നാണ വരുടെ അഭിപ്രായം.

പാരസ്പര്യം കാത്തു സൂക്ഷിക്കുന്ന രചനാഘടനയിലൂടെ പ്രവാസി നഴ്സുമാരുടെ ജീവിതം അവതരിപ്പിക്കുന്ന നിശബ്ദ സഞ്ചാ രങ്ങൾ അനിവാര്യതയുടെ സൃഷ്ടിയാണ്. കേരളത്തിലെ നഴ്സുമാർ ഒരിക്കൽ കൂട്ടത്തോടെ ഗൾഫിലേക്ക് കുടിയേറി. 2016ലെ കേരള മൈഗ്രേഷൻ സർവ്വെ പ്രകാരം വിദേശി നഴ്സുമാരിൽ 57 ശതമാ നവും ഗൾഫിലാണ്. കോവിഡിന് ശേഷമുള്ള കാലഘട്ടത്തിൽ കേരളത്തിൽ നിന്നുള്ള നഴ്സുമാർക്ക് അവസരങ്ങളുടെ ലോകം തുറന്നുകിട്ടി. പലരും ഭാഷ പഠിച്ച് വിദേശത്തേക്ക് പറന്നു. മല യാളി നഴ്സുമാർ ഇപ്പോൾ യൂറോപ്യൻ, അമേരിക്കൻ

രാജ്യങ്ങളെയാണ്, ഇഷ്ടപ്പെടുന്നത്. ജീവിതച്ചെലവ് കൂടുതലാണെങ്കിലും, മികച്ച വേതനവും ഉയർന്ന ജീവിത നിലവാരവും അവരെ ആകർഷിക്കുന്നു. കോവിഡ് വ്യാപിച്ചപ്പോൾ ജീവൻപോലും മറന്ന് പ്രവർത്തിച്ച നഴ്സുമാരുടെ ജീവിതം എവിടെയെങ്കിലും അടയാളപ്പെടുത്തേണ്ടതുണ്ട്. തലമുറകളുടെ കഥകൾ ആഖ്യാനം ചെയ്ത് നിശ്ശബ്ദസഞ്ചാരങ്ങളിൽ ബെന്യാമിൻ ആ കർമ്മം നിറവേറ്റുന്നു.

**കുറിപ്പുകൾ**

1. പത്മനാഭപിള്ള, ശ്രീകണ്ഠേശ്വരം.ജി. നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 2008, പുറം 1300 .
2. The Oxford Book of Exile Edited by John Simpson,Diven fourth Oxford University Press1995.Diven forth
3. എ.സഹദേവൻ, എം.മുകുന്ദൻ (അഭിമുഖം), നോവലിന്റെ പണിപ്പുരയിൽ 1 , എം. മുകുന്ദൻ, മാതൃഭൂമി ആഴ്ചപ്പതിപ്പ് ഒക്ടോബർ 1997, പുസ്തകം 75, ലക്കം 34.
4. സുനേത്ര ഗുപ്ത അറിയപ്പെടുന്ന ഇന്ത്യൻ ശാസ്ത്രജ്ഞയും സാഹിത്യകാരിയുമാണ് ഓക്സ്ഫഡ് യൂണിവേഴ്സിറ്റിയിൽ തിയററ്റിക്കൽ എപ്പിഡമിയോളജിയിലെ പ്രൊഫസർ ആണ്

**ഗ്രന്ഥസൂചി**

1. ബെന്യാമിൻ, കുടിയേറ്റം പ്രവാസത്തിന്റെ മലയാളി വഴികൾ, ഡി.സി ബുക്സ്, കോട്ടയം , 2017.
2. രാജശേഖരൻ പി.കെ. പ്രവാസരേഖകൾ, ഭാഷാപോഷിണി, മെയ് 201
3. എ.സഹദേവൻ, എം.മുകുന്ദൻ (അഭിമുഖം), നോവലിന്റെ പണിപ്പുരയിൽ 1, എം മുകുന്ദൻ, മാതൃഭൂമി ആഴ്ചപ്പതിപ്പ് ഒക്ടോബർ 1997, പുസ്തകം 75, ലക്കം 34.
4 ബെന്യാമിൻ, നിശബ്ദ സഞ്ചാരങ്ങൾ, ഡി. സി. ബുക്സ് കോട്ടയം, 2020

# ദക്ഷിണേഷ്യൻ പ്രവാസിനാടകവേദിയും താരാ തീയേറ്റേഴ്സും

**അനഘ എസ്. എസ്.**
ഗവേഷക, മലയാളവിഭാഗം
കേരള സർവകലാശാല

**സംഗ്രഹം**

സാമൂഹികവിഷയങ്ങളുടെ പ്രതിപാദനത്തിനും അതിനോടുള്ള പ്രതികരണങ്ങൾക്കുമുള്ള ഇടമെന്ന നിലയിൽ നാടകം എന്ന ജനുസ്സ് പഠിക്കപ്പെടണം പ്രവാസിനാടുകളിലെ സമകാലിക സാമൂഹികാവസ്ഥകളെ സർഗാത്മകമായി അവതരി പ്പിക്കുന്ന നാടകങ്ങളും നാടകവേദികളും ഇന്നുണ്ട്. ദക്ഷിണേഷ്യൻ പ്രവാസി നാടകവേദിയെക്കുറിച്ചും, അതിൽ സ്വാധീനം ചെലുത്തിയ ലണ്ടനിലെ പ്രവാസിനാടകവേദി താര തീയേറ്റേഴ്സിനെക്കുറിച്ചുമുള്ള അന്വേഷണവുമാണ് ഈ പ്രബന്ധം.

**താക്കോൽ വാക്കുകൾ**

*ഡയസ്പെറ, പ്രവാസിനാടകവേദി, ദക്ഷിണേഷ്യൻ പ്രവാസിനാടക വേദി*

ഡയസ്പെറയ്ക്ക് പുതിയമുഖം കൈവരിക്കാൻ സാധിച്ചത് പത്തൊമ്പതാം നൂറ്റാണ്ടിലെ ദേശീയതയുടെയും കീഴാളസാമ്രാജ്യത്വത്തിന്റെയും ഭാഗമായി നിൽക്കാൻ സാധിച്ചപ്പോഴാണ്. അന്തർ സാംസ്കാരികവും ബഹുസാംസ്കാരികവുമായ പ്രക്രിയകളെയും രൂപങ്ങളെയും ഉൾക്കൊള്ളുന്ന ആശയധാര എന്ന നിലയിലാണ് അതിന്റെ പ്രസക്തി. പ്രവാസികളുടെ എഴുത്തുകളും, പ്രശ്നങ്ങളും അവസ്ഥകളും തുറന്നുകാട്ടുന്ന രചനകൾ

പ്രവാസിസാഹിത്യത്തിന്റെ ഭാഗമാണ്. അതിൽ പ്രബല ജനുസ്സാണ് നാടകം. ജന്മനാട്ടിൽ നിന്നകന്ന് കഴിയുന്ന പ്രവാസികളോ കുടിയേറ്റക്കാരോ നാടുകടത്തപ്പെട്ടവരോ ആയ ജനവിഭാഗങ്ങളുടെ നാടകാഖ്യാനങ്ങളും അവതരണങ്ങളും നാടകപ്രവർത്തനങ്ങളുമൊക്കെ ചേർന്നതാണ് പ്രവാസിനാടകവേദി. നാടകപഠനത്തിന്റെ ഭാഗമായ ജനുസ്സുകളുടെയും ഉപജനുസ്സുകളുടെയും വിഷയങ്ങളുടെയും ബാഹുല്യം അവിടെയുണ്ട്. അന്തർസംസ്കാരികവും കലർപ്പു നിറഞ്ഞതും ജീവിത യാഥാർഥ്യങ്ങളുടെ നേരാവിഷ്കാരവുമായിരിക്കും. പ്രവാസിനാടകങ്ങൾ. ദേശം അല്ലെങ്കിൽ രാഷ്ട്രം എന്നതിലുപരിയായ സാംസ്കാരിക ഇടങ്ങൾ പ്രവാസനാടകവേദി അന്വേഷിക്കുന്നു.

**ദക്ഷിണേഷ്യൻ പ്രവാസിനാടകവേദി**

ഇന്ത്യ, പാകിസ്ഥാൻ, ബംഗ്ലാദേശ്, ഭൂട്ടാൻ, നേപ്പാൾ, ശ്രീലങ്ക, മാൽദീവ്സ് എന്നീ രാഷ്ട്രങ്ങൾ ഉൾക്കൊള്ളുന്നതാണ് ദക്ഷിണേഷ്യ. ഈ പ്രദേശത്തു നിന്നുള്ള കുടിയേറ്റക്കാരുടെ നാടകവേദിയാണ്. ദക്ഷി ണേഷ്യൻ പ്രവാസിനാടകവേദി. നാടക പ്രസാധനവും അവതരണവും ഏറെ നടന്ന ഇടങ്ങൾ എന്ന നിലയിൽ യു.എസ്.എ, കാനഡ, യു.കെ, ദക്ഷിണാഫ്രിക്ക എന്നീ പ്രദേശങ്ങളാണ് മുൻപന്തിയിലുള്ളത്.

കൊളോണിയൽ കാലത്തെയും സ്വാതന്ത്ര്യാനന്തരഘട്ടത്തെയും മുൻനിർത്തി ദക്ഷിണേഷ്യൻ ഡയസ്പെറയുടെ ചരിത്രം വിലയിരുത്താം. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭ ദശകങ്ങളിൽ യു.എസ്.എ.യിലേക്കുള്ള ദക്ഷിണേഷ്യൻ കുടിയേറ്റം തൊഴിലാളി കളുടെതായിരുന്നു. 1960-കളോടെ ധനാർജ്ജന ലക്ഷ്യത്തോടെ ദക്ഷിണേഷ്യയിലെ വിദ്യാർത്ഥി/പണ്ഡിതസമൂഹം അമേരിക്കയിലേക്ക് കുടിയേറി. അവരുടെ പിൻതലമുറ അവിടെ സ്ഥിര വാസികളായി. ദക്ഷിണേഷ്യൻ സാഹിത്യം സമൃദ്ധവും പ്രഖ്യാതവുമാണ്. എന്നാൽ നാടകവേദി അത്രകണ്ട് വികസിതമല്ല. പ്രവാസിനാടകവേദിയുടെ ശൈശവദശയെക്കുറിച്ച് 'ഡയസ്പെറ ആൻഡ് തിയേറ്റർ ഓഫ് ദി നേഷൻ' (2003) എന്ന പ്രബന്ധത്തിൽ

അപർണ ഭാർഗവ ദാർവാഡ്കർ പ്രതിപാദിക്കുന്നു. കുടിയേറ്റ എഴുത്തുകാരെ സംബന്ധിച്ച് ജന്മസംസ്കാരത്തിൽനിന്നും കുടിയേറിയ ഭൂമിയുടെ സംസ്കാരം ഉൾവഹിച്ചു എഴുതുമ്പോളാണ് പ്രവാസം ശക്തമായ ആഖ്യാനവി ഷയമാകുന്നത്. ഒപ്പം ഭിന്നസംസ ്കൃതിയോടു പൊരുത്ത പ്പെടുന്നതിന്റെ പ്രശ്നങ്ങളും സ്വത്വപ്രതിസന്ധിയും അവിടെ ഉച്ചത്തിൽ മുഴങ്ങി കേൾക്കും.

പ്രവാസിനാടകവേദി പതുക്കെ വളർന്ന് ആതിഥേയ രാജ്യങ്ങളിൽ ചുവടുറപ്പിച്ചു. കുടിയേറ്റ രാജ്യങ്ങളിലെ ജനസംഖ്യയും സംഭാവനയും കണക്കിലെടുക്കുമ്പോൾ ദക്ഷിണേഷ്യൻ പ്രവാസിനാടക കൂട്ടായ്മകൾക്ക് വലിയ സ്വാധീനമുണ്ട്. ഇതര കലാരൂപങ്ങളെ അപേക്ഷിച്ച് മാനുഷിക ഘടകങ്ങളെയും മനുഷ്യ വർഗ്ഗത്തിന്റെ പ്രശ്നങ്ങളെയും ആഴത്തിൽ പ്രതിഫലിപ്പിക്കുവാൻ സജ്ജമായ മാധ്യമമാണ് നാടകം. ബോസ്റ്റണിലെ സൗത്ത് ഏഷ്യൻ അമേരിക്ക തീയേറ്റർ, ഷിക്കാഗോയിലെ സിൽക്ക്റോഡ് തിയേറ്റർ, റസാക തീയേറ്റർ, ലാർക്ക് തീയേറ്റർ, സലാം തീയേറ്റർ, ദിശ തീയേറ്റർ എന്നീ നാടകവേദികൾ അമേരിക്കയിൽ സജീവമാണ്. അവയുടെ കേന്ദ്രമാണ് ന്യൂയോർക്ക്. 1950-കൾ മുതൽക്കേ നാടകകൃത്തുക്കൾ കരുത്തുറ്റ ആഖ്യാനങ്ങൾ നടത്തിവരുന്നു. ആസിഫ് മാൻഡ്‌വിയുടെ 'സക്കീനയുടെ റസ്റ്റോറന്റ്', ബിന ഷരി ഫിന്റെ 'അഫ്ഗാൻ വുമൺ', 'മൈ ആൻസിസ്റ്റേഴ്സ് ഹൗസ്', 'അനദർ ജേർണി ഹോം', 'രഹന മിർസ', ഗാർഗി മുഖർജിയുടെ 'അവർ വോയിസസ്', അനുവബ് പാലിന്റെ 'ചാവോസ് തിയറി', ശിശിർ കുറുപ്പിന്റെ 'മെർച്ചന്റ് ഓൺ വെനീസ്', 'അസിമിലേഷൻസ്', ടാനിയ ഹുസൈനിന്റെ 'മദർ ഇൻ അനദർ ലാംഗ്വേജ്', 'നെയ്ബെഴ്സ്', 'ബ്രിഡ്ജ് ആൻഡ് ടണൽ ഡിസപ്ഷൻ', രോഹിനാ മാലിഖിന്റെ 'യാസ്മിനാസ് നെക്ലേസ്', 'അൺവെയ്ൽഡ്', ഡോളി ഡിംഗ്റയുടെ 'അൻസ്യുട്ടബിൾ ഗേൾസ്', സരോവർ ബാങ്കിന്റെ 'മോറൽ ഇമ്പ്ലി ക്കേഷൻസ് ഓഫ് ടൈം ട്രാവൽ' എന്നിങ്ങനെ ദക്ഷിണേഷ്യൻ പ്രവാസിനാടകങ്ങളുടെ പട്ടിക വിപുലമാണ്.

ബിന ഷരീഫ് ജന്മനാടിന്റെ ഗൃഹാതുരസ്മരണകൾ ആഖ്യാന

വിഷയമാക്കി. ശിശിർ കുറുപ്പ് സങ്കീർണ സ്വത്വപ്രശ്നങ്ങളിൽ ഉഴലുന്ന പ്രവാസികളുടെ ആത്മദുഃഖം വെളിവാക്കുന്ന രചന നടത്തി. അദ്ദേഹത്തിന്റെ 'അസിമിലേഷൻസ്' എന്ന നാടകം കുടി യേറ്റക്കാർ അനുഭവിക്കുന്ന വംശീയ പീഡനങ്ങളുടെ വെളിപ്പെടു ത്തലാണ്. ഹിന്ദു മുസ്ലിം വർഗ്ഗീയ കലാപത്തിന്റെ തുറന്നെഴുത്താണ് മെർച്ചന്റ് ഓൺ വെനീസ്.

കാനഡയിലെ ദക്ഷിണേഷ്യൻ പ്രവാസികളുടെ അവസ്ഥ അമേരിക്കയിലേതിനേക്കാൾ വ്യത്യസ്തമാണ്. കനേഡിയൻ ഗവണ്മെന്റിൽനിന്നും സ്വദേശികളിൽനിന്നുമുണ്ടായ പെരുമാറ്റങ്ങളോടുള്ള അതൃപ്തിയുടെ രേഖപ്പെടുത്തലാണ്. ആദ്യകാല പ്രവാസി നാടകങ്ങൾ. കുടിയേറ്റക്കാരുടെ സ്വത്വപ്രശ്നങ്ങൾ ആ സൃഷ്ടികളിൽ ഘനീഭവിച്ചിരുന്നു. കനേഡിയൻ സമൂഹത്തിൽ സ്വത്വത്തിന് അംഗീകാരവും ബഹുമാനവും ലഭിക്കുന്നതിനുള്ള പോരാട്ടങ്ങൾ ആയിരുന്നു അവ. മുഖ്യധാരാ കനേഡിയൻ ദേശീയനാടക വേദിക്കൊപ്പം സ്ഥാനം ഉറപ്പിക്കുവാൻ പ്രവാസി തിയറ്റേർ ശ്രമിക്കുന്നു.

അമേരിക്കയിൽനിന്നും കാനഡയിൽനിന്നും വ്യത്യസ്തമാണ് യു.കെ.യിലെ ദക്ഷിണേഷ്യൻ പ്രവാസിനാടക വേദി. യൂറോപ്യൻ രാജ്യങ്ങളുമായി ദക്ഷിണേഷ്യൻ രാജ്യങ്ങൾക്ക് കാലങ്ങ ളായുള്ള ബന്ധം പ്രവാസിസാഹിത്യരൂപീകരണത്തിൽ പ്രധാന പങ്കുവഹിച്ചു. യു.കെ.യിലേക്കുള്ള ദക്ഷിണേഷ്യൻ കുടിയേറ്റങ്ങൾക്ക് കോളനിവത്ക്കരണത്തേക്കാൾ പഴക്കമുണ്ട്. വിദ്യാഭ്യാസമുള്ള യുവതലമുറ യു.കെ.യിലേക്ക് എത്തിയതിൽപ്പിന്നെയാണ് പ്രവാസിസാഹിത്യം വളർന്നത്. ഇന്ത്യയിൽ ഇംഗ്ലീഷ് നാടകവേദി സ്വാധീനം ചെലുത്തിയതിനു സമാനമായി യു.കെ.യിൽ ദക്ഷിണേഷ്യൻ നാടകവേദി സ്ഥാനമുറപ്പിച്ചു. ധാരാളം നാടകവേദികൾ ഒന്നാം ലോക യുദ്ധകാലത്ത് ഉടലെടുത്തു. അതിൽ പ്രധാനമാണ് ഇടതുപക്ഷ ആശയങ്ങൾ ഉയർത്തിപ്പിടിച്ചസൃഷ്ടി നടത്തിയ ഇന്ത്യൻ ഡ്രമാ റ്റിക് ആർട്ട്സ് സൊസൈറ്റി. പിൽക്കാല ത്തുണ്ടായ, ആഭ്യന്തര പ്രശ്നങ്ങൾ അവതരിപ്പിക്കുന്ന നാടകങ്ങൾ സൃഷ്ടിച്ച എല്ലാ നാടകവേദിക്കും മുതൽക്കൂട്ടാകാൻ അതിന് സാധിച്ചു. പിന്നീടുള്ള നാടകകൂട്ടായ്മകളിലൂടെ പ്രവാസികൾ സമൂഹത്തിൽ തങ്ങൾക്ക്

നേരിട്ട വേർതിരിവുകൾ അനുഭവതീക്ഷ്ണമായി അവതരിപ്പിച്ചു. സമത്വത്തിനായുള്ള ആഹ്വാന ങ്ങൾ ആയിരുന്നു അവ. ദക്ഷിണേഷ്യൻ നാടകവേദി ലണ്ടനിൽ വേരാഴ്ത്തുന്നതിനു പ്രഖ്യാത നാടകവേദിയെ താരാതീയേറ്റേ ഴ്സിന് വലിയ പങ്കുണ്ട്. സജീവമായ പ്രവർത്തനങ്ങൾ നടത്തി ക്കൊണ്ട് പ്രവാസനാടകവേദിക്ക് പുതുനിർവചനം സൃഷ്ടിക്കാൽ ഈ നാടകവേദിക്കു കഴിഞ്ഞു.

**താരാതീയറ്റേഴ്സും ദക്ഷിണേഷ്യൻ പ്രവാസിനാടകവേദിയും**

"We are beating creative heart of our communities, exploring the world through South Asian lens. We make politically charged innovative theatre which create ripples from the hyper- local to the global" താരാ തീയേറ്റേഴ്സിന്റെ ആപ്തവാക്യമാണിത്. അവർ പ്രഖ്യാപിക്കുംപോലെ അതിപ്രാദേശികതയിൽനിന്ന് ആഗോ ളതലത്തിലേക്ക് തരംഗങ്ങൾ സൃഷ്ടിക്കാനുതകുന്ന രാഷ്ട്രീയ പ്രേരി തമായ നൃൂതന തീയറ്റർ സങ്കൽപ്പങ്ങൾ കാലാനുസൃതമായി അവത രിപ്പിക്കുന്നതിന് സജ്ജമായ കൂട്ടായ്മയാണ് ഈ നാടക വേദി. താരാ തീയേറ്റേഴ്സിന് സമ്പന്നവും മാർഗ്ഗോദ്ദീപകവുമായ ചരിത്രമാണുള്ളത്. 17-കാരനായ ഗുർദീപിന്റെ വംശീയ കൊല പാതകത്തോടുള്ള പ്രതികരണം എന്ന നിലയിലാണ് 1977-ൽ ഈ നാടക സംഘം രൂപീകരിക്കപ്പെട്ടത്. കമ്പനിയുടെ ആദ്യ കലാസം വിധായകനായ ജതീന്ദർ വർമ്മ, സുനിൽ സാഗർ, ഓവൈസ് ഖദ്രി, പ്രവീൺ ബാൽ, വിജയ് ഷൗനഖ് എന്നിങ്ങനെ വാൻഡ്സ്വർത്ത് നിവാസികളായ ഒരു സംഘം യുവാക്കൾ ചേർന്നാണ് ഈ നാടകവേദിയ്ക്ക് രൂപം നൽകിയത്. 'the oldest global majority led theatre company in the U.K' എന്ന ബഹുമതിയുമായി അഞ്ച് പതി റ്റാണ്ടുകളായി തിയേറ്റർ ദക്ഷിണേഷ്യൻ കലാപ്രവർത്തകരെയും കലാസ്വാദകരെയും പിന്തുണയ്ക്കുന്നതിനും പരിപോഷി പ്പിക്കുന്ന തിനുമുള്ള പ്രവർത്തനങ്ങളിലാണ്. ജപ്പാൻ, ഓസ്ട്രേലിയ, ഇന്ത്യ, കാനഡ, ഈജിപ്റ്റ്, സ്പെയിൻ, ഇറ്റലി എന്നിവിടങ്ങളിലുള്ള പ്രവർത്തനങ്ങളുൾപ്പെടെ യു.കെ.യിലും പുറത്തും കർമ്മമണ്ഡലം വികസിപ്പിക്കാൻ സാധിച്ചു. 'കുടിയേറ്റക്കാരുടെ കണ്ണിലൂടെ

കാണുന്ന ബ്രിട്ടൻ' ഇതായിരുന്നു ആരംഭകാലം മുതൽക്കേയുള്ള താരാ തീയേറ്ററിന്റെ ക്രിയാത്മകസൃഷ്ടികളുടെകാതൽ. അതിനു രാഷ്ട്രത്തിന്റെ വ്യവഹാരങ്ങളുടെ അതിരുകളും അതിർത്തികളും അവർ തുറന്നുകാട്ടി. ന്യൂനപക്ഷ വ്യവഹാരങ്ങളുടെയും, അതിജീവനത്തിനായി പോരാടുന്ന ആളുകളുടെ നാനാവിധത്തിലുള്ള ചരിത്ര സത്യങ്ങളുടെയും, അധികാരത്തോടുള്ള പ്രതിരോധങ്ങളുടെയും തുറന്നുകാട്ടൽ സാംസ്കാരിക വൈവിധ്യമാർന്ന ഇടങ്ങളെ മുറുകെപ്പിടിക്കൽ എന്നിവ അതിന്റെ ഭാഗമാണ്.

സാമൂഹികനിർമ്മിതിയും പരിവർത്തനവും പ്രചോദിപ്പിച്ചു , നാടകങ്ങളിലൂടെ വിവിധ സംസ്കാരങ്ങളിൽ ഭാവനാത്മകബന്ധങ്ങൾ സ്ഥാപിച്ചു ആദ്യകാലം മുതൽക്കേ താരാ തീയറ്റർ ആക്റ്റിവിസത്തേയും രാഷ്ട്രീയത്തെ യും മുറുകെപ്പിടിച്ചു. സമീപകാല സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഈ വ്യവഹാരം എക്കാലത്തെക്കാളും പ്രസക്തമാണ് എന്ന് തിരിച്ചറിഞ്ഞു. തങ്ങൾ തങ്ങളുടെ ഡി.എൻ.എയിലേക്ക് മടങ്ങുമെന്ന് അവർ പ്രഖ്യാപിച്ചു. ദക്ഷിണേഷ്യൻ കലാകാരെയും കഥകളെയും കേന്ദ്രീകരിക്കുന്ന തിയറ്റർ തങ്ങളാണ് എന്നവർ പ്രഖ്യാപിച്ചു. ദക്ഷിണേഷ്യൻ കണ്ണിലൂടെ ലോകത്തിന്റെ സങ്കീർണ്ണ പ്രശ്നങ്ങൾ ചർച്ചചെയ്യുന്ന കലാവിഷയങ്ങളെ അവർ അഭിസംബോധന ചെയ്യുന്നു. സമകാലികതയുടെയും ജനാധിപത്യത്തിന്റെയും കലാ കേന്ദ്രമായി താരാ തീയേറ്റർ മാറുന്നത് ഇങ്ങനെയാണ്.

ഇന്നിന്റെ രാഷ്ട്രീയം ചർച്ച ചെയ്യുന്ന നാടകവേദി വിഭാവന ചെയ്യുംവിധം യു.കെ. തിയേറ്റർ ലാൻഡ്സ്കേപ്പിനുള്ളിൽ മാറ്റം വരുത്താൻ താരാ തീയേറ്ററിന് കഴിഞ്ഞു. നാടകമേഖലയിൽ നിലവിലെ പ്രാതിനിധ്യ ക്കുറവിനെയും വൈവിധ്യമില്ലായ്മയെയും അഭിസംബോധന ചെ യ്തുകൊണ്ടുള്ള കലാപ്രവർത്തനങ്ങളാണ് അവർ ലക്ഷ്യമിടുന്നത്. ലോകത്തിന്റെ സങ്കീർണതകളിൽ പര്യവേഷണം ചെയ്തുകൊണ്ട് ദക്ഷിണേഷ്യൻ ശബ്ദങ്ങളെയും കലാകാരന്മാരെയും പ്രോത്സാഹിപ്പിക്കുവാനും അതുവഴി ആവേശമുള്ള പുതുവിവരണങ്ങളും പുതുരൂപങ്ങളും

പുത്തനാശയങ്ങളും സൃഷ്ടിക്കാനും പൂർണ്ണ വിധത്തിൽ ഈ നാടകവേദി സജ്ജമാണ്. വൈവിധ്യമാർ ന്നതും കഴിവുറ്റതുമായ ടീമിലൂടെ അനുഭവങ്ങളെയും നിലപാടുക ളെയും സ്വാംശീകരിച്ചവതരിപ്പിക്കുവാൻ അവർക്ക് സാധിക്കുന്നു. ഒപ്പം പ്രവർത്തിക്കുന്ന ഏവർക്കും കലാചോദന ശക്തമായ സർഗാത്മക സൃഷ്ടികളാക്കി മാറ്റാൻ അവർ പിന്തുണ നൽകുന്നു.

സമകാലികവും ജനാധിപത്യപരവുമായ ഇടത്തെ ഹൃദ്യമായ തലത്തിൽ സൃഷ്ടിക്കുന്നതിനുള്ള കലാമാതൃകകൾ അവതരിപ്പിക്കുന്നതിൽ ആദ്യകാലം മുതൽക്കേ താരാ തീയറ്റർ ശ്രദ്ധിച്ചിരുന്നു. സൗത്ത് വാൻഡ്സ്വർത്തിനും അതിനുമപ്പുറവു മുള്ള പ്രേക്ഷകസമൂഹത്തെയും കലാപ്രവർത്തക സംഘങ്ങളെയും ഒത്തിണക്കിയുള്ള ക്രിയാത്മകമായ ഇടം എന്ന നിലയിൽ താരാ തീയേറ്റർ വളർന്നു. ലോകത്തിന്റെ സങ്കീർണത വിളിച്ചുപറഞ്ഞു, ദക്ഷിണേഷ്യൻ ശബ്ദങ്ങളെയും കലാപ്രവർത്തകരെയും ഒത്തുചേർത്തുകൊണ്ട്, പുത്തൻ ആഖ്യാനങ്ങളും ആശയങ്ങളും രൂപങ്ങളും സൃഷ്ടിച്ചു, വിശ്വനാടകവേദിയിൽ പ്രതിരോധ ത്തിന്റെയും പ്രതികരണത്തിന്റെയും ശബ്ദമായി താരാ തീയേറ്റർ മാറി. ഇടപെടുന്നവരിൽ പ്രതിഭകളായ കലാപ്രവർത്തകരെ കണ്ടെത്താൻ സാധിക്കുമെന്ന് താര തീയേറ്റർ പ്രഖ്യാപിക്കുന്നു. അവിടെ സാധാരണക്കാരായ പ്രാദേശികവാസികൾ എന്നോ, വളർന്നുവരുന്ന പ്രതിഭകൾ എന്നോ പ്രഖ്യാത പ്രതിഭകളെന്നോ ഭേദമില്ല. കലയുടെ ജനാധിപത്യ മൂല്യം മുറുകെ പിടിക്കുകയാണ് ഈ നാടകവേദി.

നിലവിൽ താരാ തീയേറ്ററിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ, CEO എന്നീ ചുമതലകൾ വഹിക്കുന്നത് ഹെലൻ ജെഫ്രീയാണ്. കലാസംവിധായിക, സഹസംവിധായിക, ജോയിന്റ് C.E.O എന്നീ ചുമതലകൾ വഹിക്കുന്ന നടാഷാ കാത്തി ചന്ദ്ര, സീനിയർ പ്രൊ ഡ്യൂസർ നീന ഷിയാ, ടെക്നിക്കൽ മാനേജർ ലിസ ഹൂഡ് എന്നീ പ്രതിഭാധനരായ സ്ത്രീകൾ പുരുഷന്മാർ അടങ്ങുന്ന മികച്ച സമിതിയാണ് താരാ തീയേറ്ററിനുള്ളത്. ഇവരിൽ പലരും മറ്റു തൊ ഴിൽ ചെയ്യുന്നതിനോടൊപ്പം തിയേറ്ററിലെ ക്രിയാത്മക

പ്രവർത്തനങ്ങളും നടത്തുന്നു.

2020 മുതൽ 2023 വരെ അബ്ദുൾ ഷെയ്ഖ് താരാ തീയേറ്ററിന്റെ കലാ സംവിധായകനായിരുന്നു. കലാസാംസ്കാരിക രംഗത്ത് ദേശീയവും അന്തർദേശീയവുമായ പരിവർത്തനത്തിനു ചുക്കാൻപിടിക്കുന്ന സംഘടന എന്ന നിലയിൽ താരാ നാടക വേദിയെ പുനരാവിഷ്കരിക്കാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിനു സാധിച്ചു. നാടകസംവിധായകനും സ്രഷ്ടാവുമെന്ന നിലയിൽ പുതുമ കേന്ദ്രീകരിച്ചുള്ള കലാപ്രവർത്തനങ്ങളിലാണ് അദ്ദേഹം ശ്രദ്ധിച്ചത്. നാളിതുവരെ കാണാതെയും, കേൾക്കാതെയും പോയവരുടെ കഥ പറയുന്നതിൽ അദ്ദേഹം ആവേശഭരിതനായിരുന്നു. അതിലൂടെ ലോകോത്തര നാടകവേദി സൃഷ്ടിച്ചു. ലോകമെമ്പാടും തിരിച്ചറിയും വിധമുള്ള കലാ സൃഷ്ടികൾ ആവിഷ്കരിക്കാനും, അവിശ്വസനീയ നേട്ടങ്ങളിലേക്ക് എത്തിക്കാനും കലാസംവിധായകനായ അദ്ദേഹത്തിന് കഴിഞ്ഞു. 2023-ലെ ഇന്റർനാഷണൽ സ്റ്റേജ് അവാർഡ് നോമിനേഷൻ, 2023-ലെ യു.കെ. തീയറ്റർ അവാർഡ്സിലെ ഡിജിറ്റൽ ഇന്നവേഷൻ അവാർഡ്, ഡാൻസ് ഓഫ് കൊമേഴ്സ് ബിസിനസ് അവാർഡ്സിലെ 2023-ലെ ബിസിനസ് ഇന്നവേഷൻ അവാർഡ് എന്നീ നേട്ടങ്ങൾ താരാ തീയേറ്ററിനെ തേടിയെത്തുന്നതിന് അദ്ദേഹത്തിന്റെ സർഗ്ഗാത്മക പ്രവർത്തനങ്ങൾ കാരണമായി.

**താരാ തിയേറ്റർ - സൃഷ്ടികൾ, ഉദ്യമങ്ങൾ**

വംശവെറിക്കെതിരായ ശബ്ദമായി 1960കൾ മുതൽ താരാ തീയേറ്റേഴ്സിന്റെ നേതൃത്വത്തിൽ നാടകങ്ങൾ ആരംഭിച്ചിരുന്നു. അന്നത്തേതുമുതൽ പുതിയ നാടകങ്ങൾ വരെ എല്ലാം പ്രേക്ഷക സ്വീകാര്യതനേടി. ലോക്ക് ഡൗൺ സമയത്ത് 'താരാ ടെയിൽസ്' എന്ന പേരിൽ പഞ്ചതന്ത്രകഥകളുടെ ഡിജിറ്റൽ അവതരണങ്ങളുടെ സീരീസ് പുറത്തിറക്കാനും കഴിഞ്ഞു.

2020 - ലെ കളക്ഷൻ സീരീസിന്റെ ഭാഗമായ നാടകങ്ങളിൽ ഉൾപ്പെടുന്നതാണ് ഹസ്സൻ അബ്ദുൽ റസാഖ് സംവി ധാനം ചെയ്ത 'ലവ് ഇൻ ടൈം ഓഫ് കൊറോണ', ഷാഹിദ് ഇഖ്ബാൽ ഖാന്റെ 'നെവർ ബിൻ എവേ', അമീന ആദിഖ് സംവി ധാനം ചെയ്ത 'ബാക്ക് ബെഞ്ചർ', എറിൻ ദേസിയുടെ 'ചേഞ്ച്', റെജിനാൾഡ് എഡ്മണ്ടിന്റെ

'എ ന്യൂ അമേരിക്ക', കാർലോ ഖുറൈശി, ഹാനിഫ് ഖുറൈശി എന്നിവരുടെ 'ലോക് ഡൗൺ & ഓൾ ദാറ്റ്', ആസിഫ് ഖാന്റെ 'ദി മോൺസ്റ്റർ ഇൻസൈഡ്' യൂക്ൻ ഖാന്റെ 'ടെയിൽൽസ് ഓഫ് ദ പാസ്ററ്', അഭിഷേക് മജൂദാറിന്റെ 'നജ്മാ നാമ' സുമേറ ശ്രീവാസ്തവിന്റെ 'ബോക്സ്ഡ്' സോണാലി ഭട്ടാചാര്യയുടെ 'ഗുഡ് ട്രബിൾ', ശ്രേയസ് സെൻ ഹാൻഡ്‌ലിയുടെ 'ക്വയറ്റ്' എന്നിവ.

കോവിഡ് 19 മഹാമാരിയിൽ ഉറ്റവരെ നഷ്ടപ്പെട്ടവരുടെ വേദനകളും ഓർമ്മകളും അടുത്തറിഞ്ഞു സുധ ഭുച്ചർ ഒരുക്കിയ നാടകമാണ് 'ഫൈനൽ ഫെയർവെൽ'. ഏഴ് വ്യക്തികളുടെയും ഒരു നായക്കുട്ടിയുടെയും ശബ്ദങ്ങൾ 6 വ്യത്യസ്ത ഓഡിയോ കഥകളായി ആവിഷ്കരിക്കുന്ന തീയറ്റർ അനുഭവമാണിത്.

ലണ്ടനിലെ ബംഗ്ലാദേശി പ്രവാസികളുടെ ജീവിതവുമായി അടുത്ത് നിൽക്കുന്ന അനുഭവാഖ്യാനമാണ് 'ദവാത്'. ബംഗ്ലാദേശിന്റെ സ്വാതന്ത്ര്യസമര യുദ്ധത്തിന്റെ അമ്പതാം വാർഷികത്തിന് ഒരുക്കിയ നാടകം അവരുടെ ജീവിതത്തിന്റെ എല്ലാ അടരുകളോടും ചേർന്ന് നിൽക്കുന്നു.

1947 ലെ ഇന്ത്യ-പാക് വിഭജന സമയത്ത് മണ്ണിൽ നിന്നും വേരോടെ പിഴുതെറിയപ്പെട്ട ഒരുപറ്റം മനുഷ്യരുടെ ഉള്ളിൽ എക്കാലവും തങ്ങി നിൽക്കുന്ന, വെളിപ്പെടാത്ത കലാപങ്ങളുടെ അവതരണമാണ് 'സൈലന്റ്'. വിഭജനകാലത്ത് ജീവിച്ചിരുന്ന ആളുകളുടെ അനുഭവസാക്ഷ്യം മുൻനിർ ത്തിയുള്ള കഥയാണിത് . കവിത പുരിയുടെ 'പാർട്ടീഷൻ വോയിസസ് : അൺടോൾഡ് ബ്രിട്ടീഷ് സ്റ്റോറീസ്' എന്ന കൃതിയുടെ പുനരാഖ്യാനമാണ് ഈ നാടകം.

താരാ തീയേറ്ററിന്റെ മികച്ച നാടകവിഷ്കാരമാണ് 'അമ്മ'. ബംഗ്ലാദേശ് യുദ്ധകാലത്തും, 1970-80കളിൽ ലണ്ടനിലും ജീവിക്കുന്നതിനും അതിജീവിക്കുന്നതിനുംവേണ്ടിയുള്ള സ്ത്രീയുടെ പോരാട്ടങ്ങളുടെ ചരിത്രമാണ് നാടകത്തിന്റെ കഥാതന്തു. അവരുടെ വേദനകളെയും അനുഭവങ്ങളെയും ഓർമ്മകളെയും തീവ്രമായി നാടകം തുറന്നുകാട്ടുന്നു. തന്റെ അമ്മയുടെ ജീവിതത്തിൽ സംഭവിച്ച

കാര്യങ്ങളെക്കുറിച്ചുള്ള മകളുടെ തുറന്നു പറച്ചിലിലൂടെ പഴയ ബംഗ്ലാദേശ് മണ്ണിലേക്ക് പ്രേക്ഷകരെ കൂട്ടിക്കൊണ്ടുപോകാൻ നാടകത്തിന് കഴിയുന്നു. ആരും കേൾക്കാതെപോയ കുടിയേറ്റക്കാരായ സ്ത്രീകളുടെ വേദനകൾ സത്യസന്ധമായി, അനുഭവ തീവ്രമായി അവതരിപ്പിക്കാൻ അമ്മയ്ക്ക് കഴിയുന്നു.

താരാ തീയേറ്ററിന്റെ ശ്രദ്ധേയ നാടകവിഷ്കാര മാണ് 'ഡി. എൻ. എ'. നിലവിലെ ബ്രിട്ടീഷ് ഐഡന്റിക്ക് പിന്നിൽ ഓരോ പ്രവാസിയിലും കുടിയേറ്റക്കാരിലും ഉറഞ്ഞു കിടക്കുന്ന പലായനത്തിന്റെയും, അതിരുകളുടെയും, അതിർത്തികളുടെയും, കുടുംബവും പൂർവികരും ഉപേക്ഷിച്ചു പോയ സാംസ്കാരിക സ്വത്വത്തിന്റെയും സമ്മിശ്രണങ്ങളെ നാടകം തുറന്നുകാട്ടുന്നു. കുടിയേറ്റത്തിന്റെയും സ്ഥാനഭ്രംശത്തിന്റെയും സംഘർഷങ്ങൾ പേറി, വെല്ലുവിളികളെ സർഗാത്മകമായി പുനരാവിഷ്കരിക്കുന്ന 18നും 25നും മധ്യേ പ്രായമുള്ള, വൈവിധ്യമുള്ള കലാപ്ര വർത്തക സംഘത്തിന്റെ കഥകളിൽനിന്നും പ്രചോദനം ഉൾക്കൊ ണ്ടാണ് അതിഹാ സെൻ ഗുപ്ത ഈ നാടകമെഴുതിയത്. നടാഷാ കാത്തി ചന്ദ്രയാണ് സംവിധായിക.

യു.കെ.യിലെ പുതു നാടകാവതരണത്തിലും ഈ വേദിയുടെ സ്വാധീനം പ്രകടമാണ്. സുധാ ബുച്ചർ (സ്ട്രിക്ട്ലി ഡാൻഡിയ) സഞ്ജീവ് ഭാസ്കർ (ഗുഡ്നെസ്സ് ഗ്രേഷ്യസ് മി) ആയൂബ് ഖാൻ ദിൻ (ഈസ്റ്റ് ഈസ്റ്റ് ഈസ്റ്റ്, റാഫിറ്റാ -റാഫിറ്റാ) എന്നിവർ ഈ നാടക വേദിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരാണ്. ഹനീഫ് ഖുറൈഷി (ബോർ ഡർലൈൻസ്), ഫാറൂഖ് ധോണ്ടി, മാധവ് ശർമ്മ (ആക്ടേർസ് അൺ ലിമിറ്റഡ്) എന്നിവരുടെ ഇടപെടലിലൂടെ കലാത്മകമായി ഉത്തേജിതരാക്കാൻ താരാ തീയേറ്ററിന്റെ തരംഗങ്ങൾക്ക് കഴിഞ്ഞു. റാണിമൂർ ത്തിയുടെ രസ തീയേറ്റർ ഗ്രൂപ്പ് (1998-2000) 'ഷേഡ്സ് ഓഫ് ബ്രൗൺ', 'കറി ടേൽസ്', 'പൂജ' എന്നീ നാടകങ്ങൾ അതിന്റെ ഭാഗമാണ്. റുക്സാന അഹമ്മദിന്റെ 'ബ്ലാക്ക് സൽവാർ', 'മിസ്റ്റേക്കൺ' (2001), 'സോങ് ഫോർ എ സാങ്ചറി' (1990), 'ആനി ബസന്റ് ഇൻ ഇന്ത്യ' (2007) എന്നീ നാടകങ്ങളും ഓർക്കാവുന്നതാണ്. കിർബൻപിള്ളയുടെ 'കിംഗ് ഫോർ മുരുഗാ',

'ഡോട്ടേഴ്സ് ട്രയൽ' (2013), ജതീന്ദർ വർമ്മയുടെ 'എ രാമായണ ഒഡീസി'(2001) അസ്മ ധറിന്റെ 'ചാഓസ്' എന്നീ നാടകങ്ങൾ അവ യുടെ തുടർ ചലനങ്ങളാണ്. കൊളോണിയൽ, പോസ്റ്റ് കൊളോണിയൽ, ഗാർഹികം, സാമൂഹികം, സാംസ്കാരികം, രാഷ്ട്രീയം, ശക്തമായ സ്ത്രീ വിഷയങ്ങൾ, വൈയക്തികയിൽനിന്ന് ആഗോളതയിലേ ക്കുള്ള പരിണാമം എന്നിങ്ങനെ വിവിധ മേഖലകൾ ആധാരമാക്കിയുള്ള കാമ്പുള്ള, ബഹുസ്വരമായ പ്രശ്നങ്ങൾ അനുഭവതീക്ഷ്ണ മായി അവതരിപ്പിക്കുന്നതിൽ അവ മുന്നിലാണ്.

**ഉദ്യമങ്ങൾ**

അന്തർദേശീയ തലത്തിൽ ബ്രിട്ടോ ആർട്സ് ട്രസ്റ്റ്, താരാ തീയേറ്റർ, ബ്രിട്ടീഷ് കൗൺസിൽ എന്നിവ സംയുക്തമായി ആവി ഷ്കരിച്ച ഉദ്യമമാണ് ആർട്ടിസ്റ്റ് മെയ്ക്ക് സ്പേസ് എന്നത്. ബംഗ്ലാദേശ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഏഴ് കലാപ്രവർ ത്തകരെയും യു.കെ. അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഏഴു കലാ പ്രവർത്തകരെയും ചേർത്ത് വൈവിധ്യവും പുതുമയുമുള്ളതു മായ സൃഷ്ടി നടത്തുക എന്നതാണ് ലക്ഷ്യം. ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനം പരിചയസമ്പന്നമായ കലാപ്രവർത്തകരെ വളർന്നുവരുന്ന പ്രതിഭകളോട് ചേർത്ത് പ്രവർത്തി ക്കാൻ അവസരം നൽകുന്നതിലൂടെ ക്രിയാത്മക സൃഷ്ടികൾ ഉൽപ്പാദിപ്പിക്കുക എന്നയാണ്. നാടകത്തിനുപുറമെ ദൃശ്യകല, ശില്പകല, ഡിജിറ്റൽ ആർട്ടു, ഓഡിയോ അവതരണങ്ങൾ എന്നീ മേഖലകൾ പദ്ധതിയുടെ പരിധിയിൽപെടുന്നു. മഹ്ബു ബൂർ റഹ്മാൻ, നതാഷ കാത്തി ചന്ദ്ര എന്നിവരുടെ നിയന്ത്രണത്തി ലായിരുന്നു പ്രദർശനം. ബംഗ്ലാദേശിൽനിന്നും ദാലി അൽ മമൂൻ, സലാ വുദ്ദീൻ അഹമ്മദ്, മഹ്മൂദുൽ ഹുസൈൻ എന്നിവരും യു.കെ യിൽനിന്ന് ജെനിഫർ ടാങ്,ക്ലൈവ് ലൈറ്റിൽ, ഉസ്മ ഹമീദ്, ജസ് പ്രീത് കൗർ എന്നിവരും പദ്ധതിയുടെ മെന്റർമാരായി.

പദ്ധതിയുടെ ഭാഗമായി തരംതിരിക്കപ്പെട്ട കലാപ്രവർത്തക രുടെ ജോഡികൾ വ്യത്യസ്ത മേഖലകളിലെ കാലിക പ്രശ്നങ്ങൾ

തെരഞ്ഞു കണ്ടെത്തി അനുഭവ തീവ്രമായി അവതരിപ്പിച്ചു. ബംഗ്ലാദേശിലെ വിഷ്വൽ ആർട്ടിസ്റ്റായ അസീസി ഭൗമി ഖാൻ, യു.കെ.യിലെ തിരക്കഥാകൃത്ത് ആയ റൂബി കിചിങ്ങ് എന്നിവർ വ്യത്യസ്ത നാടുകളിലെ സംസ്കാരം പൈതൃകം എന്നീ മേഖലകളിലൂടെ കടന്നുപോയി. തഹ്നിമ ബീഗം, മോനോൻ മുന്റ്ക്ക എന്നിവർ വ്യത്യസ്ത തരത്തിലുള്ള ആഘാതങ്ങളുടെ നേരാവിഷ്കാരം നടത്തി. അതിനായി മോനോ ബംഗ്ലാദേശിലെ സെക്ഷ്വൽ ട്രോമ, തഹ്നിമ യുകെയിലെ ഇന്റർ ജനറേഷനൽ ട്രോമാ എന്നീ മേഖല കളിലാണ് അന്വേഷണം നടത്തിയത്. വസ്ത്ര പാരമ്പര്യത്തെക്കു റിച്ചും സംഗീതപാരമ്പര്യത്തെക്കുറിച്ചുമാണ് കാമില അഹമ്മദും, അപൂർവ്വ ജഹാംഗീറും അന്വേഷിച്ചത്. ക്വീർ വിഷയങ്ങളാണ് ‘freedom through queer lens’ എന്ന ആശയത്തിലൂടെ രൂപീന്ദർ കൗർ, മൃദുൽ കാന്തി ഗോശാമി എന്നിവർ അന്വേ ഷിച്ചത്. ബംഗ്ലാദേശിലെ ഹിന്ദു-മുസ്ലിം വിഭാഗങ്ങളുടെ പ്രാദേശിക ആരാധന മാർഗ്ഗങ്ങളാണ് ആബി ലോയിസ്, ബിഹൃതിത അനീഷ എന്നിവർ അന്വേഷിച്ചത്. ദൃശ്യകലകളിലെ പുതിയ ആഖ്യാനങ്ങളും ഗവേഷണങ്ങളുമാണ് റഹിമൂർ റഹ്മാൻ, റാക്കിബ് അൻവർ എന്നിവർ അന്വേഷിച്ചത്.

അതിലൂടെനോവ എന്ന ഉദ്യമവും ഖ്യാതിയേറിയതാണ്. ഓപ്പൺ ഡോർ പോളിസിയാണ് താരാ തിയേറ്റർ വിഭാ വന ചെയ്യുന്നത്. ദക്ഷിണേഷ്യൻ ബന്ധമുള്ള കലാപ്രവർത്തകരുടെ എല്ലാവിധത്തിലുള്ള സംഭാവനകൾ അവിടെ സ്വാഗതം ചെയ്യു ന്നു. പുതിയ വിഷയങ്ങളെ സംബന്ധിച്ച ആശയങ്ങളായും അവതര ണങ്ങളായും പ്രബന്ധങ്ങളായും അവ വിലയിരുത്തപ്പെടുന്നു. ‘സ്പോക്കൺ സ്പേസ് – ഫ്രീഡം’ എന്ന ഉദ്യമത്തിലൂടെ ദക്ഷിണേ ഷ്യൻ പ്രവാസിനാടക വേദിയിലെ പ്രഗൽഭ വ്യക്തിത്വങ്ങളുമായി ഇടപെട്ടുള്ള അഭിമുഖങ്ങൾക്കും ചർച്ചകൾക്കും സംവാദ ങ്ങൾക്കുമുള്ള അവസരം ഒരുങ്ങുന്നു.

ഗസ്റ്റ് ക്യുറേറ്റർ ആയി എത്തിയ റീത ലോയ് പ്രവാസിനാടക വേദിയെ മുൻനിർത്തി ദക്ഷിണേഷ്യൻ ഡയസ്പെറയിലെ ക്വീർ ശബ്ദങ്ങൾക്കുവേണ്ടി സംസാരിച്ചു. കലയിലൂടെയുള്ള LGBTQIA+

പ്രതിനിധാനത്തിന്റെ പ്രാധാന്യം ഫ്രീഡം എന്ന ആശയവുമായി ചേർത്ത് അവിടെ പറഞ്ഞുവെച്ചു.

CARAS എന്ന അഭയാർത്ഥി സംഘടനയുമായുള്ള ഒരു വർഷത്തെ പങ്കാളിത്തത്തിന്റെ ഭാഗമായി 2023 ലെ 'Refugee week' ആഘോഷത്തിൽ മരിയ വാണ്ടർലെയുമായി അഭിമുഖം സംഘടിപ്പിക്കാൻ താരാ തീയേറ്ററിന് കഴിഞ്ഞു. അവരുടെ സൃഷ്ടികളെക്കുറിച്ചും വരുംകാല പ്രവാസനാടക വേദിയെക്കുറിച്ചുമുള്ള ചർച്ച പുത്തൻ ആശയങ്ങളുടെ ഇടമായി.

"When wars are spoken about often women are left out of the narrative....it's always men that are the heroes AMMA celebrates the women" താരാ തീയേറ്ററിന്റെ പ്രഖ്യാതസൃഷ്ടി അമ്മയെക്കുറിച്ച് കലാസംവിധായകനായ അബ്ദുൽ ഷെയിഖ് പറഞ്ഞ വാക്കുകളാണിത്. യു. കെ. തിയേറ്റർ അവാർഡ് വേദിയിൽ ഡിജിറ്റൽ ഇന്നോ വേഷൻ അവാർഡിനർഹമായ ഈ നാടകം ശക്തമായ സ്ത്രീ വിഷയങ്ങൾ ചർച്ച ചെയ്യുന്നു. ബംഗ്ലാദേശ് സ്വാതന്ത്ര്യ സമരത്തിലെ സ്ത്രീയോർമ്മകളിലേക്ക് നാടകം നയിക്കുന്നു. 1970-80 കളിൽ ബംഗ്ലാദേശിൽനിന്നും യു.കെ.യിലേക്കുള്ള സ്ത്രീകളുടെ വേരൂന്നൽ തീവ്രമായി നാടകം പറഞ്ഞു വയ്ക്കു ന്നു. അമ്മയുടെ ജീവിതത്തെക്കുറിച്ചുള്ള മകളുടെ തുറന്നു പറ ച്ചിലിലൂടെ ഒരേസമയം പ്രേക്ഷകർക്ക് ബംഗ്ലാദേശിന്റെയും യു. കെ. യുടെയും പ്രവാസിജീവിതചിത്രം അടുത്തറിയാൻ അവസരമൊരുങ്ങുന്നു. നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നാടകാ വതരണം ബർമിംഹാം, വാൾസൽ, മാഞ്ചസ്റ്റർ, ലണ്ടൻ എന്നീ ഇടങ്ങളിലെ ബംഗ്ലാദേശി വനിതകളുടെ ജീവിതസാക്ഷ്യങ്ങളുടെ നേരാവിഷ്കാരമാണ്. ആഗോള തിയറ്ററിൽ മുൻമാതൃകയില്ല. നൃൂതന സൃഷ്ടിയാണ് അമ്മ. ജീവരക്ഷയ്ക്കായി ബംഗ്ലാദേശിൽ നിന്നും യു.കെ.യിലേക്ക് പലായനം ചെയ്ത ഓർമ്മകളുടെ വീണ്ടെടുപ്പിനായി നടത്തുന്നതിനായി നാടകപ്രവർത്തകർ അവർക്കൊപ്പം ബംഗ്ലാദേശിലേക്ക് മടങ്ങി എത്തുകയും അവിടുത്തെ ഗ്രാമങ്ങളിലെ വീടുകളും പള്ളികളും നദീതീരങ്ങളും സന്ദർശിക്കുകയും അവരുടെ ദുഃഖാത്മകമായ പലായനത്തിന്റെ

ചരിത്രം പകർത്തുകയും ചെയ്തു. അതിലൂടെ തന്റെ പൂർവികരുടെ കുടിയേറ്റ ചരിത്രം അബ്ദുൽ ഷെയിഖ് എന്ന കലാസംവിധായകൻ രേഖപ്പെടുത്തി.

ലണ്ടനിൽ ജീവസങ്കേതത്തിനായി പോരാടുന്ന മനുഷ്യവിഭാഗങ്ങളോടും അഭയാർത്ഥികളോടും ഒത്തുനിൽക്കുന്ന കലാകൂട്ടായ്മ എന്ന നിലയിലുള്ള ക്രിയാത്മക പ്രവർത്തനങ്ങൾക്ക് 'തീയറ്റർ ഓഫ് സാങ്ച്വറി' എന്ന ഔദ്യോഗിക ബഹുമതിക്ക് അർഹത നേടി യാത്ര തുടരുകയാണ് താര തീയേറ്റർ. ലണ്ടനിൽ ഈ പദവിക്കർഹമായ ഏക നാടകവേദിയാണിത്. 2020 മുതൽ അബ്ദുൽ ഷായിഖ് എന്ന കലാസംവിധായകന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം എന്ന നിലയിലാണ് താരാ തീയേറ്റർ നേട്ടം കൈവരിച്ചത്. ആ കാലഘട്ടം മുതൽക്കേ കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും അഗതികളുടെയും അനുഭവകഥകളുടെ ആഖ്യാനത്തിലും അവതരണത്തിലും ആണ് തീയറ്റർ ശ്രദ്ധിച്ചത്. ലണ്ടൻ വേദികളിൽ ഇതുവരെ കേട്ടിട്ടില്ലാത്ത ശബ്ദങ്ങൾ ഉറക്കെ കേൾപ്പിക്കാൻ താരാ തീയേറ്ററിന് കഴിഞ്ഞു. ദവാത് (Dawaat), സൈലൻസ്, അമ്മ എന്നീ നാടകങ്ങൾ അതിൽ പ്രധാനമാണ്.

കൃത്യവും ആസൂത്രിതവുമായ പ്രവർത്തനങ്ങൾ, സാമൂഹിക സേവനങ്ങൾ, സാമുദായിക വിഭാഗങ്ങളുടെ വികസന ഉദ്യമങ്ങൾ എന്നീ പ്രവർത്തനങ്ങളിലൂടെയാണ് ഈ പദവിയി ലേക്ക് താര തീയേറ്റർ എത്തപ്പെട്ടത്. അഫ്ഗാനിസ്ഥാനിലെ മനു ഷ്യാവകാശ പോരാട്ടങ്ങളിൽപ്പെട്ടുഴറുന്ന സ്ത്രീകൾക്ക് വേണ്ടിയു ള്ള ധനസമാഹരണം അതിൽ പ്രധാനമാണ്. 'വിമൻ ഫോർ അഫ്ഗാൻ വിമൻ'ന്റെ ധനസമാഹരണത്തിനും സ്ത്രീകളെയും കുടി യേറ്റ കലാകാരന്മാരെയും മറ്റു പ്രമുഖ സംഘടനകളെയും ഒത്തു ചേർത്തുകൊണ്ടുള്ള താരാ തീയേറ്ററിന്റെ സന്നദ്ധ പ്രവർത്തനം നിർണ്ണായകമാണ്. സാമൂഹികവും സാംസ്കാരികവും ഭൗമ രാഷ്ട്രീയ പരവുമായ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തിയുള്ള നാടക കലയെയും ഇതര കലാനിർമ്മാണ ചാതുരിയെയും സർഗാത്മക തയെയും സംയോജിപ്പിക്കുന്ന പ്രവർത്തനം അതിനു സഹായ കമാണ്. പ്രാദേശികവും ദേശീയവും ആഗോളവുമായ തലത്തിലുള്ള

എല്ലാ വിഭാഗങ്ങളിലും കൃത്യമായ ബന്ധവും സ്വാധീനവും ചെലുത്തിക്കൊണ്ട് അടിയന്തിരമായി ഉയർന്നു കേൾക്കേണ്ടുന്ന ശബ്ദങ്ങളെ അവതരിപ്പിക്കാനുള്ള അരങ്ങിടമായി താരാ തീയേറ്റർ നിലകൊള്ളുന്നു. മാറ്റത്തിനും പ്രതിനിധാനത്തിനും മെച്ചപ്പെട്ട ലോകത്തിനും വേണ്ടിയുള്ള ശക്തവും പ്രകടവുമായ പ്രവർത്തനങ്ങളിലൂടെ അനുദിനം വളരുന്ന തീയറ്റർ കമ്മ്യൂണിറ്റിയായി അതു മാറിക്കഴിഞ്ഞു.

1997 മുതൽ എല്ലാവർഷവും നൽകി വരുന്ന സ്റ്റേറ്റ് 100 ലിസ്റ്റ് പ്രകടനകലാ നാടകവേദിയിലെ ജനസ്വീകാര്യതയുള്ള 100 വ്യക്തിത്വങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ളതാണ്. 2023-ലെ സ്റ്റേറ്റ് ഹൺഡ്രഡ് ലിസ്റ്റിൽ താരാ തീയേറ്റർ പ്രവർത്തകരായ അബ്ദുൽ ഷെയിഖ്, ഹെലൻ ജെഫ്രീ എനിവർ ഇടംപിടിച്ചു. അബ്ദുൽ ഷെയിഖിന്റെയും ഹെലൻ ജെഫ്രിയുടെയും നേതൃത്വത്തിൽ താരാ തീയേറ്റർ പരമ്പരാഗത നാടകവേദിയുടെ അതിർവരമ്പു ഭേദിച്ചു ഏഷ്യൻ കലകളെയും കലാകാരെയും ഉൾപ്പെടുത്തിയുള്ള നൂതനവും ചിന്തോദ്ദീപകവുമായ അവതരണം നടത്തി. അതി ന്റെ ഭാഗമായി 2022-ഇൽ ഇന്ത്യാ വിഭജനത്തിന്റെ 75 വാർഷിക ത്തിൽ ആ ചരിത്ര മുഹൂർത്തത്തെ ആധാരമാക്കി, അതിന് പുതു മാനം നൽകിനടത്തിയ 'സൈലന്റ്' എന്ന നാടകാവ തരണം. 1971-ലെ ബംഗ്ലാദേശി സ്വാതന്ത്ര്യ സമരത്തിലെ അറിയപ്പെടാതെപോയ സത്യകഥകളുടെയും കൂട്ടിച്ചേർക്കൽ കൂടിയാണ് ഈ നാടകം. ബ്രിട്ടീഷ് ദക്ഷിണേഷ്യൻ നാടകങ്ങളുടെ സാമാന്യ വിധി വിപുലമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയാണവർ.

**നിഗമനങ്ങൾ**

വൈവിധ്യവും വ്യതിരിക്തതയുമാണ് താരാ തീയേറ്ററിനെ സവിശേഷമാക്കുന്നത് യു.കെ.യിലെ 'oldest global majority led theatre company' എന്ന പദവിയിലേക്ക് അവർ എത്തി. സൗത്ത് ഏഷ്യൻ നാടക വേദിയുടെയും കലാപ്രവർത്തകരുടെയും വളർച്ചയും വികാസവും ലക്ഷ്യമിട്ടു കൊണ്ട് ഗുണവത്തായ

കലാസൃഷ്ടി ഒരുക്കുന്നതിൽ താരാ തീയേറ്റർ ശ്രദ്ധപുലർത്തി. സമസ്ത മേഖലയിലെയും മനുഷ്യരുടെ അവസരങ്ങളും അവകാശങ്ങളും തിയേറ്റർ ഉറപ്പുവരുത്തുന്നു. യു.കെ.യുടെ മണ്ണിൽ മായാത്ത കാലടി പതിപ്പിക്കുവാൻ സാധിച്ച അവർ വൈവിധ്യങ്ങളുടെ ഇടത്തിൽ രൂപരേഖ സജ്ജമാക്കാൻ അനുദിനം പ്രയത്നിക്കുന്നു.

സ്വീകരിക്കുന്ന വിഷയത്തിലും പ്രമേയത്തിലും അവതരണ ത്തിലും മാത്രമല്ല താരാ തീയേറ്റർ മികച്ചു നിൽക്കുന്നത്. പുതിയതും കാര്യക്ഷമമായതുമായ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള അവതരണ സങ്കേതങ്ങൾ സജ്ജമാക്കുന്നതിൽ കൂടിയുമാണ്. റിഹേഴ്സലുകളെയും അവതരണങ്ങളെയും കലാപ്രവർത്തനങ്ങളെയും മികച്ചരീതിയിൽ പൂർത്തീകരിക്കാൻ അവ സഹായിക്കുന്നു. ദൃശ്യ-ശ്രവ്യ ലേഖനത്തിൽ അതിനൂതന സാങ്കേതിക വിദ്യ സന്നിവേശിപ്പിച്ചുകൊണ്ടുള്ള അവതരണം ആസ്വാദനത്തിന്റെ തുറസ്സു സൃഷ്ടിക്കുന്നു. പ്രേക്ഷക സ്വീകാര്യത ഉറപ്പു വരുത്തുംവിധം ആകർഷകവും പ്രാപ്യവുമായ ഇടം എന്ന നിലയിൽ വിപുലമായി സജ്ജീകരിക്കപ്പെട്ട ഓഡിറ്റോറിയവും, ദൃശ്യ ശ്രവ്യ സങ്കേതങ്ങളും നൂതന മാധ്യമ സംവിധാനങ്ങളും അതിൽ പ്രധാനമാണ്. പുതുചിന്തകൾക്ക് വിത്തുപാകി, നവസാങ്കേതിക ത പ്രയോജനപ്പെടുത്തി പുതിയ വിഷയങ്ങളെയും, പഴകിയ പ്രശ്ന ങ്ങളുടെ പുതുസ്വരങ്ങളെയും ഉറക്കെ കേൾപ്പിച്ചുകൊണ്ട്, ദക്ഷിണേഷ്യൻ പ്രവാസനാടകവേദിയുടെ സ്വത്വം തിരിച്ചറിഞ്ഞുകൊണ്ട് അതിന്റെ സ്ഥാപനത്തിനായി താരാ തിയേറ്റർ യാത്ര തുടരുന്നു.

**ഗ്രന്ഥസൂചി**


1. Ajay. K. Chaubey, Asis De (Eds)- Mapping South Asian Diaspora : Recent Responses and Ruminations,Rawat Publications, New Delhi, 2018.
2. Ajay K. Chaubey, Ashvin. I.Devasundaram (Eds)-South Asian Diasporic Cinema and Theatre, Rawat publication, New

Delhi,2017.

3. Dominic Hingorani- Binglishing Britain : Tara Arts: Journey to the west triology,Contemporary Theatre Review, Vol14(4),2004.

4. Oomen T K- Citizenship, Nationality and Ethnicity,Reconciling Competing Identities,Rawat Books, 2017.

OO

# പ്രവാസിനാടകങ്ങളും നവലോകനിർമ്മിതിയും

**ഡോ. ഫാ. ജോബി ജേക്കബ്**

അസി. പ്രൊഫസർ മലയാളവിഭാഗം,

നിർമലഗിരി കോളേജ്, കൂത്തുപറമ്പ്

പ്രവാസിജീവിതത്തെ അരങ്ങു സ്വീകരിക്കുമ്പോൾ ജനതയുടെ നിരാശയും പ്രത്യാശയും ഭൂതവും ഭാവിയും പിന്നിട്ടദൂരവും എത്തിപ്പെട്ട ദേശവും ആവിഷ്കൃതമാകുന്നു. ഭാവനയുടെ കഥകളല്ല ഭൂതംപോലെ നോക്കുന്ന ഭാവിയുടെ വിഹ്വലതകളാണ് പ്രവാസനാടകവേദിയിൽ അവതരിപ്പിക്കപ്പെടുന്നത്.

ജനതയുടെ സംസ്കാരവും ഭാഷയും ചരിത്ര പാരമ്പര്യവും സ്നിഗ്ദ്ധവും തിക്തവുമായ ഓർമകളും ഭാവഗരിമയിൽ ജനതയെ അറിയിക്കുന്നതിൽ നാടകത്തോളം ശക്തിയുള്ള കലാരൂ പമില്ല. സംസ്കൃതിയുടെയും പാരമ്പര്യത്തിന്റെയും സംവഹനവും സംരക്ഷണവും സാധിക്കാൻ പാടുപെടുന്നവരുടെ സ്വത്വസംര ക്ഷണത്തിനുള്ള ഫലപ്രദമായ ഉപാധിയാണ് പ്രവാസിനാടകങ്ങൾ.

**താക്കോൽവാക്കുകൾ**

*പ്രവാസിനാടകം, നവലോകനിർമ്മിതി, കൊളാഷ്, കുടിയേറ്റ അനു ഭവങ്ങൾ*

**പ്രവാസിനാടകങ്ങളുടെ പ്രസക്തി**

കുടിയേറ്റത്തിന്റെയും സ്വത്വബോധത്തിന്റെയും കഥയാണ് പ്രവാസികൾക്ക് പറയാനുള്ളത്. സ്വദേശം വിട്ട് വിദേശത്ത് പോകു ന്നവർക്ക് പുറപ്പാടിന്റെ ഗൗരവമുള്ള കാര്യങ്ങൾ പറയാനുണ്ട്. നിലവിലുള്ള ഘടകങ്ങളെക്കാൾ മെച്ചപ്പെട്ട ഘടകങ്ങളുടെ ആകർഷ ണീയതയാണ് എല്ലാക്കാലവും നാടുവിടാൻ പ്രേരണ. ദേശാന്തരഗമനം സാംസ്കാരികവും ഭാഷാപരവുമായ കൊടുക്കൽ

വാങ്ങലുകൾക്ക് കാരണമാകുന്നു. ഈ സാംസ്കാരികസംക്രമണം ഫലപ്രദമായി ആവിഷ്കരിക്കാൻ നാടകത്തിന് കഴിയുന്നു. കഥപറച്ചിലിന്നപ്പുറം പാരമ്പര്യ പൈതൃക സംസ്കൃതികളുടെ സംരക്ഷണവും പ്രഘോഷണവും സംക്രമണവും പ്രതിരോധവും നാടകങ്ങളിലൂടെ സാധിക്കുന്നു.

പ്രവാസിജീവിതത്തിന്റെ തീവ്രത അനുഭവിച്ചവരും അനുഭവിക്കുന്നവരുമായ ജനത ലോകമാസകലം ഉണ്ട്. അറിയപ്പെട്ട ചരിത്രം കാലം മുതൽ പ്രവാസികളാണ് യഹൂദർ. പത്തൊൻപതാം നൂറ്റാണ്ടിൽ ആരംഭിച്ച യിദ്ദിഷ് തിയേറ്റർ സ്മരണീയമാണ്. അമേരിക്കയിലും യൂറോപ്പിലും ഉള്ള കുടിയേറ്റക്കാരായ യഹൂദർ തങ്ങളുടെ പൈതൃകം സമകാല സാഹചര്യത്തോട് ചേർത്തുവയ്ക്കുന്നത് യിദ്ദിഷ് തിയറ്ററിലൂടെയാണ്. ആഫ്രിക്കൻ പ്രവാസി സമൂഹങ്ങൾക്കുമുണ്ട് തിയേറ്റർ അനുഭവം. തങ്ങളുടെ സ്വത്വാവിഷ്കരണത്തിനും പ്രതിരോധത്തിനും ചെറുത്തുനിൽപ്പിനും ആത്മവീര്യത്തിനും കരുത്തുറ്റ പിന്തുണയാണ് അരങ്ങിൽനിന്ന് അവർക്ക് ലഭിച്ചത്. സംഗീതവും നൃത്തവും കഥ പറച്ചിലുംകൊണ്ട് സജീവമാണ് അവരുടെ നാടകവേദി.

സ്മരണകളുടെ അയവിറക്കൽ മാത്രമല്ല, ഭാവിയെ ഏറ്റുവാങ്ങാനുള്ള ശക്തിധാരണവും നിലനിൽക്കുന്ന സാധ്യതകളോട് പൊരുത്തപ്പെടാനുള്ള പരിശ്രമവുമാണ് ഈ നാടകങ്ങൾ. സംഘമനസ്സിന്റെ രൂപീകരണവും പാരമ്പര്യവും സമകാലികതയും തമ്മിലുള്ള സംഘർഷത്തിന്റെ ലഘൂകരണവും അതുവഴി സാധിക്കുന്നു. വീടും സ്വത്വവും പ്രവാസികളുടെ അടിസ്ഥാന ബോധമായിരിക്കുന്നതിനാൽ അവയെക്കുറിച്ചുള്ള പരിദേവനങ്ങളാണ് പ്രവാസി നാടകങ്ങൾ അഭിസംബോധന ചെയ്യുന്നത്. സ്വത്വം നഷ്ടമായവരുടെ അലച്ചിലുകളൊക്കയും അവ നേടിയെടുക്കാനുള്ള അന്വേഷണങ്ങളാണ്. കഥകളും കഥാപാത്രങ്ങളും അവതരണവും അതിനുള്ള ശ്രമമാണ്. സങ്കരസംസ്കൃതി അവരിൽ ഉളവാക്കിയ വിഹ്വലത അരങ്ങിനെ സജീവവും ആകാംക്ഷാഭരി തവുമാക്കുന്നു.

**സാംസ്കാരികഘടകങ്ങളുടെ കൊളാഷ്**

സംസ്കൃതികളുടെ സങ്കലിത ചിത്രമാണ് പ്രവാസി നാടകങ്ങൾക്ക് പ്രേക്ഷകരെ കാണിക്കാനുള്ളത്. സാംസ്കാരിക പൈതൃക സംരക്ഷണവും വിപുലനവും കഥ പറച്ചിലിലൂടെയും നൃത്തരൂപങ്ങളിലൂടെയും സംഗീതത്തിലൂടെയും സാധിക്കുമ്പോൾ പുതുതലമുറയ്ക്ക് ഇത് സംസ്കാര ചരിത്രജ്ഞാനത്തിന്റെ വാതിൽ തുറന്നുകിട്ടുന്നു. പാരമ്പര്യ കലാരൂപങ്ങളുടെ അവതരണ വേദിയെ പഴമയുടെ പ്രദർശനമായി അവഗണിക്കരുത്. പുറപ്പെട്ടുപോന്ന ദേശങ്ങളിലെ അനുഭവങ്ങളും കലാരൂപങ്ങളും മാത്രമല്ല, എത്തിച്ചേർന്ന ഇടത്തിന്റെയും കാലത്തിന്റെയും മുദ്രകളും സങ്കേതങ്ങളും സാങ്കേതിക മികവുകളും പ്രവാസി അരങ്ങിൽ ആവിഷ്ക രിക്കപ്പെടുന്നു. അങ്ങനെ പഴമയുടെയും പുതുമയുടെയും സംലയന വേദിയായി പ്രവാസിനാടകങ്ങൾ മാറുന്നു.

അതിനുള്ള ഉദാഹരണങ്ങളാണ് നൈജീരിയൻ - ബ്രിട്ടീഷ് നാടകകൃത്ത് Bola Agbaje, ആഫ്രോ - അമേരിക്കൻ നാടകകൃത്ത് Lynn Nottage എന്നിവർ. പൈതൃക സംസ്കൃതിയോടുള്ള അഭിനിവേശവും ഗൃഹാതുരതയും മാത്രമല്ല, നിലവിലുള്ള ആവാസമേഖലയുടെ സംസ്കാരവും ശൈലികളുംഅവരുടെ എഴുത്തുകളിലും അവതരണ വേദികളിലും. സമ്മേളിക്കുന്നു. പ്രവാസത്തിന്റെ പ്രധാന വിഷയം ഭാഷയാണ്. ഭാഷ നഷ്ടമാകുന്നതും നേടുന്നതും അതിന്റെ മറവിയും പ്രവാസികളുടെ മൗലികപ്രശ്നമാണിവ. പ്രവാസിനാടകങ്ങളുടെയും സിനിമകളുടെയും കലാരൂപങ്ങളുടെയും അവതരണത്തിന് ഏക ഭാഷയെക്കാൾ ശക്തമാണ് പല ഭാഷ. വൈകാരികവും ഹൃദ്യവുമായ അനുഭവം ഫലപ്രദമായി സമ്മേളനം ചെയ്യാൻ പല ഭാഷ പര്യാപ്തമാകുന്നു.

ഈ ദേശാന്തരവൈവിധ്യങ്ങളുടെ സമന്വയം. അരങ്ങിലെ ദൃശ്യഘടകങ്ങളിലുമുണ്ട്. തങ്ങളുടെ ശക്തമായ വിഹ്വലതകളും അസ്തിത്വപ്രഖ്യാപനവും തങ്ങൾ ഗണമാണെന്ന വിളംബരവും വ്യത്യസ്ത കലാരൂപങ്ങളിലൂടെ അവർ സാധിക്കുന്നു.

**കുടിയേറ്റാനുഭവങ്ങൾ**

പ്രവാസിനാടകങ്ങളിലൂടെ ജനതയുടെ കുടിയേറ്റാനുഭവങ്ങളുടെ കനവും കണ്ണീരും ചിത്രീകരിക്കപ്പെടുന്നു. ജീവിച്ച പരിസ്ഥിതിവിട്ട് അപരിചിത ദിക്കിൽ എത്തുമ്പോൾ ഉണ്ടാകുന്ന പൊരുത്തക്കേട് ഒപ്പം, ബോധപൂർവ്വം കാണാൻ ശ്രമിക്കുന്ന സ്വപ്ന വും പ്രവാസികലയുടെ ഉള്ളടക്കമാണ്. യഥാർത്ഥത്തിൽ നവ സമൂഹം ഇവിടെ നിർമ്മിക്കപ്പെടുന്നു. നിർബന്ധിത പ്രവാസത്തിന് വിധേയരായ ജനതയുടെ കലാവിഷ്കാരങ്ങളിൽ സങ്കടങ്ങളുടെയും നിരാശയുടെയും പ്രതിഷേധത്തിന്റെയും പ്രതിരോധത്തിന്റെയും പകയുടെയും ഘടകങ്ങളുണ്ട്. ആഫ്രിക്കൻ പ്രവാസികളുടെ അമേരിക്കൻ ജീവിതം നോക്കുക. പുതു പരിസ്ഥിതിയോടും വ്യവസ്ഥിതിയോടും ഏറ്റുമുട്ടിയും പൊരുത്തപ്പെട്ടും വിജയിച്ചും യൂറോപ്യൻ ദേശങ്ങളിൽ കഴിയുന്ന ഏഷ്യൻ പ്രവാസികളുടെ ജീവിതം മറ്റൊരു ഉദാഹരണം. നിഷേധിക്കപ്പെടുന്ന സാമൂഹിക നീതിയും ചോദ്യംചെയ്യപ്പെടുന്ന സ്വത്വവും അവരിൽ ഇപ്പോഴും നീറ്റലാണ്. ഓർമ്മയാണ് മുഖ്യവിഷയം. സ്വന്തബന്ധങ്ങളെയും പിറന്ന നാടിന്റെ നന്മ ഉപേക്ഷിക്കേണ്ടി വന്നവരുടെ മനസ്സു അഭിനിവേശങ്ങളുടെ ആഘോഷങ്ങളിലല്ല, ഓർമ്മയുടെ ഓളങ്ങളിലാണ് മുഴുകുക. പ്രവാസി അരങ്ങു, നിലവിലുള്ള സാഹചര്യങ്ങളെയും പുതിയ സാധ്യതകളെയും പ്രമേയമാക്കുമ്പോൾത്തന്നെ ഓർമകളെ ആദരവോടെ കാക്കാനുള്ള വേദിയുമാകുന്നു. അരങ്ങുകൾക്ക് വൈകാരികവും മനശാസ്ത്രപരമായ മാനങ്ങളുണ്ട്. സാങ്കേതികമികവുപയോഗിച്ച് നൃത്തം മുതലായ കലാരൂപങ്ങളുടെ സഹായത്തോടെ കുടിയേറ്റാനുഭവങ്ങളുടെ സങ്കീർണ്ണത വേദിയിലെത്തുന്നു. പുതുസംസ്കൃതിയിലേക്ക് പ്രവേശിക്കുന്നതിന് നിർബന്ധിക്കപ്പെടുന്നവരുടെ ഉത്കണ്ഠകളും പുതുഭാഷ സ്വാംശീകരിക്കുന്നതിനു നേരിടുന്ന ബുദ്ധിമുട്ടുകളും പിന്നിട്ട സംസ്കൃതിയുടെ ഓർമകളെ സാന്ദ്രമാക്കുന്നു. ഏഷ്യൻ വൻകരയിൽനിന്ന് യൂറോപ്യൻ രാജ്യങ്ങളിൽ എത്തിപ്പെട്ടവരുടെ ജീവിതത്തിൽ സാംസ്കാരികാനുരൂപണം നേരിടുന്ന വെല്ലുവിളി പ്രകടമാണ്.

**പ്രവാസികൂട്ടായ്മകളും പ്രതിരോധങ്ങളും**

പ്രവാസികളുടെ കൂട്ടായ്മകളെയും അന്യോന്യബന്ധങ്ങളെ യും സജീവമാക്കാൻ അരങ്ങനുഭവങ്ങൾ സഹായിക്കുന്നു. തങ്ങൾ ജനതയാണെന്നുള്ള അവബോധവും ഒരുമിച്ച് നിൽക്കേണ്ട തിന്റെ ആവശ്യകതയും അരങ്ങുകൾ ഉണർത്തുന്നു. വിദേശവാസം സ്വദേശാനുഭവമാക്കുന്നത് കൂടിച്ചേരലുകളും തങ്ങളുടെ ജീവി തങ്ങളുടെ പകർപ്പുകളായ അരങ്ങുകളുമാണ്. അമേരിക്കയിലെ ആഫ്രിക്കൻ വംശജർ ഇടയ്ക്കിടെ ഒരുമിച്ചു കൂടുകയും തങ്ങളുടെ കലാപാരമ്പര്യവും അവയുടെ സമ്പന്നമായ ചടുലതയും ആഘോഷിക്കുന്നു. തദ്വാര അവരുടെ സംഘബോധവും സ്വത്വാ ഭിമാനവും വർദ്ധിക്കുന്നു. 'നമ്മളൊന്ന്' എന്ന വികാരത്തിന്റെ മൂർ ച്ഛയാണ് ഇത്തരം അരങ്ങനുഭവങ്ങളിൽ പ്രവാസികൾ അനുഭവി ക്കുന്നത്.

വിനോദത്തിനപ്പുറം ജീവിതത്തിന്റെ മൗലിക വിഷയങ്ങളുടെ അഭിമുഖീകരണവും അഭിസംബോധനയും അരങ്ങുകളിൽ നടക്കുന്നു. സ്വത്വം, സാമൂഹിക നീതി, രാഷ്ട്രീയം, തലമുറകളുടെ രൂപീകരണം, മാറുന്ന ലോകക്രമത്തിൽ തങ്ങളുടെ സ്ഥാനം..... എന്നിവ അവർക്ക് മുമ്പിലുള്ള പരിഗണനാമേഖലയാണ്. സംവാ ദങ്ങളും പഠനങ്ങളും അതിന്റെ ഭാഗവും തുടർച്ചയുമായി ഉണ്ടാകും. സ്വദേശത്ത് കഴിഞ്ഞപ്പോൾ തിരിച്ചറിയാതെപോയ പൈതൃകവും അനുഭവിച്ചറിയാതെപോയ പാരമ്പര്യവും അമൂല്യമായിരുന്നുവെന്ന് മനസ്സിലാക്കാനും അരങ്ങനുഭവം സഹായിക്കുന്നു. സ്വദേശത്ത് പുലർത്താതെപോയ അന്യോന്യബന്ധവും പാരസ്പര്യവും വിദേ ശത്ത് സജീവമാകുന്നു. ജോലി, പഠനം, യാത്ര, ഭക്ഷണം, സർക്കാർ സേവനം, ചികിത്സ എന്നീ രംഗങ്ങളിൽ പരസ്പ രാശ്രിതായി മുന്നേറാനും ജനത എന്ന വികാരത്തിൽ ജീവിക്കാനും അരങ്ങനുഭവം സഹായിക്കുന്നു. ഈ അറിവുകൾ പ്രേക്ഷ കർക്കും തിരിച്ചറിവിന്റെ സാധ്യത നൽകുന്നു.

ആന്തരികമായും ബാഹ്യമായും വെല്ലുവിളി അഭിമുഖീ കരിക്കുന്നവരാണ് പ്രവാസികൾ. ജീവിക്കുക എന്നാൽ അവർക്ക് പോരാട്ടമാണ്. വർണത്തിന്റെയും വിശ്വാസാചാരങ്ങളുടെയും വേഷ

ത്തിന്റെയും ഭക്ഷണക്രമത്തിന്റെയും ഭാഷയുടെയും പേരിൽ പുതു ദേശത്ത് വേർതിരിവും അനീതിയും അനുഭവിക്കുന്ന പ്രവാസികളുടെ വൈകാരികതയ്ക്ക് സാർവത്രിക സ്വഭാവമുണ്ട്. വിദേശരാജ്യങ്ങളിലെ ജയിലറകളിൽ കഴിയുന്ന പ്രവാസികളേറെയാണ്. അമേരിക്കൻ നാടകകൃത്തും എഴുത്തുകാരിയുമായ ലോറൈൻ വിവിയൻ ഹാൻസ് ബെറി (1930–1965)യുടെ A Raisin in the Sun എന്ന നാടകത്തിൽ ചിക്കാഗോയുടെ തെക്കൻ പ്രവിശ്യയിൽ 1950കളിൽ ജോലിയെടുത്തു കഴിയുന്ന ബ്ലാക്ക് കുടുംബത്തിന്റെ മാനസിക സംഘർഷം ആവിഷ്കരിക്കുന്നു. ആഫ്രിക്കൻ അമേരിക്കൻ അനുഭവങ്ങളുടെ നാടകകൃത്തായ ഓഗസ്റ്റ് വിൽസൺ (1945–2005) രചിച്ച കൃതികളും ശ്രദ്ധനേടി. 'കറുത്ത അമേരിക്കയിലെ തീയറ്റർ കവി' എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. ഇരുപതാം നൂറ്റാണ്ടിലെ ആഫ്രിക്കൻ അമേരിക്കൻ സമൂഹത്തിന്റെ അനുഭവവും പാരമ്പര്യവും വിവരിക്കുന്ന പത്തു നാടകങ്ങളുടെ പരമ്പര അദ്ദേഹത്തെ വിശ്രുതനാക്കി.

ലാറ്റിൻ അമേരിക്കൻ, ഏഷ്യൻ പ്രവാസികളുടെ നാടകങ്ങൾ പലായനത്തിന്റെയും കുടിയേറ്റത്തിന്റെയും പ്രവാസ ത്തിന്റെയും പ്രയാസങ്ങളുടെയും വേർതിരിവുകളുടെയും അതിക്രമങ്ങളുടെയും കഥ പറയുന്നു. അതിജീവന സമരങ്ങളുടെ സങ്കടങ്ങളും പരിക്കുകളും വിജയങ്ങളും ഭാവാത്മകമായും ആത്മവിശ്വാസത്തോടെയും മുന്നേറാൻ പ്രേരണയാകുന്നു. ഭരണകൂടങ്ങളുടെയും അന്താരാഷ്ട്ര സമൂഹത്തിന്റെയും ശ്രദ്ധക്ഷണിക്കൽക്കൂടിയാണ് അവ. പ്രതീക്ഷയുടെയും അതിജീവനത്തിന്റെയും വാതിൽ തുറക്കാൻ സാഹിത്യത്തിനും കലയ്ക്കും കഴിവുണ്ടെന്ന സത്യം ഇവിടെ സാധൂകരിക്കപ്പെടുന്നു. ആൻഫ്രാങ്കിന്റെ ഡയറി ഉദാഹരണമാണ്. കൊടിയ പീഡകൾ സമ്മാനിക്കുന്ന തടവറയിൽ ആ പെൺകുട്ടി പുലർത്തിയ അസാമാന്യ ധീരതയുടെയും പ്രതീക്ഷയു ടെയും നിശ്ചയദാർഢ്യത്തിന്റെയും അടയാളമുദ്രയാണത്. ദുരിതങ്ങൾക്കിടയിലും ജീവിതം പിടിച്ചുനിർത്താനും സാംസ്കാരിക പൈതൃകത്തിന്റെ ബലത്തിൽ മുന്നേറാനും അരങ്ങനു

ഭവങ്ങൾ പ്രവാസികൾക്ക് ദിശാബോധം നൽകുന്നു.

പ്രവാസനാടകങ്ങൾക്ക് മുറിവുണക്കലിന്റെയും ശുഭചിന്തകളോടെയുള്ള മുന്നേറ്റത്തിന്റെയും ആരോഗ്യപരമായ സംവാദങ്ങളുടെയും അന്യോന്യ ഗുണശ്രവണത്തിന്റെയും മനസ്സിലാക്കലിന്റെയും സാധ്യത കൂടിയുണ്ട്. അരങ്ങിലെ അവതരണം കാണു ന്നത് പ്രവാസി മാത്രമല്ല. തദ്ദേശീയരുടെ ചിന്തകളിലും പരിഗണനകളിലും നയരൂപീകരണത്തിലും പ്രവാസികളുടെ ജീവിതവും അതിന്റെ സങ്കടകരമായ സങ്കീർണതകളും കടന്നുവരുന്നത് ഭവാത്മക നടപടികളിലേക്കു വഴിതെളിക്കാം. നാടോടി അനുഭവങ്ങൾ പറയുന്ന നാടകങ്ങളിൽ ഘനീഭവിച്ചുനിൽക്കുന്ന ദുഃഖം പ്രദേശവാസികളെ സ്വാധീനിക്കാതിരിക്കില്ല. സാമൂഹിക നീതിയുടെയും ജനാധിപത്യത്തിന്റെയും സമത്വത്തിന്റെയും ഉന്നതചിന്ത പ്രായോഗികമാക്കാൻ അരങ്ങുകൾ പ്രേരിപ്പിക്കാം. നാഗരി കതയും സംസ്കാരവും പാരമ്പര്യ സമ്പത്തും ഇതര ഭൂഖണ്ഡങ്ങളിലുണ്ടെന്ന സത്യത്തിലേക്ക് അവർ മിഴിതുറക്കാനും മതി.

**പ്രവാസിനാടകങ്ങളുടെ ഭാവി**

കുടിയേറ്റവും പ്രവാസവും എല്ലാ കാലത്തും തുടരുന്ന പ്രതിഭാസവും യാഥാർത്ഥ്യവുമാകയാൽ പ്രവാസി നാടകങ്ങളുടെ നിലനിൽപ്പിലും തുടർച്ചയിലും സംശയിക്കാൻ ഒന്നുമില്ല. മനുഷ്യന്റെ സർഗബോധവും പരീക്ഷണത്വരയും പുതുമ തേടാനുള്ള ആർജ്ജവവും നിലനിൽക്കുന്നതിനാൽ പ്രവാസിനാടകങ്ങൾ, നിരന്തരം നവീകരിക്കപ്പെടും. നാടിന്റെ കലാസാംസ്കാരിക അന്തരീക്ഷംവിട്ട് വിദേശത്ത് കുടിയേറിയവർ അവിടെ തങ്ങളുടെ നഷ്ടസ്വപ്നങ്ങളെയും വിഹ്വലതകളെയും പ്രതിസന്ധികളെയും ആവിഷ്കരിക്കാൻ നാടകവേദി ഉപയോഗിക്കുന്നു. പുതിയ നാടിന്റെ സാംസ്കാരികഘടകങ്ങളും കലാപരമായ ദർശനങ്ങളും സാങ്കേതിക സഹായങ്ങളും നാടക സംവിധാനം മെച്ചപ്പെടുത്തുന്നു. പരീക്ഷണ കൗതുകവും പുതുമയോടുള്ള തുറ സ്സും അരങ്ങിനെ സമ്പന്നവും വൈവിധ്യപൂർണമാക്കുന്നു. നാടിനും ഭാഷയ്ക്കും പാരമ്പര്യങ്ങൾക്കും പുറത്തുള്ള ലോകത്തോട് സംവ

ദിക്കാൻ കുടിയേറ്റക്കാർ കഥാപറച്ചിലിന് പുത്തൻ മാധ്യമങ്ങളും സാമഗ്രികളും സങ്കേതങ്ങളും പരീക്ഷിക്കാൻ ധൈര്യം കാണിക്കുന്നു.

വിവരസാങ്കേതിക വിദ്യയുടെയും നവമാധ്യമങ്ങളുടെയും ഘടകങ്ങൾ ഈ പരീക്ഷണ ദൗത്യത്തിൽ ഉൾപ്പെടുന്നു. പരമ്പരാഗത നാടകവേദിയുടെ സങ്കേതങ്ങൾ ഡിജിറ്റൽ യുഗത്തിന്റെ സാങ്കേതിക മികവുകൊണ്ട് പുഷ്കലമാക്കാനും കരുത്തുറ്റതാക്കാനും അവർക്കു കഴിയും. ആസ്വാദനതലത്തിൽ പുതിയതും ഊർജ്ജസ്വലവുമായ ഇന്ദ്രിയാനുഭവങ്ങൾ ലഭിക്കുന്നു. യുദ്ധങ്ങളും പ്രകൃതിക്ഷോഭങ്ങളും പകർച്ചവ്യാധികളും പ്രവാസത്തിലേക്ക് നയിച്ച മറ്റു കാരണങ്ങളും ഇപ്രകാരം അനുഭവിപ്പിക്കാൻ കഴിയുന്നു. നാടകവേദിയുടെയും സ്റ്റേജിന്റെയും സങ്കൽപ്പനങ്ങളും മാറുന്നു. ഓഡിറ്റോറിയവും മൈതാനവും വിട്ട് പ്രമേയത്തിനു ചേരുന്ന പരിസരത്തിലേക്ക് അവതരണം മാറ്റു മ്പോൾ അനുഭൂതിക്ക് ഗുണപരമായ മാറ്റംവരുന്നു. മെക് സിക്കൻ കുടിയേറ്റക്കാരെ പ്രതിപാദിക്കുന്ന നാടകം നടത്താൻ അതിർത്തിവേലിയുടെ പ്രദേശമോ അല്ലെങ്കിൽ കുടിയേറ്റക്കാർ ഒരുമിച്ച് താമസിക്കുന്ന സ്ഥലമോ തെരഞ്ഞെടുക്കുന്നു. പ്രമേയവും പരിസരവും തമ്മിലുള്ള അടുത്ത ബന്ധം നാടകാനുഭവം വൈകാ രികവും ശക്തവുമാക്കുന്നു.

മറ്റൊരു പരീക്ഷണാത്മകത വേദിയും പ്രേക്ഷകരും തമ്മിലുള്ള അതിരുമായിക്കുന്നു എന്നതാണ്. നാടോടി നാടകങ്ങളുടെ രീതിയിൽ കാണികൾ അഭിനേതാക്കളാകുന്ന സമ്പ്രദായം നാടകത്തെ ജനകീയവും ഫലപ്രദവുമാക്കുന്നു. കുടിയേറ്റത്തിന്റെ ദുരിതാനുഭവങ്ങളും ഉത്കണ്ഠകളും മനസിൽ സൂക്ഷിച്ച് കളികാണുന്ന വ്യക്തി കാണികൾക്കിടയിൽനിന്ന് ക്ഷണിക്കപ്പെടുന്നു. നാടകത്തിൽ അയാളുടെ കഥപറച്ചിൽ നൽകുന്ന അധികാനുഭൂതി മുഖ്യമായിരിക്കും. നടനും കാണിയും തമ്മിലും വേദിയും സദസും തമ്മിലും അഭിനയവും ആസ്വാദനവും തമ്മിലുമുള്ള വേർപാടിന്റെ തിരോധാനം നാടകത്തെ ജീവത്തായ അനുഭവമാക്കുന്നു.

കലാരൂപങ്ങളുടെയും കലാകാരന്മാരു ടെയും സമ്മേളനവും സഹകാർമികത്വവുംകൊണ്ട് പ്രവാസിനാടകങ്ങൾ പുതുരൂപഭാവം കൈക്കൊള്ളുന്നു. പ്രവാസത്തി ന്റെ അനുഭവങ്ങൾ പേറുന്ന ആഫ്രിക്കൻ കലാകാരനും ഏഷ്യൻ കലാകാരനും ഒരുമിച്ചു വരുന്നിടത്ത് കുടിയേറ്റാനുഭവങ്ങളുടെ സാർ വത്രികത വിളംബരം ചെയ്യപ്പെടുന്നു.

**നിഗമനങ്ങൾ**

സമൂഹ മാറ്റത്തിന് വൻ സാധ്യതയുള്ള ആവിഷ്കാരമാണ് പ്രവാസിനാടകം. അവ അഭിസംബോധന ചെയ്യുന്നതും നേരിടുന്നതും സമലത്തെയും വർത്തമാനകാല ലോകത്തെയും ആണ്. സാമൂഹ്യനീതിക്കും സമത്വത്തിനും മാനവികതയ്ക്കും വേണ്ടിയുള്ള ഇടപെടലുകളാണ് അവയുടെ താൽപര്യം. ഈ നാടകങ്ങൾ അവബോധമുളവാക്കലും തൽഫലമായി സംവാദമൊരുക്കലും നടപടി കൈക്കൊള്ളലും ലക്ഷ്യം കാണുന്നു. ബഹുവിധ പ്രതിസന്ധികൾ അനുഭവിക്കുന്നവരുടെ വൈകാരികവും സാമൂഹികവും തൊഴിൽപരവും സാമ്പത്തികവുമായ ധർമസങ്കടങ്ങൾ പൊതുസമൂഹവും ഭരണകൂടങ്ങളും തിരിച്ചറിയാൻ പ്രവാസിനാടകങ്ങൾ വേദിയൊരുക്കുന്നു. ഭൂഗോളത്തിൽ നിറയെ മനുഷ്യൻ വരച്ച അവകാശരേഖകൾ അനേകരുടെ ദുർവിധിയുടെ മുള്ളുവേലികളാണെന്ന സത്യം പ്രവാസിനാടകങ്ങൾ വിളിച്ചു പറയുന്നു.

**ഗ്രന്ഥസൂചി**

1. Lynn Nottage intimate Apparel theatre Communication group, New York 2006.
2. Lynn Nottage Mud, River Stone, Dramatists play service inc, New York 1999.

oo

# സുനിൽ കെ. ചെറിയാന്റെ നാടകങ്ങളിലെ പ്രവാസിജീവിതം

**അഭിഷേക്**
ഒന്നാം സെമസ്റ്റർ, എം.എ. മലയാളം,
കേരളസർവകലാശാല,

**സംഗ്രഹം**

പ്രവാസിനാടകങ്ങളെക്കുറിച്ചും അവയുടെ കൂട്ടായ്മയെകുറിച്ചുമാണ് പ്രബന്ധത്തിൽ പഠിക്കുന്നത്. മലയാള നാടകവേദിയും പ്രവാസിനാടകവേദിയും തമ്മിലുലുള്ള വിശകലനം ചെയ്യുന്നു. സുനിൽ കെ. ചെറിയാന്റെ രണ്ട് നാടകങ്ങൾ പ്രവാസി നാടകവേദിയുടെ പ്രത്യേകതകൾ അടിസ്ഥാനമാക്കി വിലയിരുത്തുകയാണ് പ്രബന്ധത്തിൽ.

**താക്കോൽവാക്കുകൾ**

*പ്രവാസിനാടകം, അതിജീവനം, പ്രവാസിനാടകവേദി, പെർമനന്റ് തിയേറ്റർ, ഷിഫ്റ്റിംഗ് തിയേറ്റർ*

**ആമുഖം**

ജീവിതനിലവാരം മെച്ചപ്പെടുന്നതിനും തൊഴിലിലും വിദ്യാഭ്യാസത്തിനുമായി ജന്മദേശം വിട്ടുനിൽക്കുന്നതാണ്. പ്രവാസം. പ്രവാസികളുടെ ചുറ്റുപാടിൽനിന്നും ഉയർന്നു വരുന്ന പ്രതിസന്ധികളും ഗൃഹാതുരത്വവും പ്രവാസി സാഹിത്യത്തിന് വിഷയമാകാറുണ്ട്. ഹോമിബാബയുടെ അഭിപ്രായപ്രകാരം, പ്രവാസം നിരന്തര പ്രക്രിയയാണ്. പ്രവാസികൾ മാതൃരാജ്യത്തെയും പുതിയ വാസസ്ഥലത്തെയും ബന്ധിപ്പിക്കുന്ന മധ്യസ്ഥരായി പ്രവർത്തിക്കുന്നു. എഡ്വേർഡ്സെയ്ദ് പ്രവാസത്തെ രാഷ്ട്രീയവും ബൗദ്ധികവുമായ അവസ്ഥയായികാണുന്നു.

അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, പ്രവാസികൾ മാതൃരാജ്യത്തെ വിമർശിക്കുകയും പുതിയ രാഷ്ട്രീയ സാധ്യതകൾ അന്വേഷിക്കുകയും ചെയ്യുന്നു.

**പ്രവാസിനാടകവേദി**

മലയാളി സംവിധായകർ വിദേശത്ത്ചെന്ന് നാടകം അവതരിപ്പിക്കുമ്പോൾ അത് പ്രവാസികളുടെ നാടകമായി മാറുന്നു. നാടകം അവതരിപ്പിക്കുന്നത് പ്രവാസികളാണ് എന്നതാണ് കാരണം. പ്രവാസികൾ കഥയുടെ അവതരണ ചുമതല ഏറ്റെടുക്കുന്നു. യു.എ.ഇയിലെ നാടക സംഘങ്ങൾ പ്രവാസിതിയേറ്ററിന്റെ ഭാഗമാണ്. കേരള സോഷ്യൽ സെന്റർ അബുദാബി സംഘടിപ്പിക്കുന്ന ഭരത്മുരളി നാടകോത്സവം പ്രവാസി നാടക വേദിക്ക് പുതിയ സാധ്യത നൽകുന്നു. മലയാളി കലാകാരന്മാർക്ക് അവസരങ്ങൾ സൃഷ്ടിക്കുന്നു. 1972-ൽ മുതൽ അബുദാബി ആസ്ഥാനമാക്കിയ കേരള സോഷ്യൽ സെന്റർ പ്രവാസിമല യാളികലാകായിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. 4500-ഓളം പ്രവാസി മലയാളി കൂട്ടായ്മകളെ ഏകോപിപ്പിക്കുന്നു.

**പ്രവാസവും മലയാള നാടകങ്ങളും**

പ്രവാസികളുടെ അനുഭവത്തിന്റെ ആവിഷ്കാരം മല യാള നാടകങ്ങളിലുണ്ട്.

**ശക്തി തീയേറ്റർസ്**

1979-ൽ രൂപീകരിച്ച ശക്തി തീയറ്റേഴ്സ് അബുദാബി നാടകവേദിയുടെ പ്രധാന മുഖമാണ് ആദ്യകാലത്ത് ഗൾഫ് മലയാളികൾക്കിടയിൽ നാടകാഭിരുചി വളർത്തുന്നതിന് ശക്തി തീയേറ്റേഴ്സിന് സാധിച്ചു. പിന്നീട് 1993-ൽ കാർത്തികേയൻ പടിയത്ത് രചനയും സംവിധാനവും നിർവഹിച്ച ശവംതീനി ഉറുമ്പുകൾ പ്രവാസി കൂട്ടായ്മയെ അനിശ്ചിതത്വത്തിലേക്ക് തള്ളിയിട്ടു. മതനിന്ദ നടത്തി എന്ന കാരണത്താൽ നാടകം കളിച്ചവർക്കെതിരെ UAE ഗവൺമെന്റ് ശിക്ഷാ നടപടി സ്വീകരിച്ചു ഒരു ദശാബ്ദം ഗൾഫ് മലയാളികൾക്കിടയിൽ നാടകം അന്യം

നിന്നു. 2018-ൽ ശക്തി തീയേറ്റർസിനുവേണ്ടി ജിനോ ജോസഫ് സംവിധാനം ചെയ്ത പണി ഭരത് മുരളി നാടക മത്സരത്തിൽ മികച്ച രണ്ടാ മത്തെ നാടകമായി തെരഞ്ഞെടുക്കപ്പെട്ടു. കോവിഡനന്തരം സജീവമായ നാടക പ്രവർത്തനം ഗൾഫ് മേഖലയിൽ നടത്തുന്നതിന് ശക്തി തീയേറ്റേഴ്സിന് സാധിച്ചിട്ടുണ്ട് 2023-ൽ സോവിയറ്റ് സ്റ്റേ ഷൻകടവ് നാടകം പ്രേക്ഷക ശ്രദ്ധപിടിച്ചു പറ്റി. ഇന്ത്യൻ സോഷ്യൽ സെന്റർ അലൈൻ ചമയം തിയറ്റേഴ്സ് ഷാർജ, കനൽ തീയേറ്റർദുബായ്, ഓർമ്മ ദുബായ് എന്നീ നാടകസംഘങ്ങൾ പ്രവാസിനാടക വേദിയുടെ മലയാളി മുഖങ്ങളായി നില കൊള്ളുന്നു.

**സുനിൽ കെ. ചെറിയാന്റെ നാടകങ്ങളിലെ പ്രവാസം**

പ്രവാസിനാടകങ്ങൾ കാലത്തിന്റെ അടയാളപ്പെടുത്തൽ ആണെന്ന് സുനിൽ ചെറിയാൻ തന്റെ നാടകങ്ങളിലൂടെ തെളിയി ക്കുന്നു. ഗൃഹാതുരത്വത്തിന്റെ (nostalgia) വേലിയേറ്റങ്ങളിൽമാത്രം ഒതുക്കിനിർത്താതെ വേർതിരിച്ച് പ്രവാസി ജീവിതത്തിന്റെ യാഥാർത്ഥ്യബോധ(realistic)ത്തിലേക്ക് വഴിതിരിച്ചു നടത്തുന്നതിന് അദ്ദേഹത്തിന്റെ നാടകങ്ങൾക്ക് സാധിച്ചു. പ്രവാസി സ്ത്രീകളുടെ ജീവിതപ്രതിസന്ധികൾ രേഖപ്പെടുത്തുന്നതിന് നാടകങ്ങളിലൂടെ സാധിച്ചു. പ്രവാസവും കുടിയേറ്റവും സൃഷ്ടിക്കുന്ന വ്യതിരിക്തഭാവങ്ങളെ തന്മയത്വത്തോടുകൂടി നാടക ത്തിൽ അവതരിപ്പിച്ചു.

പശു, ചൂട്ടൊന്ന് കത്തിച്ചുതരാമോ എന്നീ നാടകങ്ങൾ പ്രവാ സി ജീവിതത്തിലെ പ്രശ്നങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്നു. നാടകത്തിൽ പ്രവാസിജീവിതം, തൊഴിൽ വിഭജനം, സ്ത്രീ പ്രശ്ന ങ്ങൾ, കുടിയേറ്റം, തലമുറകളുടെ വീണ്ടെടുക്കൽ, ജീവിത പ്രതിസ ന്ധികൾ, ചതികളും വ്യഥകളും നിറഞ്ഞ വ്യക്തിജീവിതം, മാനുഷിക ബന്ധങ്ങളുടെ തള്ളിപ്പറയലും തിരിച്ചെടുക്കലും ചേർത്തുവയ്ക്ക ലും എന്നിങ്ങനെ പ്രവാസത്തെ പരിപ്രേക്ഷ്യത്തിൽനിന്നു പ്രവാ സിനാടകം എന്ന സാധ്യതക്ക് പുതുവഴി കണ്ടെത്തുന്നു സുനിൽ

കെ. ചെറിയാൻ.

ഒരേസമയം യാഥാർത്ഥ്യത്തെ (realistic) അവതരിപ്പിക്കുകയും അതേസമയം ഭ്രമാത്മകതയുടെ (fantasy) സാധ്യത നാടകത്തിൽ തുറന്നുകാട്ടുകയും ചെയ്യുന്നു. 2014 ൽ ഗൾഫിലെ ആദ്യത്തെ സ്ത്രീ നാടകസംഘമായ നിർഭയ തീയേറ്റേഴ്സിനുവേണ്ടി പശു എന്ന നാടകം എഴുതി സംവിധാനം ചെയ്തു. പശു മലയാളികളുടെ ചില്ലറ പ്രശ്നങ്ങളിലേക്ക് സിറിയൻ അഭയാർത്ഥി കയറുന്നതും അവരുടെ പ്രശ്നങ്ങൾക്ക് മുന്നിൽ മലയാളികളുടെ പ്രശ്നംനിഷ്പ്രഭമാണെന്ന് പറഞ്ഞുവയ്ക്കുന്നതുമായ രചനയാണ്.* സംഗീതനാടക അക്കാദമി ഗൾഫ് പ്രവാസികൾക്കായി സംഘടിപ്പിച്ച നാടകം മത്സരത്തിൽ 17 നാടകങ്ങളിൽനിന്ന് മികച്ച രചനയ്ക്കുള്ള അവാർഡ് നേടാൻ പശുവിന് ലഭിച്ചു.

നിർഭയ അവതരിപ്പിച്ച ചൂട്ടൊന്ന് കത്തിച്ചുതരാമോ? എന്ന നാടകം മികച്ച രചനയ്ക്കുള്ളതും മികച്ച നടിക്കുള്ളതുമായ അവാർഡുകൾ കരസ്ഥമാക്കി. 'ചൂട്ടിൽ' മൂന്നുമാസം പ്രായമുള്ള ഒരു പെൺകുഞ്ഞ് അടക്കം 33 സ്ത്രീകൾ വേഷമിട്ടു. ഇപ്പോഴത്തെ തലമുറ പണത്തിന്റെ പിന്നാലെ മനുഷ്യത്വപരമല്ലാത്തവിധം പായുന്നതിന് വരും തലമുറയോട് ഉത്തരം പറയേണ്ടിവരുംഎന്ന് നാടകം പറഞ്ഞു.

നാടകരചനയിൽ അതിന്റെ രംഗസജീകരണത്തിനും, അവതരണത്തിനും സാധ്യതകൾ നൽകുന്നത് എഴുത്തിലെ കയ്യൊതുക്കമാണ്. അതിനെ ഭാവനപൂർണമായ അപൂർവ്വതയിലേക്ക് എത്തി ക്കുന്നതിന് രചനയിലൂടെ മാത്രമേ സാധിക്കും. സുനിൽ കെ. ചെറി യാന്റെ നാടകങ്ങൾ പ്രവാസി നാടകങ്ങളുടെ രചനശൈലിയിൽ വ്യത്യസ്തവും, അപൂർവവുമാണ്.

**കഥാപാത്ര സവിശേഷതകൾ**

നാടകത്തിന്റെ പ്രധാന സവിശേഷത അതിന്റെ കഥാപാത്രരൂപീകരണവും അവതരണവും ആണ്. ചൂട്ടൊന്ന് കത്തിച്ചു തരാമോ?, പശു, എന്നീനാടകങ്ങളിലെ പ്രധാന കഥാപാത്രങ്ങൾ

പൊതുവെ പങ്കിടുന്ന സവിശേഷതകൾ ഇവിടെ തിരിച്ചറിയേ ണ്ടതുണ്ട്. കഥ നടക്കുന്ന സ്ഥലം കുവൈത്താണ് കഥാപാത്രങ്ങൾ പ്രവാസികളാണ്. ദുരിതമനുഭവിക്കുന്ന സ്ത്രീ ജീവിതത്തിന്റെ അവതരണവും നാടകത്തിലെ കഥാപാത്രങ്ങളിലൂടെ സാധ്യമാകുന്നു. ഫ്രീഡ, മെയ്ഡാന്റി, ബക്കാലക്ക, രാജ്ഞി, ഏകാധിപതി, പരിചാരികമാർ, സർക്കാർ ഉദ്യോഗസ്ഥ, ജയിലർ, കുട്ടികൾ, മയക്കുമരുന്ന്കാരി (ഈചൂട്ടൊന്ന് കത്തിച്ചു തരോ). സ്വാർത്ഥത, വ്യക്തിപരത, വിവേചനം, തുടങ്ങി സ്വജീവി തത്തിന്റെ അഭിലക്ഷണീയത്തിനുവേണ്ടി അന്യജീവിതത്തെ അ ടിമകളാക്കാൻ ശ്രമിക്കുന്ന മനുഷ്യ കഥാപാത്രങ്ങളാണ് ലോറി, രാജ്ഞി, ഏകാധിപതി, തുടങ്ങിയ കഥാപാത്രങ്ങൾ. ഇത്തരം കഥാപാത്രങ്ങൾക്ക് പേരുകളും അധികാര യോഗ്യതകളും സമൂഹ ത്തിൽ തിരിച്ചറിയപ്പെടുന്ന മാനദണ്ഡമാകുന്നു. അതേസമയം പ്രവാ സലോകത്ത് അന്യവൽക്കരിക്കപ്പെടുന്ന മനുഷ്യരുടെ ജീവിതത്തിലെ കാഴ്ചപ്പാടും നമുക്ക് കാണാം. ബക്കാലക്ക, സർക്കാർ ഉദ്യോഗസ്ഥ, ജയിലർ എന്നീ കഥാപാത്രങ്ങളും, പിന്തള്ളപ്പെടുന്ന തലമുറകളുടെ പ്രതിനിധികളായി മെയ്ഡ് ആന്റിയും ഫ്രീഡയും മറ്റൊരുചിത്രം കൂടിസൃഷ്ടിക്കുന്നു.

'പശു' വിൽ എല്ലാ കഥാപാത്രങ്ങളും സ്ത്രീകളാണ്. മാളു, കരുണ ക്ഷമ, നിർമല, ചീരു, തഗ്റീദ് എന്നീ കഥാപാത്രങ്ങൾ ഒരേമുറിയിൽ ജീവിക്കുന്നവരും എന്നാൽ വ്യത്യസ്ത തുറകളിൽ ഇടപെടുന്നവരുമായ മനുഷ്യരാണ്. മാളു ഒഴികെ മറ്റുള്ളവർ പ്രവാസത്തിന്റെ പരാധീനതകളും പ്രതിസന്ധികളും അനുഭവിക്കുകയും ദാമ്പത്യ ജീവിതത്തെ കുറിച്ചുള്ള കാഴ്ചപ്പാട് വ്യത്യസ്തമായിട്ടുള്ളവരുമാണ്. മാളു കരുണയുടെ മകളാണ്. ഭർത്താവ് മോഹനിൽനിന്നും വേർപിരിഞ്ഞു താമസിക്കുകയാണ് കരുണ. നാടകത്തിൽ തഗ്റീദ് എന്ന സ്ത്രീകഥാപാത്രം സിറിയൻ കുടിയേറ്റക്കാരിയാണ്. പ്രവാസത്തിന്റെ മറ്റൊരു അവസ്ഥയാണ് കുടിയേറ്റം. അതിജീവനത്തിന്റെ പാതയിലാണ് തഗ്റീദ്. അതിനുള്ള അഭയം തേടി എത്തിച്ചേരുന്നിടമാണ് മറ്റുള്ളവർ നിൽക്കുന്ന ഫ്ളാറ്റ് മുറി.

പശു നാടകത്തിൽ പ്രധാന കഥാപാത്രങ്ങൾക്ക് പുറമേ മറ്റു കഥാപാത്രങ്ങൾകൂടിയുണ്ട്. യഥാർത്ഥ പശ്ചാത്തലത്തിന് അതിന്റെ തനിമ ചോരാതെ എന്നാൽ ഭ്രമാ ത്മകമായി അവതരിപ്പിക്കുന്നതിന് സുനിൽ കെ. ചെറിയാൻ ചില കഥാപാത്രങ്ങളെ സൃഷ്ടിക്കുന്നു. അവഭ്രമാത്മകതയുടെ രൂപീകരണം നാടകങ്ങളിൽ സാധ്യമാക്കുന്നു. ചൈനീസ് നാടോടികഥാപാത്രം ഹുവാമുലാൻ, ആട്ടിടയ, ആസിഡ് സ്ത്രീ, മുഖംമൂടി (പശു), കൂടാതെ കാലവും കഥാപാത്രമായി (ഈ ചൂട്ടൊന്ന് കത്തിച്ചു തരോ) നാടകത്തിൽ കടന്നുവരുന്നു.

**രംഗസംവിധാനം**

നാടകങ്ങളുടെ പ്രധാന പ്രത്യേകത അവതരിപ്പിക്കപ്പെടുന്ന സ്ഥലത്തിന്റെ ചിത്രീകരണമാണ്. സവിശേഷ രീതിയിൽ കഥ ഉൾക്കൊള്ളുന്ന സന്ദർഭത്തെയും സ്ഥലത്തെയും കൃത്യമായ രീതിയിൽ നിർമ്മിച്ചുകൊണ്ടുവേണം നാടകത്തെ പൂർണ്ണതയിലെത്തിക്കാൻ. രംഗ സംവിധാനം നാടകകലയുടെ അടിസ്ഥാനമാണ്. ഈ ചൂട്ടൊന്ന് കത്തിച്ചു തരോ നാടകം നടക്കുന്നത് കുവൈത്തിലാണ്. കുവൈത്തിലെ സാധാരണ ജീവിതത്തിന്റെ ഭാഗമാകുന്ന സ്ഥലങ്ങളും സന്ദർഭങ്ങളും ആണ് നാടകത്തിന്റെ രംഗങ്ങൾ.

സ്റ്റേജിൽ കുവൈറ്റിലെ ഒരു അപ്പാർട്ട്മെന്റ് ബിൽഡിംഗ് ഇടതുവശത്ത് ബിൽഡിങ്ങിന്റെ ഒരു സൈഡ്, ഒരു വീട്ടുകാരുടെ സിറ്റൗട്ട് കാണാം. വലതുവശത്ത് ഒരു ബക്കാലലഡ്ഡു, അച്ചാർ കുപ്പികൾ, കായ വറുത്തത്, മുതലായവ അരയാൾ പൊക്കത്തിലുള്ള ഗ്ലാസ് അലമാരയിൽ വച്ചിരിക്കുന്നു, പത്ര മേഗസീനുകളുടെ സ്റ്റാൻഡ് ഒരു വശത്ത്. കടയുടെ അകത്തേക്ക് പോകുന്ന പ്ലാസ്റ്റിക് കർട്ടൻ. സ്റ്റേജിനു നടുവിൽ കോമ്പൗണ്ട് പ്രധാനമായും കുട്ടികളുടെ കളിസ്ഥലം. (സുനിൽ, കെ. ചെറിയാൻ: 21)

കുവൈത്തിന്റെ പശ്ചാത്തലമാണ് പ്രധാന രംഗസജ്ജീകരണം. അതേസമയം മെയ്ഡാന്റി എന്ന കഥാപാത്രം ഫ്രീഡയ്ക്കു കഥ പറഞ്ഞു കൊടുക്കുമ്പോൾ രംഗസജീകരണത്തിൽ മാറ്റം സംഭവിക്കുന്നു. തലനിരപ്പിൽനിന്നും ഉയർന്ന പ്ലാറ്റ്ഫോമിലെ,

നേരത്തെ സിറ്റൗട്ട് ആയിരുന്നത് രാജസദസ്സായും സിംഹാസനത്തിൽ ആസനസ്ഥ യായിരിക്കുന്ന രാജ്ഞിയും രാജ്ഞിയുടെ കാൽക്കീഴിലെ തലയാട്ടി ക്കൊണ്ടിരിക്കുന്ന പട്ടിയും പ്രത്യക്ഷപ്പെടുന്നു. കുവൈത്തിന്റെ രംഗസജീകരണത്തിൽനിന്ന് നാടകത്തിനുള്ളിലെ കഥ പറച്ചിലിൽ ഭ്രാമാത്മക അനുഭൂതി സൃഷ്ടിക്കുന്നതിനുവേണ്ടി ഇത്തരം രംഗസംവിധാനം ഉപയോഗിക്കുന്നു. കൂടാതെ മൂന്നാമത്തെ രംഗത്തിൽ വേദിയുടെ മുഴുവൻ ഘടനയും (structure) വീണ്ടും മാറുന്നു. സ്റ്റേജിലെ ഇടതുവശത്ത്സിംഹാസനവും സിറ്റൗട്ടും ആയിരുന്ന പ്ലാറ്റ്ഫോം സർക്കാർ ഓഫീസായിമാറുന്നു. നേരത്തെ വേദിയിൽ ബക്കാല ഉണ്ടായിരുന്നിടത്ത് ഒരു ജയിൽ. വിദേശ സന്ദർഭത്തിൽനിന്ന് കേരളീയമായ സജ്ജീകരണം നാടകം ഈ രംഗത്തിൽ ആവശ്യപ്പെടുന്നു പിന്നീട് കുവൈത്തിന്റെ ജീവിതത്തിലേക്ക് തിരിച്ചുപോകുമ്പോൾ ഒന്നാംരംഗത്തിൽ കണ്ടകോമ്പൗണ്ടിൽ നിറയെ ഹരിതമയം ആകുന്നു. ചെടിച്ചട്ടികളും മറ്റും സ്ഥാനം പിടിച്ചിരിക്കുന്ന കുവൈത്തിന്റെ മറ്റൊരു മുഖമാണ് വേദിയിൽ പ്രത്യക്ഷപ്പെടുക.

‘പശു’ വിൽ വേദിയുടെ സജീകരണം കുവൈത്തിലെ ഫ്ളാറ്റ് മുറിയാണ്. കുവൈറ്റിൽ മലയാളികൾ കൂട്ടമായി താമസിക്കുന്ന അബ്ബാസിയായിലെ പഴയ ഫ്ലാറ്റിന്റെ സ്വീകരണമുറി. പുറത്തേക്കെട്ടിടങ്ങളും ആകാശവും കാണാം. മുറിക്കും ആകാശത്തിനു ഇടയ്ക്കുള്ള ഇടനാഴിയിൽ തുണികൾ ഉണക്കാൻ ഇട്ടിരിക്കുന്നു. പുറത്തുനിന്നും വരുന്നവർ ഈ ഇടനാഴി കടന്നാണ് സ്വീകരണ മുറിയിലേക്ക് സ്റ്റേജിന്റെ മധ്യഭാഗത്തേക്ക് കടന്നുവരുന്നത്. പ്രവാസി ജീവിതം മലയാളികൾക്ക് ഫ്ളാറ്റ് ജീവിതം കൂടിയാണ്. കൂട്ടുകുടുംബം എന്ന മലയാളി ബോധത്തിന്റെ പ്രവാസി മോഡലാണ് ഒറ്റമുറിയിൽ ഒരുപാട്പേർ പങ്കിടുന്നറൂം ഷെയറിംഗ്. പശുനാടകത്തിൽ പ്രധാന മായും ഫ്ലാറ്റിനകത്തെ സ്വീകരണ മുറിതന്നെയാണ് രംഗം. ദീപ സംവിധാനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് നാടകത്തിന് ഒഴുക്ക് സാധ്യമാക്കുകയാണ് സംവിധായകൻ ചെയ്തത്. അലമാരയിൽനിന്ന് പുസ്തകം

എടുത്തു വായിക്കുന്ന മാളു, പുസ്തകത്തിൽനിന്നും വേദിയിലേക്ക് കടന്നുവരുന്ന കഥാ പാത്രങ്ങളെ വെളിച്ചത്തിന്റെ മാന്ത്രികത ഉപയോഗിച്ചുകൊണ്ട് സംവിധായകൻ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. വേദിയിൽ കലാപത്തിന്റെ ബഹളം വീഡിയോ ചെയ്യാൻ സൃഷ്ടിക്കപ്പെടുകയും യുദ്ധഭൂമിപോലെ ആളുകൾ പരക്കം പായുന്നതിന്റെ നിഴൽ അനക്കങ്ങൾ രംഗത്ത് പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. തൊഴിൽ തേടിയുള്ള പ്രവാസി ജീവിതം അതിന്റെ എല്ലാവിധ ചിത്രങ്ങളോടെയും അബ്ബാസിയയിലെ ഒറ്റമുറിയിൽ പ്രത്യക്ഷമാകുമ്പോൾ സിറിയൻ കുടിയേറ്റത്തിന്റെ തീഷ്ണതയും നിസ്സഹായതയും ദുരിതവും അവസാനത്തെ രംഗത്തിൽ പ്രേക്ഷകർക്ക് കാണാം.

**പ്രവാസവും അതിജീവനവും**

നാടകത്തിൽ അതിജീവനം പ്രധാന വിഷയമാണ്. തൊഴിലിനുവേണ്ടി പ്രവാസികളാകേണ്ടിവരുന്ന മനുഷ്യർക്ക് സംഭവിക്കുന്ന സ്വാർത്ഥവിചാരങ്ങൾ തുടങ്ങി പ്രവാസവും അതിജീവനവും ജീവിതത്തിലെ മാറ്റങ്ങളെ സൃഷ്ടിക്കുന്നു. ലോറി തന്റെ പ്രസവിക്കാൻനേരം അമ്മയെ വിദേശത്തേക്ക് കൊണ്ടുവരുന്നതും മകളെ മൂന്നുവർഷം നോക്കിയശേഷം അമ്മയെ മെയ്ഡ് ആയി മൂന്നുവർഷം പണിക്ക് അയക്കുന്നു. എന്നാൽ ഇതിനെ അതിജീവിക്കാൻ അവർക്ക് സാധിക്കുന്നു. പ്രവാസികളുടെ അവകാശ ബോധം അടയാളപ്പെടുത്താൻ നാടകം ശ്രദ്ധിക്കുന്നു. ഫ്രീഡാ സർക്കാർ ഉദ്യോഗസ്ഥയോട് ജനാധിപത്യത്തെക്കുറിച്ച് സംസാരിക്കുന്ന രംഗം പ്രധാന്യമർഹിക്കുന്നു. ജനാധിപത്യം എന്നാൽ ഇലക്ഷൻ മാത്രമല്ലെന്നും ഹൈപ്പർ ഡെമോക്ര സിയിൽ ജനങ്ങളുടെ ഓൺലൈൻ അഭിപ്രായങ്ങൾക്ക് വിലയുണ്ട് എന്നും പ്രവാസികൾക്ക് വോട്ടവകാശം കിട്ടിയതും സമീപഭാവിയിൽ എസ്. എം.എസ്. വഴി കാലംവരാൻ പോവുകയാണെന്ന് ഫ്രീഡാപറഞ്ഞു വയ്ക്കുന്നു. ഒരുതരത്തിൽ പ്രവാസികളുടെ ജീവിതം പൊതുശ്രദ്ധയിൽ കൊണ്ടുവരികയും അതിനെ പ്രശ്ന വിൽകരിക്കുകയും അതിജീവിക്കുകയും ചെയ്യുന്നത് ഇവിടെ

കാണാം. ഗൾഫുകാരോട് എന്തിനാണ് ജീവി ക്കുന്നത് എന്ന് ചോദിക്കരുത് അവർക്ക് നാട്ടിൽ സഹായിക്കേണ്ട തായി ആളുകളുള്ളപ്പോൾ ചോദിക്കയേ അരുത്. യഥാർത്ഥത്തിൽ പ്രവാസിജീവിതത്തിൽ അതിജീവിക്കുക എന്നുള്ളത് അനിവാര്യ ഘടകമാണ്. അതിജീവനത്തിന്റെ അടിസ്ഥാനം ഭാഷകൂടിയാണ്. ബക്കാലക്ക കടയിൽ വരുന്ന സ്ത്രീയോട് അറബിയിൽ സംസാരിക്കുന്നത് ഇതിനുദാ ഹരണമാണ്. ഇന്തിഫാദി? എന്ന ചോദ്യത്തിന്തറ അൽബനാദ് മുഷ്കില. ബദേയ്ൻ എന്ന മറുപടിനൽ കുന്നബക്കാലക്ക വിദേശ ഭാഷയെ കീഴ്പ്പെടുത്തിയ സ്ത്രീയാണ്.

**തൊഴിൽ ജീവിതത്തിലെ പ്രതിസന്ധി**

കുവൈറ്റിലെ അബ്ബാസിയയിൽ ജീവിക്കുന്ന സ്ത്രീകളും പ്രതിസന്ധികൾ അനുഭവിക്കുന്നുണ്ട്. വർദ്ധിച്ചുവരുന്ന ഫ്ലാറ്റ് വാടകയും, കരണ്ട് ബില്ലും ചെലവിലും വരുമാനത്തിലും വരുന്ന നഷ്ടങ്ങളും പ്രവാസ ജീവിതത്തെ അതിജീവിക്കാൻ ഇത്തരം മനുഷ്യരെ പ്രാപ്തമാക്കുന്നുണ്ട്. കുടിയേറ്റം തഗ്റീദ് എന്ന സ്ത്രീയെ ഭൂമിയിൽ അന്യയാക്കുന്നു. ടിവിയിലും പത്രത്തിലും കാണുന്ന ബോംബുകളും, കലാപങ്ങളും നേരിട്ട് കാണേണ്ടിവന്നതിന്റെ നിസ്സഹായതയും നഷ്ടബോധത്തിന്റെ വേദനയും ഈ സന്ദർഭത്തിൽ കാണാം. മലയാളിയിൽനിന്നു തന്നെ ചതിക്കപ്പെട്ട തിന്റെ അമർഷം പ്രകടിപ്പിക്കുന്നതഗ് റീദിന്റെ അതിജീവനത്തിലൂടെയാണ് പശു എന്ന നാടകം അവസാനിക്കുന്നത്.

**തൊഴിൽ വിഭജനങ്ങൾ**

പ്രവാസം ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നടത്തുന്ന പലായനമാണ്. പ്രവാസികളുടെ ജീവിത നിലവാരത്തെ സ്വാധീനിക്കുന്നത് തൊഴിലാണ്. നാടകത്തിൽ ബക്കാലക്ക എന്നത് ബക്കാലനടത്തുന്ന അക്ക എന്ന അർത്ഥമാണ്. കൂടാതെ മെയ്ഡാന്റി എന്നത് മെയ്ഡ് ആന്റി എന്നുമാണ്. പേരുകളിൽപോലും തൊഴിൽ അടയാള ചിഹ്നമാണ്.

ഒരാൾ കച്ചവടക്കാരിയും മറ്റൊരാൾ വേലക്കാരിയുമാണ്. ഇരു വരുടെയും ജീവിതം നിയന്ത്രിക്കുന്നത് ലോറി എന്ന

മുതലാളിയാണ്. ലോറിക്ക്മുകളിലേക്കും ഈ നിയന്ത്രണരീതികൾ നടക്കുന്നുണ്ട്. ബിസിനസ് സുഹൃത്തുക്കളും, മുതലാളിമാരും, ഏകാധിപതികളും ഇത്തരം ഉപരിവർഗ്ഗ/ ഇടനിലക്കാരെ സംരക്ഷി ക്കുന്നു. ഇത്തരം സന്ദർഭം പ്രവാസി ജീവിതത്തിന്റെ തൊഴിൽ വിഭജനമാണ്. ഒരു സന്ദർഭത്തിൽ ലോറി എന്ന കഥാപാത്രം ഇങ്ങനെ പറയുന്നു. ഞാനൊരു മിഡിൽ ക്ലാസ് ഗൾഫുകാരി പക്ഷേ ഞാൻ ഉന്നത കുലത്തിലും പെടില്ല പാവങ്ങളുടെ വർഗ്ഗത്തിലും പെടില്ല പ്രവാസിജീവിതത്തിലും ഇത്തരം വർഗ്ഗബോധം പ്രത്യക്ഷപ്പെടുന്നത് തൊഴിലിന്റെ അടിസ്ഥാനത്തിൽ തന്നെയാണ്. അതേസമയം ജാതിബോധത്തിന്റെ തിരിച്ചറിവും അതിൽ പ്രകടമാണ്. അതേ സന്ദർഭത്തിൽ ബക്കാലക്കയുടെ സംഭാ ഷണം ഞാനൊരു പാവം ഗൾഫ് ജോലിക്കാരി ആണെന്നും വിമാന കമ്പനിക്കാരുടെ പിഴിച്ചിൽ കാരണം നാട്ടിൽ പോവാൻ പറ്റാത്ത വളാണെന്നും നാട്ടിൽ ചെന്നാൽ ബംഗാളിയുടെ വിലകിട്ടാ ത്തവൾ ആണെന്നും പറയുന്നു. ഇവിടെയും തൊഴിൽ വിഭജനത്തിന്റെ രേഖപ്പെടുത്തൽ കാണാം.

'പശു'വിൽ കഥാപാത്രങ്ങൾ മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾക്കായി തൊഴിൽ തേടിവന്ന വരാണ്. കമ്പനികളിൽ ഇന്റർവ്യൂകളിൽ പങ്കെടുത്ത് അവർ തൊഴിൽ സാധ്യത അന്വേഷിക്കുകയും ചെയ്യുന്നു. ശമ്പളം കിട്ടുമ്പോൾ ഭർത്താവിന് പണം അയച്ചുകൊടുക്കുന്നതും, ജോലി സമ്പാദിച്ച് ജീവിതം തനിയെ മുന്നോട്ട് നടത്തുന്നു. പ്രഗ്നന്റ് ആകരുത് എന്നുപറയുന്ന തൊഴിൽ വ്യക്തി ജീവിതത്തിനുമുകളിൽ സൃഷ്ടിക്കുന്ന അനീതിയാണ്. ഇതേ അനീതി തന്നെയാണ് സ്ത്രീ കൾക്ക് കൂടുതൽ അദ്ധ്വാനമുള്ള തൊഴിൽ നൽകി കുറഞ്ഞകൂലി കൊടുക്കുന്നതും. പ്രവാസിജീവിതത്തിലും സ്ത്രീകൾ അനുഭവിക്കുന്ന തൊഴിൽ വിഭജനത്തിന്റെയും അനീതിയുടെയും തുറന്നെഴുത്താണിവിടെ നാടകം.

**പ്രതിസന്ധികളുടെ ചുറ്റുപാടുകൾ**

ജീവിതത്തിന്റെ പ്രതിസന്ധികളിലൂടെ കടന്നു പോകുന്ന

മനുഷ്യജീവിതങ്ങൾ, അവരുടെ വ്യക്തി ജീവിതത്തിൽ സംഭവിക്കുന്ന പരിണാമങ്ങൾ വിലയിരുത്തപ്പെടേണ്ടതാണ്. സ്വന്തം മകളുടെ വേലക്കാരി ആകേണ്ടിവരുന്നതും, വൈകുന്നേരങ്ങളിൽ ലഭിക്കുന്ന ചീത്തകളുടെ ഡോസും മെയ്ഡ് ആന്റി എന്ന കഥാപാത്ര ത്തിന്റെ ജീവിത പ്രതിസന്ധികളാണ്. ഓസ്ട്രേലിയയിലും കാനഡ യിലും കെനിയയിലും കുവൈറ്റിലും മക്കൾ ഉണ്ടായിരുന്നിട്ടും അനാഥമാക്കപ്പെടുന്ന അമ്മ നാടകത്തിൽ കടന്നുവരുന്നു. വാർദ്ധക്യത്തിന്റെ വലിയ വെല്ലുവിളിയാണ് അനാഥത്വം. സാമ്പത്തിക വിജയത്തിനു വേണ്ടിനടത്തിയ അധിനിവേശങ്ങൾ ലോറി എന്ന കഥാപാത്രത്തെ അഴിക്കുള്ളിൽ ആക്കുന്നു. നേഴ്സുമാരെ കണക്കില്ലാതെ റിക്രൂട്ട്ചെയ്തും, വിസ വാരിക്കോരികൊടുത്തു കോടികൾ സമ്പാദിച്ചതാണ് കോടിയുടെ കുറ്റം.

പശുവിൽ ഫാറ്റിന്റെ വാടക കൂടുമ്പോൾ, ചെലവ് കൂടുന്നതിനനുസരിച്ച് വരുമാനം ഇല്ലല്ലോ എന്ന കാഴ്ചപ്പാടിലേക്ക് നിർമ്മല എന്ന കഥാപാത്രം എത്തിച്ചേരുന്നു. പ്രവാസി പ്രധാനപ്പെട്ട പ്രതിസന്ധിയാണിത്. തഗ്റീത് മലയാളി പെണ്ണ് എന്തിനാണ് സിറിയക്കാരനെ കല്യാണം കഴിച്ചതിന് ചോദ്യം ചെയ്യു ന്നത് നാടകത്തിൽ കാണാം. അതുകൊണ്ടുതന്നെയാണ് മറ്റൊരു രംഗത്തിൽ പ്രവാസം എന്നത് നിങ്ങളെ സംബന്ധിച്ച് സമ്പാദിക്കാ നുള്ള വഴിയാണെന്നും തനിക്ക് കുടിയേറ്റം ഭൂമിയിൽ അന്യയായിരിക്കുന്ന അവസ്ഥയാണെന്ന് തഗ്റീത് പറയുന്നതും. ർത്താവിന്റെ തിരോധാനവും ഭർത്താവിന്റെ സുഹൃത്തായ മലയാളിയിൽനിന്നുണ്ടായ ചതിയും ഇവിടെ പരാമർശിക്കപ്പെടുന്നു.

**തീരാത്ത ജീവിതാസക്തി**

തീരാത്ത ജീവിതാസക്തി, സ്വാർത്ഥ ചിന്താഗതി യിലേക്ക് നയിക്കുന്നു. ജീവിക്കുന്നതിന് എന്തു വേഷംകെട്ടാനും മനുഷ്യർ തയ്യാറാവുന്നു. ബേബി സിറ്റിങ്ങിൽ പനഡോളു കൊടുത്തു കുട്ടികളെ ഉറക്കുന്നു. ബീഫ് ആണെന്ന് പറഞ്ഞു പട്ടിയിറച്ചി ആളുകൾക്ക് കൊടുക്കുന്നു. യഥാർത്ഥ ജീവിതം സ്വാർത്ഥ ചുറ്റു പാടിലേക്ക്. സാമ്പത്തിക വിജയമാണ് ജീവിതവിജയം എന്ന് കരു

തുന്ന തലമുറയാണ് ലോറിയുടേത്. ചൈനയിലുള്ള ബിസിനസ് പാർട്ണർക്ക് ഓൺ ലൈനിൽ വെള്ളഫ്രോക്ക് ധരിച്ച് മകൾ കുളിക്കുന്നത് കാണണമെന്ന് പറഞ്ഞപ്പോൾ അതിന് ഫ്രീഡയെ നിർബന്ധിക്കുന്ന ലോറിയെ കാണാം.

പശുവിൽ നിർമ്മല സമ്പാദിക്കാൻ അല്ലാതെ നമ്മൾ എന്തിനാണ് ഇവിടെ ജീവിക്കുന്നത് എന്ന ചോദ്യം ചോദിക്കുന്നു. ധനസമ്പാദനം ജീവിതാസക്തിയുടെ ഭാഗമാവുകയാണ് ഇവിടെ. കുബ്ബൂ സും തൈരും കഴിച്ചു കാശ് മിച്ചം വയ്ക്കുന്നതും കുവൈറ്റിൽ വിയർപ്പൊഴുക്കുമ്പോൾ നാട്ടിൽ അത് രൂപയായി ചെല്ലും എന്നുള്ള പ്രതീക്ഷയും നല്ല നാളെക്കായുള്ള കൂട്ടിവെപ്പുകളാണ്.

**തലമുറകൾ തിരുത്തുന്നത്**

ചൂട്ടൊന്ന് കത്തിച്ചുതരുമോ? എന്ന നാടകം തുടങ്ങുന്നത് ഇന്ന ത്തെ തലമുറ എന്താണ് നാളെയോട് ചെയ്യേണ്ടത്? മുൻതലമുറയെ നടതള്ളുന്നതിനും പിൻതലമുറക്കായി നിക്ഷേപിക്കുന്നതിനും ഇട യ്ക്ക് യാന്ത്രികതയുടെ വേഷം ആടിത്തീർക്കുകയാണോ ഇന്ന്? നാളെ കരുതുകയാണോ കുരുതികൊടുക്കുകയാണോ ഇന്ന്? വരിക. ഈ വരികളിലൂടെയാണ്. നാടകത്തിലെ പ്രധാന കഥാപാത്രമായ ഫ്രീഡയുടെ ജീവിതം ആവിഷ്ക്കരിക്കുന്നത്. അവളെ വർത്തമാന തലമുറയുടെ പ്രതിനിധിയായി സ്വീകരിക്കാം. മാതാപിതാക്കളെ ഓൾ ഡേജ്ഹോമിലേക്ക് തള്ളിവിടുന്ന മക്കളെ തിരുത്തുകയാണ് പുതു തലമുറ ചെയ്യുന്നത്. യഥാർത്ഥത്തിൽ മെയ്ഡ് ആന്റി എന്ന കഥാപാത്രം ലോറിയുടെ മാതാവാണെന്ന് ഫ്രീഡ തിരിച്ചറിയുന്നത് മുതൽ ജീവിതത്തിൽ തിരുത്തലുകൾക്ക് തയ്യാറെടുക്കുന്ന പെൺ കുട്ടിയെ കാണാം. മെച്ചപ്പെട്ട ജീവിത നിലവാരത്തി നുവേണ്ടി എങ്ങനെയെങ്കിലും സമ്പാദിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ലോറിയും മകൾ എല്ലാ രീതിയിലും അപ മാനിച്ചിട്ടും അതിനെയെല്ലാം മൗനാനുവാദം നൽകി നിശബ്ദമാകുന്ന മെയ്ഡ് ആന്റിയും പുറംലോകം കാണാനാഗ്രഹിക്കുന്ന പുതു തലമുറക്കാരിയായ ഫ്രീഡയും മൂന്ന് തലമുറയുടെ പ്രതിനിധികൾ ആണ് മയക്കുമരുന്ന് വിൽക്കുന്ന ബക്കാലക്കയെ തിരുത്താൻ

ശ്രമിക്കുന്ന കുട്ടികളും പുതിയ തലമുറയാണ്. കാലം കഥാപാത്രമായി നാടകത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ തലമുറയുടെ മറ്റൊരു സാധ്യതകൂടി തുറന്നു വയ്ക്കുന്നു. നാടകത്തിൽ കാലം പറയുന്നു. 'അധ്വാനിച്ചു, നിന്റെ അമ്മയുടെ തലമുറ. പണം സമ്പാദിക്കാൻ നെട്ടോട്ടമോടി എന്റെ അമ്മയുടെ തലമുറ. പക്ഷേ നിന്റെ തലമുറ നിങ്ങളുടേതായ വഴികൾതുറക്കുന്നു. മുകളിൽനിന്നു നോക്കുമ്പോൾ കുവൈറ്റ് എന്താണ്? കേരളം എന്താണ്? ഈ ഭൂമി എന്താണ്? ഒരു സിന്ദൂരപ്പൊട്ട്. കലഹങ്ങളുടെയും സന്ദേഹങ്ങളുടെയും മലകയറ്റം കഴിഞ്ഞാൽ പിന്നെ മലമറച്ച സൂര്യനെ നീ കാണും! പുതിയ തലമുറ നമുക്കായി എന്താണ് കരുതിയത് എന്ന് കാണേണ്ടേ? വരൂ. നോക്കൂ. അവർ എന്താണ് ഇവിടെ ചെയ്യുന്നത്? 'ഇതൊരു തിരിച്ചറിവാണ്. വരുന്ന തലമുറയ്ക്ക് നാം എന്താണ് കൈമാറേണ്ടതെന്ന് ലോറി ജീവിതത്തിന്റെ സ്വാർത്ഥതകൾ എല്ലാം വെടിഞ്ഞ് തിരിച്ചറിയുന്നിടത്താണ് നാടകം അവസാനിക്കുന്നതും തല മുറകളിൽനിന്ന് തലമുറകളിലേക്ക് കൈമാറേണ്ടത് പണമല്ല സ്നേഹമാണെന്ന് ലോറി പറഞ്ഞു വയ്ക്കുന്നു.

പശുവിലെ മാളു എന്ന കഥാപാത്രം പുതുതലമുറയുടെ പ്രതിനിധിയാണ്. മുൻതലമുറക്കാർ പറഞ്ഞുവെച്ച കാര്യങ്ങൾ പകർത്തുകയാണ് മാളു. വരച്ചുവച്ച പശുവിനെ വലിയ അകിട് നൽകിയപ്പോൾ അതിന്റെ കാരണമായി അവൾ പറയുന്നത് ജീവിതത്തിൽ എല്ലാം വലുതായി നേടണമെന്നാണ്. ഇത് തലമുറയുടെ സ്വാർത്ഥ കാഴ്ചപ്പാടാണ്. രണ്ടു നാടകത്തിലും മുൻതലമുറയ്ക്ക് നഷ്ടപ്പെട്ട സഹിഷ്ണുത തിരിച്ചു പിടിക്കുകയും നഷ്ടപ്പെട്ടുപോയ വ്യക്തിത്വത്തെ അതിജീവിച്ചുകൊണ്ട് മുന്നോട്ടു പോകാൻ തയ്യാ റെടുക്കുകയും ചെയ്യുന്നു പുതുതലമുര.

**ഗൃഹാതുരത്വത്തിന്റെ ഇഴയടുപ്പം**

പ്രവാസം മനുഷ്യരിൽ ഗൃഹാതുരത്വത്തിന്റെ വേലിയേറ്റം സൃഷ്ടിക്കുന്നു. കുവൈറ്റ് പ്രശ്ചാത്തലമായി വരുന്ന രണ്ടു നാടകത്തിലെയും കഥാപാത്രങ്ങൾക്കും ഗൃഹാതുരത്വത്തിന്റെ ബാധയുണ്ട്. കുവൈറ്റിൽ വിവാഹംകഴിച്ചു പഴയ കൂട്ടുകുടുംബ

വ്യവസ്ഥയിൽ ജീവിക്കാം എന്ന് പറയുന്ന ഫ്രീഡ മലയാളികളിൽ നിന്നും അന്യംനിന്നുപോയ കൂട്ടുകുടുംബ വ്യവസ്ഥയെ പുനരുജീവിപ്പിക്കാൻ ശ്രമിക്കുകയാണ്. കൂടാതെ ഓട്ടു വിളക്ക്, എന്ന പ്രയോഗം നാടകത്തിൽ കേരളത്തിന്റെ ഓർമ്മകളി ലേക്ക് തള്ളിവിടുന്നു.

ഫ്ലാറ്റ് ജീവിതം അസഹനീയമായ നിർമ്മല കുവൈറ്റിൽ നിന്നും കേരളത്തിന്റെ മണ്ണിൽ ജീവിക്കാൻ ആഗ്രഹിക്കുന്നു. അധി കം വൈകാതെ ആ മണ്ണിലേക്ക് ഒരു പോക്കുണ്ട് എന്ന് പറഞ്ഞുവെ ക്കുന്നതുവഴി ജന്മനാടിനോടുള്ള ആസക്തി പ്രകടമാക്കുന്നു. ശാന്തമാക്കുന്നതിനു വേണ്ടി ചീരു എന്ന കഥാപാത്രം നാടൻപാട്ട് പാടുന്നു. 'മുള വരിപാടത്ത് കൊയ്ത്തൊഴിയണ കാലം' എന്നു തുടങ്ങുന്ന നാടൻ പാട്ട് തനതോർമ്മകളുടേ കടന്നുവരവാണ്.

**നിഗമനങ്ങൾ**

പ്രവാസിജീവിതത്തിൽ നാടകങ്ങൾക്കുവലിയ പങ്കുണ്ട്. കാലഘട്ടത്തിനനുസരിച്ച്ഡയസ്പൊറ നാടകങ്ങളിൽ പരിവർത്തനം ഉണ്ടാകുന്നു. പ്രവാസിജീവിതം നയിക്കുന്ന മലയാളികൾക്ക് നാടകവേദി വിവിധ സംസ്കാരങ്ങളുടെ കൈമാറ്റങ്ങളുടെ വേദികൂടിയാകുന്നു. നാടകരചനയിൽ പ്രവാസിജീവിതം കടന്നുവരുമ്പോൾ രംഗസംവിധാനം കഥാ പാത്രങ്ങളുടെ രൂപീകരണം കഥാസന്ദർഭങ്ങൾ എന്നിവ പ്രവാസദേശത്തിന് അനുസരിച്ച് വ്യത്യാസപ്പെടും.

**ഗ്രന്ഥസൂചി**

1. സുനിൽ കെ. ചെറിയാൻ, ഈ ചൂട്ടൊന്ന് കത്തിച്ചുതരോ, കേരളസാഹിത്യ അക്കാദമി, തൃശൂർ, 2020.

2. എൻ. എൻ. പിള്ളയുടെ തിരഞ്ഞെടുത്ത നാടകങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2010.

# പ്രവാസി കവിതയുടെ സമകാലികത

**സഫ്‌വാന എൻ. കെ.**

ഗവേഷക, മലയാളവിഭാഗം, കേരള സർവകലാശാല

**സംഗ്രഹം**

പ്രവാസി കവിത. സങ്കീർണവും ബഹുമുഖവുമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. പ്രവാസി കവികൾ സ്വത്വരാഷ്ട്രീയത്തിൽ നിരന്തര പര്യവേഷണം നടത്തുന്നു. വ്യക്ത്യനുഭവത്തിനു മുകളിൽ മാനുഷിക പ്രശ്നങ്ങളെ പ്രതിഷ്ഠിക്കാൻ അവർ നിരന്തരം ശ്രമിക്കുന്നു. സ്ഥാനഭ്രഷ്ടജീവിതവും സമാനാനുഭവങ്ങളും സമ്മിശ്രമായ പ്രമേയങ്ങളാണ് ജയൻ കെ. സി. കവിതയിൽ സ്വീകരിച്ചത്. അവയിലെ രൂപഭാവങ്ങൾ കേരളീയമല്ലെങ്കിലും ആവിഷ്കരണോപാധി മലയാളമാണ്. അമേരിക്കൻ ജീവിതത്തിലെ മലയാളികളുടെ സാന്നിദ്ധ്യം കവിതയിൽ അദ്ദേഹം സന്നിവേശിപ്പിച്ചു. ഭൂമിയിലെ ജീവിത സങ്കീർണ്ണത ആവിഷ്കരിക്കുന്നതിനൊപ്പം അരികുവൽക്കരിക്കപ്പെട്ടവരുടെ ശബ്ദവും അദ്ദേഹത്തിന്റെ കവിതയിലുണ്ട്. പാഠാന്തര ബന്ധങ്ങളിലൂടെ കൊളാഷ് നിർമിക്കുന്ന രചനാമികവിലൂടെ അമേരിക്കൻ ചരിത്രത്തിന്റെ സമകാലിക സന്ദർഭങ്ങളിലേക്ക് വഴിതുറക്കുന്ന അദ്ദേഹത്തിന്റെ ദി ഗ്രേറ്റ് ഗ്രേറ്റ് ന്യൂയോർക്കേഴ്സ് എന്ന കവിതയുടെ പഠനമാണ് ഈ പ്രബന്ധം.

**താക്കോൽ വാക്കുകൾ**

*പ്രവാസികവിത, മെൽറ്റിങ് പോട്ട്, അപഡോളർവൽക്കരണം, അന്തർപാഠ്യപരത*

പ്രവാസികവിത പ്രവാസികളുടെ വീക്ഷണവും മനോവ്യാപാരങ്ങളും അടയാളപ്പെടുത്തുന്നു. ദേശാന്ത രവാസാനുഭവം,

(immigrant experience), ഗൃഹാതുരത്വം, പ്രതീക്ഷ എന്നിവ പ്രവാസികവിതകളുടെ ഉള്ളടക്കമാണ്. പ്രവാസി എഴു ത്തുകാർ ചേക്കേറിയ നാടിനെകുറിച്ച് എഴുതുകയും വിദേശത്ത് താമസമാക്കിക്കൊണ്ട് സ്വദേശത്തെകുറിച്ച് എഴുതുകയും ചെയ്യുന്നു. ഭാഷ, കല, സംസ്കാരം, ഭക്ഷണം, രാഷ്ട്രീയം, കാലാവസ്ഥ എന്നിങ്ങനെ മാറിയ സാഹചര്യങ്ങൾ വൈകാരികമായി അവരെ ബാധിക്കുന്നു. സർഗാത്മക രചനക്കുള്ള അനുഭവപരിസരം അതിലൂടെ ലഭ്യമാകുന്നു. സ്വന്തം പ്രശ്നങ്ങളിൽ കേന്ദ്രീകരിക്കാതെ ലോകത്തിലെ കുടിയേറ്റക്കാരുടെ അനുഭവങ്ങളോടും താദാത്മ്യം പ്രാപിക്കാൻ പ്രവാസി കവികൾക്ക് സാധിക്കുന്നു. വിശ്വ മാനവികതയുടെ സ്പർശം പ്രവാസി കവിതകളുടെ ദാർശനികലക്ഷ്യമാണ്. പ്രവാസികളുടെ സാമൂഹിക മാനസിക സാഹചര്യങ്ങൾ അടയാളപ്പെടുത്തുന്ന ചരിത്രരേഖകളാണ് പ്രവാസി കവിതകൾ. പ്രവാസിജീവിതത്തിലെ മന:സംഘർഷം ഡയസ്പെറ കവിതയിൽ സ്പഷ്ടമാണ്.

യുദ്ധങ്ങളും ആഭ്യന്തര കലാപങ്ങളും കാരണം സ്വന്തം രാജ്യത്ത് അന്യവത്ക്കരിക്കപ്പെട്ട പ്രവാസികവികളാണ് അബ്ദുള്ള അൽ ബാരടോണി, അഹ്മദ് ത്വർ, സമീഹുൽ കാസിം, മഹമൂദ് ദാർവിഷ് എന്നിവർ. പ്രവാസം തെരഞ്ഞെടുക്കുമ്പോൾ സ്വഭാഷയിലും സംസ് കാരത്തിലും സംഭവിക്കുന്ന അകൽച്ച എഴുത്തിൽ പ്രകടമാകുന്നതെങ്ങനെയെന്ന് കമലാദാസ്, അരുന്ധതി റോയ് അരുൺ കോലാക്കർ എന്നിവരുടെ രചനകൾ കാണിച്ചുതരുന്നു. കന്നടകവി എ. കെ. രാമാനുജൻ, ഉറുദുകവി അലി സർദാർ ജാഫ്രി , കേദാർനാഥ് അഗർവാൾ, ഒറിയ കവി സീതാകാന്ത് മഹാപത്ര എന്നിവർ നാടിന്റെ തനത് സൗന്ദര്യവും ദേശസ്നേഹവും കവിതകളിൽ സന്നിവേശിപ്പിച്ചു. വൈലോപ്പിള്ളിയുടെ ‘ആസ്സാം പണിക്കാർ, ഒഎൻവി കുറുപ്പിന്റെ പ്രവാസി, അയ്യപ്പപ്പണിക്കരുടെ ‘പാസ്സേജ് ടു അമേരിക്ക’, ‘പകലുകൾ രാത്രികൾ’ എന്നിവ നാടെന്ന വികാരത്തിന്റെ പൂർണ്ണതയും പറിച്ചുനടപ്പെടുന്ന മനുഷ്യരുടെ ആത്മസംഘർഷങ്ങളുടെ വ്യാപ്തിയും ആവിഷ്കരിച്ച കവിതകളാണ്.

വിവർത്തന കവിതകളിലൂടെ സച്ചിദാനന്ദൻ വിവിധ ഭാഷക

ളിലെ ദേശബോധവും കാഴ്ചപ്പാടും മലയാളിയ്ക്ക് പരിചിതമാക്കി. അതിനുദാഹരണമാണ് 'പശ്ചിമകാണ്ഡം', 'മണിയും തീപ്പെട്ടിയും' എന്നീ കവിതകൾ. കുഴൂർ വിൽസന്റെ 'കമറൂൾ നാട്ടിൽ പോകുന്നു' എന്ന കവിതയിൽ അയാൾക്കൊപ്പം നാട്ടിലേക്ക് പോകാൻ മനസ്സു കൊണ്ട് തയ്യാറെടുക്കുന്ന പ്രവാസികളെ കാണാം. യാത്ര യുടെ സ്വപ്നത്തിൽ അവർ കുറച്ചുനേരം ജീവിക്കുന്നു 'വിവർത്ത നത്തിന് ഒരു വിഫലശ്രമ'ത്തിൽ ഈന്തപ്പനകളെ നാട്ടിലെ തെങ്ങു കളോട് സാദൃശ്യപ്പെടുത്തി ആശ്വസിക്കുന്നു. ബിന്ദു സന്തോഷ്, രാജു ഇരിങ്ങൽ, ഡോണാമയൂര, ഹണി ഭാസ്കരൻ എന്നിവർ പ്രവാ സിജീവിതം ആവിഷ്കരിച്ച കവികളാണ്. ഇരുനാടുകളെ സമന്വ യിപ്പിച്ചുള്ള കവിതകളാണ് കെ.എം. പ്രമോദിന്റേത്. 'വസന്തം', 'കൊറിയ ഏസോർ കടൂർ കാച്ചി' എന്നിവ ഉദാഹരണങ്ങൾ. ടി.പി അനിൽകുമാറിന്റെ 'പരിഭാഷ' എന്ന കവിതയിൽ കണ്ടു മറന്നൊരു പൂവിനെ മറ്റൊരു ദേശത്ത് കണ്ടുമുട്ടുന്നു. നിറംകെട്ട പൂവ് ഒടുവിൽ വിത്തുകൾ തെറിപ്പിക്കുമ്പോൾ കവി ചെടിക്ക് പറയാനുണ്ടായി രുന്നത് തിരിച്ചറിയുന്നു. നാടിന്റെ ഓർമ്മകൾ കൈവിടാതെ, ഭാഷ കൈമോശം വരാതെ, കലർപ്പിലൂടെ തനിമ നഷ്ടമാകാതെ അവ വാക്കുകളിലൂടെ പകർത്താൻ വിത്തു വിതറിക്കൊണ്ട് ചെടി സന്ദേശം നൽകുന്നതായി കവി തിരിച്ചറിയുന്നു. **

ജയൻ കെ. സി. അമേരിക്കൻ ജീവിതത്തിലെ മലയാളികളുടെ സന്നിഗ്ദ്ധത കവിതയിൽ സന്നിവേശിപ്പിക്കുന്നു. കുടിയേറ്റക്കാരുടെ സൃഷ്ടിയായ  അമേരിക്കൻ ഐക്യനാടു കൾ മെൽറ്റിങ് പോട്ടാണ് (ഉരുകുന്ന മൂശ). കുടിയേറ്റക്കാരുടെ, വൈ വിധ്യമാർന്ന സാംസ ്കാരങ്ങളുടെ സമന്വയം അവിടെ സംഭവിച്ചു. ഇന്ത്യൻ പ്രവാസികൾ അമേരിക്കൻ ജനസംഖ്യയുടെ 1.3 ശതമാനം (49 ലക്ഷം) ആണ്. പ്രസിഡന്റിൽ കേന്ദ്രീകൃതമായ ജനാധിപത്യ വ്യവസ്ഥയാണ് അമേരിക്കയുടേത്. ഫെഡറൽ ഗവൺമെന്റ് പ്രാദേ ശിക ഗവൺമെന്റ് എന്നിവയാണ് ഭരണം നിർവഹിക്കുന്നത്. ഇരു പാർട്ടി സംവിധാനത്തിൽ (ഡെമോക്രാറ്റ്സ് & റിപ്പബ്ലിക്കൻസ്) ഭരണഘടനാനുസൃതമായാണ് അമേരിക്കയുടെ നിലനിൽപ്പ്. അമേ രിക്കൻ വൈസ്പ്രസിഡന്റായ കമലഹാരിസ് ഇന്ത്യൻ വംശജയാണ്.

യൂറോപ്യന്മാരിൽനിന്ന് അമേരിക്ക സ്വാതന്ത്ര്യം നേടുന്നത് 1776 ലാണ്. ആഫ്രിക്കൻ അടിമകളും യൂറോപ്യന്മാരും അവിടെ സ്ഥിരവാസികളായി. കാലക്രമത്തിൽ ലോകരാജ്യങ്ങൾക്കിടയിൽ ശക്തിപ്രാപിക്കാൻ അമേരിക്കയ്ക്കായി. രണ്ടാം ലോകയുദ്ധം സാമ്പത്തികമായി ശക്തിപ്പെടാനും അധികാരമുറപ്പിക്കാനും അമേരിക്കയെ സഹായിച്ചു. രാജ്യങ്ങൾ തമ്മിൽ വാണിജ്യ ഇടപാടുകൾ ഡോളറി(അമേരിക്കൻ നാണയം)ലാക്കിയും സൈനികരെ പലരാജ്യങ്ങളിൽ വിന്യസിപ്പിച്ചും അമേരിക്ക വളർന്നു. രണ്ടായിരത്തി ഇരുപത്തിനാലിലും ലോകത്തിന്റെ ശക്തികേന്ദ്രമായി തുടരുന്നുവെങ്കിലും അപഡോളർവത്കരണത്തിന് (Dedollarisation) തുടക്കമായത് അമേരിക്കയുടെ ബലക്ഷയത്തിന് വരുംകാലങ്ങളിൽ കാരണമായേക്കും.

1820 മുതൽക്ക് അമേരിക്കയിലേക്ക് സംഘടിത ഇന്ത്യൻ കുടിയേറ്റം ആരംഭിച്ചു. പശ്ചിമതീരത്താണ് ആദ്യകാല കുടിയേറ്റക്കാർ പാർത്തത്. 1790 മുതൽക്ക് വ്യക്തികൾ അമേരിക്കയിലെത്തിയ ചരിത്രമുണ്ടെങ്കിലും ഇന്ത്യൻ ഡയസ്പെറയുടെ കുടിയേറ്റം 1820 കൾ മുതൽക്കാണ് 1965 ൽ സർക്കാർ കുടിയേറ്റ നിയമത്തിൽ ഇളവുകൾ നടപ്പാക്കി. ഇതോടെ ഇന്ത്യൻ കുടിയേറ്റം ശക്തി പ്രാപിച്ചു. സാങ്കേതിക വിദഗ്ധർ, നേഴ്സുമാർ, ഡോക്ടർമാർ, എൻജിനീയർമാർ, ഗവേഷകർ എന്നീ വിഭാഗക്കാരാണ് ഇങ്ങനെ കുടിയേറിയതിൽ കൂടുതൽ. 2012 ലെ സെൻസസ് പ്രകാരം 45 ലക്ഷം മലയാളികൾ അമേരിക്കയിൽ താമസക്കാരാണ്. പൗരത്വ ലഭ്യത, സാമ്പത്തികവും തൊഴിൽപരവുമായ നേട്ടം, രാഷ്ട്രീയ സ്വാതന്ത്ര്യം, മികച്ച ജീവിത നിലവാരം എന്നിവ കുടിയേറ്റത്തിന്റെ തോത് വർദ്ധിപ്പിച്ചു.

മെൽറ്റിങ് പോട്ടായ അമേരിക്കയുടെ ആദ്യകാലചരിത്രം അരക്ഷിതാവസ്ഥയുടെയും ആഭ്യന്തര കലഹങ്ങളുടേതുമാണ്. വംശീയ വർഗീയ വെറിയും, ലഹരി ഉപയോഗവും, അരാജക ലൈംഗീക ബന്ധങ്ങളും അന്തരീക്ഷം കലുഷിതമാക്കി. ഡിഗ്രിപഠനകാലത്ത് അമേരിക്കയിലേക്ക് കുടിയേറിയ ജയൻ കെ. സി. സാഹചര്യം ഉൾ

ക്കൊണ്ട് മലയാളകവിതയ്ക്ക് ഭിന്ന ഭാവപരിസരം ഒരുക്കി. അദ്ദേഹത്തിന്റെ കവിതാ സമാഹാരങ്ങളാണ് 'അയനം നേർരേഖയിൽ' (1999) 'ആയോധനത്തിന്റെ അച്ചുതണ്ട്' (1996), 'പോളിമോർഫിസം', 'പച്ചക്ക്' (തെരഞ്ഞെടുത്ത കവിതകൾ). പ്രതിരോധത്തിന്റെ ഭാഷ കൊണ്ട് സാമ്രാജ്യത്വ അധീശത്വത്തോട് മല്ലടിക്കുകയാണ് ജയന്റെ കാവ്യശൈലി. അധികാരത്തിന്റെ ഭിന്നമുഖങ്ങളോടുള്ള എതിർപ്പ് ആ കവിതകളിൽ കണ്ടെടുക്കാം. പുരുഷന്റെയും, ഭരണകൂടത്തിന്റെയും, മതത്തിന്റെയും അധികാരം ഇഴചേർന്ന് അസമത്വം നിറഞ്ഞ സമൂഹത്തെ നിർമ്മിക്കുന്നതായി കവി തിരിച്ചറിയുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിലുള്ള അമേരിക്കൻ ഐക്യനാടുകളുടെ വികൃതമുഖം അദ്ദേഹത്തിന്റെ കവിതയിൽ സ്ഥിരസാന്നിധ്യമാണ്. നിരാലംബരും വർണവെറിയുടെ ക്രൂരത ഏറ്റുവാങ്ങേണ്ടിവന്നവരും പുതു സ്വപ്നംപേറി വന്ന് അധികാരികളുടെ ക്രൂരത നേരിടേണ്ടി വന്നവരുമായ മനുഷ്യരാണ് ജയന്റെ കഥാപാത്രങ്ങൾ. 'ശബ്ദരഹിതരുടെ ശബ്ദം' എന്ന കവിത 'മുമിയ അബു ജമാൽ' എന്ന രാഷ്ട്രീയപ്പോരാളിയെ അടയാളപ്പെടുത്തുന്നു. വധശിക്ഷ കാത്തു ജയിലിൽ കഴിയുമ്പോഴും അദ്ദേഹം നീതിന്യായ വ്യവസ്ഥയുടെ ക്രിമിനൽ സ്വഭാവത്തെ നിരന്തരം ചോദ്യം ചെയ്തു. മുൻ ബ്ലാക്ക് പാന്തർ പ്രവർത്തകനായ ജമാൽ 1982 മുതൽ ജയിലിലാണ്.

'സംഗരം' എന്ന കവിതയിൽ പൗരുഷത്തെ മഹാഘോരതയായി ആഖ്യാനം ചെയ്യുന്നു. സ്ത്രീത്വത്തിന് വെല്ലുവിളി ഉയർത്തുന്ന പൗരാണിക കഥാചരിത്രങ്ങൾ നിർമ്മിച്ച സംഗമേശ്വരൻ ആകാനുള്ള പുറപ്പാട് സാമൂഹിക വിമർശനമാണ്. 'ആർക്കറിയാം' എന്ന കവിത വാക്ക്, അറിവ്, അനുഭവം, ഓർമ്മ എന്നിവ ചാക്രിയമായിത്തുടരുന്നു. സ്നേഹവും ദൈവവും ഒന്നാണെന്നാണ് കാവ്യാഖ്യാനം. അമേരിക്കയുടെ കീഴിലുള്ള 'ഗ്വണ്ടാനാമോബേ' തടവറയുടെ പേരിലുള്ള 'ഗ്വണ്ടാനാമോ' എന്ന കവിതയിൽ ജയൻ കെ. സി. കടുത്ത മനുഷ്യാവകാശ ധ്വംസനങ്ങൾ ആഖ്യാനം ചെയ്യുന്നു. രാവും പകലും കാലവും തിരിച്ചറിയാനാകാത്ത മനുഷ്യന്റെ ജീർണ്ണാവസ്ഥയുടെ വിവരണമാണ് കവിത. കൂടു വിട്ടു പറന്നവൻ ചില്ലയും മരവും കരയും കടലും കടന്ന് ഇവയൊക്കെ

അളന്നും വിഴുങ്ങിയും ആകാശത്തിൽ അലിയുന്ന കിളിയാകുന്നു. കൂടുവിട്ടു പറന്ന മനുഷ്യക്കിളികൾ ശൂന്യതയിൽ അപ്രത്യക്ഷമാകുന്നതാണ് 'കിളി' എന്ന കവിതയുടെ പ്രമേയം. കിളിസ്വാതന്ത്ര്യത്തിന്റെ പ്രതീകമാണ്.

ജീവിതത്തിൽനിന്നും അനുഭവത്തിൽനിന്നും ആർജിച്ചെടുത്ത ഭാഷയാണ് ജയൻ കെ. സി. കവിതകളുടെ കാതൽ. അതുവരെ മലയാളത്തിൽ ദൃശ്യമായ അമേരിക്കയുടെ മുഖത്തിൽനിന്ന് ഭിന്നമാണ് അദ്ദേഹത്തിന്റെ കവിതകളിൽ ദൃശ്യമായത്. ദി ഗ്രേറ്റ് ഗ്രേറ്റ് ന്യൂയോർക്കേഴ്സ് എന്ന തലക്കെട്ട് റാപ്പ് ഗായകസംഘമായ റൺ-ഡി-എം-സിയുടെ ഗാനത്തിൽനിന്നും കടംകൊണ്ടതാണ്. അടിച്ചമർത്തപ്പെട്ടവരോടുള്ള സഹാനുഭൂതി അദ്ദേഹത്തിന്റെ വരികളിലുണ്ട്. കവി കാവ്യ സന്ദർഭങ്ങൾക്ക് വെളിയിലല്ല. നിഷ്കാസിതരായ മനുഷ്യരിലൂടെ കവിത സഞ്ചരിക്കുമ്പോൾ കവി അവരായിത്തീരുന്നു. പല ദേശത്തെയും അഭയാർത്ഥികൾക്ക് നേരിടേണ്ടി വരുന്ന ക്രൂരത ജയൻ തുറന്നെഴുതുന്നു. ഘടനാപരമായും ഭാവുകത്വപരമായും കവിതകളിൽ പുതുപരീക്ഷണം നടത്തുന്നു. തീവ്രമായ ഭാഷയിൽ പച്ചയായി അധികാരികളെ വിമർശിക്കുന്നു. ജീവന്റെ വില പലത്രാസിൽ തൂക്കുന്ന സാമൂഹ്യ നീതിയെ പരിഹസിക്കുന്നു. അഫ്ഗാനിയായ ബ്രൗൺനിഗറിനെ ബലാൽസംഗം ചെയ്യുന്നത് നിയമപാലകരാണ്. ഇൻഷുറൻസ് ഇല്ലാത്ത അയാൾ മരിക്കുന്നു. ചേലാകർമ്മം ചെയ്ത പുരുഷാവയവം പ്രദർശിപ്പിക്കപ്പെടുന്നു. കുടിയേറ്റ മനുഷ്യരെ സ്വാഗതം ചെയ്തു ദീപവുമായി നിൽക്കുന്ന സ്വാതന്ത്ര്യ പ്രതിമയുടെ നാട്ടിലാണ് ഇതെല്ലാം അരങ്ങേറുന്നത്.

"Send these, the homeless, tempest-tossed to me,
I lift my lamp beside the golden door!" (സ്റ്റാച്യു ഓഫ് ലിബർട്ടിയിൽ ആലേഖനം ചെയ്തിരിക്കുന്ന വരികൾ).

ഇരുപത്തെട്ട് വർഷം മുൻപത്തെ കഥയല്ല ഇപ്പോഴും നടമാടുന്നത് പൈശാചിക മേൽക്കോയ്മയാണെന്ന ബോധ്യത്തിലേക്ക് ഈ കവിത നമ്മെ കൊണ്ടുപോകുന്നു. 'ജോർജ് ഫ്രോയ്ഡ്' എന്ന കറുത്ത വംശജനെ അമേരിക്കയിലെ മിനിയാപോലിസ് നഗരത്തിൽ

ഡെറെക് ഷോവിൻ എന്ന വെളുത്ത പോലീസുകാരൻ ശ്വാസംമുട്ടിച്ചു കൊല പ്പെടുത്തിയത് 2020 ലാണ്. 2014 ലാണ് 'എറിക് ഗാർണർ' എന്നയാൾ സമാനരീതിയിൽ കൊല്ലപ്പെട്ടത്. 2024 ജനുവരിയിൽ 'ജാഹ്നവി കണ്ടുല' എന്ന ഇന്ത്യൻ വിദ്യാർത്ഥിനി മരിച്ചതും അമേരിക്കൻ പോ ലീസിന്റെ കുടിയേറ്റക്കാരോടുള്ള അലംഭാവത്തിന്റെ ദൃഷ്ടാന്തമാണ്.

ലഹരിയുടെയും മയക്കുമരുന്നിന്റെയും അമിതോപയോഗം അമേരിക്കൻ പൊലിമയുടെ മറുപുറമാണ്. അവിടത്തെ ഇടുങ്ങിയ തെരുവുകളിൽ അമിതമായി ലഹരി ഉപയോഗിച്ചു ചലനശേഷി നഷ്ടമായ കുറേ മനുഷ്യരെ നവമാധ്യമങ്ങളിൽ നാം കാണുന്നു. സിന്തറ്റിക് ഓപ്പിയം, കൊക്കെയ്ൻ, വേദനസംഹാരി എന്നിവ അള വിലധികം ഉപയോഗിച്ച് അമേരിക്കയിൽ പതിനായിരങ്ങൾ മരണ മടഞ്ഞതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഈ സാഹചര്യത്തെ ജയൻ കെ.സി. കവിതയിൽ രൂക്ഷമായി വിമർശിക്കുന്നു.

'മാൽകം എക്സ് ബുളവാർഡിൽ ഒരു നീഗ്രോക്കുഞ്ഞ് അമ്മ യുടെ മുലപ്പാലിന് കഞ്ചാവ് ചുവയ്ക്കുന്നതുകൊണ്ട് ഫുഡ് ആൻഡ് ഡ്രഗ്ഗ് അഡ്മിനിസ്ട്രേറ്റിന്പരാതി അയച്ചു. മുലപ്പാലിലും കഞ്ചാവ് ചുവയ്ക്കുന്നുവെന്ന പരാമർശത്തിന് മാതൃത്വത്തെ മഹത്വവൽക്ക രിക്കുന്ന മലയാളി സമൂഹത്തിന്റെ വായനയിൽ ആക്കം കൂടും. സ്വാർത്ഥ ജീവിതവും മയക്കുമരുന്നിന്റെ വ്യാ പനവും ലൈംഗിക അരാജകത്വവും കവിതയിൽ ചർച്ചാവിഷയമാകുന്നു. സ്നാന വസ്ത്രം ധരിച്ച അമ്മയുടെ കാലുകൾ വർണ്ണിക്കുന്ന മകനും പിതാവിനെ കൊലചെയ്യുന്നത് അത്താഴ ശേഷമുള്ള ഡെയിലി ഡോസ് ആയ കൊക്കൈനിൽ വിഷം ചേർത്ത് നൽകി. ആ 'ഈഡിപ്പസിനെ കൊന്നു' എന്ന ഭാഗം തലമുറകൾ തമ്മിലെ സൂക്ഷ്മ വിശകലനമാകുന്നു. വ്യത്യ സ്ത കാലത്തെ മനുഷ്യരുടെ സാംസ്കാരികവും വൈകാരികവു മായ മനോമണ്ഡലത്തിനു മാറ്റ മുള്ളതിനാൽ അവ പരസ്പരം കലഹിക്കും. സെയിന്റ് മാർക്സ് പ്ലെയിസിലും റ്റോംക്കിൻ സ്ക്വയർ പാർക്കിലും പോകാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നത് കാമത്തിന്റെയും ലഹരിയുടെയും

ആവേശമാണ്. ശരീരം തുളച്ചും ടാറ്റൂ കൊണ്ട് നിറച്ചും കാണപ്പെടുന്ന യുവതലമുറ അവിടം കൈയടക്കിയിരിക്കുന്നു. വിമർശനസ്വരത്തിലും സെക്ഷ്വാലിറ്റിയെ തിരിച്ചറിയുന്ന മനുഷ്യരോട് ഐക്യപ്പെടാൻ കവിയ്ക്ക് കഴിയുന്നു. അവൻ/ അവൾ എന്നാണ് കമിതാവിനെ പരാമർശിക്കുന്നത്. പുരുഷ സ്വത്വത്തിൽ വായിക്കപ്പെടുന്ന കവിതയ്ക്ക് പെൺ ഇണയാകുമെന്ന ഭൂരിപക്ഷബോധം തകർത്തെറിയുന്ന താണ് ജയന്റെ മിക്ക കവിതയും. 'നിക്ഷ്പക്ഷനായിരിക്കുന്നതി നെപ്പറ്റി' എന്ന കവിത ക്വീർ വിഭാഗത്തോടുള്ള ഐക്യപ്പെടലാണ്. ഡൊമിനിക്കൻ റിപ്പബ്ലിക്കിൽ നിന്നെത്തിയ ആൺവേശ്യയും പെറു വിയൻ കന്യാസ്ത്രീയുടെ ചാരിറ്റി ക്ലബ്ബ് വ്യഭിചാരവും കവിതയെ പരിഹാസത്തിന്റെ മൂർച്ചയിൽ എത്തിക്കുന്നു. മറ്റൊരിടത്ത് വർണ്ണ വെറിയരുടെ സംഘടനയായ കുക്ലക്സ് ക്ലാൻ നരവേട്ടയ്ക്ക് ഇറ ങ്ങുന്നു. അമേരിക്കൻ നഗരങ്ങളിൽ കത്തുന്ന കുരിശും വെളുത്ത മുഖംമൂടിയും മുഴുനീളൻ വസ്ത്രങ്ങളും ധരിച്ച് കറുത്ത വംശജരെ തെരഞ്ഞുപിടിച്ചു കൊലചെയ്യുകയും ആക്രമിക്കുകയും ചെയ്തി രുന്ന വംശീയവാദികളെ തുരത്താൻ കറുത്തവരുടെ റാപ്പ് ഗാനങ്ങളെ ജയൻ കൂട്ടുപിടിക്കുന്നു. പ്രതിരോധത്തിന്റെയും ആത്മവിമർശനത്തി ന്റെയും പരിഹാസത്തിന്റെയും വെല്ലുവിളികളുടെയും ശൈലിയിലു ള്ള റാപ്പ് ഗാനങ്ങളുടെ സ്വഭാവമാണ് ദി ഗ്രേറ്റ് ഗ്രേറ്റ് ന്യൂയോർ ക്കേർസ് എന്ന കവിതയ്ക്കുമുള്ളത്.

പാഠാന്തര ബന്ധങ്ങളുടെ (intertextuality)നീണ്ട നിര ഈ കവി തയുടെ പ്രത്യേകതയാണ്. ലോർക്കയും നികാനോർ പാറയും കെൻ സാരോ വിവയും യൊസിഫ് ബ്രോഡ്സ്കിയും അലൻ ഗിൻസ് ബർഗ്ഗും മീനാ അലക്സാണ്ടറും ലോക സാഹിത്യത്തിന്റെ പരക്കെ യുള്ള വിഹായസ്സിലേക്ക് കടക്കാൻ സഹായിക്കുന്ന താക്കോൽ വാക്കുകളാണ്. സമകാലിക അമേരിക്കൻ രാഷ്ട്രീയ മുഖം വ്യക്ത മാക്കുന്ന ക്ലിന്റണും ഹിലരിയും കേണൽ ഗദ്ദാഫിയും സാനി അബ്ബാ ച്ചയും ഒപ്പം വൈറ്റ്ഹൗസ് രഹസ്യങ്ങളുടെ സൂചനയും കവിത യിലുണ്ട്. അക്രമത്തിന്റെയും സാംസ്കാരിക അപചയത്തിന്റെയും അമേരിക്കയുടെ ചുറ്റുമുള്ള പ്രദേശങ്ങളുടെ സമരചരിത്രങ്ങളുടെയും

അടയാളപ്പെടുത്തൽ ഇന കവിതയുടെ വായനയിൽ ലഭ്യമാകും. അവ മുത്ത് കോർത്തിണക്കും പോലെ അന്തർ പാഠ്യപരത (intertextuality)യിലൂന്നി നിർമ്മിക്കപ്പെട്ട മാലയാണ് ദി ഗ്രേറ്റ് ഗ്രേറ്റ് ന്യൂയോർക്കേഴ്സ്. ആശയങ്ങൾ സന്നിവേശിപ്പിച്ച് കവിത എന്ന മാധ്യമത്തിലൂടെ അത് എഴുതാൻ നിർബന്ധിതമായ അമേരിക്കൻ ഭൂമികയുടെ അന്യദേശ യാഥാർത്ഥ്യങ്ങൾ സൂക്ഷ്മ വായനയിൽ വെളിവാകുന്നു. അശരണർക്കൊപ്പം നിന്ന് സാമൂഹിക ഉദ്ബോധനം സാധ്യമാക്കുക എന്ന ധർമ്മം ജയൻ കെ. സി. കവിതയിൽ നടപ്പി ലാക്കുന്നു. പൊതു സാമൂഹിക രാഷ്ട്രീയ ഉന്നമനമാണ് അതിന്റെ ഫലം. സഞ്ചരിക്കാനാകാത്ത ദേശങ്ങളിലേക്ക് വായനക്കാരെ കൂട്ടിക്കൊണ്ടു പോകാൻ കവിതയ്ക്കാകുന്നു. അവസരങ്ങളുടെ നാടായി അറിയപ്പെടുന്ന അമേരിക്കയുടെ വൈവിധ്യങ്ങളെയും നിഗൂഹനം ചെയ്യപ്പെട്ട സത്യങ്ങളെയും മലയാളി സമൂഹത്തിന് ദൃശ്യമാക്കുകയാണ് കവി.

**നിഗമനങ്ങൾ**

1. അമേരിക്കയിലെ രാഷ്ട്രീയ നേതാക്കളെയും വ്യവസ്ഥിതിക ളെയെയും നയങ്ങളെയും രാഷ്ട്രീയ ആക്ഷേപഹാസ്യത്തി ലൂടെ വിമർശിക്കുകയാണ് ജയൻ കെ.സി.യുടെ ദി ഗ്രേറ്റ് ഗ്രേറ്റ് ന്യൂയോർക്കോഴ്സ് എന്ന കവിത.
2. തൊണ്ണൂറുകളുടെ പശ്ചാത്തലത്തിൽ അമേരിക്കൻ നാടുക ളിൽ അരങ്ങേറിയിരുന്ന വംശീയത, വർണവെറി, അമിതലഹ രിയുപയോഗം, ലൈംഗിക അരാജകത്വം എന്നിവ ജയൻ കെ. സി. ഈ കവിതയിൽ വിഷയമാക്കുന്നു.
3. സ്ഥാനഭ്രഷ്ടരുടെ ജീവിതാനുഭവവും മറ്റനേകം സമാനാനുഭവ ങ്ങളുടെ അറിവും സമ്മിശ്രമായുള്ള പ്രമേയങ്ങളാണ് ജയൻ കെ.സി. കവിതകളിൽ സ്വീകരിച്ചത്.

**ഗ്രന്ഥസൂചി**

1 ജയൻ കെ.സി, അയനം വചനരേഖയിൽ, മൾബറി പബ്ലിക്കേ ഷൻ, 1999
2. രാവുണ്ണി (എഡി), അമേരിക്കൻ മലയാളി കവിതകൾ, കേരള സാഹിത്യ അക്കാദമി, 2008

3. ശിവദാസ് കെ. കെ. (ഡോ), പ്രവാസം പ്രതിനിധാനവും സർഗാത്മകതയും, ഇൻസൈറ്റ് പബ്ലിക് പ്രിൻറർ ആൻഡ് പബ്ലിക്കേഷൻ 2020
4. ഗീതു പിജി (ഗവേഷണ പ്രബന്ധം), പ്രവാസം ആധുനികത കാല മലയാള കവിതയിൽ സച്ചിദാനന്ദൻ ആറ്റൂർ വിനയചന്ദ്രൻ എന്നിവരുടെ തിരഞ്ഞെടുത്ത കവിതകളെ മുൻനിർത്തിയുള്ള പഠനം, കേരള യൂണിവേഴ്സിറ്റി, 2022
5. ജോസഫ് കെ.വി. (ഡോ), ലേഖനം മലയാളിയുടെ കുടിയേറ്റ ചരിത്രം, സമകാലിക മലയാളം ലക്കം 2018 ജൂലൈ 4
6 പ്രതീഷ്. എ.എസ്,ഡോ (സമ്പാ.) പ്രവാസ സാഹിത്യം, ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, 2020


oo

# സ്വാതന്ത്ര്യത്തിന്റെ വീട്

**ഫ്രീഡാജി ഇശയ്യ ജി. ജെ.**

**മഞ്ചാടി, തെക്കരുവ് പുത്തൻവീട്**

**പരശുവയ്ക്കൽ, തിരുവനന്തപുരം**

**സംഗ്രഹം**

ഓഷോ 'ദി റിബൽ' എന്ന പുസ്തകത്തിൽ പറയുന്നതിങ്ങനെയാണ്: 'ഏറ്റവും ധീരമായ ജീവിതത്തിന് ഭൂരിപക്ഷത്തെയും അവരുടെ അഭിപ്രായത്തെയും പറ്റി ചിന്തിക്കാതെ തനിച്ചു നില്ക്കാനുള്ള തന്റേടം വേണം. ഇതു സാധ്യമാകണമെങ്കിൽ നിങ്ങളുടെ കലാപബോധം കടംകൊ ണ്ടതാക്കരുത്'[1]. ചരിത്രത്തിൽ രേഖപ്പെടുത്താതെ പോയ മനുഷ്യരുടെ അതിജീവനത്തിന്റെയും പ്രതിരോധത്തിന്റെയും കഥ പറയുന്ന 'പെൺകുട്ടികളുടെ വീട്' എന്ന സോണിയ റഫീക്കിന്റെ നോവലിന്റെ പഠനമാണ് ഈ പ്രബന്ധം.

**താക്കോൽ വാക്കുകൾ**

*ഓറിയന്റലിസം, പ്രവാസി നോവൽ, പ്രവാസി സ്ത്രീനോവൽ, മധ്യ വർഗ്ഗം.*

പ്രാദേശികഭാഷയിൽ പ്രവാസി സ്ത്രീ നോവലുകൾ രചിച്ച ഖദീജാ മുംതസ്, നിർമ്മല, സാറാ സുമലത, അപർണ്ണ കുറുപ്പ് എന്നിവരെപ്പോലെ പ്രശസ്തയാണ് സോണിയാ റഫീക്ക്. ഹെർബേറിയം, പെൺകുട്ടികളുടെ വീട് എന്നിവയാണ് നോവലുകൾ. മതപരവും ജാതീയവും സദാചാരവുമായ മുൻവിധിക്കെതിരെ നിലകൊള്ളുക താനനുഭവിക്കുന്ന സാമൂഹിക ജീവിതത്തിലെ അസ്വസ്ഥതകളും അസ്ഥിരതകളും മാനസിക പിരിമുറുക്കങ്ങളും ആഖ്യാനംചെയ്യുക എന്നിവ പ്രവാസി സ്ത്രീ

നോവലിന്റെ പ്രത്യേകതയാണ്. ചെന്നുചേരുന്ന ദേശങ്ങളുടെ ആഖ്യാനം പ്രവാസിനോവലിനും വഴങ്ങും എന്നതിനുദാഹരണമാണ് 'പെൺകുട്ടികളുടെ വീട്'. ഈ കൃതിക്കുള്ളിൽ ഫ്രെയിം സ്റ്റോറി നോവലായി കടന്നുവരുന്നു 'ബൈത് അൽ ബെനാത്', 1950 കളിലെ ദുബായ് സംസ്കാരവും ജീവിതരീതിയും അടയാളപ്പെടുത്തുന്നു.

വിവിധ രാജ്യങ്ങളിൽ നിന്നും ആളുകൾ ദുബായ് നഗരത്തിൽ എത്തിയതിന്റെയുമ അവരുടെ ഉപജീവനത്തിന്റെയും അവതരണം നോവലിലുണ്ട്. ചെന്നെത്തിയ ഇടവും അവിടെത്തെ ചരിത്രവും അടയാളപ്പെടുത്താത്ത വ്യക്തികളും കഥാനായികയെ സ്വാധീനിച്ചത് നോവലിസ്റ്റ് അവതരിപ്പിക്കുന്നു. പ്രവാസി നോവലിന്റെ മൂന്നാംതല മുറ രചനകളുടെ കൂട്ടത്തിൽ ഇതിനെ ഉൾപ്പെടുത്താം. പ്രവാസം സൃഷ്ടിക്കുന്ന അന്യവത്ക്കരണവും ഒറ്റപ്പെടലും സാമൂഹികാവസ്ഥയോടുള്ള വിമർശനവും അതിജീവനവും നോവൽ ചിത്രീകരിക്കുന്നു.

സ്ത്രീ കഥാപാത്രങ്ങൾ ലിംഗ പദവി സംബന്ധിച്ച ധാരണകൾ മറികടന്നവരാണ് ഉപജീവനോപാധികൾ ഉള്ളവരും. അഭിപ്രായസ്വാതന്ത്ര്യമുള്ളവരുമാണ്. പൂർണ്ണഗർഭിണിയായിട്ടും ജോലി ചെയ്യുന്ന നേഴ്സ് ലിസി ഉദാഹരണമാണ്. അവരോരുത്തർക്കും അഭിപ്രായസ്ഥിരതയുണ്ട്. ജന്മനാട്ടിന്റെയും കുടിയേറിയ രാജ്യത്തിന്റെയും വിവാഹ സംസ്കാരമുപേക്ഷിച്ച് ലിവിങ് ടു ഗൈദർ ജിവിതം നയിക്കുന്ന വരുണും സാന്ദ്രയും കാഴ്ചപ്പാടുകളെ മാറ്റുന്നു. വരുണിന് റഷ്യൻ കാമുകിയിൽ ഉണ്ടായ കുഞ്ഞിനെ നാട്ടിൽ അമ്മയുടെ അടുത്താക്കി സാന്ദ്രയ്ക്കൊപ്പം ജീവിക്കുന്നു. നോവലിലെ അല്പമാത്ര സാന്നിധ്യമായ വരുണിന്റെ അമ്മ ശക്തയായ മറ്റൊരു കഥാപാത്രമാണ്. അവർ നീലക്കണ്ണുകൾ ഉള്ള വെളുത്ത കുഞ്ഞിനു കഥ പറഞ്ഞു കൊടുത്തു ഇരിക്കയാവും എന്ന് നോവലിസ്റ്റ് കരുതുന്നു.

നോവലിൽ റോസ എന്ന ഇംഗ്ലീഷ് പത്രപ്രവർത്തക ആദ്യം

ഡയറിയിൽ എഴുത്തുന്ന വരികൾ ഇങ്ങനെ: "Dubai, previously known as Debai was first recorded in 1822 as being a mud hut town on gulf coast with about 1,200 Inhabitants". ഇത് ദുബായ് നഗരത്തെ പുറത്തുനിന്നും നോക്കിയുള്ള സ്ഥിതിവിവരക്കണക്കെഴുതുന്നു. ഓറിയന്റലിസത്തിന്റ ചിന്താഗതിയാണ്. റോസ അവ വെട്ടി "what an extraordinary people ! We dismiss them historically as Bedouin herders, traders or fisherman, but they were engineers, sailors , builders, navigators, farmers and soldiers." എന്നെഴുതുന്നു. എമിറാത്തി സഹോദരികൾക്കൊപ്പം നടത്തിയ പത്തു ദിവസ യാത്രയ്ക്കിടയിൽ മരുഭൂമിയിൽ കണ്ട ബദുക്കകളുടെയും സലൂക്കി നായ്ക്കളുടെയും ഫോട്ടോയെടുക്കുന്ന റോസ 'ഇതിനു ഞാൻ മരുഭൂമിയിലെ ആദിവാസികൾ' എന്ന് ക്യാപ്ഷൻ കൊടുക്കും എന്നു പറയുന്നു. വംശത്തിന്റെ അധഃപതനം എങ്ങനെ സംഭവിക്കുന്നതിന്റെ ആരംഭം ഈ പ്രസ്താവനയിലുണ്ട്. പാശ്ചാത്യർ, അവർ എത്തുന്ന ദേശങ്ങളെപറ്റി അവർക്ക് അവരെ സ്വീകരിച്ചിരിക്കുന്നു. കൊടുത്ത അധികാരവർഗത്തിന്റെ കാഴ്ചയിൽ ചരിത്രമെഴുതി. മുൻധാരണകളുടെയും സ്റ്റീരിയോടോപ്പുകളുടെയും അടിസ്ഥാനത്തിൽ ജനതയെ പഠിച്ചു. പിന്നീട് ചെന്നെത്തിയ രാജ്യങ്ങളിലും ഈ വിജ്ഞാനം പ്രചരിച്ചിച്ചു. അങ്ങനെ പല രാജ്യക്കാരും സംസ്കാരശൂന്യരായി.എല്ലാ രാജ്യക്കാർക്കും അവരുടേതായ കണ്ടെത്തലുകൾ, പാഠങ്ങൾ, പഠനങ്ങൾ ഉണ്ടെന്ന് പറയാൻ പെൺകുട്ടികളുടെ വീട്ടിൽ സോണിയ റഫീക്ക് ശ്രമിക്കുന്നു. പാശ്ചാത്യർ പഠനവിധേയമാകുമ്പോൾ എപ്പോഴും മധ്യവർഗ്ഗത്തിലുൾപ്പെട്ടവർ പുറംതള്ളപ്പെട്ടവരുടെ ജീവിതാവിഷ്കാരം പ്രമേയവൽ ക്കരിക്കപ്പെട്ടില്ല. പാശ്ചാത്യ വിജ്ഞാനത്തെയും സ്ഥാപനങ്ങളെയുംമാത്രം മുന്നിൽ കണ്ടു നടത്തിയ പഠനം തദ്ദേശീയ സാംസ്കാരിക മേഖലകളെ അവഗണിച്ചു. പുറന്തള്ളപ്പെട്ട ജ്ഞാനമണ്ഡലം ആ നോവൽ അടയാളപ്പെടുത്തുന്നു. ദേരയിലെ ഏകവിദ്യാലയത്തിൽ കുവൈറ്റ് സർക്കാരിന്റെ നടത്തി പ്പിൽ പാലസ്തീൻ, ഈജിപ്ത് എന്നിവിടകളിൽനിന്ന് അധ്യാപകർ എത്തി. ഗണിതവും ഖുറാനും ലിംഗഭേദമില്ലാതെ പഠിപ്പിച്ചിരുന്നുവെന്നു എന്ന സൂചന.

മുസ്ലീം രാഷ്ട്രത്തിൽ ആണധികാരം പ്രബലവും സ്ത്രീകളുടെ പാരതന്ത്ര്യം അങ്ങേയറ്റവുമാണെന്ന് ഓറിയലന്റലിസ്റ്റ് ധാരണ. അതിനു വിപരീതമായി 1950 കളിലെ അഭിപ്രായസ്വാതന്ത്ര്യവും പ്രണയവും പ്രണയനഷ്ടവുമുള്ള സ്ത്രീകളെ സോണിയാ റഫീക്ക് അവതരിപ്പിക്കുന്നു. സ്വവർഗ്ഗ ലൈംഗികബന്ധം പ്രത്യയശാസ്ത്ര പ്രകാരം വിരുദ്ധമാകുമ്പോൾ അടിമയായ യാക്കൂബിനെ മണിചന്ദ് പീഢിപ്പിക്കുന്നു. യാക്കൂബിന്റെ പ്രതിഷേധം മണിചന്ദിന്റെ മരണത്തിന് കാരണമാകുകയും യാക്കൂബ് ജയിലിൽ ആവുന്നു. പ്രത്യയശാസ്ത്രം എതിർക്കുമ്പോഴും മനുഷ്യർ തങ്ങളുടെ ലൈംഗികത അധീനതയിലുള്ളവർക്കുനേരേ അല്ലെങ്കിൽ തങ്ങളെക്കാൾ ശക്തികുറഞ്ഞ മനുഷ്യർക്കുനേരെ അടിച്ചേൽപ്പിക്കുന്നു മധ്യവർഗക്കാരിലാണ് ഇത് ഒളിഞ്ഞിരിക്കുന്നത്.മധ്യവർഗത്തെ ഉപരിവർഗ ചൂഷണം ചെയ്യുമ്പോൾ മധ്യവർഗം നിമ്നവർഗത്തെ അതിലേറെ ചൂഷണം ചെയ്യുന്നു.സമൂഹം സൃഷ്ടിച്ചതോ സമൂഹത്തിൽ നിലനിൽക്കുന്നതോ ആയ അധികാര കേന്ദ്രങ്ങളെ നേരിടുന്ന മനുഷ്യന് അതിജീവനം പോരാട്ടമാണ്.

താഴ്ന്ന സാമ്പത്തിക നിലയുള്ള സമദിനൊപ്പം ഇറങ്ങിയ പോയ മകളെ അംഗീകരിക്കാത്ത നാസിയയുടെ വാപ്പയും നസ്രാണി ചെറുക്കന്മാരെ നിരത്തി നിർത്തിയിട്ടും വരുണുമായി ജീവിക്കാൻ ആഗ്രഹിക്കുന്ന സാന്ദ്രയും ജന്മഗൃഹത്തിൽനിന്നും പുറത്താക്കപ്പെട്ട സ്ത്രീകളാണ്. എന്നാൽ എമറാത്തികളായ മറിയം, സൊയ്യര, ഷംസ എന്നിവർ അതിൽ നിന്നും വ്യത്യസ്തരാണ്. അവർ ജന്മഗൃഹത്തിൽ ജീവിതാവസാനം വരെ ജീവിക്കാൻ പ്രാപ്തരാവുന്നു. സ്വന്തമായി കച്ചവടവും തുന്ന ലും നടത്തി ജീവിതം നയിക്കുന്നു. പ്രണയം, സ്നേഹം, ജോലി, എന്നിവ എക്കാലത്തും ഒരുപോലെ യാണ്. അവയോടുള്ള വ്യക്തികളുടെ മനോഭാവമാണ് മാറേണ്ടത്. നോവൽ സംസാരിക്കുന്നത് മനുഷ്യരെക്കുറിച്ചും അവർ ജീവിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്ന സമൂഹികവും ചരിത്രപരവുമായ ലോക ത്തെക്കുറിച്ചാണ്.

ഗൾഫ് എല്ലാകാലത്തും ഇതര ദേശക്കാരെ സ്വീകരിച്ചിരുന്നു അവിടെ ഇന്ത്യക്കാർ, പാകിസ്ഥാനികൾ, ഇംഗ്ലണ്ടുകാർ,

ആഫ്രിക്കക്കാർ എന്നീ രാജ്യക്കാർ ഉണ്ടായിരുന്നു. അവർ തങ്ങളുടെ നാടുകളിൽ നിന്ന് ചരക്കു കപ്പലുകളിൽ അടിമകളായും കച്ചവടക്കാരായും ഗൾഫിലേക്ക് വന്നരാണ്. എല്ലാവരും ഗൾഫ് സംസ്കാരത്തിൽ ലയിച്ചു ചേരുന്നു. ഈ നോവൽ ഇത്തരത്തിൽ ലയിച്ചു ചേർന്ന കുടിയേറ്റത്തെ അവതരിപ്പിക്കുന്നു. വർഷങ്ങൾക്കു മുമ്പ് കുടിയേറി വന്ന ഷോട്ടാ കിശനും, അടിമയായി എത്തിയ ഖദീജയുടെ മകൻ യാക്കൂബും, കച്ചവടസ്ഥലങ്ങളിലെ ബനിയകളും ഇതിനുദാഹരണമാണ്.

കടലിൽ മുങ്ങി മുത്തു വാരിയിരുന്ന അറിവും, കടലിലെ മീൻ ലഭ്യതയും കൃത്യമായി അറിയാവുന്നവരുടെ ജ്ഞാനം ഓറിയന്റലിസ്റ്റ് കാഴ്ചപ്പാടിൽ വരവോടെ ജ്ഞാനം അല്ലാതായി. കടൽ കൊള്ളക്കാർ എന്ന തരത്തിൽ വിജ്ഞാനികളെ മാറ്റുകയും ചെയ്തു. ബ്രിട്ടീഷ് സംരക്ഷണ ഭരണം എന്ന പേരിൽ ലോകമെമ്പാടും നടത്തിയ കോളനിവൽകരണത്തെയും അടിച്ചമർത്തലിനെയും നോവൽ പ്രശ്നവൽക്കരിക്കുന്നു. ഹോർമുസ് കടലിടുക്ക് വഴിയുള്ള കച്ചവടവും അവിടെത്തെ തീരത്തിന് പൈറേറ്റ് കോസ്റ്റ് എന്ന് പേര് നൽകുകയും ഗൾഫിലെ ഖവാസിമുകളെ പ്രകോപനങ്ങളില്ലാതെ കൊല്ലുകയും അവരുടെ ഇന്ത്യയുമായുള്ള കച്ചവട മേഖലകളെ ബ്രിട്ടൻ തകർക്കുകയും ചെയ്തു എന്നത് ചരിത്രം. ആഗോളീകരണത്തിന്റെ ഭാഗമായി അബുദാബി, ദുബായ് എന്നിവടങ്ങളെ ബന്ധിപ്പിച്ച് ഖാൻ സാഹിബ് കൽപാത നിർമ്മിച്ച് അതിൽ 'സ്ലോ' (Slow) എന്ന് വച്ചത് എന്നിനാണെന്ന് എന്ന് മനസ്സിലായിട്ടില്ല എന്ന് ഒട്ടക ഉടമയായ സഹറാൻ പറയുന്നു. എന്നാൽ ഇതാണ് ട്രൂഷ്യൽസ്റേറ്റിലെ ആദ്യത്തെ ഗതാഗത സൂചിയെന്ന് വായിച്ചതായി റോസ പറയുന്നു. വായിച്ച ചരിത്രത്തെ വിശ്വസിക്കുന്ന, എന്നാൽ അവ നിലകൊള്ളുന്ന സ്ഥലം അതിനെ പറ്റി അറിയാത്തവരുടേതാണ് എന്ന യാഥാർത്ഥ്യം മൂടപ്പെടുന്നു. കാനോനികരണത്തിന്റെ അടിത്തറയിൽ എഴുതപ്പെട്ട ചരിത്രത്തിന്റെ വായനയെയാണ് ഇവിടെ രേഖപ്പെടുത്തുന്നത്.

**കുറിപ്പുകൾ**

1. ഡോ. മുഹമ്മദ് സബീർ എ. എഴുതിയ 'പെൺകാഴ്ചയുടെ

വൻകര' എന്ന നോവൽ പഠന ഗ്രന്ഥത്തിലെ 'ഒസ്സാത്തി ആൺ കരുത്തിൽ തഴയ്ക്കുന്ന ജാതിവേരുകൾ' എന്ന ലേഖനത്തിന്റെ ആരംഭത്തിലെ വിവർത്തനഭാഗം

**ഗ്രന്ഥസൂചി**

1. പ്രകാശ് ബാബു പി.വി. (ഡോ), പ്രവാസവും നോവലും, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2008.
2. മുഹമ്മദ് സബിർ എ (ഡോ), പെൺ കാഴ്ചകളുടെ വൻകര, മെറ്റിൽഡാ ബുക്സ് തിരുവനന്തപുരം, 2019.
3. രാജശേഖരൻ പി.കെ.,അന്ധനായ ദൈവം മലയാള നോവലിന്റെ 100 വർഷങ്ങൾ, ഡി ഡി ബുക്സ്, കോട്ടയം 2010.
4. സോണിയ റഫീക്ക്, പെൺകുട്ടികളുടെ വീട്, ഡിസി ബുക്സ്, കോട്ടയം, 2021.
5. Edward Said, Orientalism Western conceptions of the orient Penguin Random house India, 2016.

OO

# ഗൾഫിതര ഏഷ്യൻ പ്രവാസം മലയാള സിനിമയിൽ

**ആദിത്ത് കൃഷ്ണ സി.**
എം.എ. ഒന്നാം സെമസ്റ്റർ, മലയാളവിഭാഗം,
കേരളസർവകലാശാല,

**സംഗ്രഹം**

മലയാളികളുടെ ആദ്യ കാല കുടിയേറ്റം ഏഷ്യൻ രാജ്യങ്ങളിലേക്കായിരുന്നു. പോർച്ചുഗീസുകാരും ഡച്ചുകാരും കേരളത്തിൽ നിന്നുള്ള അടിമകളെ ഇന്തോനേഷ്യ ശ്രീലങ്ക എന്നീ രാജ്യങ്ങളിലേക്ക് വിൽപ്പനക്കുകൊണ്ടുപോയി. കൊളോണിയൽ കാലത്ത് സൈനികരായി മലയാളികൾ പുറം രാജ്യങ്ങളിലേക്ക് പോയി.

ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം ദശകം മുതൽക്കാണ്(1910 –20) മല യാളി പ്രവാസത്തിന്റെ ഗതിമാറുന്നത്. 1911 വരെ നാടുകളായി വിഭജിച്ച് കിടന്നു കേരളത്തിൽ നിന്നുവലിയ കുടിയേറ്റമുണ്ടായില്ല. മലയാ(മലേഷ്യ), സിങ്കപ്പൂർ, ബർമ്മ, സിലോൺ എന്നീ (ശ്രീലങ്ക), ഫിജി എന്നിവടങ്ങളിലേ ക്കായിരുന്നു, ആദ്യകാല കുടിയേറ്റങ്ങൾ

1511–ൽ മലാക്ക അക്രമിച്ച പോർച്ചുഗീസ് വൈസ്രോയി അൽ ഫോൻസാ അൽബുക്കറിന്റെ കൂടെ 600 മലബാറി പടയാളികൾ മലയായിൽ ഉണ്ടായിരുന്നു. ബ്രിട്ടീഷ് കോളനിയായി മലയാ മാറിയതോടെയാണ് തോട്ടങ്ങളിൽ ഗുമസ്ത പണിക്കും ഹോസ്പിറ്റൽ ജോലികൾക്കും മലയാളികൾ കുടിയേറി. ബ്രിട്ടീഷുകാർ 1891ൽ കച്ചവടക്കാരന്റെ പറവൂർകാരനായ നാരായണപിള്ള മലേഷ്യയുടെ അഭിവൃദ്ധി പ്രാപിച്ചു. പ്രാദേശികവൽക്കരണം സാമ്പത്തിക മാന്ദ്യം എന്നീ കാരണങ്ങളാൽ പിൽക്കാലത്ത് മലയാളി സാന്നിധ്യം

കുറഞ്ഞു. മലയായയിലേക്കുള്ള കുടിയേറ്റം വിലാസിനി, ജി. പി. ഞെക്കാട്, എം. കെ. ഭാസി എന്നീ മലയാളി എഴുത്തുകാരെ സൃഷ്ടിച്ചു.

കേരളവുമായി സിംഗപ്പൂരിനുള്ള ബന്ധത്തിന്റെ തെളിവാണ് ഓണത്തെ സൂചിപ്പിക്കുന്ന സിംഗപ്പൂരിലെ ഓനാൻ റോഡ്. ജവുളി വ്യാപാരികളും കച്ചവടക്കാരുമായ മലബാർ മുസ്ലിങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കം മുതൽക്കേ സിംഗപ്പൂരിലുണ്ട്. 1819ൽ സ്ഥാപിതമെന്നു കരുതുന്ന മുസ്ലിം ശ്മശാനം ഇവിടെയുണ്ട്. 1927ൽ മുസ്ലിം ജമാ അത്ത് സ്ഥാപിക്കപ്പെട്ടു. 1917ൽ തന്നെ കേരളീയ മഹാജന സഖ്യം എന്ന പേരിൽ മലയാളി അസോസിയേഷൻ രൂപീകരിക്കപ്പെട്ടു. 1948ൽ ശ്രീനാരായണ മിഷനും രൂപീകൃതമായി.

സിലോൺ മനോഹർ എന്ന നടനെയും അനവധി എഴുത്തുകാരെയും സിലോൺ പ്രവാസം തമിഴ് ഭാഷയ്ക്ക് സംഭാവന ചെയ്തു. കുടിയേറ്റക്കാരായ മലയാളികളിൽ അധികവും കച്ചവടക്കാരും കൂലിത്തൊഴിൽകാരുമായതിനാൽ സിലോൺ മലയാളികളിൽനിന്നുണ്ടായ സാഹിത്യ സൃഷ്ടികളെക്കുറിച്ച് അറിവു ലഭിക്കുന്നില്ല. 1930-കളിൽ എ.സി. രാമൻ എഡിറ്ററായി സിലോ ൺ മലയാളി എന്ന പത്രം പ്രസിദ്ധപ്പെടുത്തിയിരുന്നു. സിലോ ണിലെ മലയാളി ആധിപത്യം സിംഹളരുടെ രൂക്ഷമായ എതിർപ്പിന് കാരണമായതായി സിലോൺ മലയാളി സ്മരണിക യിൽ പരാമർശിക്കുന്നു. മലയാളികളെ സിംഹളർ വിശേഷിപ്പി ച്ചിരുന്നത് കൊച്ചിയാൻമാർ എന്നായിരുന്നു. കൊച്ചിരാജ്യക്കാരായിരുന്നു സിലോൺമലയാളികളിൽ കൂടുതൽ പേരും ഗുരുവായൂർ ക്ഷേത്ര പ്രവേശന സമരത്തിൽ സിലോണിലെ മലയാളി വളണ്ടിയർമാർ പങ്കെടുത്തി. ലതിക വിവേകാനന്ദൻ എന്ന സിലോൺ മലയാളം റേഡിയോ അനൗൺസറുടെ ശ്രീലങ്കൻ ഡയറിയാണ് ലഭ്യ മായ ഓർമ്മക്കുറിപ്പുകൾ.

ബർമ 1886-ൽ ബ്രിട്ടീഷുകാർ കീഴടക്കിയതിനുശേഷം മലയാളി കുടിയേറ്റം വ്യാപകമായി. റങ്കൂണിലും ലോവർ ബർമയിലുമാണ് മലയാളികളിൽ അധികവും താമസിച്ചത്.

മലയാളത്തിലെ എഴുത്തുകാരനായ യു.എ. ഖാദറിന്റെ ജന്മദേശം ബർമയാണ്.

പാക്കിസ്ഥാൻ രൂപീകരിക്കപ്പെട്ടതിനുശേഷവും മുമ്പും മലയാളികൾ അങ്ങോട്ട് കുടിയേറി. 1921 -47 കാലത്ത് അരലക്ഷത്തോളം മലബാറുകാർ കറാച്ചിയിൽ ഉണ്ടായിരുന്നു. അവർ ചായക്കട, ഹോട്ടൽ എന്നിവ നടത്തിയിരുന്നു. മസാലദോശ മലബാറുകാരുടേതല്ലാത്ത കടയിലും ലഭിക്കും.

മലയാളികളുടെ ഗൾഫിതര ഏഷ്യൻ പ്രവാസം ലൗ ഇൻ സിംഗപ്പൂർ, യോദ്ധ, ഇട്ടിമാണി മെയ്ഡ് ഇൻ ചൈന എന്നീ സിനിമകൾ ആധാരമാക്കി പഠിക്കുകയാണ് ഈ പ്രബന്ധത്തിൽ.

**താക്കോൽ വാക്കുകൾ**

ഗൾഫിതര ഏഷ്യൻ പ്രവാസം, അധിവാസം, സങ്കരത്വം, ഇക്കോസിസ്റ്റം, അതിജീവനം.

1930 കളോടെ സിനിമ ചിത്രീകരണമാരംഭിച്ചു. പുറം രാജ്യങ്ങൾ ചിത്രീകരത്തിനു തെരഞ്ഞെടുക്കുന്നത് 1960 കളുടെ അവസാന ങ്ങളിലാണ്. കടൽപ്പാലം (കെ.എസ്. സേതുമാധവൻ, 1969), നിഴ ലാട്ടം (എ. വിൻസെന്റ്, 1970) ചുവന്ന സന്ധ്യകൾ (കെ. എസ്. സേതുമാധവൻ, 1975) സിന്ധൂര സന്ധ്യയ്ക്ക് മൗനം (ഐ.വി. ശശി, 1982) തുടങ്ങിയവയാണ് അവ. എന്നാൽ കേരളീയ പരിസരങ്ങൾ ചിത്രീകരിക്കാനാണ് സദൃശമായ വിദേശരാജ്യങ്ങൾ അന്ന് സിനിമകളിൽ ഉപയോഗിച്ചത്.

ബേബിയുടെ 'ലൗ ഇൻ സിംഗപ്പൂർ'(1980) കേരളീയ ഗ്രാമാന്തരീക്ഷത്തിൽ നിന്ന് പുറത്ത് കടന്ന സിനിമയാണ്. സിംഗപ്പൂർ നഗരത്തിന്റെ മേധാവിത്വം ഏറ്റെടുക്കുന്ന മലയാളിയെ ഇവിടെ കാണാനാകും. വലിയപാടം ദേശത്തെ ക്ഷേത്രത്തിൽ നിന്ന് കളവുപോയ വിലപിടിപ്പുള്ള വാൾ അന്വേഷിച്ച്, പ്രേംകുമാർ എന്ന പോലീസ് ഉദ്യോഗസ്ഥൻ സിംഗപ്പൂരിലെത്തുന്നു. സേതു എന്ന മലയാളിഡോണിന്റെ കയ്യിലാണ് ആ വാളിരിക്കുന്നത്. അന്വേഷണത്തിനിടയിൽ ചെറുപ്പത്തിൽ നാടുവിട്ടുപോയ അനുജൻ സുരേഷിനെയും പ്രേംകുമാറിന് തിരികെ ലഭിക്കുന്നു.

സിംഗപ്പൂരും കേരളവുമായി ബന്ധപ്പെടുന്ന സൂചകങ്ങൾ സിനിമയിലുണ്ട്. പ്രേംകുമാറിന്റെ അനിയൻ സുരേഷ് കണ്ടു മുട്ടുന്ന മാഗ്ളിന്റെ അച്ഛൻ സിങ്കപ്പൂർകാരനും അമ്മ മലയാളിയുമാണ്. മലയാളമാണ് സംസാരിക്കുന്നത്.

അന്യദേശത്ത് അധിവാസം (settlements) നടത്തുന്നതിനു മലയാളി താൽപര്യപ്പെടുന്നു. അധിവാസത്തിന് സമ്പത്ത് മുഖ്യ കാരണമാണ്. മികച്ച ജീവിതം, സമാധാനാന്തരീക്ഷം എന്നിവ മറ്റു കാരണങ്ങളാണ്. ആദ്യകാലത്ത് മലയാളി പ്രവാസം ബ്രിട്ടീഷ് കോളനികളായിരുന്നു.

സിനിമയിൽ ചിത്രീകരിക്കപ്പെടുന്ന മലയാളികൾ സമൂഹം സിംഗപ്പൂരിൽ ഉപജീവനം നടത്തുന്നവരാണ്. (പ്രേംകുമാറിന്റെ കാമുകിയും അച്ഛനും) അവർ അതിജീവനത്തിന്റെ രൂക്ഷത അനുഭവിക്കുന്നവരല്ല. ദാരിദ്ര്യം, തൊഴിലില്ലായ്മ എന്നീ അവസ്ഥകളിലൂടെ കടന്നു പോകുന്നവരുമല്ല. ഡോൺ സേതുവിന് എന്ന ഡോണിന് തന്റെ സാമ്പത്തിക കച്ചവട താൽപര്യം നില നിർത്താനുള്ള സംവിധാനങ്ങൾ അന്യദേശത്തുണ്ട്. മലയാളികളും തദ്ദേശീയരുമായ ജോലിക്കാരും അയാൾക്കുണ്ട്. സിംഗപ്പൂരിൽ ഉള്ള ഡീപ്പ് സ്റ്റേറ്റുമായി അയാൾക്കുള്ള ബന്ധം സിനിമയിൽ കാണാം.

സ്ഥിരവാസികളായ (Permenant settlement) മലയാളികളുടെ സാന്നിധ്യം 1992 ൽ സംഗീത് ശിവൻ സംവിധാനം ചെയ്ത യോദ്ധ യിലും കാണാം. സ്ഥലം നേപ്പാളാണ്. മാതൃദേശത്തിന്റെ പ്രത്യേ കതയും അധിവാസ ദേശത്തിന്റെ പ്രത്യേകതകയും സങ്കരത്വങ്ങളിലേക്ക് (hybridality) തിരിയാറുണ്ട്. അതിന്റെ പ്രാരംഭം തുടക്കം പ്രത്യക്ഷമായോ പരോക്ഷമായോ തദ്ദേശീയവൽക്കരിക്ക പ്പെടുന്ന ഡയസ്പെറയിൽ നിന്നാണ്. അവിടെ ചരിത്രം, സം സ്കാരം ഐതിഹ്യം, മതം എന്നിവ പങ്കുവയ്ക്കപ്പെടുന്നു. കിട്ടുണ്ണി അമ്മാവന്റെ ഭാര്യ നേപ്പാൾകാരിയാണ്. മൂല്യങ്ങളും വിശ്വാ സങ്ങളിലും ഉള്ള കൈമാറ്റം മലയാളം സംസാരിക്കുന്ന മകളെ നേപ്പാളിന്റെ ഐതിഹ്യങ്ങളെപറ്റിയുള്ള ഗവേഷകയാക്കുന്നു.

റിംപോച്ചെയുടെ രക്ഷകനായി ചെവി ആയുധമാക്കിയ

രക്ഷകന്റെ വരവു കാത്തിരിക്കുന്ന ബുദ്ധസന്യാസിമാർക്ക് ആ സ്ഥാനത്ത് ലഭിക്കുന്നത് മലയാളി അശോകനെയാണ്. ഓണം, കലപ്പ എന്നീ സാംസ്കാരിക ചിഹ്നങ്ങളിൽ ബുദ്ധമത സ്വാധീനം പ്രകടമാണ്. അശോകന്റെ കാലം മുതലേ കേരളത്തിൽ ബുദ്ധമതം ഉണ്ടായിരുന്നു. പിന്നീട സ്വാധീനം കുറഞ്ഞു. മാതൃദേശം അധിവാസദേശം എന്നിവയുടെ സാംസ്കാരികാന്തരം സിനിമയിൽ ചെറുതാണ്. കേരളത്തിൽനിന്ന് ചിതറിപ്പോയതും (Dispersed) വികേന്ദ്രീകരിക്കപ്പെട്ടതുമായ സംസ്കാര ത്തിന്റെ അംശങ്ങൾ ഇരു സമൂഹങ്ങളും പേറുന്നു.

സിനിമയുടെ അന്ത്യത്തിൽ അപ്പുക്കുട്ടന്റെ രൂപമാറ്റം ശ്രദ്ധിക്കുക. അപ്പുക്കുട്ടൻ ബന്ധപ്പെടുന്നത് നേപ്പാളിലെ തദ്ദേശീയ ജീവിതത്തോടാണ്. അബോധത്തിലായാലും അയാൾ അവരിലൊരാളായി മാറുന്നു. ഡയസ്പെറകളുടെ തദ്ദേശീയവൽക്കരണം വംശീയേ തര കൂട്ടായ്മകൾക്ക് വഴിവയ്ക്കുന്നു. സങ്കരത്വം (hybridity) ബഹു കാലികമായി നടക്കുന്ന ഒന്നാണ്.

എ.ജി. ടാൻസിലി എക്കോ സിസ്റ്റത്തെ വിശേഷിപ്പിക്കുന്നത് ജൈവികവും അജൈവികമായ ബന്ധങ്ങളുടെ ആകെ തുകയാ യാണ്. അവ രണ്ടും പരസ്പര പൂരകങ്ങമാണ്. ഓർഗാനിസത്തിൽ നിന്ന് പോപ്പുലേഷനിലേക്കും പിന്നീട് കമ്മ്യൂണിറ്റിയിലേക്കും, ഇക്കോ സിസ്റ്റത്തിലേക്ക് വളരുന്ന ക്രമമാണ് അവയ്ക്ക്. ഡയസ്പെറ പോപ്പുലേഷന്റെ നിലയിൽ നിൽക്കുന്നു. ഡയസ്പെറയുടെ തദ്ദേശീയവൽക്കരണമാണ് കമ്മ്യൂണിറ്റി. അതുകൊണ്ട് മാത്രം സ്ഥിരതയുള്ള സമൂഹം രൂപപ്പെടുന്നില്ല. മാൻ കൂട്ടങ്ങളും സീബ്രകൂട്ടങ്ങളും വെവ്വേറെ സ്വത്വങ്ങളായി നിലനിൽക്കുന്നു. അധിവാസത്തിന്റെ പൂർണത ആവാസവ്യവസ്ഥയുടെ അജൈവിക ബന്ധങ്ങളിൽ നിന്നാണ്. ഭാഷ, സംസ്കാരം, മതം, വംശം എന്നിവയായി. പുതു സ്വത്വ നിർമ്മിതിയിൽ ഇവയുടെ സങ്കരത്വം പ്രധാനമാണ്.

കമ്മ്യൂണിറ്റിയിൽനിന്ന് പുറത്തുകടന്ന് ആവാസവ്യവസ്ഥയുടെ ഗർഭാവസ്ഥയിൽ നിൽക്കുന്ന മലയാളി സമൂഹത്തിന്റെ സൂചകങ്ങൾ

ഈ രണ്ടു സിനിമകളിലും കാണാനായി കഴിയുന്നു. കേരളത്തിൽ ബൗദ്ധസംസ്കാരത്തിന് സംഭവിച്ച പോലെ , സംസ്കാരങ്ങളുടെ ചിന്നിച്ചിതറലിൽ വ്യത്യസ്ത ദേശത്ത് അവ വ്യത്യസ്ത സാഹചര്യത്തിൽ വളരാം. അധിവാസ പ്രദേശങ്ങളിൽ തിരിച്ചെത്തുകയും മാതൃദേശത്ത്, അധിവാസപ്രദേശങ്ങളുടെ സംസ്കാരിക വിനിമയങ്ങൾ പുനരുപാദിക്കപ്പെടുകയും ചെയ്യാം. 2019–ൽ ജിജി ജോബു സംവിധാനം ചെയ്ത ഇട്ടിമാണി മെയ്ഡ് ഇൻ ചൈന ഇതിനോട് ബന്ധപ്പെട്ട സിനിമയാണ്. മലയാളം സംസാരിക്കുന്ന വിദേശിയെപോലെ വിദേശ ഭാഷകൾ സംസാരിക്കുന്ന മലയാളി എന്നതിനെ സിനിമയിൽ ആവിഷ്കരിച്ചത്. കേരളത്തിലെത്തുന്ന ഇട്ടിമാണിയും അമ്മയും അവരുടെ ഇടങ്ങളിൽ ചൈനീസ് സംസാരിക്കാറുണ്ട്. ചൈനീസ് വിഭവങ്ങളുടെ വില്പന ഉദ്ദേശിച്ചാണ് ഇട്ടിമാണിയുടെ അപ്പൻ നാട്ടിൽ റസ്റ്റോറന്റ് നിർമ്മിച്ചത്. വ്യത്യസ്ത പ്രദേശങ്ങളിലെ വ്യത്യസ്ത സാംസ്കാരികതകൾ ഒരേസമയം പ്രകടമാകുന്നു. ഒരു വ്യക്തിക്ക് (individual) ഉണ്ടാകുന്ന ബഹുസാംസ്കാരികത ഉടലെടുക്കുന്നത് ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാൽ മാത്ര മല്ല. മൂല്യങ്ങൾ വിശ്വാസങ്ങൾ ഭാഷ,വർഗ്ഗം, വംശം എന്നിവയിൽ ഉണ്ടാകുന്ന നിരന്തര വിനിമയങ്ങളിലൂടെയാണ്.

ഭൂമിശാസ്ത്രപ്രത്യേകതകൾ അവഗണിച്ചു സസ്യങ്ങളെ 'കൾച്ചർ' ചെയ്തു വളർത്താൻ കഴിയുന്നു. റഷ്യയിലോ ബ്രസീലിലോ വളരുന്ന പച്ചക്കറികൾ കേരളത്തിലും തിരിച്ചും വളർത്തിയെടുക്കാൻ സാധിക്കുന്നു. കുറച്ചുകാലം കഴിയുന്നതോടെ സ്വാഭാവിക പ്രകൃതിയോട് ഗുണപരമായ വ്യതിയാനം ഇല്ലാതെ അവ ലയിക്കുന്നു. വ്യക്തിയിൽ ഉണ്ടാകുന്ന ബഹുസാംസ്കാരികതയുടെ ക്രമവും ഇതുപോലെയാണ് എന്നാൽ വ്യക്തിയിൽ അത് ബോധപൂർവ്വം 'കൾച്ചർ' ചെയ്യപ്പെടുന്നില്ല. ഗൾഫ് കുടിയേറ്റത്തിൽ മലയാളികളുടെ രണ്ടാം തരംഗം (second wave) ഉണ്ടാകുന്നത് 1973ലാണ്. അതിനുമുമ്പേ അതിജീവനം പ്രമേയമായ സിനിമകളുണ്ട്. 1970ൽ റിലീസായ തുറക്കാത്ത വാതിലിലെ (സംവിധാനം: പി. ഭാസ്ക്കരൻ) ബാപ്പുവും വാസുവും, 1963 ൽ ഇറങ്ങിയ മൂടുപടത്തിലെ

(സംവിധാനം:രാമു കാര്യാട്ട്) അപ്പുക്കുട്ടനും ഉദാഹരണമാണ്.

നാട്ടിൽനിന്ന് രക്ഷപ്പെടാൻ ആഗ്രഹിക്കുന്ന തഹസിൽദാരുടെ കഥ പറയുന്ന സിനിമയാണ് 1984 ൽ റിലീസായ അക്കരെയിൽ (കെ.എൻ. ശശിധരൻ). ഗൾഫ് സമ്പന്നതയുടെയും ഗൾഫുകാർ, സമ്പന്നരുടെയും പ്രതീകങ്ങളാകുന്നത് ഇക്കാലത്താണ്. 1988ൽ റിലീസായ പൊന്മുട്ടയിടുന്ന താറാവിൽ (സത്യൻ അന്തിക്കാട്) ഗ്രാമങ്ങളിലെ ഗൾഫുകാരന്റെ സ്ഥാനം എന്താണെന്ന് രേഖപ്പെടുത്തു ന്നു. വരവേല്പ് (1989, സത്യൻ അന്തിക്കാട്)മറ്റൊരു ഉദാഹരണമാണ് ഗൾഫ് രാജ്യങ്ങൾ കഥാപശ്ചാത്തലമായ സിനിമകളിൽനിന്ന് ഗൾഫിതം ഏഷ്യൻ രാജ്യങ്ങൾ പശ്ചാത്തലമായ സിനിമകൾ വ്യത്യസ്ത മാകുന്നത് പലവിതാനങ്ങളിലാണ്. അവ താഴെച്ചേർക്കുന്നു.

1. ഗൾഫ് രാജ്യങ്ങളെപ്പോലെ ഗൾഫിതര ഏഷ്യൻ രാജ്യങ്ങൾ സമ്പന്നത യുടെയും അവസരങ്ങളുടെയും പ്രതീകമായി ചിത്രീകരിക്കപ്പെട്ടില്ല.
2. ഉപജീവനം എന്നതിനേക്കാൾ ഉപരി അതിജീവനം പ്രമേയ വൽക്കരിക്കപ്പെട്ടില്ല.
3. മലയാളികളുടെ ദാരിദ്ര്യം തൊഴിലില്ലായ്മ എന്നിവ പ്രമേയമായില്ല.
4. തദ്ദേശവൽക്കരിക്കപ്പെട്ട ഡയസ്പെറയുടെ ഒന്നോ രണ്ടോ തലമുറയുടെ സാന്നിധ്യവും കൈമാറ്റങ്ങളും കാണാൻ സാധിക്കുന്നു.

മലയാളം സംസാരിക്കുന്ന ഗൾഫുരാജ്യക്കാർ സിനിമയിൽ ചിത്രീകരിക്കപ്പെട്ടത് വിരളമാണ്. സങ്കരത്വത്തിന്റെ നില ഇവിടെ ഏഷ്യൻ രാജ്യങ്ങളെക്കാൾ കുറവാണ്. വർത്തമാനത്തിലാണ് മലയാളം പഠിപ്പിക്കുകയും സംസാരിക്കുകയും ചെയ്യുന്ന ഗൾഫുകാരും യൂറോപ്യരും സോഷ്യൽ മീഡിയ ഹാൻഡിലിങ്ങുകളിൽ ശ്രദ്ധാകേന്ദ്രമാകായത്.

യൂറോപ്യൻ പ്രവാസം പ്രമേയമായ സിനിമകളും റിലീസായി. 1983 ലെ മണ്ടന്മാർ ലണ്ട നിൽ (സത്യൻ അന്തിക്കാട്) എന്ന

സിനിമയിൽ, മലയാളിയുടെ വങ്കത്ത രങ്ങൾ ഗ്രാമീണതയുടെ അടയാളങ്ങളായി ചിത്രീകരിക്കുന്നു. പരിഷ്കൃതരും അപരിഷ്കൃതരും എന്ന് കൊളോണിയൽക്കാലത്ത് സമൂ ഹത്തെ വ്യവസ്ഥാപികരിച്ചതിനെ സിനിമ വീണ്ടും ആവർത്തി ക്കുന്നു. 1997ൽ റിലീസായ ഇറങ്ങിയ flammen in Paradies (markus imhoof) എന്ന സ്വിസ്സ് ജർമൻ സിനിമ മിഷനറി കാലഘട്ടത്തിലെ കേരള ത്തിന്റെ കൊളോണിയൽ ചിത്രം തരുന്നു. യൂറോപ്പ്യൻ അധിവേശ തദ്ദേശീയ ജനതയും തമ്മിലെ ഇടപഴകൽ ഇവിടെക്കാണാം.

യൂറോപ്യൻ വർണബോധമാകാം സങ്കരത്വത്തിലേ ക്കുള്ള പരിണാമത്തിന് തടസ്സം സൃഷ്ടിച്ചത്. യൂറോപ്പിലെ സംസ്കാരിക അംശങ്ങളും കൊളോണിയൽ രാജ്യത്തെ അംശങ്ങളും പേറുന്നതിലെ വംശീയ സംഘർഷതയാകാം അത്. യൂറോപ്പ്യൻ സംസ്കാരം പേറുന്ന ആംഗ്ലോ ഇന്ത്യക്കാർ മലയാളികളിൽ ഉണ്ടായി. ചട്ടക്കാരി എന്ന സിനിമ ഓർക്കുക

ക്യാമെ ആന്തണി അപ്പിയ്യ കോസ്മോപൊളിറ്റൻ സമൂ ഹത്തെ വിശദീകരിക്കുന്നത് വ്യത്യസ്ത സ്ഥലത്തു നിന്നുള്ള വ്യക്തികൾ മതം രാഷ്ട്രീയം മുതലായവ ഭിന്നമായിരുന്നിട്ടു കൂടിയും പരസ്പര ബഹുമാനത്തോടെയുള്ള ബന്ധങ്ങളിൽ പ്രവേശിക്കുന്നതായാണ് കോസ്മോപൊളിറ്റൻ സമൂഹം ഗൾഫിതര ഏഷ്യൻ രാജ്യങ്ങൾ പ്രമേയമായ സിനിമകളിൽ കാണാം. ഒന്നല്ലെങ്കിൽ പരസ്പരം ഇടപെട്ടിരുന്ന സാംസ്കാര ങ്ങൾ ഒത്തുചേരുകയോ അതുമല്ലെങ്കിൽ തുല്യ വിനിമയങ്ങളുമായി വികേന്ദ്രീകരിക്കപ്പെടുകയോ ചെയ്യുന്നു.

**ഭാസ്കരൻ,സുബ്രഹ്മണ്യം**

Exile is a dream of glorious return
Exile is a vision of revolution - salman rushdi

പ്രവാസം മടങ്ങിവരവിനെ കുറിച്ചുള്ള സ്വപ്നവും വിപ്ലവത്തെ കുറിച്ചുള്ള കാഴ്ചയുമാണ്. അതിജീവനം എന്നത് തൊഴിൽ മാത്രമല്ല. മർദ്ദകസമൂഹത്തിൻ ഒതുക്കപ്പെട്ടവർ അനുഭവിക്കുന്ന നാനാവിധ പ്രതിസന്ധികളാ. കൊളോണിയൽ കാലത്തെ ഡയസ്പെറകൾ, ബ്ലാക്ക് ഡയസ്പെറ, അടിമകൾ എന്നിവർ

ഇത്തരം യാതനകളുടെ ചിത്രംതരുന്നു. പ്രവാസിലോകത്തിന്റെ പരിണാമം ആൻഡ്രോ യ്ഡ് കുഞ്ഞപ്പൻ (രതീഷ് പൊതുവാൾ,) എന്ന സിനിമയിൽ വായിക്കാം. റഷ്യയിലെ ജപ്പാനീസ് റോബോട്ടിക ്സ് കമ്പനിയിൽ ജോലി കിട്ടിയ മകൻ സുബ്രഹ്മണ്യൻ അവിടേക്ക് യാത്ര തിരിക്കുന്നു. ആ യാത്രവെല്ലുവിളി നിറഞ്ഞതാകുന്നത് അച്ഛൻ ഭാസ്കരനിലൂടെയാണ്. ഓട് മേഞ്ഞ അവരുടെ വീട്ടിൽ ടി. വി, മിക്സ് ഗ്രൈൻഡർ, ഗ്യാസ് സ്റ്റൗ എന്നീ സൗകര്യങ്ങൾ ഇല്ല. സുബ്രഹ്മണ്യനോട് വാർദ്ധകൃത്തിൽ തന്നെ ഉപേക്ഷിക്കാതിരിക്കാൻ നാട്ടിൽ ജോലി കണ്ടെത്തണമെന്ന് ഭാസ ്കരൻ നിർബന്ധിക്കുന്നു. റഷ്യയിലേക്കുള്ള ജോലി അവസരം സുബ്രഹ്മണ്യൻ ഉപേക്ഷിക്കുന്നില്ല. തനിക്ക് പകരം അച്ഛനുവേണ്ടി ഹോം നേഴ്സുമാരെ നിർത്തുന്നുണ്ടെങ്കിലും പ്രകോപനപരമായ ഭാസ്കരന്റെ പെരുമാറ്റത്തിൽ അവർ വീടുവിട്ടുപോകുന്നു. ഹോം നേഴ്സുമാരെ കൊണ്ടുവരുന്ന ഘട്ടത്തിൽ ഭാസ്കരൻ ചോദിക്കുന്ന ചോദ്യങ്ങളിൽ ഒന്ന് അവരുടെ ജാതിയെപ്പറ്റിയാണ്. ജാതി നേരിട്ട് ഭാസ്കരൻ ചോദിക്കുന്നുണ്ടെങ്കിലും സിനിമയിൽ അങ്ങനെ പാര മ്പര്യ വാദത്തിന്റെയും ജാതീയതയുടെയും വക്താവാകാൻ ഭാസ്കരൻ ശ്രമിക്കുന്നില്ല.

സിനിമയിൽ അതിജീവന പ്രതിസന്ധി നേരിടുന്നത് ഭാസ്കരനാണ്. അയാളുടെ ഏകാന്തതയ്ക്ക് മറുപുറം ആകുന്ന പ്രകോപനങ്ങളാണ്. പാരമ്പര്യ വാദവും ജാതിബോധവും. അബോധപൂർവ്വം അയാൾ അതിന് അടിമപ്പെട്ടു കിടക്കുന്നു. ഭാസ്കരന് ബന്ധങ്ങൾ രൂപീകരിക്കുന്നതിൽ പരിമിതിയുണ്ട്. ആധുനികത അയാൾക്ക് അപരിചിതമാണ്. മർദ്ദക സമൂഹത്തിന്റെ താൽപര്യങ്ങൾക്ക് കീഴ്പ്പെടേണ്ടിവന്ന സമൂഹത്തിന്റെ ചിത്രം ഭാസ്കരനിൽ പ്രകടമാണ്.

ആദ്യകാല ഡയസ്പെറയുടെ, അവസ്ഥ ഭാസ്കരനിൽ കാണാം.

റഷ്യയിലുള്ള സുബ്രഹ്മണ്യം കൊണ്ട് വരുന്ന റോബോട്ട് ഈ വ്യവസ്ഥതക്കുള്ളിലേക്ക് കടന്നുവരുന്നു.റോബോട്ടുമായുള്ള ഇടപെടലാണ് ഭാസ്കരനിൽ മാറ്റങ്ങൾ വരുത്താനുള്ള സാഹ

ചര്യങ്ങൾ സൃഷ്ടിച്ചത്. ഫേസ്ബുക്ക് പോലെയുള്ള സാങ്കേതികത ഉപയോഗിച്ച് പുതിയ ബന്ധങ്ങൾ ഭാസ്കരൻ രൂപീകരിക്കുന്നു.

ജാതിയെക്കുറിച്ചുള്ള പഴയ നിലപാട് ഭാസ്കരൻ വ്യത്യാസപ്പെടുത്തുന്നു. മനുഷ്യരെ പോലും മനുഷ്യരായി കാണാൻ സാധിക്കാതിരുന്ന ഭാസ്കരന്റെ പുതിയ വീക്ഷണം റോബോട്ടും മനുഷ്യരാണ് എന്നതാണ്. സുബ്രഹ്മണ്യന്റെ സുഹൃത്ത് ഹിട്ടോമി റോബോട്ടിന്റെ തല അഴിക്കുമ്പോഴും, സുബ്രഹ്മണ്യം അതിനെ മടക്കി കൊണ്ടുപോകാൻ ഒരുങ്ങുമ്പോഴും മുമ്പത്തേക്കാൾ അധികം ഭാസ്കരൻ പ്രകോപിതനാകുന്നുണ്ട്.

ഏഷ്യൻ രാജ്യങ്ങളിൽ പ്രത്യേകിച്ച് ഉണ്ടായിരുന്ന, കൊളോണിയൽ ബ്ലാക്ക് ഡയസ്പെറകളെ മുൻനിർത്തി പഠിക്കുമ്പോഴാണ് റോബോട്ടും മനുഷ്യരാണ് എന്നത് ഭാസ്കരന്റെ ചിന്തയല്ലെന്ന് മനസ്സിലാകുന്നത് അതിന് വിശാലമായ മാനുഷികതലമുറ സുബ്രഹ്മണ്യന്റെ പ്രവാസം ഭാസ് കരനിൽ നിന്നും വ്യത്യസ്തമാണ്. മർദ്ദക, മർദ്ദിത സമൂഹത്തിന്റെ പ്രതിസന്ധി സുബ്രഹ്മണ്യത്തിനില്ല. പുതു ബന്ധങ്ങളുടെ രൂപീ കരണം അയാൾക്ക് സാധ്യമാകുന്നു. വംശീയവും ജാതീയ വുമായ കുരുക്കുകളിൽ അയാൾ കുടുങ്ങുന്നില്ല. സാമൂഹികമായ ഏകാന്തത അനുഭവിക്കുന്നില്ല.

ഡയസ്പെറകയുടെ സ്വഭാവ നിർണയത്തിൽ മുഖ്യ കാരണങ്ങളായി രണ്ടാം ലോകയുദ്ധം കോളനികളുടെ വിമോചനം പൊതു രാഷ്ട്രങ്ങളുടെ ഉദയം രാഷ്ട്രങ്ങളുടെ പുനക്രമീകരണം എന്നിവ കാണാം. പ്രത്യക്ഷത്തിലുള്ള അടിമത്തം പ്രവാസ ത്തിന്റെ അന്ത്യവും കൊളോണിയലിസത്തിന്റെ തകർച്ചയും ഡയസ് പെറകളുടെ പുതുക്കാഴ്ചപാടുകളെ നിശ്ചയിച്ചു. What’s app, Facebook, insta, skype, gmail എന്നീ നവീന സാങ്കേതികതകൾ ബന്ധ സംഘർഷങ്ങളെ ലഘൂകരിച്ചു.

ഡയസ്പെറകളുടെ പൂർവ്വ മാതൃകകളിൽനിന്നുള്ള നവീന മാറ്റം ഭാസ്കരനിലൂടെയും സുബ്രഹ്മണ്യത്തിലൂടെയും സിനിമയിൽ നിന്ന് വായിച്ചെടുക്കാൻ കഴിയുന്നു.

**ഗ്രന്ഥസൂചി**

പ്രതീഷ് എ എസ്, ഡോ, (എഡി) പ്രവാസ സാഹിത്യം, കേരള ഭാഷാ ഇസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019, ഡിസംബർ

കരിമ്പുങ്കര ദീപേഷ്, ഡോ, (എഡി) തിരക്കാഴ്ച്ചയിലെ പുതു ലോകങ്ങൾ, ഐെയ് ബുക്ക്സ് കേരള, 2019, സെപ്തംബർ

ശിവദാസ് കെ. കെ, ഡോ, പ്രവസം പ്രതിനിധാനവും സർഗ്ഗാത്മകതയും,ഇൻസൈറ്റ് പബ്ലിക്ക, കോഴിക്കോട്, 2019, ഡിസംബർ

# പ്രവാസി ജീവിതം സിനിമാഗാനങ്ങളിൽ

**സാന്ദ്ര സുധാകരൻ**
ഒന്നാം സെമസ്റ്റർ എം.എ. മലയാളം,
കേരളസർവകലാശാല,

സൗന്ദര്യ ബോധവും സമൂഹ്യബോധവും കൂടിച്ചേരുന്ന ചലച്ചിത്രഗാനങ്ങളിൽ. വ്യക്തിഗതവും സ്വകാര്യവുമായ അനുഭൂതികൾ പങ്കുവയ്ക്കപ്പെടുന്നു. വൈകാരികാനുഭൂതികൾ പ്രാദേശികാടിസ്ഥാനത്തിൽ നിർണയിക്കപ്പെടുന്നതിനാൽ അവയ്ക്ക് സർവലൗകിക സ്വഭാവമില്ല. പാട്ടിന്റെ അനുഭൂതി രൂപപ്പെടുന്നത് ദേശം, ഭാഷ, സമുദായം എന്നിവയുടെ സമന്വയത്തിലൂടെയാണ്. ദേശനിർമ്മിതിയിലും സമുദായ നിർമ്മിതിയിലും അവ പങ്കുവഹിക്കുന്നു.

അപസ്ഥലീകരിക്കപ്പെട്ട ജനത ഗൃഹാതുരസ്മരണകളിലൂടെയും ഭാവനയിലൂടെയും നടത്തുന്ന ദേശത്തിന്റെ വീണ്ടെടു പ്പാണ് പ്രവാസാവിഷ്കാരങ്ങളുടെ അടിസ്ഥാനം. സ്വാനുഭവങ്ങളു ടെയും ഭാവനയുടെയും സഹായത്തോടെ നടത്തുന്ന ദേശ നിർമ്മി തിയ്ക്ക് സ്വന്തം നാടും കുടിയേറ്റ ഭൂമിയും വിധേയമാകുന്നു. മലയാള ചലച്ചിത്രങ്ങളിലെ പ്രവാസ ജീവിതാവിഷ്കാരം പരിശോധിക്കുക വഴി ജനസമൂഹത്തിന്റെ അബോധ മനസ്സിൽ നടക്കുന്ന ദേശ നിർമ്മിതിയും അതിന്റെ സാമൂഹിക സാംസ്കാരിക തലങ്ങളും വിശകലന വിധേയമാകുന്നു. നമ്മുടെ സമൂഹത്തെ രൂപപ്പെടുത്തുന്ന സാമൂഹിക ശക്തികളുടെ പ്രതിഫലനം കൂടിയാണ് സിനിമാഗാനങ്ങൾ. സൃഷ്ടിക്കപ്പെട്ട സാംസ്കാരികവും ചരിത്രപരവുമായ പശ്ചാത്തലത്തിന്റെ പ്രകടനമായി അവയെ കാണാം.

ഇത്തരത്തിൽ കേരളത്തിന്റെ സാമ്പത്തിക സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ മാറ്റങ്ങൾ ഉണ്ടാക്കിയ മലയാളിയുടെ പ്രവാസ ചരിത്രത്തിന്റെ അടയാളപ്പെടുത്തലുകൾ സിനിമ ഗാനങ്ങളിൽ നിന്ന് കണ്ടെടുക്കാം.

**താക്കോൽവാക്കുകൾ**

*പ്രവാസി ജീവിതം, ചലച്ചിത്ര ഗാനം, ദേശ നിർമിതി, ഗൃഹാതുരത്വം*

**ചലച്ചിത്ര ഗാനങ്ങളുടെ സ്വാതന്ത്ര്യാസ്തിത്വം**

1954-ൽ പി ഭാസ്കരൻ, രാമു കാര്യാട്ട് എന്നിവരുടെ സംവിധാനത്തിൽ പുറത്തിറങ്ങിയ നീലക്കുയിലിലാണ് മലയാള ചലച്ചിത്ര ഗാനശാഖ സ്വാതന്ത്ര്യാസ്തിത്വം നേടിയത്. സംഗീതാംശം, സാഹിത്യാംശം, ചലച്ചിത്രാംശം എന്നീ ഘടകങ്ങൾ പരിശോധിച്ചുകൊണ്ടല്ലാതെ ചലച്ചിത്ര ഗാനപഠനം പൂർണ്ണമാകില്ല. കഥാ ശരീരത്തിന്റെ അതിർവരമ്പുകൾക്കുള്ളിൽനിന്നേ ഗാനരചന സാധ്യമാവൂ. ചലച്ചിത്രഗാനങ്ങൾക്ക് കഥാസന്ദർഭത്തെ മറികടക്കാനും ജനപ്രിയ സംസ്കാരത്തിന്റെ ഭാഗമാകാനും സാധിക്കും. സിനിമ ഏതെന്ന റിയാതെ പാടുന്ന പാട്ടുകൾ ധാരാളം.

സാർവത്രികവും അടിസ്ഥാനപരവുമായ മാനുഷിക വികാരങ്ങളും അനുഭവങ്ങളുമാണ് ഗാനത്തിലൂടെ വിനിമയം ചെയ്യപ്പെടുന്നത്. നിശ്ചിത സമയത്തിന്റെയോ സ്ഥലത്തിന്റെയോ മൂല്യങ്ങൾ, മനോഭാവങ്ങൾ, അനുഭവങ്ങൾ എന്നിവ പ്രതിഫലിപ്പിക്കുന്ന ഗാനങ്ങൾ തലമുറയുടെയോ യുഗത്തിന്റെയോ പ്രതീകമാകുന്നു. അവയുടെ യഥാർത്ഥ സന്ദർഭം മറികടന്ന് സാംസ്കാരിക ഘടനയുടെ ഭാഗമാകുന്നു. സാംസ്കാരികവും ഭാഷാപരവുമായ അതിർത്തി മറികടക്കുന്നതിനും ചലച്ചിത്ര ഗാനം പര്യാപ്തമാണ്. സംഗീതത്തിന്റേത് സാർവ്വത്രിക ഭാഷയാണ്.

മനുഷ്യാനുഭവങ്ങളും വികാരങ്ങളും ആഘോഷമാക്കുവാനും ആഗോള ഐക്യവും സാംസ്കാരിക വിനിമയവും പ്രോത്സാഹിപ്പിക്കുവാനും ഗാനത്തിനാകും. ലോകത്തെക്കുറിച്ചും അതിന്റെ വൈവിധ്യത്തെക്കുറിച്ചുമുള്ള ധാരണകളെ അത് സമ്പന്നമാക്കുന്നു.

ഗാനങ്ങൾ സൃഷ്ടിക്കപ്പെട്ട കാലഘട്ടത്തിന്റെ മൂല്യ വ്യവസ്ഥ പ്രതിഫലിപ്പിക്കുന്നു. 1950കളിലെ എൽവിസ് - പ്രെസ്‌ലിയുടെ സംഗീതം, 60കളിലെ ബീറ്റിൽസിന്റെ സംഗീതം, 80കളിലെ മൈക്കിൾ ജാക്സന്റെ ഗാനങ്ങൾ എന്നിവ കാലഘട്ടത്തിന്റെ സാംസ്കാരിക- സാമൂഹിക മൂല്യങ്ങൾ പ്രതിഫലിപ്പിച്ചു. സിനിമയ്ക്കു പുറത്തും ചലച്ചിത്ര ഗാനങ്ങൾക്ക് സ്വാതന്ത്ര്യാസ്തിത്വമുണ്ട്.

സിനിമാഗാനങ്ങളുടെ ആസ്വാദക സമൂഹത്തെ പഠിക്കുമ്പോൾ ചലച്ചിത്രഗാന പഠനം മാറുന്നു. അഭിരുചിയുടെയും വൈകാരികാവസ്ഥയുടെയും അടിസ്ഥാനത്തി ൽ ഇത്തരം ആസ്വാദക സമൂഹങ്ങൾ രൂപം കൊള്ളുന്നു. അത്തരം സമൂഹങ്ങളുടെ സ്വഭാവം, അഭിരുചി രൂപപ്പെടുത്തുന്ന ജീവിത സന്ദർഭങ്ങൾ, സാമൂഹിക സാംസ്കാരിക അവബോധങ്ങൾ എന്നിവ മനസ്സിലാക്കേണ്ടത് അനിവാര്യമാണ്.

**ചലച്ചിത്രഗാനങ്ങളിലെ മലയാളി പ്രവാസം**

1950-കൾ മുതൽ 80-കളുടെ മധ്യം വരെയുള്ള കാലത്തിൽ കത്തുപാട്ടുകൾ എന്ന സവിശേഷ ഗാനരൂപമുണ്ടായി. രണ്ടു രാജ്യങ്ങളിൽ കഴിയുന്ന ദമ്പതിമാരുടെ വിരഹവും, പിതാവിനെ കാത്തിരിക്കുന്ന മക്കളുടെ വേദനയും, അമ്മയെ പിരിയുന്ന മക്കളുടെ യാത്രയും നിറഞ്ഞ പാട്ടുകൾ മലയാളത്തിന്റെ സാംസ്കാരിക മണ്ഡല ത്തിൽ പ്രവാസി ജീവിതത്തെ പ്രതിനിധീകരിച്ചു. ഇതിന്റെ തുടർ ച്ചയായാണ് സിനിമയിൽ പ്രവാസി ജീവിതം കടന്നുവന്നത്.

മലയാളിയുടെ പ്രവാസി ജീവിതം ദശകങ്ങൾക്കു മുൻപേ സിനിമ അടയാളപ്പെടുത്തി. 'സ്വയംവര'ത്തിൽ(1972, അടൂർ ഗോപാലകൃഷ്ണൻ) തുടങ്ങി വിദേശ പ്രവാസവുമായി ബന്ധപ്പെട്ട പരാമർശങ്ങളും, പ്രവാസികളായ കഥാപാത്രങ്ങളും, ജീവിതവും, വിദേശ നാടുകളുടെ പശ്ചാത്തലങ്ങളും സിനിമയിൽ കാണാം.1980-ൽ റിലീസായ 'വിൽക്കാനുണ്ട് സ്വപ്നങ്ങൾ' (സംവിധാനം: ആസാദ്, തിരക്കഥ: എം. ടി. വാസുദേവൻ നായർ) ആണ് ഗൾഫിൽ ചിത്രീകരിച്ച ആദ്യ സിനിമ. 1979-ൽ റിലീസ് ചെയ്ത 'ഏഴാം കടലിനക്കരെ' (ഐ.വി.ശശി) ആണ് അമേരിക്കൻ ജീവിതം മലയാളികൾക്ക് പരി

ചയപ്പെടുത്തിയത്. 1967 ൽ റിലീസായ 'നഗരമേ നന്ദി' (എം.ടി.-വിൻസെന്റ്) എന്ന ചിത്രം തദ്ദേശീയ പ്രവാസത്തിന്റെ ആവിഷ്കാരമായിരുന്നു.

സാമ്പത്തിക ബാധ്യത കാരണം ദുബൈയിൽ ജോലിക്ക് പോകാൻ നിർബന്ധിതനായി ചതിക്കപ്പെടുന്ന ക്യൂബ മുകുന്ദന്റെ കഥ പറയുന്ന 'അറബിക്കഥ' (ലാൽജോസ്, 2007), സൗദി അറേബ്യയിൽ വീട്ടുജോലിക്കായി എത്തപ്പെടുന്ന അശ്വതിയുടെ ദുരിതങ്ങൾ ആവിഷ്കരിക്കുന്ന ഗദ്ദാമ (കമൽ, 2011), കുടുംബം പുലർത്തുവാനായി അബുദാബിയിൽ ജീവിതം കരുപ്പിടിപ്പിച്ച, ഉടനീളം ഗൾഫ് പശ്ചാത്തലത്തിൽ ചിത്രീകരിച്ച അറബീം ഒട്ടകോം പി. മാധവൻ നായരും (പ്രിയദർശൻ 2011), സാമ്പത്തിക പ്രയാസത്താൽ കൗമാരം കഴിയും മുമ്പേ ദുബായിലേക്ക് പോകേണ്ടിവന്ന പള്ളിക്കൽ നാരായണന്റെ ജീവിതം പറയുന്ന പത്തേമാരി (സലിം അഹമ്മദ്, 2015), പ്രതീക്ഷകളുമായി സൗദി അറേബ്യയിലെത്തി വഞ്ചിക്കപ്പെട്ട് മരുഭൂമിയിലെ മസറയിൽ മൂന്നുവർഷത്തിലധികം നരക ജീവിതം നയിക്കുന്ന നജീബിനെ പരിചയപ്പെടുത്തി 2008-ൽ ബെന്യാമിൻ രചിച്ച 'ആടുജീവിതത്തെ' അടിസ്ഥാനമാക്കി ബ്ലെസി സംവിധാനം ചെയ്ത ആടുജീവിതം (2024) എന്നീ ചലച്ചിത്രങ്ങളിൽ മലയാളി പ്രവാസത്തിന്റെ വ്യത്യസ്ത തലങ്ങൾ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

വിരഹവും സന്തോഷവും വേദനയും ഇടകലർന്ന വൈവിധ്യമാർന്ന വൈകാരിക പ്രപഞ്ചം, പ്രവാസി ജീവിതമാവിഷ്കരിച്ച സിനിമാഗാനങ്ങളുടെ സവിശേഷതയാണ്. യാത്രാപഥത്തെപറ്റിയുള്ള വിശദാംശങ്ങളും ഇവയിലടങ്ങുന്നു. സ്വന്തം നാട്, കുടിയേറ്റ ഭൂമി എന്നിവയെപ്പറ്റിയുള്ള മാറി വരുന്ന സങ്കല്പങ്ങളും, അവയുടെ സാമൂഹ്യ രാഷ്ട്രീയ മാനങ്ങളും ഗാനങ്ങളുടെ പഠനത്തിലൂടെ മനസ്സിലാക്കാം.

കഥാസന്ദർഭത്തിൽ പിറവിയെടുത്ത് പ്രവാസി മലയാളികളുടെ ഭാവാവിഷ്കാരങ്ങളുടെ പ്രതിനിധാനമായി മാറിയ ഗാനമാണ് അറബി ക്കഥയിലെ 'തിരികെ ഞാൻ വരുമെന്ന വാർത്ത കേൾക്കാനായി ഗ്രാമം കൊതിക്കാറുണ്ടെന്നും'. ഗൾഫ് തൊഴിൽ ജീവിതത്തി

ന്റെ അരക്ഷിതാവസ്ഥ വരച്ചിട്ട ചിത്രത്തിൽ മറുവശത്തു ഉയർന്ന വേതനവും സാമ്പത്തിക സുരക്ഷിതത്വവും അനുഭവിക്കുന്ന തൊഴിലാളികളെയും കാണാം. മുറിയിലെ ആഘോഷങ്ങൾക്കിടയിൽ അബ്ബാസ് (സാദിഖ്) പാടുന്നതായിട്ടാണ് ചിത്രത്തിലെ ഗാനം. ഗൃഹാതുരത്വത്തിന്റെ ആവിഷ്കാരമെന്ന നിലയിലാണ് ഗൾഫ് മലയാളികൾക്കിടയിൽ ഈ ഗാനം പ്രചരിച്ചത്. വയലും നടവരമ്പും പുഴയും തീരവും  ഇളവെയിലും തണലും തണുപ്പും ഒപ്പിയെടുക്കുന്ന ഗാനത്തിൽ സ്വദേശം തിരികെ വിളിക്കുന്ന സ്വപ്നഭൂമിയാണ്. സ്വന്തം നാട്ടിലേക്ക് തിരിച്ചെത്താനുള്ള പ്രവാസിയുടെ ആഗ്രഹമാണ് ഗാനത്തിൽ പ്രകടമാകുന്നത്. തിരിച്ചുവരവിനായി താൻ ആഗ്രഹിക്കുന്നപോലെ തിരിച്ചുവരവിനായി ഗ്രാമം മുഴുവൻ കാത്തിരിക്കുന്നു എന്ന് ഗാനത്തിൽ പറഞ്ഞിരിക്കുന്നു. കഥയിലെ പ്രധാന കഥാപത്രമായ ക്യൂബ മുകുന്ദൻ രാഷ്ട്രീയ വ്യക്തിത്വമാണ് അയാളുടെ വരവിനായി ഗ്രാമം കൊതിക്കുന്നുണ്ടെന്ന സങ്കല്പം ഇതിനാൽ സാധുവാകാം. നാട്ടിൽ നടക്കുന്ന മകളുടെ വിവാഹത്തിന് പണം അയക്കുമ്പോഴും പങ്കുചേരാനാവാത്ത പിതാവിനെ ഈ ഗാനരംഗത്ത് കാണാം. വിവാഹാഘോഷം സ്വന്തം മുറിയിൽ അനുകരിക്കുന്ന രീതിയിലാണ്  ഗാന ചിത്രീകരണം. ഭാവനയിലൂടെ  നാടിനെ തിരിച്ചുപിടിക്കാനുള്ള ശ്രമങ്ങളാണിതെല്ലാം. രണ്ടു ദേശങ്ങളുടെ ഗാന ശീലുകളുടെ സമന്വയവും ഈ ഗാനത്തിലുണ്ട്. അറേബ്യൻ സംഗീതത്തിൽ ആരംഭിച്ച് നാടൻ പാട്ടിന്റെ വായ്ത്താരിയിലേക്ക് പ്രവേശിക്കുന്ന രീതിയിലാണ് ഗാനം ചിട്ടപ്പെടുത്തിയത് .

ഗൃഹാതുര സ്മരണകൾ ആവിഷ്കരിക്കുകയും, കേരളത്തിന്റെ ഭൂപ്രകൃതി വരച്ചിടുകയും,തിരിച്ചുവരവിന്റെ പ്രതീക്ഷ പ്രകടമാക്കുകയും ചെയ്യുന്ന പല ഗാനങ്ങളുണ്ട്. നിണമണിഞ്ഞ കാൽപ്പാടുക (1963)ളിലെ 'മാമലകൾക്കപ്പുറത്ത് മരതകപ്പട്ടുടുത്ത് മലയാളമെന്നൊരു നാടുണ്ട്'. തുറക്കാത്ത വാതിലിലെ (1970) 'നാളികേരത്തിന്റെ നാട്ടിലെനിക്കൊരു നാഴിയിടങ്ങഴി മണ്ണുണ്ട്' എന്നീ ഗാനങ്ങൾ നോക്കുക. രണ്ട് സന്ദർഭത്തിലും സാമ്പത്തിക ബാധ്യതയാൽ നാടുപേക്ഷിക്കേണ്ടി വരുന്ന നായകന്മാരെയാണ് കാണുക. കുടുംബത്തെ രക്ഷിക്കുവാൻ ഗതികേട് കൊണ്ട് പട്ടാളത്തിൽ ചേരേണ്ടി

വന്ന തങ്കച്ചനിലൂടെ 1960കളിലെ കേരളത്തിന്റെ സാമൂഹ്യ രാഷ്ട്രീയ പശ്ചാത്തലമാണ് വെളിവാകുന്നത്. രണ്ടാമത്തെ സന്ദർഭത്തിൽ മദ്രാസിൽ കച്ചവടത്തിന് പോകുന്ന ബാപ്പുവാണ് പ്രധാന കഥാപാത്രം. രണ്ടു ഗാനങ്ങളിലും പ്രതീക്ഷയും വിരഹവും ഗൃഹാതുരത്വവും ഗ്രാമീണതയും നിറഞ്ഞു നിൽക്കുന്നു.

കുടിയേറ്റ ഭൂമിയെക്കുറിച്ചുള്ള പൊതുധാരണകളും സങ്കൽപ്പങ്ങളും ചലച്ചിത്ര ഗാനങ്ങൾ മുന്നോട്ടുവെക്കുന്നു. അമേരിക്കൻ പ്രവാസം ആവിഷ്കരിച്ച 'ഏഴാം കടലിനക്കരെ'യിലെ 'സുരലോക ജലധാരയൊഴുകിയൊഴുകി' എന്ന ഗാനത്തിന്റെ പശ്ചാത്തലം നയാഗ്ര വെള്ളച്ചാട്ടമാണ്. 'സുരലോക ജലധാര' എന്ന പ്രയോഗത്തിൽ അമേരിക്കയെ സ്വർഗ്ഗമായി കരുതുന്ന മലയാളി സങ്കൽപം പ്രകടമാണ്. വിദേശ നാടുകൾ കൈവരിച്ച സാമ്പത്തിക അഭിവൃദ്ധിയും ഉയർന്ന ജീവിത നിലവാരവും സാങ്കേതിക പുരോഗതിയുമാണ് ഇത്തരം സങ്കല്പങ്ങൾക്ക് നിദാനം. കുടുംബ പ്രാരാബ്ധം മൂലം രാജ്യം വിടുന്ന മലയാളി നഴ്സിന്റെ കഥയാണ് 'ഏഴാംകടലിനക്കരെ'. സ്വന്തം നാടും കുടിയേറ്റ ഭൂമിയും തമ്മിലുള്ള സാംസ്കാരിക സമന്വയം ചിത്രത്തിൽ എന്നപോലെ ഗാനത്തിലുമുണ്ട്. ഗാനത്തിന്റെ 'ള ള ള ള....' എന്ന ഹമ്മിങ് സംസ്കാരങ്ങളുടെ ചേർപ്പിനെ സൂചിപ്പിക്കുന്നു. അപരിചിതമായ നാടും ഭൂപ്രകൃതിയും സൗന്ദര്യാത്മകമായി നോക്കിക്കണ്ട് ആസ്വദിക്കുന്നതിന്റെ സന്തോഷമാണ് ഗാനത്തിന്റെ വൈകാരികാടിസ്ഥാനം.

ഈ ഗാനത്തിന്റെ ചുവടുപിടിച്ചാണ് 2015 -ൽ പുറത്തിറങ്ങിയ 'ടു കൺട്രീസ്' എന്ന ചലച്ചിത്രത്തിൽ ബി. കെ. ഹരിനാരായണൻ 'വെളുവെളുത്തൊരു പെണ്ണ്...' എന്ന ഗാനം രചിക്കുന്നത്. സംഗീതത്തിലും ഭാവത്തിലും സാമ്യം പുലർത്തുന്ന ഗാനത്തിൽ 'ള ള ള ള ള ള ...' എന്ന ഹമ്മിങ് നിലനിർത്തുന്നു. നയാഗ്ര വെള്ളച്ചാട്ടം തന്നെയാണിവിടെയും പശ്ചാത്തലം. ധനം മോഹിച്ച് കാനഡയിൽ ജീവിക്കുന്ന ലയയെ വിവാഹം ചെയ്യുന്ന ഉല്ലാസിന്റെ കഥയാണ് ചിത്രം. ഗാനത്തിൽ 'ഏഴാം കടൽ താണ്ടി ഇങ്ങോട്ട് വന്നെന്റെ മാലാഖയായോള് 'പൊന്നേകിടാറുള്ള താറാവ് പോലെന്റെ പിന്നാലെ വന്നോള് ' എന്നീ വരികളിൽ അമേരിക്കൻ ജീവിതത്തെകുറിച്ചുള്ള

മലയാളി സങ്കല്പം വ്യക്തമാകുന്നു. പൊന്മുട്ടയിടുന്ന താറാവാ യാണ് ഉല്ലാസ് ലയയെ കാണുന്നത്. സിനിമയുടെ തുടക്കത്തിൽ എയർപോർട്ടിൽ ഒറ്റപ്പെട്ടുപോകുന്ന ഉല്ലാസ് മലയാളി ഡ്രൈവർ ബെന്നിയെ കണ്ടെത്തുന്നത് 'അയല വറുത്തതുണ്ട് ' എന്ന മലയാള ഗാനത്തിലൂടെയാണ്. ചലച്ചിത്ര ഗാനത്തിന്റെ വൈകാരികമായ കൂട്ടിയിണക്കൽ ഇതിലൂടെ വ്യക്തമാകുന്നു.

അക്കരെയക്കരെയക്കരെ (1990) എന്ന ചിത്രത്തിലെ 'സ്വർഗ്ഗ ത്തിലോ നമ്മൾ സ്വപ്നത്തിലോ സങ്കൽപ്പ ഗന്ധർവ്വ ലോകത്തിലോ' എന്നാരംഭിക്കുന്ന ഗാനത്തിലും അമേരിക്ക സ്വർഗ്ഗതുല്യമായ സ്വപ്ന ഭൂമിയാണ്. ആഹ്ലാദവും കൗതുകവുമാണ് ഗാനത്തിന്റെ ഭാവം. അമേരിക്കൻ നഗര ജീവിതത്തിന്റെ പശ്ചാത്തലം ഇതിന് കൊഴുപ്പു കൂട്ടുന്നു.

സലിം അഹമ്മദിന്റെ സംവിധാനത്തിൽ 2015 ൽ റിലീസായ പത്തേമാരിയിലെ 'ഇത് പാരോ സ്വർഗ്ഗമോ മായാലോകമോ..' എന്ന് ആരംഭിക്കുന്ന ഗാനത്തിലും ഈ സങ്കല്പം കാണാം. കണ്ടുതീ രാനോ കൊണ്ടുപോരാനോ ആകാത്ത കാമുകിയായി ഗൾഫ് വിശേ ഷിപ്പിക്കപ്പെടുന്നു. നഗര കേന്ദ്രീകൃത പ്രവാസത്തിന്റെ മറുവശമായ ദുരിതമുഖം പതിറ്റാണ്ടുകൾ മുമ്പേ മലയാള ചലച്ചിത്ര ഗാനം രേഖ പെടുത്തിയിട്ടുണ്ട്. 1967 ൽ റിലീസായ നഗരമേ നന്ദി എന്ന ചിത്ര ത്തിലെ 'നഗരം നഗരം മഹാ സാഗരം' എന്ന് തുടങ്ങുന്ന ഗാനം പ്രവാസികൾ അനുഭവിക്കേണ്ടിവരുന്ന അരക്ഷിതാവസ്ഥയും അന്യ വത്കരണവും ആവിഷ്കരിക്കുന്നു. 'കളിയും ചിരിയും മേലെ ചളി യും ചുഴിയും താഴെ' എന്ന വരികളിൽ കാല്പനികവും കൗതുക ജനകവുമായ നഗര സങ്കല്പങ്ങളെ തദ്ദേശീയ പ്രവാസത്തിന്റെ പശ്ചാത്തലത്തിൽ പൊളിച്ചെതുന്നു. 'കുതിച്ചു പായും നാഗരി യിലൊരു ചെറു കൂര ചമയ്ക്കുവതെങ്ങനെ ഞാൻ' എന്ന വരി പ്രവാസി ജീവിതത്തിൽ സാധാരണ മനുഷ്യർ അനുഭവിക്കേണ്ടി വരുന്ന സാമ്പത്തിക പ്രയാസവും അന്യതാബോധവും അടയാള പ്പെടുത്തുന്നു.

പത്തേമാരിയിലെ 'പടിയിറങ്ങുന്നു വീണ്ടും പടിയിറങ്ങുന്നു' എന്ന ഗാനം പ്രവാസി മലയാളിയുടെ ഏകാന്തതയും വിരഹവും

ഒപ്പിയെടുക്കുന്നു. ലീവിന് നാട്ടിലെത്തി മടങ്ങുന്ന പ്രവാ സിയുടെ വിരഹവും വേദനയും ഗാനത്തിൽ നിഴലിക്കുന്നു. മഴ യൊതുക്കുകളും വയൽ വരമ്പുകളും പിന്നിട്ട് കരളു പുകയുന്ന മരുഭൂമിയിലേക്കുള്ള യാത്രയും അകലെയുള്ള കൂരതോറും തിരി വിളക്കുകൾ മിന്നാനാണെന്ന് പറഞ്ഞു വയ്ക്കുന്നതിലൂടെ പ്രവാസി ജീവിതത്തിന്റെ ത്യാഗവും ഉറ്റവരെ പിരിഞ്ഞിരിക്കേണ്ടി വരുന്ന തിലെ വേദനയും ഗാനത്തിൽ ആവിഷ്കരിക്കുന്നു.

അറേബ്യൻ മരുഭൂമിയുടെ കാഠിന്യം തീവ്രതയോടെ അനു ഭവിപ്പിച്ച ഗാനമാണ് 'ആടുജീവിത'ത്തിലെ (റഫീഖ് അഹമ്മദ് രചന, എ.ആർ. റഹ്മാൻ സംഗീതം) 'പെരിയോനെ റഹ്മാനെ'. 'ആടു ജീവിതം' എന്ന നോവൽ അടിസ്ഥാനമാക്കി ബ്ലെസി സംവിധാനം ചെയ്ത ചിത്രത്തിൽ കരുവാറ്റക്കാരനായ നജീബ് മരുഭൂമിയിൽ അനുഭവിക്കുന്ന യാതനകളും, നേരിടുന്ന അപമാനവീകരണവും അയാളുടെ അതിജീവനവുമാണ് അവതരിപ്പിക്കുന്നത്. മരുഭൂമിയിലെ ചൂടും പൊടിക്കാറ്റും ദാഹവും നിസ്സഹായതയും കേൾവിക്കാരെ അനുഭവിപ്പിക്കാൻ പോന്നതാണ് ഗാനത്തിലെ വരികളും സംഗീ തവും. ഒടുങ്ങാത്ത പ്രതീക്ഷയും ഗാനം പങ്കുവെക്കുന്നു. ഇരുട്ടറ യായ മരുപ്പറമ്പിൽനിന്ന് പുതുമഴ വീഴുന്ന മണ്ണിലേക്കുള്ള ദൂരം ഇവിടെ മരണത്തിൽനിന്ന് ജീവിതത്തിലേക്കുള്ള ദൂരമായി മാറുന്നു. ദൈവവിശ്വാസത്തിൽ അധിഷ്ഠിതമാണ് ഗാനത്തിലെ പ്രത്യാശ. പ്രവാസികളുടെ അനുഭവങ്ങൾക്കനുസരിച്ച് സ്വന്തം നാടിനെയും കുടിയേറ്റ ഭൂമിയെയും കുറിച്ചുള്ള സങ്കല്പം മാറുന്നു.

പ്രവാസി അനുഭവങ്ങൾ ആവിഷ്കരിക്കുന്ന ഗാനങ്ങളിൽ കാണുന്ന സവിശേഷത സഞ്ചാരം അല്ലെങ്കിൽ യാത്രാപഥത്തെ ക്കുറിച്ചുള്ള സൂചനയാണ്. ആദ്യകാലത്ത് ഗൾഫ് രാജ്യങ്ങൾ അട ക്കമുള്ള മറുനാടുകളിലേക്ക് കടൽ മാർഗ്ഗമാണ് പോയിരുന്നത്. പിന്നീ ടാണ് ആകാശയാത്ര വ്യാപകമായത്. വിമാനയാത്രയുടെ ഉയർന്ന ചെലവും സാങ്കേതിക തടസ്സവുമാണ് ആദ്യകാലത്ത് കപ്പൽ യാത്ര പ്രോത്സാഹിപ്പിച്ചത്. അവ പലപ്പോഴും നിയമവിരുദ്ധമായ കുടിയേറ്റ ങ്ങളുമായിരുന്നു. പത്തേമാരിയിലെ 'പത്തേമാരി..' എന്ന് ആരംഭി ക്കുന്ന ഗാനം കടൽ മാർഗ്ഗമുള്ള സഞ്ചാരവും അതിന്റെ കഷ്ടതയും

വരച്ചിടുന്നു. 'അറബിപ്പൊന്നൊരുരുകിയ പോലൊരു പുന്നാരക്കട ലല മീതെ കനവിന്റെപനമ്പായ് നീർത്തിയ പത്തേമാരിയിറങ്ങുന്നെ' എന്നവരികളിൽ ഭാഗ്യത്തിന്റെ മറുകരയിലേക്ക് എത്തിക്കുന്ന കപ്പൽ, പ്രതീക്ഷയുടെ രൂപമാകുന്നു. 'കടലോരക്കാറ്റേ ചെറു തിരി ചെന്ന് കെടുത്തല്ലേ എന്ന വരിയിൽ കപ്പൽ യാത്രയുടെ അനിശ്ചിതത്വവും അപകടവും സൂചിതമാകുന്നു. 'തിരതാണ്ടി പൊന്നും മുത്തും മല യോളം കൊണ്ടുവരാമെ'ന്ന പ്രതീക്ഷ മാത്രമാണ് യാത്രികരെ മു ന്നോട്ട് നയിക്കുന്നത്. മരണഭയത്തിനപ്പുറം ജീവൻ പണയംവെച്ചു ള്ള സാഹസത്തിനു പ്രേരിപ്പിക്കുന്നത്.

'മാമലകൾക്കപ്പുറത്ത് മരതകപ്പട്ടുടുത്ത് മലയാളമെന്നൊരു നാടുണ്ട്' എന്ന ഗാനത്തിലെ 'മധുരക്കിനാവിന്റെ മായാവിമാനത്തിന് മനുഷ്യനെ കൊണ്ടുപോകാൻ കഴിവില്ലല്ലോ' എന്ന വരിയിൽ അക ലങ്ങൾ ഭാവനയാൽ കീഴടക്കാൻ സാധിക്കാത്തതിന്റെ നിരാശയോ ടൊപ്പം ആകാശയാത്രയുടെ സൂചനയും ഉള്ളടങ്ങുന്നു. 'നാളികേ രത്തിന്റെ നാട്ടിലെനിക്കൊരു നാഴിയിടങ്ങഴി മണ്ണുണ്ട്' എന്ന ഗാന ത്തിലെ' ഓരോരോ തീവണ്ടി ഓടിയെത്തുമ്പോഴും ഓടുന്ന മുറ്റത്ത് നീയാണ്' എന്ന വരിയിൽ റെയിൽ ഗതാഗതം സൂചിതമാകുന്നു.

**നിഗമനങ്ങൾ**

മലയാളചലച്ചിത്ര ഗാനങ്ങളിലെ പ്രവാസി ജീവിതാവിഷ് കാരം വിശകലന വിധേയമാക്കുന്നതിലൂടെ മലയാളിയുടെ പ്രവാസ ജീവിതത്തിന്റെ സാമൂഹിക സാംസ്കാരിക സാമ്പത്തിക വസ്തു തകൾ വെളിവാകുന്നു. നാടിനെയും കുടിയേറ്റ ഭൂമിയെയും കുറി ച്ചുള്ള വൈകാരിക സമീപനം കൽപ്പനയിൽ നിന്ന് യാഥാർത്ഥ്യത്തി ലേക്ക് സഞ്ചരിക്കുന്നതായി കാണുന്നുണ്ടെങ്കിലും, മറുകരയിലെ തൊഴിൽ ഭദ്രതയും സാമ്പത്തിക സുരക്ഷിതത്വവും അനുസരിച്ച് സങ്കൽപ്പം മാറുന്നു. കൗതുകവും, തിരിച്ചുവരവിനുള്ള പ്രതീക്ഷയും വിരഹവും വേദനയും ഗൃഹാതുരത്വവുമാണ് പ്രധാനമായും ഗാനങ്ങ ളുടെ വൈകാരിക പശ്ചാത്തലം. യാത്രാപഥത്തെകുറിച്ചുള്ള സൂച നകൾ ഗാനങ്ങളെ സംസ്കാരിക പഠനോപാധിയാക്കി മാറ്റുന്നു. പ്രവാസി ജീവിതം ആവിഷ്കരിക്കുന്ന ചലച്ചിത്ര ഗാനങ്ങൾ നിർമ്മി

ച്ചെടുത്ത ഭാവുകത്വം, പ്രവാസി മലയാളികൾക്കിടയിൽ പങ്കുവെക്കപ്പെടുന്ന വൈകാരിക ഐക്യത്തിന്റെ പ്രതിനിധാനമായി മാറി അതോടൊപ്പം പ്രവാസി ജീവിതത്തിന്റെ അടരുകളിലേക്ക് മലയാളി സമൂഹത്തെ കൊണ്ടെത്തിക്കുന്ന ചൂണ്ടുപലക കൂടിയാവുന്നു ആ ഗാനങ്ങൾ.

**ഗ്രന്ഥസൂചി**


1. ചലച്ചിത്ര ഗാന പഠനങ്ങൾ, കുമാരൻ വയലേരി (എ ഡി), സംസ്കൃത സർവകലാശാല പയ്യന്നൂർ പ്രാദേശിക കേന്ദ്രം, 2011
2. പ്രവാസം പ്രതിനിധാനവും സർഗാത്മകതയും, കെ.കെ. ശിവദാസ്, ഇൻസൈറ്റ് പബ്ലിക്ക, കോഴിക്കോട്, 2019
3. റഫീഖ് അഹമ്മദിന്റെ ചലച്ചിത്ര ഗാനങ്ങൾ, റഫീഖ് അഹമ്മദ്, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2019
4. https://www.doolnews.com/najeeb-moodadi-opinion-on-pravasi-life-filmed-in-malayalam-132.html
5. https://www.asianetnews.com/magazine/column/pravasi-in-malayalam-cinema-kp-jayakumar-column-paatam-2-qmxbv3
6. https://truecopythink.media/music/classical-and-orchestral-film-music-viju-vv

# മധ്യപൂർവേഷ്യൻ രാജ്യങ്ങളിലെ മലയാളി സമാജങ്ങൾ : ചരിത്രവും വർത്തമാനവും

**വൈഷ്ണവി വി.**
ഒന്നാം സെമസ്റ്റർ എം.എ. മലയാളം,
കേരളസർവകലാശാല,

**മലയാളി എന്ന സംജ്ഞ**

കേരളസംസ്ഥാനത്തെ അടയാളപ്പെടുത്തുന്ന സാംസ്കാരിക സ്വത്വമാണ് മലയാളി. മലയാളം സംസാരിക്കുന്നവരാണ് മലയാളികൾ എന്നതിനപ്പുറം മലയാളികൾ കേരളീയരാണെന്ന സ്വത്വബോധം കൂടി അത് നൽകുന്നു.

കേരളത്തിന്റെ സാമൂഹികയും സാംസ്കാരികവും ഭൗതിക വുമായ ഘടനയിൽ 'ലോക മലയാളി' സാന്നിധ്യം നിർണായക പങ്കു വഹിക്കുന്നു. മലയാളിയിൽനിന്ന് ലോക മലയാളിയി ലേക്കുള്ള പരിവർത്തനം മാറ്റം സൃഷ്ടിച്ചു. ഇന്ത്യ യെന്ന ദേശരാഷ്ട്ര സ്വത്വത്തിൽ നിൽക്കുമ്പോഴും, മലയാളി അന്താരാഷ്ട്ര സമൂഹത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. എല്ലാ മേഖലയിലും മലയാളി കളുടെ കടന്നുവരവും അടയാളപ്പെടുത്തലുകളുമാണ് നേട്ടത്തിന് പ്രാപ്തരാക്കിയത്. ഭാഷാവിഭാഗം എന്നതിലപ്പുറം നാടിന്റെ കൂട്ടായ്മയുടെ പേരായി മലയാളി മാറി.

**മലയാളിസമാജത്തിന്റെ രൂപപ്പെടൽ**

അറബിക്കടൽ തീരത്തെ ഭൂപ്രദേശമെന്ന നിലയിലും ഇന്ത്യയിലേക്കുള്ള പ്രവേശന കവാടമെന്ന രീതി യിലും

വിദേശികളെ കേരളം ആകർഷിച്ചു. ചൈനക്കാർ, ബ്രിട്ടീഷുകാർ. പോർച്ചുഗീസുകാർ, ഡച്ചുകാർ, അറബികൾ തുടങ്ങി വൈദേശികർ പല കാലങ്ങളിലായി കേരളത്തിലേക്ക് എത്തിച്ചേരുകയും ഇവിടെ ആധിപത്യം ഉറപ്പിക്കുകയും ചെയ്തു. സുഗന്ധവ്യഞ്ജനങ്ങളും വന വിഭവങ്ങളും നേടാൻ അവർ ശ്രമിച്ചു.

മുമ്പ് കച്ചവടത്തിനും തീർത്ഥാടനത്തിനും മലയാളികൾ മറ്റ് ഇടങ്ങളി ലേക്ക് പോയി. കോളനി കാലഘട്ടത്തിൽ മല യാളികളെ പരമാവധി ചൂഷണം ചെയ്യാൻ വിദേശ ശക്തികൾ ശ്രമി ച്ചു. പോർച്ചുഗീസുകാരും ഡച്ചുകാരും ബ്രിട്ടീഷുകാരും ഇന്തോനേഷ്യ, ശ്രീലങ്കയടക്കമുള്ള രാജ്യങ്ങളിലെ അടിമച്ചന്തകളിൽ കേരളത്തിലെ അടിമകളെ വിറ്റു. സൈനിക സേവനത്തിന്റെ ഭാഗമായി ഇന്ത്യയുടെ പല ഭാഗങ്ങളിലേക്കും മലയാളികൾ പോയി.

* ഒരു സാമൂഹ്യ ഗണമെന്ന എന്ന നിലയിൽ മലയാളികളുടെ രാഷ്ട്രാന്തര പ്രവാസത്തിന് രണ്ടു നൂറ്റാണ്ട് പഴക്കമുണ്ട്. പക്ഷേ വൻതോതിൽ അതാരംഭിക്കുന്നത് ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽക്കാണ്.[1]

ബർമ, സിലോൺ, ശ്രീലങ്ക, മലയാ, ഫിജി എന്നീ രാജ്യങ്ങളിലേക്കാണ് ആദ്യഘട്ടത്തിൽ മലയാളികൾ കുടിയേറിയത്. പിന്നീട് ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലേക്കുള്ള കുടിയേറ്റവും നടന്നു. 1973 ലാണ് ഗൾഫ് പ്രവാസം ശക്തമായത്. അവിദഗ്ധ തൊഴിലാളികൾക്ക് ഗൾഫിലേക്ക് തൊഴിലുകൾ നാട്ടിലെ ജീവിത നിലവാരം ഉയരുന്നതിനു കാരണമായി. ഗൾഫിലേക്ക് കുടിയേറിയവരിൽ ഭൂരിഭാഗവും പുരുഷന്മാരായിരുന്നു. 2024-ലെ കേരള മൈഗ്രേഷൻ സർവ്വേ റിപ്പോർട്ടു പരിശോധിച്ചാൽ ഗൾഫ് രാജ്യങ്ങളിൽ കൂടുതൽ മലയാളി കുടിയേറ്റക്കാരുള്ളത് യു.എ.ഇ യിലാണ് (38.6 ശതമാനം), രണ്ടാമത് 16.9 ശതമാനമുള്ള സൗദി അറേബ്യയിലാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ബോർണിയയിലേക്കുണ്ടായ (ഏഷ്യ) മലയാളി നേഴ്സു മാരുടെ കുടിയേറ്റം, 1960-കൾക്ക് ശേഷം മറ്റിടങ്ങളിലേക്കും വ്യാപിച്ചു. ഇന്ന് മലയാളി നഴ്സുമാർ

ഏറെപ്പേരും അമേരിക്കൻ ഐക്യനാടുകളും യൂറോപ്യൻ രാജ്യങ്ങളും ആസ്ട്രേലിയയും ഗൾഫും സേവനമേഖലയായി തെരഞ്ഞെടുത്തി ട്ടുണ്ട്. ഇന്ത്യൻ സംസ്ഥാനങ്ങളിലേക്കും തൊഴിലിനും വിദ്യാ ഭ്യാസങ്ങൾക്കുമായി മലയാളികൾ ചേക്കേറിയിട്ടുണ്ട്.

തൊഴിലിനും വിദ്യാഭ്യാസത്തിനുമായി നടന്ന കുടിയേറ്റം കൂട്ടായ്മ രൂപീകരണത്തിനു കാരണമായി. വ്യക്തിയിൽനിന്നും കൂട്ടായ്മയിലേക്കുള്ള പരിവർത്തനം പ്രാധാന്യമർഹിക്കുന്നു. ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്ക് മാറ്റപ്പെടുമ്പോൾ ഉണ്ടാവുന്ന അസ്തിത്വപ്രശ്നമാണ് ഒന്നിച്ചു നിൽക്കാനുള്ള പ്രേരണ. അത്തരത്തിൽ ഉണ്ടാവുന്ന അസ്തിത്വ പ്രശ്നങ്ങൾ അതിജീവിക്കാൻ മലയാളികൾ ഒന്നിച്ചുനിന്നു. അവരുടെ കൂട്ടാ യ്മയുടെ ഭാഗമായി രൂപപ്പെട്ടതാണ് മലയാളി സമാജങ്ങൾ. പ്രവാസി മലയാളികളുടെ പൊതു പ്രശ്നങ്ങളിൽ ഇടപെടലുകൾ നടത്തു കയും, ആഘോഷങ്ങളിൽ പങ്കാളിയാവുകയും, വിനോദവേളകൾ ആനന്ദപ്രദമാക്കുകയും സുപ്രധാനമായ ഘട്ടങ്ങളിൽ ഈ മലയാളി കൂട്ടായ്മകൾകേരളത്തി നായി കൈകോർക്കുകയും ചെയ്യുന്നു.

**മലയാളി സമാജങ്ങൾ ഇന്ത്യൻ സംസ്ഥാനങ്ങളിൽ**

കേരളത്തിന്റെ ഭൂപരിധിയിൽ ഒതുങ്ങി നിൽക്കാതെ മലയാളികൾ തങ്ങളുടെ സാന്നിധ്യം എല്ലായിടങ്ങളിലും അടയാള പ്പെടുത്തി. വാണിജ്യ നഗരങ്ങളിലും വിദ്യാഭ്യാസ കേന്ദ്രങ്ങളിലും മറ്റു തൊഴിൽ ഇടങ്ങളിലും മലയാളികളെ കാണാം. ഇത് ആഭ്യന്തര പ്രവാസത്തിന്റെ ഭാഗമാണ്. മദ്രാസ് (ചെന്നൈ) തിരുപ്പൂർ, ഊട്ടി, മുംബൈ, ബാംഗ്ലൂർ, ഹൈദരാബാദ് കൊൽക്കത്ത, അലഹബാദ് (പ്രയാഗ് രാജ്), ജയ്പ്പൂർ, കോയമ്പത്തൂർ, കന്യാകുമാരി, ഗോവ, പൂനെ, കല്യാൺ എന്നീ ഇന്ത്യൻ നഗരങ്ങളിലും വിവിധസംസ്ഥാ നങ്ങളുടെ തലസ്ഥാന നഗരങ്ങളിലും മലയാളിയുടെ സാന്നിധ്യം കാണാം. മുംബൈ മലയാളി, ഡൽഹി മലയാളി, ചെന്നൈ മലയാളി, ബാംഗ്ലൂർ മലയാളി എന്നിങ്ങനെ ചെന്നിടങ്ങളിൽ മലയാളി സ്വത്വം രൂപപ്പെട്ടു. വിദ്യാഭ്യാസം, തൊഴിൽ, ജീവിത നിലവാരം, സാമൂഹികമായ ഐക്യപ്പെടൽ തുടങ്ങിയകാരണങ്ങളാണ്

ഇതിനുപിന്നിൽ. ജനപ്രിയ റിയാലിറ്റി ഷോ ആയ മലയാളം 'ബിഗ്ബോസ്സ്'-ൽ ബാംഗ്ലൂർ മലയാളി, ചെ ന്നൈ മലയാളി, മുംബൈ മലയാളി എന്നിങ്ങനെയുള്ള ഒരു ഉൾക്കൊള്ളൽ കാണാം.

**ചെന്നൈ (മദ്രാസ്)**

തമിഴ്നാടിന്റെ തലസ്ഥാനമായ ചെന്നൈയിൽ ഒരുപാട് മലയാളികൾ സാങ്കേതിക, കച്ചവട, സിനിമാവസ്ത്ര നിർമ്മാണ രംഗങ്ങളിൽ ജോലി ചെയ്യുന്നു. പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ധാരാളം മലയാളി വിദ്യാർഥികൾ പഠിക്കുന്നു. സിനിമാരംഗത്ത് നിന്നുള്ളവരടക്കം സ്ഥിര താമസക്കാരായ മലയാളികൾ അവിടെയുണ്ട്. ഇതിനെ തുടർന്ന് ധാരാളം മലയാളി കൂട്ടായ്മകൾ തമിഴ്നാട്ടിൽ രൂപപ്പെട്ടു. 1989 നവംബർ 12ന് തമിഴ്നാട്ടിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ മലയാളി സംഘടനകളെയും ഒരു കുടകീഴിൽ കൊണ്ടുവ രികയെന്ന ലക്ഷ്യത്തോടെ രൂപപ്പെട്ട 'കോൺഫെഡറേഷൻ ഓഫ് തമിഴ്നാട് മലയാളി അസോസിയേഷൻസ് (സി.ടി.എം.എ.) നൂറി ലധികം മലയാളി സമാജങ്ങളുടെ കൂട്ടായ്മയാണ്.

'മലയാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും അവരുടെ നാടൻ രുചികളുടെ സാംസ്കാരികവും സാമൂഹികവുമായ സ്വത്വം വ്യത്യസ്തമായ ഭൂമിശാസ്ത്രപരമായ പ്രദേശത്ത് അവതരിപ്പിക്കുകയും ജനകീയമാക്കുകയും ചെയ്യുക എന്നതാണ് സംഘടനയുടെ ലക്ഷ്യം.' (സി.ടി.എം.എ. വിക്കി പീഡിയ) ധാരാളം ചെറുതും വലുതുമായ മലയാളി കൂട്ടായ്മകൾ തമിഴ്നാട്ടിൽ പ്രവർത്തിക്കുന്നുണ്ട്. മലയാളികളുടെ പൊതു പ്രശ്ന ങ്ങൾ, വിദ്യാഭ്യാസ സാമ്പത്തിക ജീവകാരുണ്യ രംഗങ്ങളിലുള്ള സഹായങ്ങൾ സാമൂഹികമായ ഐക്യപ്പെടൽ എന്നിവയ്ക്കെല്ലാം ഇത്തരം കൂട്ടായ്മകൾ അവസരം ഒരുക്കുന്നു. മലയാളിയുടെ സാമൂഹീകരണത്തിന് ഇത്തരം കൂട്ടായ്മകൾ വഹിക്കുന്ന പങ്ക് നിർ ണായകമാണ്. ഓണം ആഘോഷിക്കാനും തമിഴ്നാട്ടിൽ മലയാളി സാന്നിധ്യം കൂടുതലുള്ള ജില്ലകളിൽ അന്നേദിവസം പൊതു അവധിയാക്കാനും മലയാളി സമാജങ്ങൾ ശ്രമിച്ചു.

പ്രളയം,കോവിഡ് എന്നീ അടിയന്തര സാഹചര്യങ്ങളിൽ കേരളത്തിനും തമിഴ് നാടിനും ഒരുപോലെ ഈ കൂട്ടായ്മകളുടെ കരുതൽ ലഭ്യമായി.

**മുംബൈ**

ഏറ്റവുമധികം മലയാളികൾ അധിവസിക്കുന്ന ഇന്ത്യൻ നഗരമാണ് മുംബൈ. ഇതിലേറിയ പങ്കും താൽക്കാലികമായോ അല്ലാതെയോ വിവിധ ആവശ്യങ്ങൾക്കായി കുടിയേറിയവരാണ്. മുംബൈ മലയാളി അസോസിയേഷൻ, മലയാളി അസോസിയേഷൻ ഓഫ് വിക്ടോ റിയ, വേൾഡ് മലയാളി കൗൺസിൽ, ഓൾ മുംബൈ മലയാളി അസോസിയേഷൻ (അമ്മ), കല്യാൺ സെൻട്രൽ കൈരളി സമാജം എന്നീ മലയാളി കൂട്ടായ്മകൾ മഹാരാഷ്ട്രയുടെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്നു. മുംബൈയിലെ മലയാളി സമാജങ്ങളുടെ ഭാഗമായി ഓണവും വിഷുവും റംസാനും പൊങ്കലും ആഘോഷിക്കുന്നു.

മലയാളികളുടെ പൊതു പ്രശ്നങ്ങളിൽ സജീവമായ ഇടപെടലുകൾ നടത്തുന്നു. മുംബൈ മലയാളം മിഷൻ വിദ്യാർത്ഥി കളെ മലയാളം പഠിപ്പിക്കുന്നതടക്കമുള്ള പ്രവർത്തനം നടത്തുന്നു." അതിൽ മലയാളി കൂട്ടായ്മകളുടെ പങ്കാളിത്തം കാണാം. കേരളത്തിന്റെയും മഹാരാഷ്ട്രയുടെയും സാംസ്കാരിക പൈതൃകം ഉയർത്തിപ്പിടിക്കുന്ന 'മറാത്തി-മലയാളി എത്നിക് ഫെസ്റ്റ്' രണ്ടു നാടുകൾ തമ്മിലുള്ള ഐക്യപ്പെടലിനു തെളിവാണ്. 2024-ലെ ലോക്സഭ തെരഞ്ഞെടുപ്പിൽ മലയാളി വോട്ടർ മാരെ പ്രാധാന്യത്തോടെയാണ് മാധ്യമങ്ങൾ വിലയിരുത്തിയത്

**ഡൽഹി**

ഡൽഹിയിലും എൻസിആറിലും താമസിക്കുന്ന 10 ലക്ഷത്തോളം കേരളീയരുടെ കൂട്ടായ്മയായ, 1949ൽ സ്ഥാപിതമായ ഡൽഹി മലയാളി അസോസിയേഷൻ. ദേശീയ അഖണ്ഡത, സാമൂഹിക ക്ഷേമം, മെച്ചപ്പെട്ട വിദ്യാഭ്യാസം, സ്ത്രീശാക്തീകരണം, ആരോഗ്യരംഗം എന്നീ വ്യത്യസ്ത മേഖലകൾ കേന്ദ്രീകരിച്ചുള്ള

പ്രവർത്തനമാണ് ലക്ഷ്യമാക്കുന്നത്. നാല് കേരള സ്കൂളുകൾ സ്ഥാപിക്കുന്നതിലും ഡൽഹിയിലെ കഥകളി കേന്ദ്രം പുനരുജീവിപ്പിക്കുന്നതിലും ഇവരുടെ ഇടപെടൽ കാണാം. മലയാളികളുടെ ആഘോഷങ്ങൾ, സാംസ്കാരിക പരിപാടികൾ, ചർച്ചകൾ, പൊതു പ്രശ്നങ്ങൾ പരിഹരിക്കൽ എന്നിവ മലയാളി അസോസിയേഷനുകളുടെ ഭാഗമായി നടക്കുന്നു. കേരളത്തിന്റെ ഔദ്യോഗിക വസതിയായ കേരള ഹൗസിന്റെ നേതൃത്വത്തിലും വിവിധ പ്രവർ ത്തനങ്ങൾ നടക്കുന്നു. മലയാളി വിദ്യാർത്ഥി കൂട്ടായ്മയാണ് ഡൽഹി സർവകലാശാലയിലെ മൈത്രി. ഡൽഹിയുടെ വിവിധ ഭാഗങ്ങളിൽ കേരളത്തിന്റെ രുചി വൈഭവത്തിനു ഖ്യാതിയുള്ള ഭക്ഷണശാലകളുണ്ട്.

**ബാംഗ്ലൂർ**

ബാംഗ്ലൂർ മലയാളി അസോസിയേഷൻ, മലയാളി ഫാമിലി അസോസിയേഷൻ, ബാംഗ്ലൂർ മലയാളി വെൽഫെയർ അസോസിയേഷൻ, കേരള സമാജം, ഓൾ ഇന്ത്യ മലയാളി അസോസിയേഷൻ, തുടങ്ങി നിരവധി മലയാളി കൂട്ടായ്മകൾ പ്രവർത്തിക്കുന്നു. കേരളത്തിൽനിന്നുള്ള അഭിനേതാക്കളുടെ പേരിലുള്ള കൂട്ടായ്മകളുണ്ട്.

**കൊൽക്കത്ത**

1950-കളിലും 1960-കളിലും ആയിരക്കണക്കിന് മലയാളികൾ കൊൽക്കത്തയിൽ എത്തിയത് വൈറ്റ് കോളർ ജോലിയുടെ മോഹവുമായിരുന്നു. 1951-ൽ, നഗരത്തിലെ 50,000-ത്തോളം വരുന്ന മലയാളികൾ ചേർന്ന് കൽക്കട്ട മലയാളി സമാജം സ്ഥാപിച്ചു.' (മെയ് 17, 2016 ഇന്ത്യൻ എക്സ്പ്രസ് വാർത്ത) കൊൽക്കത്തയിലെ വ്യാവസായിക അന്തരീക്ഷം മലയാളികളെ സ്വാധീനിച്ചിരുന്നു. കൽക്കട്ട മലയാളി സമാജം, കേരളീയ മഹിളാ സമാജം കൊൽക്കത്ത, ഓൾ ഇന്ത്യ മലയാളി അസോസിയേഷൻ കൊൽക്കത്ത, കേരള കൾച്ചറൽ ഫോറം എന്നീ മലയാളി സമാജങ്ങൾ കൊൽക്കത്തയിൽ പ്രവർത്തിക്കുന്നു. സംസ്കാരികമായ ഇടപെടലുകളും കൂട്ടായ്മയിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങളും തന്നെയാണ് ഇവിടെയും നടക്കുന്നത്.

ദമൻ മലയാളി സമാജം, കച്ച് മലയാളി സമാജം, ബറോഡ കേരള സമാജം, യുണൈറ്റഡ് മലയാളി അസോസിയേഷൻ മധ്യപ്രദേശ്, നാഗാലാന്റ് കേരള സമാജം, പഞ്ചാബ് മൊഹാലിയിലെ മലയാളി സൊസൈറ്റി, ഹരിയാനയിലെ ചൈത്രം മലയാളി വെൽഫെയർ സൊസൈറ്റി എന്നിങ്ങനെ പലേടത്തും മലയാളികളുടെ കൂട്ടായ്മകൾ കാണാം..

**വിദേശ മലയാളി സമാജങ്ങൾ**

പല സമയങ്ങളിൽ പല ആവശ്യങ്ങൾക്കായി വിദേശത്തേക്ക് പോകേണ്ടിവന്ന ആളുകൾ ഒരുമിച്ച് ചേർന്ന് രൂപപ്പെടുത്തിയ ഐക്യ ബോധമാണ് വിദേശ മലയാളി കൂട്ടായ്മകളുടെ ആവിർഭാവത്തിന് കാരണമായത്.

**മലേഷ്യ (മലയാ)**

കേരളത്തിൽ നിന്ന് കുടിയേറിയ മലയാളികളെയും, മലേഷ്യയിൽ ജനിച്ച മലയാളികളെയും മലേഷ്യൻ മലയാളികൾ എന്ന് പറയുന്നു. മലേഷ്യയിലേക്ക് വൻതോതിൽ മലയാളി കുടിയേറ്റം നടക്കുന്നത് ബ്രിട്ടീഷ് ഭരണകാലത്താണ്. ഈന്തപ്പ നത്തോട്ടങ്ങളിൽ പണിയെടുക്കുന്നതിനും ഗുമസ്ത പണിക്കും ഹോസ്പിറ്റൽ ജോലികൾക്കും ബ്രിട്ടീഷുകാർ മലയാളികളെ ഉപയോഗിച്ചു. അതിനുമുമ്പേ മലബാറിൽ നിന്നുള്ള മുസ്ലിം കച്ചവടക്കാർ അവിടെ കച്ചവടത്തിനുപോയി. 'കംപോങ്ങ് കാക്ക, കംമ്പോങ് കൊലാം,കമ്പോങ് മലബാർ എന്നീ പേരുകൾ മലയാളി സ്വാധീനത്തിന് തെളിവാണ്' (പ്രവാസം പ്രതിനിധാനവും സർഗാത്മകതയും പുറം 33- കെ. കെ. ശിവദാസ്) 1957 ൽ മലേഷ്യ സ്വതന്ത്രമാക്കപ്പെട്ടതോടെ മലയാളികൾ ഓസ്ട്രേലിയ, ന്യൂസിലാൻഡ് അടക്കമുള്ള രാജ്യങ്ങളിലേക്ക് കുടിയേറി. മലയായിലേക്ക് കുടിയേറിയതോടെ, ഭക്ഷണം, ജീവിതശൈലി, വസ്ത്രധാരണം, വിശ്വാസങ്ങൾ എന്നിവയിലൊക്കെ സാംസ്കാരി കമായ കൈമാറ്റം നടന്നു. മലയാളി സ്ത്രീകളേക്കാൾ പുരുഷൻമാർ ഉണ്ടായിരുന്നതിനാൽ പലരും മലയാളി പുരുഷന്മാരും തമിഴ് സ്ത്രീകളെ വിവാഹം ചെയ്തിരുന്നു. ലിംഗാനു പാതത്തിൽ ഉണ്ടായ

വ്യാപകമായ കുറവ് വിധവാവിവാഹത്തിനും മിശ്രവിവാഹത്തിനും കാരണമായി.

ഓൾ മലേഷ്യ മലയാളി അസോസിയേഷന്റെ നേതൃത്വത്തിൽ കേരളീയ ആഘോഷങ്ങളും സാംസ്കാരിക പരിപാടികളും നടക്കുന്നു ണ്ട്. 1956 ആരംഭിച്ച കൈരളി ആർട്സ് ക്ലബ്ബ് നാടകരംഗത്ത് സുപ്രധാനമായ ഇടപെടലാണ് നടത്തുന്നത്. റേഡിയോ 6 എന്നറിയപ്പെ ട്ടിരുന്ന മിന്നൽ എഫ്.എം-ൽ 1970-കൾ മുതൽ തന്നെ മലയാള ഗാനങ്ങൾ ഉൾപ്പെടുത്തിയിരുന്നു. 2020-ൽ, ''അച്ചമ്മക്ക് ഒരു വിഷു ക്കണി" എന്ന പേരിൽ മലേഷ്യൻ മലയാളത്തിലെ ആദ്യ ടെലിമൂവി വിഷുവിനോടനുബന്ധിച്ച് ആസ്ട്രോ വാനവിൽ പ്രദർ ശിപ്പിച്ചു. മലേഷ്യ ആസ്ഥാനമായുള്ള ആദ്യകാല മലയാളി അസോ സിയേഷൻ 1923-ൽ സ്ഥാപിക്കപ്പെട്ട പെരക്കിലെ ട്രോലാക്ക് ആസ്ഥാ നമായുള്ള മലയാളം മലയാളി അസോസിയേഷനാണ്. 1923ൽ, ഈ സംഘടന, ഗുമസ്തൻ, ഡ്രൈവർ, മറ്റു ജോലിക്കായി ശ്രമിക്കുന്നവർ എന്നിങ്ങനെ തൊഴിൽരഹിത മലയാളികൾക്ക് ജോലി നൽകുന്നതിനായി കാമ്പയിൻ ആരംഭിച്ചു. 1970 ആയപ്പോഴേക്കും പെനിൻസുലർ മലേഷ്യയിൽ 7 മലയാളി അസോസിയേഷനുകൾ സ്ഥാപിതമായി. 1975-ൽ ഓൾ മലേഷ്യ മലയാളി അസോസിയേഷൻ രൂപീകൃതമായി. നോർത്ത് മലേഷ്യ മലയാളി സമാജം, മലേഷ്യ മലയാളി കത്തോലിക്ക് അസോസി യേഷൻ, പ്രവാസി മലബാറി മലയാളി മലേഷ്യ അസോസിയേഷൻ, ക്ലാങ് മലയാളി അസോസിയേഷൻ എന്നിങ്ങനെയുള്ള മലയാളി കൂട്ടായ്മകൾ മലേഷ്യ കേന്ദ്രീകൃതമായി പ്രവർത്തിക്കുന്നുണ്ട്.

**സിംഗപ്പൂർ**

27,000 ത്തിലധികം മലയാളികൾ സിംഗപ്പൂരിൽ ഉണ്ട്. ബ്രിട്ടീഷ് കോളനിയായ മലേഷ്യയുടെ ഭാഗമായിരുന്നു 1965-നു മുമ്പ് വരെ സിംഗപ്പൂർ. പഴക്കം ചെന്ന മലയാളി കൂട്ടായ്മയായ NBKL - നേവൽ ബേസ് കേരള ലൈബ്രറി സിംഗപ്പൂരിലാണ്. ദ്വീപിലെ 1947-ലെ സെൻസസ് പ്രകാരം ഇന്ത്യൻ ജനസംഖ്യയുടെ 16 ശതമാനം മലയാളികളായിരുന്നു. കേരളത്തിൽനിന്ന് സിംഗപ്പൂരിലേക്കുള്ള

കുടിയേറ്റത്തിന്റെ ആദ്യ ആധുനിക തരംഗം പതിനെട്ടാം നൂറ്റാണ്ടിൽ ആരംഭിച്ചതായി കരുതപ്പെടുന്നു. ബ്രിട്ടീഷുകാർ മലാക്ക കടലിടുക്കിൽ നാവിക-സൈനിക താവളങ്ങൾ സ്ഥാപിച്ചപ്പോൾ നിരവധി മലയാളികൾ തൊഴിലവസരങ്ങൾ തേടി സിംഗപ്പൂരിലേക്ക് എത്തി. 1917-ൽ സിംഗപ്പൂർ മലയാളി അസോസിയേഷൻ സ്ഥാപി തമായി. സിംഗപ്പൂരിലെ ഇന്ത്യൻ സമൂഹത്തിന് വേണ്ടിയുള്ള ആദ്യ ത്തെ കൂട്ടായ്മയാണ്.

"മലയാളികൾ പണ്ടേ വൈവിധ്യങ്ങളെ സ്വീകരിക്കുകയും ആഘോഷിക്കുകയും ചെയ്തിട്ടുണ്ട്. ഹിന്ദുക്കളെയും മുസ്ലീങ്ങ ളെയും സിറിയൻ ക്രിസ്ത്യാനികളെയും റോമൻ കത്തോലിക്കരെയും ഒന്നായി കണക്കാക്കുമ്പോൾ വൈവിധ്യത്തെ ശക്തിയാക്കി മാറ്റു ന്നതിന്റെ മികച്ച ഉദാഹരണമാണ് മലയാളികൾ കാണിക്കുന്നത്' സിംഗപ്പൂർ പ്രധാനമന്ത്രി ലീ സിയാൻ ലോംഗ് കൂട്ടായ്മയുടെ ശതാ ബ്ദി വാർഷികത്തിന് പറഞ്ഞ വാക്കുകളാണ്. (Singapore's strong Malayali heritage - January 19, 2020, Manorama Online)

25 വർഷം സിംഗപ്പൂരിൽ താമസിച്ച വിലാസിനിയുടെ 1965-ൽ പ്രസിദ്ധീകരിച്ച നോവൽ 'നിറമുള്ള നിഴലുകൾ' ഒന്നാം ലോകയുദ്ധകാലത്തെ മലയാളികളുടെ ജീവിതം അടയാളപ്പെടു ത്തുന്നു. മലേഷ്യൻ മലയാളി (കേരള ബന്ധു) 1939-ൽ മലയയിൽ വാരികയായി പ്രസിദ്ധീകരണം ആരംഭിച്ചു, ഇത് പിന്നീട് സിംഗപ്പൂരിലേക്ക് മാറി. മലയാളം സംസാരിക്കുന്ന വായനക്കാരുടെ എണ്ണം ക്രമാതീതമായി കുറയുന്നത് 1988-ൽ ഇതിന്റെ പ്രസിദ്ധീകരണം നിർത്താൻ നിർബന്ധിതരാക്കിയെന്ന് കവിയും അദ്ധ്യാപകനുമായ എം.കെ. ഭാസി രേഖപ്പെടുത്തിയിട്ടുണ്ട്. സിംഗപ്പൂർ മലയാളി സാഹിത്യസമിതി, മലയാളം ലാംഗ്വേജ് എജു ക്കേഷൻ സൊസൈറ്റി, സിംഗപ്പൂർ മലയാളി അസോസിയേഷൻ, സിംഗപ്പൂർ മലയാളി അസോസിയേഷൻ യൂത്ത്വിംഗ്, സിംഗപ്പൂർ കേരള അസോസിയേഷൻ - മലയാളികൾച്ചറൽ അസോസിയേ ഷൻ, സിംഗപ്പൂർ മലയാളി ഹിന്ദു സമാജം എന്നീ മലയാളി സമാ ജങ്ങൾ അവിടെ പ്രവർത്തിക്കുന്നു. സിംഗപ്പൂരിൽ മലയാളി കൂട്ടായ്മകളും മലയാളി സാന്നിധ്യവും വളരെ പ്രധാനപ്പെട്ട ഒരു

വിഭാഗമായി കണക്കാക്കപ്പെടുന്നു. ആഘോഷങ്ങളും പൈ തൃകവും കൂട്ടായ്മാബോധവുമാണ് അവരെ മുന്നോട്ടു നയിക്കുന്നത്.

**ശ്രീലങ്ക (സിലോൺ)**

200 ഓളം മലയാളി കുടുംബങ്ങൾ ശ്രീലങ്കയിലുണ്ട്. അതിൽ 75 കുടുംബം കൊളംബോയിലാണ് . 1815 മുതൽ 1948 വരെ ബ്രിട്ടീഷ് അധിനിതയിലായിരുന്ന ശ്രീലങ്കയിൽ 1830 നു ശേഷം കാപ്പിത്തോട്ടങ്ങളും, കാപ്പിയുടെ ശോഷണത്തെ തുടർന്ന് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ ചായത്തോട്ടങ്ങളും ഇരുപതാം നൂറ്റാണ്ടിന്റ ആദ്യദശകത്തിൽ റബ്ബർ തോട്ടങ്ങളും വെച്ചുപിടിപ്പിച്ചതോടെയാണ് മലയാളി കുടിയേറ്റം ഉണ്ടായത്.' (പ്രവാസം : പ്രതിനിധാനവും സർഗാത്മകതയും) ശ്രീലങ്കയിൽ രൂപപ്പെട്ട പ്രാദേശിക വാദം മലയാളികളടക്കമുള്ള കുടിയേറ്റക്കാരുടെ എണ്ണം ശ്രീലങ്കയിൽ കുറയുന്നതിനു കാരണമായി. എസ്.പി.നമ്പൂതിരി എഴുതിയ ശ്രീലങ്കയെക്കുറിച്ചുള്ള മലയാള ഭാഷാ യാത്രാവിവരണമാണ് "ലങ്ക ദർശനം." കോമൽ (കൊളംബോ മലയാളികൾ), കേരള സമാജം ഓഫ് ശ്രീലങ്ക തുടങ്ങിയവ അവിടത്തെ മലയാളി കൂട്ടായ്മകളാണ്.

**ബഹ്റൈൻ**

ഒരു ലക്ഷത്തിലധികം മലയാളികൾ ബഹറിനിൽ ഉണ്ട്. ബഹ്റൈൻ പെട്രോളിയം കമ്പനിയുടെ സ്ഥാപനത്തോടെയാണ് വ്യാപകമായി മലയാളികൾ ബഹ്റൈനിലേക്ക് ആകർഷിക്കപ്പെട്ടത്. ലിബറൽ നികുതി ഘടനയുള്ള ബഹ്റൈനിലെ ബിസിനസ്സ് അന്തരീക്ഷം മെച്ചപ്പെട്ടതാണ്. ഇന്ത്യയും ബഹ്റൈനും തമ്മിലുള്ള വ്യാപാരം മെച്ചപ്പെടുത്തുന്നതിൽ മലയാളി സമൂഹം സജീവ പങ്കുവഹിക്കുന്നു. ബഹ്റൈൻ മലയാളി അസോസിയേഷൻ, ബഹ്റൈൻ കേരളീയ സമാജം, ബഹ്റൈൻ മലയാളി പ്രവാസി അസോസിയേഷൻ, ഓവർസീസ് റസിഡന്റ് മലയാളി അസോസിയേഷൻ എന്നീ മലയാളി കൂട്ടായ്മകൾ അവിടെ പ്രവർത്തിക്കുന്നു. സാംസ്കാരിക സാമൂഹിക വിദ്യാഭ്യാസ രാഷ്ട്രീയ ഇടങ്ങളിൽ സ്വാധീനം ചെലുത്താനും പ്രവാസികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താനും ഈ കൂട്ടായ്മകൾ ശ്രമിക്കുന്നു.

**ഖത്തർ**

445,000 ലധികം മലയാളികൾ ഖത്തറിൽ ഉണ്ട്. 1970 കളിൽ ചെറുകിട കച്ചവടക്കാരും പെട്രോളിയം തൊഴിലാളികളും ധാരാള മായി ഖത്തറിനെ ആശ്രയിച്ചിരുന്നു. അഭ്യസ്തവിദ്യരായ, സാങ്കേ തിക മേഖല, ആരോഗ്യരംഗം വിദ്യാഭ്യാസം മറ്റു മേഖലകളിലെ പങ്കാളിത്തം കൂടി വർദ്ധിച്ചു വരുന്നു. ഖത്തർ മലയാളി അസോ സിയേഷൻ, മലയാളി സമാജം,കേരള സോഷ്യൽ ആൻഡ് കൾച്ചറൽ അസോസിയേഷൻ തുടങ്ങി നിരവധി പ്രവാസി കൂട്ടായ്മകൾ സജീ വമായി പ്രവർത്തിക്കുന്നുണ്ട്.

**അമേരിക്ക**

ലക്ഷക്കണക്കിന് മലയാളികൾ അമേരിക്കയെ വിദ്യാഭ്യാസ ത്തിനും തൊഴിൽ സാധ്യതകൾക്കുമായി ആശ്രയിക്കുന്നു. 'ന്യൂ ജേഴ്സി സംസ്ഥാനത്തെ ബെർജൻ കൗണ്ടി, ന്യൂയോർക്ക് സംസ്ഥാ നത്തെ റോക്ലാന്റ് എന്നിവ മലയാളികൾ ധാരാളമുള്ള നഗരങ്ങളാണ്. സർവകലാശാലകളിൽ ഉന്നത വിദ്യാഭ്യാസത്തിനായി ധാരാളം ഇന്ത്യൻ വിദ്യാർത്ഥികൾ പോകുന്നു. ഐടി നേഴ്സിങ് അടക്കമുള്ള മേഖലകളിൽ ധാരാളം മലയാളികൾ അമേരിക്കയിൽ ജോലി ചെയ്യുന്നു. ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഇൻ അമേരിക്ക (ഫൊക്കാന), നോർത്ത് അമേരിക്കൻ മലയാളി ആന്റ് അസോസിയേറ്റഡ് മെമ്പേഴ്സ് തുടങ്ങി നിരവധി സജീവമായ സമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. രാഷ്ട്രീയമായ വിവിധ മേഖലകളിൽ മലയാളികൾ തങ്ങളുടെ സ്വാധീനം ഉറപ്പിച്ചിട്ടുണ്ട്. പലയിടങ്ങളിലും മലയാളികൾ ഇലക്ഷനിൽ മത്സരിക്കുകയും വിജയിക്കുകയും ചെയ്യുന്നു. സാംസ്കാരിക രാഷ്ട്രീയ സാമൂഹിക രംഗങ്ങളിലുള്ള ഇടപെടലുകളുടെ ഭാഗമാണത്.

ചൈനാ മലയാളി അസോസിയേഷൻ, വേൾഡ് മലയാളി ഫെഡറേഷൻ, കേരള അസോസിയേഷൻ ഇൻ കാനഡ, കനേ ഡിയൻ മലയാളി അസോസിയേഷൻ, അബുദാബി മലയാളി സമാ

ജം, യുഎഇ മലയാളി അസോസിയേഷൻ, ധാക്ക മലയാളി അസോസിയേഷൻ, കേരള സമാജം ഫ്രാങ്ക്ഫർട്ട് (ജർമ്മനി), എക്സ്റ്റൺ മലയാളി അസോസിയേഷൻ (ഇ.എം.എ.), മലയാളി അസോസിയേഷൻ ഓഫ് പ്രിട്ടോറിയ, ജോഹന്നാസ്ബർഗ് മലയാളി അസോസിയേഷൻ എന്നിങ്ങനെ വ്യത്യസ്ത രാജ്യങ്ങളിൽ, മലയാളി സമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ജനാധിപത്യപരവും സഹവർത്തിത്വവും പര സ്പരമുള്ള കൂട്ടായ്മ ബോധവുമാണ് അവയ്ക്ക് അടിസ്ഥാനം.

**മലയാളി സമാജം മറ്റു പേരുകളിൽ**

ഏകീകൃതമായ ഒറ്റ പേരിലല്ല കൂട്ടായ്മകൾ അറിയപ്പെടുന്നത്. മലയാളി സമാജം, കേരള സമാജം, കൈരളി സമാജം കേരളവുമായി ബന്ധപ്പെട്ടു പേരുകളാണ് ഈ കൂട്ടാ യ്മകൾ സ്വീകരിച്ചിട്ടുള്ളത്. ഇന്ത്യയിലും ഇന്ത്യയ്ക്ക് പുറത്തും രൂപ പ്പെട്ടിട്ടുള്ള സമാജങ്ങളുടെ പൊതുവായ ഘടന പരിശോധിക്കുമ്പോൾ അവയുടെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും കൂട്ടായ്മയുടെ പേര് സ്വീകരിക്കുന്നതിലും സമാനത കാണാനാവും. ഈ കൂട്ടായ്മകൾ എല്ലാം തങ്ങളുടെ നാടിനെ അടയാളപ്പെടുത്തുന്ന പേര് നൽകുന്നതിനോടൊപ്പം തന്നെ തങ്ങൾ താമസിക്കുന്ന പ്രദേശത്തിന്റെ പേരും ചേർക്കുന്നു. (ഉദാ. ഡൽഹി മലയാളി അസോസിയേഷൻ) ചെറുതും വലുതുമായ ഒരുപാട് കൂട്ടായ്മകൾ രൂപപ്പെട്ടിട്ടുണ്ട്. ഓരോ ചെറു പ്രദേശങ്ങളുടെ പേരിലും ജില്ലകളുടെ പേരിലും സംസ്ഥാനത്തിന്റെ പേരിലും രാജ്യത്തിന്റെ പേരിലും സംഘടനകൾ രൂപപ്പെട്ടിട്ടുണ്ട്. പ്രാദേശികതയെ അടയാളപ്പെടുത്തുകയാണ് അതിലൂടെ.

**മലയാളം മിഷനും മലയാളി സമാജവും**

കേരള സർക്കാർ പദ്ധതിയാണ് മലയാളം മിഷൻ. അന്യദേശങ്ങളെ മലയാളികൾക്ക് സ്വന്തം ഭാഷ കൈകാര്യം ചെയ്യാനോ പരിപോഷിപ്പിക്കാനോ സാധിക്കണമെന്നില്ല. ഈ സാഹചര്യത്തിൽ മലയാളം മിഷൻ പ്രവാസി കൂട്ടായ്മകളുമായി സഹകരിച്ച് ഭാഷാപഠനത്തിനുള്ള അവസരം ഒരുക്കുന്നു. ഓരോ ആളുകളെയും

ഇതിന്റെ സാധ്യതകളെ ബോധ്യപ്പെടുത്തുന്നതിലും എളുപ്പമാണ് കൂട്ടായ്മയിലൂടെയുള്ള പ്രവർത്തനം. മലയാളി സമാജങ്ങളുടെ നേതൃത്വത്തിൽ വിവിധ നഗരങ്ങളിൽ ഭാഷാ പഠന കേന്ദ്രങ്ങൾ സ്ഥാപിച്ചു. കുട്ടികൾക്കും മുതിർന്നവർക്കും പരിശീലനത്തിനുള്ള അവസരം ലഭ്യമാക്കുന്നു. കണിക്കൊന്ന, സൂര്യകാന്തി, ആമ്പൽ, നീലക്കുറിഞ്ഞി നൽകുന്നു. എസ്.ഇ.ആർ.ടിയുടെ സഹകരണത്തോടെ തയ്യാറാക്കിയ സർട്ടിഫിക്കറ്റ് കോഴ്സുകളിലൂടെ ഭാഷാ പരിശീലനം നൽകുന്നു. ഡൽഹി മലയാളി അസോസിയേഷൻ, മുംബൈ മലയാളി അസോസിയേഷൻ എന്നീ നിരവധി കൂട്ടായ്മകൾ ഈ ആശയത്തോട് സഹകരിക്കുന്നു. ഇന്ത്യയ്ക്ക് പുറത്തുള്ള കുട്ടികൾക്കും മലയാളം മിഷൻ ചാപ്റ്ററുകൾ വഴി പഠിക്കാനും പരീക്ഷ എഴുതാനും മലയാളി അസോസിയേഷനുകൾ സഹകരിക്കുന്നു. മലയാളം മിഷൻ മലയാ ൺമ ഭാഷാപുരസ്കാരങ്ങൾ നൽകി വരുന്നുണ്ട്. 2023ലെ പ്രവാസ ലോകത്തെ ഭാഷാ പ്രവർത്തനങ്ങൾക്ക് മികച്ച പിന്തുണ നൽകുന്ന മലയാളി പ്രവാസി സംഘടനയ്ക്ക് നൽകുന്ന സുഗതാഞ്ജലി പ്രവാസി പുരസ്കാരം ബഹറിൻ കേരളീയസമാജം നേടി. ഇത്തരത്തിൽ പരസ്പരം സഹകരിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

**ലോക കേരളസഭയും നോർക്കയും**

കേരളീയരുടെ പൊതുവേദിയാണ് ലോക കേരളസഭ. പ്രവാസി മലയാളികളുടെ പൊതുപ്രശ്നങ്ങൾ, കുടി യേറ്റ തൊഴിലാളികളോട് വിവിധ രാജ്യങ്ങൾ സ്വീകരിക്കുന്ന നിലപാട്, ആവശ്യഘട്ടങ്ങളിലുള്ള പുനരുധിവാസം, കൂടുതൽ നിക്ഷേപങ്ങളെ ആകർഷിക്കുന്നതിനായുള്ള വ്യവസായനയം എന്നീ വിവിധ വിഷയങ്ങൾ ലോക കേരളസഭ മുന്നോട്ടുവയ്ക്കുന്നു. വിവിധ രാഷ്ട്രങ്ങളിലെ മലയാളി പ്രതിനിധികൾ ലോക കേരള സഭയുടെ ഭാഗമാകുന്നു. സാംസ്കാരികവും സാമൂഹികവുമായ ആവിഷ്കാരത്തിനു കൂടി ഇത്തരം വേദികൾ കാരണമാകുന്നു. വിദേശ സർവകലാശാലകൾ, കോഴ്സുകൾ, തൊഴിൽ നിയമങ്ങൾ എന്നിവ അതതു സമയങ്ങളിൽ നോർക്കാ റൂട്സിന്റെയും ലോക

കേരളസഭയുടെയും സഹായത്തോടുകൂടി ആവശ്യക്കാർക്ക് ലഭ്യമാക്കാനും ശ്രമിക്കുന്നു. ഇന്ത്യൻ പൗര ന്മാരുമായി ബന്ധപ്പെട്ട് ഉണ്ടാവാൻ സാധ്യതയുള്ള പ്രശ്നങ്ങൾക്ക് ഒരു പരിഹാരം എന്ന രീതിയിൽ ഗവൺമെന്റ് തലത്തിലുള്ള പിൻബലം ഇത് മുന്നോട്ട് വയ്ക്കുന്നു. പ്രവാസികളും പ്രവാസി കൂട്ടായ്മകളും ഇതിനോട് സഹകരിക്കുമ്പോഴാണ് സംസ്ഥാനം വിഭാ വനം ചെയ്യുന്ന കൂട്ടായ്മയിൽ അധിഷ്ഠിതമായ ഫലം ലഭ്യമാവുകയുള്ളൂ.

2024 ലെ ലോക കേരളസഭയിൽ അവതരിപ്പിക്കപ്പെട്ട കേരള മൈഗ്രേഷൻ സർവ്വേ റിപ്പോർട്ട് പ്രകാരം 2023-ൽ ഏകദേശം 22 ലക്ഷം ആളുകളാണ് പ്രവാസികളായിട്ടുള്ളത്. 2018-ൽ 129763 വിദ്യാ ർത്ഥി കുടിയേറ്റമുണ്ടായിരുന്നത് 2023 ൽ 250000 ആയി വർദ്ധിച്ചു. കേരളത്തിൽ നിന്നുള്ള പ്രവാസികളിൽ 11.3 ശതമാനവും വിദ്യാർ ത്ഥികളാണ്. കൂടുതൽ വിദ്യാർത്ഥികൾ യുകെയിലേക്കാണ് പോകുന്നത്. തൊട്ടുപിന്നിൽ യുഎസും കാനഡയുമുണ്ട്. കുടി യേറ്റക്കാരിൽ 76.9 ശതമാനവും തൊഴിൽ കുടിയേറ്റക്കാരാണ്. ഇന്ത്യയുടെ പ്രവാസി നിക്ഷേപത്തിൽ 21 ശതമാനവും കേരളത്തിന്റെ വിഹിതമാണ്.

പ്രവാസികളുടെ പൊതു പ്രശ്നങ്ങളിൽ ഇടപെടാനും വിദേശത്ത് നിന്നും തിരിച്ചുവരുന്നവരുടെ പുനരധിവാസം, വിദേശ കേരളീയരെ സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് പ്രേരി പ്പിക്കുക എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കേരള സർക്കാ രിന്റെ ആശയമാണ് നോർക്ക (NORKA: the Non Resident Keralites Affairs Department). നോർക്ക ഐഡന്റിറ്റി കാർഡ്, അടിയന്തര ഘട്ടങ്ങളിലുള്ള സാമ്പത്തിക സഹായം, നിയമപരമായ സഹായം, നോർക്കയിൽ സംഘടനകൾക്ക് രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം എന്നിവ ഒരുക്കുന്നു. ഇതിൽ പ്രവാസികളുടെയും പ്രവാസി കൂട്ടാ യ്മകളുടെയും സഹകരണം പ്രാധാന്യമർഹിക്കുന്നു.

**പ്രവാസി മലയാളികൾ സൃഷ്ടിച്ച മാറ്റങ്ങൾ**

തങ്ങൾ പോയ ഇടങ്ങളിൽ മലയാളികൾ മാറ്റത്തിനാണ് കാരണമായത്. അതായത് രാജ്യങ്ങളിലെ നിയമങ്ങളെ അനുസരിച്ച്

കൊണ്ട് മലയാളിയുടെതായ അടയാളപ്പെടുത്തൽ നടത്താൻ സാധിച്ചു. രാഷ്ട്രീയ സാമൂഹിക സാംസ്കാരിക തൊഴിൽ വിദ്യാഭ്യാസ രംഗങ്ങളിൽ എല്ലാം മലയാളികൾ മികവു പുലർത്തി. നിക്ഷേപങ്ങൾ, പുതുസംരംഭങ്ങൾ, വീട്ടിലേക്ക് അയക്കുന്ന പണം എന്നിങ്ങനെ ഇന്ത്യൻ സമ്പദ് വ്യവസ്ഥിതി അഭിവൃദ്ധമായി. സാംസ്കാരിക രംഗത്ത് കേരളീയരുടെ ശീലങ്ങളും ഭക്ഷണവും സംസ്കാരവും ഭാഷയും സാംസ്കാരികമായി ഒരു സമൂഹത്തിൽ അവതരിപ്പിക്കുക എന്ന വലിയൊരു ശ്രമമാണ് പ്രവാസി മലയാളികൾ നടത്തുന്നത്. സമാജങ്ങളുടെ വാർഷികാഘോഷവും ഓണം വിഷു അടക്കമുള്ള കേരളീയ ആഘോഷങ്ങളിലെ കേരളീയ കലകളും ഗാനങ്ങളും നൃത്തരൂപങ്ങളും ചേർത്തു പിടിക്കപ്പെടുന്നു. കേരളീയ വേഷവിധാനങ്ങവും ആഘോഷവും സദ്യ അടക്കമുള്ള ഭക്ഷണവും പരിചയപ്പെടുത്തുകയും ആഘോഷങ്ങളുടെ കൂട്ടായ്മ മനോഭാവം ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിൽ മലയാളി സമാജങ്ങൾ വലിയ പങ്കുവഹിക്കുന്നു. ഗ്ലോബൽ കേരള ഇനിഷ്യേറ്റീവ് 2012-ൽ തെംസ് നദിയിൽ വള്ളംകളി സംഘടിപ്പിച്ചതും, വിംബിൾഡൺ ടെന്നീസ് ചാമ്പ്യൻഷിപ്പിന്റെ ഔദ്യോഗിക പേജിൽ വള്ളംകളിയുടെ ചിത്രം പങ്കുവെച്ചുകൊണ്ട് ആഘോഷങ്ങളുടെ ഭാഗമായതും ഇത്തരം ഇടപെടലിലൂടെ സൃഷ്ടിക്കപ്പെട്ട മാറ്റത്തിന്റെ ഭാഗമാണ്. ലണ്ടനിൽ മലയാളി ആരംഭിച്ച കള്ള് ഷാപ്പും മണവാട്ടി മദ്യവും, മന്ദാകിനി മലബാറി വാറ്റും മലയാളികൾ ബോധപൂർവ്വം റീക്രിയേറ്റ് ചെയ്യാൻ ആഗ്രഹിക്കുന്ന ചില ശീലങ്ങളാണ്.

വിവിധ സാംസ്കാരിക പരിപാടികളുടെ ഭാഗമായി സിനിമ നാടകം സാഹിത്യം എന്നീ മേഖലകളിലെ ആളുകളെ പരിപാടികളിലേക്ക് ക്ഷണിക്കുന്നു. വ്യക്തിത്വവികസനവുമായി ബന്ധപ്പെട്ടും ഭാഷാ പഠനവുമായി ബന്ധപ്പെട്ടും വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങളുടെ ഭാഗമായും മത്സരങ്ങൾ സംഘടിപ്പിച്ചും ചർച്ച നടത്തിയും പുസ്തകോത്സവം നടത്തിയും സജീവമായ ഇടപെടലുകൾ സൃഷ്ടിക്കുന്നു. സാഹിത്യം സിനിമ എന്നീ വിവിധ

മേഖലകളിലെ വ്യക്തിത്വങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സാഹിത്യ പുരസ്കാരങ്ങൾ ശ്രദ്ധേയമാണ്. അബുദാബി ശക്തി പുരസ്കാരം, അറ്റ്ലസ് കൈരളി പുരസ്കാരം എന്നിവ പ്രവാസികൾ നൽകിയിരുന്ന പുരസ്കാരങ്ങളാണ്. അമേരിക്കൻ മലയാളി അസോസിയേഷൻ ഫൊക്കാനയുടെ നേതൃത്വത്തിൽ കേരള സർവകലാശാലയിലെ മലയാളവിഭാഗവുമായി ചേർന്ന് ഭാഷക്കൊരു ഡോളർ പുരസ്കാരം നൽകുന്നു. വിദേശ രാജ്യങ്ങളിൽ നടക്കുന്ന കാര്യങ്ങൾ മലയാളികളിലേക്ക് എത്തിക്കു ന്നതിനായി സിറ്റിസൺ ജേണലിസ്റ്റുകളായി പ്രവാസി മലയാളികൾ കടന്നുവരുന്നു. ഇത്തരത്തിൽ സാധ്യമായ മേഖലകളിലെല്ലാം ഇട പെടലുകൾ നടത്താൻ പ്രവാസി കൂട്ടായ്മകൾ ശ്രമിക്കുന്നു.

**മലയാളി സമാജവും കേരള സംസ്കാരത്തിന്റെ വിപുലനവും**

ഓണവും വിഷുവും റംസാനും പൊങ്കലും ആഘോഷിക്കുക മാത്രമല്ല സമാധാനപൂർ ണമായ ജീവിത സാഹചര്യങ്ങളും പരസ്പര സഹവർത്തിത്വത്തി നും സമൂഹത്തെ ഏകീകരിച്ച് നിർത്തുന്നതിലും നിർണായകമായ പങ്കാണ് മലയാളി സമാജ ങ്ങൾ വഹിക്കുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, സാംസ്കാരികം, രാഷ്ട്രീയം, ജീവകാരുണ്യം എന്നീ വിഷയങ്ങളിൽ ഇടപെട ലുകൾ നടത്തുന്നു.

മലയാളികളിൽ ചിലർ അതതു രാജ്യങ്ങളിലെ പൗരത്വം സ്വീകരിച്ചിട്ടുണ്ടെങ്കിലും, ബഹുഭൂരിപക്ഷം പേരു താൽക്കാലിക തങ്ങളുടെ ആവശ്യപൂർത്തീകരണത്തിനാണ് മറ്റു രാജ്യങ്ങളെ ആശ്രയിക്കുന്നത്. 1990കളിൽ രൂപപ്പെട്ട ആഗോളവൽക്കരണ പ്രക്രിയ 'ആഗോള ഗ്രാമം' എന്ന ആശയം ഉയർത്തിപ്പിടിച്ചു. ആ ഗ്രാമത്തിൽ ഒഴിവാക്കാൻ ആവാത്ത കുടുംബമായി മലയാളി സമൂഹം മാറി. ഓണവും വിഷുവും വള്ളംകളിയും തുടങ്ങി തങ്ങളുടെ നാടിന്റെ സാമൂഹികവും സാംസ്കാരികവുമായ അടയാളപ്പെടുത്തലുകളെ ആഗോളതലത്തിൽ എത്തിക്കുന്നതിന് മലയാളി കൂട്ടായ്മകളുടെ പങ്ക് ശ്രദ്ധേയമാണ്.

വ്യക്തികേന്ദ്രീകൃതമായ ആഘോഷ സങ്കൽ പ്പത്തിനപ്പുറം കൂട്ടായ്മ കേന്ദ്രീകൃതമായ ഭൗതികാന്തരീക്ഷമാണ് മലയാളി സമാജങ്ങൾ സൃഷ്ടിക്കുന്നത്. തലശ്ശേരി ബിരിയാണിയും കേരള സ്റ്റൈൽ മീൻ കറിയും കേരള സദ്യയും മാങ്ങ കറിയും അവിയലും കായ വറുത്തതും ചക്ക വറ്റലും അച്ചാറുകളും വാഴയിലയും തുടങ്ങി മലയാളിയുടെ തീൻമേശയിലെ വിവിധ വിഭവങ്ങൾ മറ്റ് രാജ്യങ്ങളിലെ മാർക്കറ്റുകളിൽ റെഡി ടു ഈറ്റുകളായി ലഭ്യമാകുന്നു. അതാഗ്രഹിക്കുന്ന സമൂഹമുണ്ടെന്ന തിരിച്ചറിവാണ് വിപണിയിൽ ഇത്തരമൊരു സാധ്യത തുറന്നിടുന്നത്. സാമ്പത്തി കമായ ഒരുപാട് മാനങ്ങൾ ഇതിന് പിന്നിലുണ്ട്. ആളെ അറിഞ്ഞു വിളമ്പുകയെന്ന് പറയും പോലെ മലയാളിയെ അറിഞ്ഞു വിളമ്പു കയെന്നുകൂടിയായി അത് മാറിയിരിക്കുന്നു. ഒപ്പം തന്നെ മറ്റിടങ്ങളിലെ വസ്ത്രധാരണത്തിലും ഭക്ഷണ രീതിയിലും വന്ന മാറ്റങ്ങൾ കൂടി കേരളത്തിന് പരിചയപ്പെടുത്തുന്നതിന് പ്രവാസി മലയാളികൾ കാരണമാകുന്നുണ്ട്. പല വിദേശ വിഭവങ്ങളും അവ ലഭിക്കുന്ന ഔട്ട്ലെറ്റുകളും ഇന്ത്യയിൽ ആരംഭിക്കുന്നതിന് അത് കാരണ മായിട്ടുണ്ട്. ചൈനീസ്, കൊറിയൻ, തായ്ലൻഡ്, ഇറ്റാലിയൻ, അറേ ബ്യൻ തുടങ്ങി വ്യത്യസ്ത രാജ്യങ്ങളിലെ ഭക്ഷണപദാർത്ഥങ്ങൾ കേരളത്തിന്റെ ഭാഗമായി. അവിടങ്ങളിലെ വസ്ത്ര-സൗന്ദര്യ വർദ്ധക ബ്രാൻഡുകൾ മലയാളികൾക്ക് പരിചിതമായി. പുതിയ വിദ്യാഭ്യാസ മാതൃകകൾ, ബിസിനസ് സംരംഭങ്ങൾ തുടങ്ങി നിരവധി സാധ്യതകളാണ് മലയാളികളുടെ വിദേശവാസം കേരളീയർക്ക് നൽകിയത്.ധാരാളം സാംസ്കാരികമായ ഇടപെടലുകൾക്കും സിനിമ സാഹിത്യ മേഖലകളിലും വിദേശ മലയാളികളുടെ ജീവിതവും അവർക്ക് നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകളും സ്വാധീനം ചെലു ത്തിയിട്ടുണ്ട്.

പ്രവാസി മലയാളികൾ അഭിമുഖീകരിക്കുന്ന വലിയ പ്രശ്ന മാണ് അമിത വിമാന ടിക്കറ്റ് ചാർജ് ഈടാക്കലുകൾ. മലയാളി സമാജങ്ങൾ നിരന്തരമായി ഈ വിഷയത്തിൽ ഇടപെടുന്നു. അടി ക്കടി ഉണ്ടാവുന്ന ഇതിലെ പ്രകടമായ മാറ്റം ചോദ്യം ചെയ്യുന്നു. വിദേശത്തേക്ക് പലതരം ആവശ്യങ്ങൾക്കായി കൊണ്ടുപോകാം

എന്നു പറഞ്ഞു കബളിപ്പു നടത്തുന്ന സംഘങ്ങൾക്കെതിരെ ജാഗ്രത നിർദ്ദേശം നൽകുന്നു. അബദ്ധവശാൽ അത്തരം പ്രശ്നങ്ങളിൽ ചെന്ന് ചാടുന്നവരെ തിരികെ ഭദ്രമായി കേരളത്തിലേക്ക് എത്തിക്കാനുള്ള സഹായങ്ങൾ ചെയ്യുന്നു. ചതിക്കുഴികളിൽ നിയമകുരുക്കിൽ പെടുന്ന മലയാളികൾക്ക് സാമ്പത്തികവും നിയമപരമായ പിന്തുണ ഉറപ്പാക്കുന്ന ഒട്ടനവധി പ്രവർത്തനങ്ങൾ ഇന്ത്യൻ എംബസിയുമായി സഹകരിച്ചുള്ള രക്ഷാദൗത്യങ്ങൾ എന്നിവയൊക്കെ അവയിൽ ചിലതാണ്. പ്രളയവും കോവിഡും പോലുള്ള അടിയന്തര സാഹചര്യങ്ങളിലും പ്രവാസി മലയാളികൾ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. കേരളമെന്ന സംസ്ഥാനത്തെ ജനത വ്യക്തി കേന്ദ്രീകൃതമായി നടത്തിയ പ്രവർത്തനങ്ങൾ അല്ല, കൂട്ടായ്മ കേന്ദ്രീകൃതമായ ഇടപെടലുകളും അടയാളപ്പെടുത്തലുകളും ആണ് മലയാളി എന്ന ആഗോള ഐഡന്റിറ്റി മലയാളിക്ക് സമ്മാനിച്ചത്.

**ഉപസംഹാരം**

പുതിയ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് സദാ മാറ്റങ്ങൾക്ക് വിധേയമാകുന്ന ഒരു സമൂഹമാണ് കേരളം. കേരള മോഡൽ ആഗോളതലത്തിൽ തന്നെ വളരെയധികം ശ്രദ്ധിക്കപ്പെട്ട ഒന്നാണ്. ഇനിയും തിരുത്തലുകൾ വരുത്തിക്കൊണ്ട് നമുക്ക് ഒട്ടേറെ മുന്നേറാനുണ്ട്. കേരള മോഡൽ രൂപപ്പെടുത്തുന്നതിലും നവ കേരള നിർമ്മിതിയിലും പ്രവാസി മലയാളികളുടെ പങ്ക് വളരെ വലുതാണ്. അതുകൊണ്ടുതന്നെ പ്രവാസി മലയാളികളുടെ സുരക്ഷിതത്വ പൂർണ്ണമായ, സന്തോഷകരമായ തൊഴിൽ സാഹചര്യങ്ങളും സാമൂഹിക അന്തരീക്ഷവും വളരെ പ്രാധാന്യത്തോടുകൂടി തന്നെ നോക്കികാണേണ്ടതുണ്ട്. അവിടെയാണ് മലയാളികളുടെ പ്രവാസ ചരിത്രവും കൂട്ടായ്മ ബോധവും പ്രാധാന്യമർഹിക്കുന്നത്. കേരളമെന്ന ചെറിയ സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ ചുറ്റളവിനപ്പുറം ഇന്ത്യൻ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും വിദേശരാജ്യങ്ങളിലും മലയാളികൾ തങ്ങളുടെ അടയാളപ്പെടുത്തലുകൾ നടത്തുന്നുണ്ട്. അവിടങ്ങളിലെല്ലാം നൂറുകണക്കിന് മലയാളി കൂട്ടാ

യ്മകളും രൂപപ്പെട്ടിട്ടുണ്ട്. കൊടുക്കലുകളുടെയും വാങ്ങലുകളുടെയും ആഖ്യാനം കൂടിയാണ് പ്രവാസം. സാംസ്കാരിക വിപുലനത്തിനാണ് അത് വേദിയൊരുക്കുന്നു.

**ഗ്രന്ഥസൂചി**


1. കെ കെ ശിവദാസ്, പ്രവാസം : പ്രതിനിധാനവും സർഗാത്മകതയും, ഡിസംബർ 2019, ഇൻസൈറ്റ് പബ്ലിക്ക, കോഴിക്കോട്
2. Sam George & T V Thomas (Editors), Malayali Diaspora from Kerala to the Ends of the World
3. Bzaziel Jana Evans , Diaspora : an introduction,2008, Blackwell Publishing
4. S Maya, Changing perspectives among Indian Diaspora in Germany, 2017, Winshield Press, New Delhi
5. കേരള മൈഗ്രേഷൻ സർവേ റിപ്പോർട്ട് 2023
6. New Evidences from the Kerala Migration Survey 2018 - Centre for Development Studies (pdf)
7. Data for Migration Governance: The Kerala Model by Dr S. Irudaya Rajan & Ardra Manasi

   (Englishhttps://blogs.worldbank.org/en/peoplemove/data-migration-governance-kerala-model)
8. ലോക കേരളസഭ, ഗസറ്റ് പ്രസിദ്ധീകരണം (pdf)
9. Details of Organizations/ NGO's Registered with Indian Missions/Post Abroad: Ministry of External Affairs (pdf)
10. Prasanth A P, Ralimol M R , Girish S - A Qualitative Study on Kerala Youth Diaspora (pdf)
11. https://www.lokakeralasabha.com/
12. https://norkaroots.org/
13. https://mm.kerala.gov.in/
14. https://gipe.ac.in/migration-led-development-in-kerala-looking-beyond-growth-and-remittances/

15. https://www.slhcindia.org/index. php? option =com_ content & view=article&id=689:lanka-darshanam-a-malayali-travalogue-launched-in-new-delhi&catid=50:demo-category &Itemid=1

16. https://www.newindianexpress.com/cities/kochi/2013/Mar/19/bahrain-the-perfect-business-destination-for-keralites-459803.html#amp_tf=From%20%2 51% 24s & aoh= 17216171455165 &referrer=https%3A%2F %2Fwww.google.com & ampshare=https%3A%2F%2F www. newindian express .com%2Fciti es%2Fkochi%2F2013%2 FMar% 2F19%2Fbahrain-the-perfect-business-destination-for-keralites-459803.html

17. https://scroll.in/article/1068343/the-malayali-on-the-moon-and-fault-lines-of-caste-what-drove-generations-of-migration-from-kerala#amp_tf=From%20%251%24s&aoh=17216079801978&referrer=https%3A%2F% 2Fwww.google.com&ampshare =https%3A%2F%2Fscroll.in%2Farticle%2F1068343%2Fthe-malayali-on-the-moon-and-fault-lines-of-caste-what-drove-generations-of-migration-from-kerala

18. https://archive.roar.media/english/life/culture-identities/of-doppelgangers-and-coincidences-kerala-and-sri-lanka#amp_tf=From%20%251%24s&aoh=17216079801978&referrer=https%3A%2F%2Fwww.google.com&ampshare=https%3A%2F%2Farchive.roar.media%2Fenglish%2Flife%2Fculture-identities%2Fof-doppelgangers-and-coincidences-kerala-and-sri-lanka

19: https://www.onmanorama.com/lifestyle/keralaspora/2020/01/19/singapore-kerala-expats-malayali-heritage.html

(Everything mentioned in it has been verified through newspaper reports and online sources.)

# ആടുജീവിതം : നോവലും സിനിമയും

**ഡോ.ബി. ശ്രീകുമാർ സമ്പത്ത്**

അസ്സോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം,
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

**പ്രബന്ധസ്വരൂപം**

പ്രവാസസാഹിത്യവും (Diasporic Literature and Cinema) സിനിമയും ഏറെ പ്രാധാന്യം നേടുന്ന കാലമാണിത്. അവ കൈകാര്യം ചെയ്യുന്നത് യഥാർത്ഥജീവിതാനുഭവങ്ങളുടെ നേർച്ചിത്രങ്ങളാണ്. ജന്മനാട്ടിൽനിന്ന് ചിതറപ്പെട്ടവരുടെ, നാടുവിട്ടുപോകുന്നവരുടെ അതിജീവനമാണ് അവിടെ പ്രമേയമാകുന്നത്.

മലയാളത്തിലെ പ്രവാസസാഹിത്യത്തിന്റെ ചരിത്രത്തിൽ ആടുജീവിതം (2008) നിർണ്ണായകസ്ഥാനം വഹിക്കുന്നു. ഈ സാഹിത്യവിഭാഗത്തിന് മലയാളത്തിൽ മേൽവിലാസമുണ്ടാക്കിയത് ആടുജീവിതമാണ്. പ്രവാസജീവിതത്തിന്റെ അന്നുവരെ പരിചിതമല്ലാത്ത ഞെട്ടിക്കുന്ന ജീവിതാനുഭവങ്ങൾ ഈ നോവൽ വരച്ചിട്ടു. ഈ കൃതി ബ്ലെസി ചലച്ചിത്രമാക്കി (ആടുജീവിതം 2024) സിനിമയും അംഗീകാരം നേടി. നോവലിനെയും സിനിമയെയും അതാതു മാധ്യമങ്ങളുടെ സവിശേഷതകളോടെ താരതമ്യം ചെയ്യുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

**താക്കോൽവാക്കുകൾ**

*പ്രവാസസാഹിത്യം - സിനിമ - ആടുജീവിതം - ചലച്ചിത്രാവിഷ്കാരം - സംവിധാനശൈലി - അനുവർത്തനം*

ഉത്തരാധുനികവായനകൾ കെട്ടുകഥകളെക്കാൾ അനുഭവയാഥാർത്ഥ്യം അറിയാൻ ആഗ്രഹിക്കുന്നു. ലളിതമായ ജീവിതാഖ്യാ

നങ്ങളും അലങ്കാരങ്ങളില്ലാത്ത ഭാവനയും ആവശ്യപ്പെടുന്നു. സ്ഥാപനവൽക്കരിക്കപ്പെട്ട എഴുത്തിന്റെ ആധിപത്യം ഇല്ലാതാവുന്നു. എഴുത്തുകാരനെക്കാൾ എഴുത്ത് പ്രാധാന്യം നേടുന്നു. സാധാരണക്കാരുടെ അനുഭവങ്ങളും ആശയങ്ങളും അംഗീകാരം നേടുന്നു. പോസ്റ്റ് കൊളോണിയലിസം 20–ാം നൂറ്റാണ്ടിൽ അവകാശസമരങ്ങളുടെയും സ്വാതന്ത്ര്യപ്രഖ്യാപനങ്ങളുടെയും എഴുത്തും കലയും സൃഷ്ടിച്ചു. നമ്മുടെ സാഹിത്യവും ഈ രീതിയിൽ പരിണാമവിധേയമാവുകയാണ്.

മലയാളിയെ വിസ്മയിപ്പിച്ച പുസ്തകമാണ് ആടുജീവിതം (2008). നാം അനുഭവിക്കാത്ത ജീവിതം കെട്ടുകഥകൾ മാത്രമാണ് എന്ന തലക്കെട്ടോടെയാണ് ഈ നോവൽ പ്രസിദ്ധികരിച്ചത്. പ്രവാസി സാഹിത്യമെന്ന വിഭാഗത്തെ സാധാരണ മലയാളി വായിച്ചു തുടങ്ങിയത്. ആടുജീവിതത്തിലൂടെയാണ്. ഈ നോവലിലൂടെ ബെന്യാമിൻ സാഹിത്യലോകത്ത് അംഗീകാരം നേടി. ദീർഘകാല പ്രവാസം അദ്ദേഹത്തിന് സമ്മാനിച്ച അനുഭവങ്ങൾ അനവധിയാണ്. അവരുടെ ജീവിതാവിഷ്കാരങ്ങളും കൃതികളും മുഖ്യധാരയിൽ എത്തപ്പെടണമെന്നില്ല. ആടുജീവിതം പല പ്രസാധകരും പലവട്ടം നിരസിച്ച കൃതിയാണ്. ലോകത്തെ മിക്കവാറും മതങ്ങളും വിശ്വാസങ്ങളും പരിചയപ്പെട്ട മലയാളിക്ക് പ്രവാസം പ്രയാസമേറിയ പ്രക്രിയയായിരുന്നില്ല. മലയാളിയുടെ ശീലങ്ങളിൽത്തന്നെ അനുരൂപണം (adaptation) കൈമുതലായുണ്ട്. ജീവിതശൈലിയിലോ ഭക്ഷണകാര്യങ്ങളിലോ കടുംപിടിത്തമില്ലാത്തയാളാണ് മലയാളി. മറ്റുള്ള നാടുകളിലെ സംസ്കാരം അറിയാനും സ്വായത്തമാക്കാനും മടിയില്ലാത്തയാളുമാണ്. ഈ ഘടകങ്ങളെല്ലാം മലയാളിയെ നിലവാരമുള്ള പ്രവാസിയാക്കി മാറ്റുന്നു.

എങ്കിലും നാമറിയാത്ത കഠിനമായ ജീവിതാനുഭവങ്ങളിലൂടെ പ്രവാസികൾ കടന്നുപോകുന്നു. നജീബിൽനിന്ന് അമ്പരപ്പിക്കുന്ന അയാളുടെ കഥ എഴുത്തുകാരൻ കേട്ടു. നോവൽ എഴുതുന്നതിനു വേണ്ടിയല്ല അദ്ദേഹം നജീബിനെ കാണുന്നത്. പക്ഷേ കേൾക്കുന്ന കഥകളെക്കാൾ എത്രയോ തീവ്രമാണ് ഓരോരുത്തരുടെയും ജീവിതാനുഭവങ്ങൾ എന്ന് അദ്ദേഹം മനസ്സിലാക്കി. അതുകൊണ്ടുതന്നെ

ആ വ്യക്തിയുടെ പേരുപോലും മാറ്റാതെ ജീവിതം പറയാനാണ് ബെന്യാമിൻ ശ്രമിച്ചത്.[1]

പ്രവാസത്തിന്റെ മണൽപ്പരപ്പിൽ നിന്നു രൂപപ്പെട്ട മഹത്തായ പുസ്തകം എന്നാണ് ഈ ഗ്രന്ഥത്തിന്റെ മുഖക്കുറിപ്പിലുള്ളത്.[2] നല്ലൊരു ജോലിയും ജീവിതവും സ്വപ്നം കണ്ട് സൗദി അറേബ്യയിലെ റിയാദിൽ വിമാനമിറങ്ങുന്ന നജീബും ഹക്കീമും പ്രത്യാശയോടെയാണ് പുതിയ മണ്ണിനെയും മനുഷ്യരെയും നോക്കിക്കാണുന്നത്. എന്നാൽ സ്വന്തം നാട്ടുകാരാൽത്തന്നെ വഞ്ചിക്കപ്പെട്ടവരാണ് തങ്ങളെന്ന സത്യം അവർ തിരിച്ചറിയുന്നില്ല. നിസ്സഹായരായ അവരെ ചൂഷണം ചെയ്യാനൊരുങ്ങി ആ നാട്ടിലും ചിലർ ചതിക്കുഴികളൊരുങ്ങുകയാണ്. മനുഷ്യരെ അടിമകളാക്കുന്ന വിഭാഗം അവിടെയും വലവിരിച്ചിരിക്കുന്നു.

43 അധ്യായങ്ങളുള്ള നോവലിനെ ശ്രദ്ധേയമാക്കുന്നത് ആഖ്യാനശൈലിയാണ്. നജീബെന്ന നായകന്റെ ചിന്തകളിലൂടെയാണ് ആടുജീവിതം അനുഭവിക്കുന്നത്. ലളിതമായ ഭാഷയും ദൃശ്യാനുഭവങ്ങളൊരുക്കുന്ന സൂക്ഷ്മമായ വിവരണങ്ങളും നോവലിന്റെ സവിശേഷതയാണ്. കഥാംശത്തെ നമ്മുടെ അനുഭവമാക്കി മാറ്റുന്ന പ്രക്രിയയാണത്. അപരിചിതമായ നാടിനെയും മനുഷ്യരെയും കൗതുകവും സ്നേഹവും കലർന്ന ഭാവത്തോടെയാണ് നജീബ് നോക്കിക്കാണുന്നത്. കൂട്ടിക്കൊണ്ടുപോകാൻ ആരുമില്ല എന്ന വിഷമത്തിൽ നിൽക്കുന്ന നജീബിനോടും സുഹൃത്തിനോടും നിങ്ങളുടെ അർബാബ് വരാതിരിക്കില്ല എന്ന് മലയാളിയായ ഒരാൾ പറഞ്ഞപ്പോൾ നജീബ് ചിന്തിക്കുന്നതിങ്ങനെയാണ്. 'അർബാബ്.... അർബാബ് മനസ്സിൽ ആ വാക്ക് ആവർത്തിച്ചു പറഞ്ഞുനോക്കി. നല്ല രസം. കേൾക്കാൻ ഇമ്പമുള്ള വാക്ക്. ആരാണാവോ അർബാബ്'. സ്വന്തം ജീവിതം ദുരിതങ്ങളിലേക്ക് നയിക്കാനെത്തുന്ന ആളെക്കുറിച്ചാണ് ഈ വിചാരമെന്നത് പിന്നീട് നമ്മെ വേദനിപ്പിക്കുന്നു.

നജീബ് എത്തിപ്പെടുന്ന മസറ മുമ്പ് കേട്ടുകേൾവിയില്ലാത്ത ഒരിടമായിരുന്നു. ഹക്കീമിനെ മറ്റൊരിടത്തേക്ക് കൊണ്ടുപോകുമ്പോൾ അയാൾ തനിച്ചാകുന്നു. മനുഷ്യനെ മൃഗമായി പരിഗണിച്ച്

അടിമകളാക്കുന്ന വിചിത്രമായ സ്ഥലമായിരുന്നു മസറ. ആടുകളെയും ഒട്ടകങ്ങളെയും പരിപാലിച്ച് അവയോടൊപ്പം ചെളിക്കുണ്ടിൽ ജീവിക്കേണ്ടിവരുന്ന അവസ്ഥ. അയാൾക്ക് ആ നരകജീവിതത്തിൽ നിന്ന് രക്ഷപ്പെടാനാവില്ല. ഒരാളുടെ നാടും അസ്തിത്വവും തുടച്ചു നീക്കി പുരാതന യുഗത്തിലെ ജീവിതാനുഭവങ്ങളിലേക്ക് തള്ളിയിടുന്ന പ്രാകൃതരീതി. ഭീതിദമായ ആടുജീവിതം അവിടെ തുടങ്ങുന്നു. വൃത്തിഹീനവും ഉൾക്കൊള്ളാൻ കഴിയാത്തതുമായ ദിനചര്യയുടെ ഭാഗമായി അയാൾ. നൂറ്റാണ്ടുകൾ പിന്നിൽ നിൽക്കുന്ന ജനവിഭാഗത്തിന്റെ അടിമപ്പണിയുടെ നുകം അയാളുടെ കഴുത്തിൽ വന്നുവീണു. മണലാരണ്യത്തിനു നടുവിൽ നടുക്കടലിലെന്നവണ്ണം ഏകാന്ത ജീവിതം അയാളെ കാത്തുനിന്നു. പ്രാകൃതരൂപിയായ മറ്റൊരാളും അവിടെയുണ്ടായിരുന്നു. മനുഷ്യാവസ്ഥ മുഴുവൻ നജീബിൽ നിന്ന് തുടച്ചുനീക്കപ്പെട്ടു. ദാഹവും വിശപ്പും അടക്കാനാവാതെ അയാൾ പാടുപെട്ടു. നിസ്സഹായതയുടെ ആ കയത്തിൽനിന്നും രക്ഷപ്പെടാനാവില്ല എന്ന ചിന്ത അയാളെ വേട്ടയാടി.

എന്നാൽ ജീവിതാഭിമുഖ്യം കച്ചിത്തുരുമ്പുപോലെ അയാളെ നിലനിർത്തി. ആടുകൾക്കും ഒട്ടകങ്ങൾക്കുമൊപ്പമുള്ള ജീവിതത്തെ തന്റെ നാടിന്റെ ഓർമ്മകളുമായി ചേർത്തിണക്കി അയാൾ മുന്നോട്ടുപോയി. മൃഗങ്ങളെ സഹജീവികളായി സങ്കല്പിച്ചു. ആ ആട്ടിൻപറ്റത്തിൽ ഒരാളായി അയാൾ മാറി. പ്രതീക്ഷയുടെ നാളമെന്ന മട്ടിൽ അർബാബ് ഇബ്രാഹിം ഖാദിരി എന്നൊരു ജോലിക്കാരനെക്കൂടി ഹക്കീമിന്റ മസറയിൽ എത്തിക്കുമ്പോൾ നജീബിന്റെ ദുർവ്വിധിയിൽ മാറ്റമുണ്ടായി. ഹക്കീമിനെക്കൂടി കണ്ടെത്താനായപ്പോൾ അവർ രക്ഷപ്പെടാൻ തീരുമാനിച്ചു. മരുഭൂമിയുടെ അനന്തതയിലേക്ക് അവർ ഒന്നിച്ചിറങ്ങി. സഹജീവികളോടുള്ള യാത്രപറച്ചിൽ നജീബെന്ന കഥാപാത്രത്തിന്റെ ജീവിതവീക്ഷണം വെളിപ്പെടുത്തുന്നു. അതാണയാൾക്ക് എന്നും തുണയാവുന്നത്.

നോവൽ അതിന്റെ രണ്ടാംഘട്ടത്തിലേക്ക് കടക്കുകയാണിവിടെ. മരുഭൂമിയിൽ ജീവന്റെ നാളം കെടാതെ മുന്നോട്ടുള്ള യാത്ര. തിരമാലകൾ പോലെ വരുന്ന പൊടിക്കാറ്റുകൾ. മരുഭൂമിയുടെ തീവ്രമായ ചൂടിൽ ഹക്കീം എരിഞ്ഞടങ്ങുന്നു. ഇബ്രാഹിമിനോടൊപ്പം

നടക്കാനാവാതെ മണൽത്തിരകൾക്കു മേലെ തകർന്ന കപ്പലിന്റെ അവശിഷ്ടംപോലെ നജീബ് വീണുകിടന്നു. പിന്നീട് ഒറ്റയ്ക്ക് ഒരു ഹൈവേയ്ക്ക് അരികിലെത്തുന്ന നജീബിന് ഹൃദയാലുവായ ഒരു മനുഷ്യൻ സഹായിയാവുന്നു. അയാളുടെ ജീവിതം കവർന്നെടുത്ത നാട്ടിലെ ഒരാൾ തന്നെ ജീവന് തുണയാവുന്നു.

ഈ രീതിയിലുള്ള രചനകൾ സാമൂഹ്യശാസ്ത്രപരമായ പഠനം അർഹിക്കുന്നുണ്ട്. ജനത നേരിടുന്ന അതിജീവനത്തിന്റെ വെല്ലുവിളികൾ ലോകശ്രദ്ധ നേടേണ്ടതുണ്ട്. ആടുജീവിതം കഥപറയാനുള്ള ആവേശത്തിൽ രചിക്കപ്പെട്ട കൃതിയല്ല. ധൈര്യപൂർവ്വം ലോകത്തിനുമുമ്പിൽ അവതരിപ്പിക്കേണ്ട കൃതികളാണ് പ്രവാസ സാഹിത്യവിഭാഗത്തിൽ വരുന്നത്. അധികാരത്തിന്റെയും ചൂഷണത്തിന്റെയും മനുഷ്യാവകാശ ലംഘനങ്ങളുടെയും നേർച്ചിത്രങ്ങളായി അവ വായിക്കപ്പെടണം.

1960 കളിൽ ജീവിതം സ്വപ്നം കണ്ട് പത്തേമാരികളിൽ മിഡിൽ ഈസ്റ്റിലേക്ക് ചേക്കേറാൻ തുടങ്ങിയവരാണ് മലയാളികൾ. പലരും അപകടകരമായ യാത്രകളിലൂടെയാണ് അവിടെ ചെന്നെത്തിയത്. തിക്തമായ ജീവിതാനുഭവങ്ങളാണ് അവരെ അവി ടെ കാത്തിരുന്നത്. നാട്ടിൽ ജീവിതം കണ്ടെത്താനാവാതെ വീടുവിട്ടവർക്ക് ആ മരുഭൂമിയും അതിജീവനത്തിനുള്ള ഭൂമിയായി മാറി. സ്വപ്നങ്ങൾക്കൊപ്പം ദുഃസ്വപ്നങ്ങൾക്കും അവർ ഇരയായി. ഡയസ്പോറ എന്ന വാക്ക് അന്വർത്ഥമാക്കുന്ന ചിതറിപ്പോയവരുടെ ജീവിതമാണ് പലരും ജീവിച്ചത്. പുതിയ ചുറ്റുപാടുകൾ പലരേയും ഏകാകികളും ക്ഷീണിതരും രോഗികളുമാക്കി. അവരുടെ ജീവിതം ആവിഷ്ക്കരിക്കുന്ന രചനകൾ നമ്മുടെ സാഹിത്യത്തിൽ കുറവായിരുന്നു. 'ആടുജീവിതം' ഈ രീതിയിൽ പ്രാധാന്യമർഹിക്കുന്നു. അന്തർദ്ദേശീയമായ പ്രാധാന്യത്തോടെ ഇത്തരം കൃതികൾ വായിക്കപ്പെടണം. സാഹിത്യപരതയേക്കാൾ ഉള്ളടക്കമാണ് ഇവിടെ പ്രധാനം.

**പ്രവാസസിനിമകൾ**

ഡയസ്പെറ സിനിമകളുടെ ഗണത്തിൽ എണ്ണത്തിൽ കുറവെങ്കിലും നല്ല ചിത്രങ്ങൾ വന്നിട്ടുണ്ട്. 1980-ൽ പുറത്തിറങ്ങിയ 'വിൽക്കാനുണ്ട് സ്വപ്നങ്ങൾ' ഗൾഫ് ജീവിതം റിയലിസ്റ്റിക്കായി

ചിത്രീകരിച്ച സിനിമയായിരുന്നു. നാട്ടിൽ നിലനിൽപ്പില്ലാത്തവരുടെ മരുപ്പച്ചയായി മിഡിൽഈസ്റ്റ് മാറിയ കാലം. ആ കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾ വളരെ ഭംഗിയായി എം.ടി.വാസുദേവൻനായർ തിരക്കഥയിലൊരുക്കി. ആസാദായിരുന്നു ചിത്രത്തിന്റെ സംവിധായകൻ.

പ്രവാസജീവിതത്തിന് നാട്ടിൽ കാഴ്ചക്കാരെ സൃഷ്ടിക്കുന്ന രീതി വാണിജ്യസിനിമയിൽ നേരത്തെ തന്നെ വിജയിച്ചിട്ടുണ്ട്. ഐ.വി.ശശിയുടെ 'ഏഴാം കടലിനക്കരെ' (1979) ഏറെ പ്രദർശനവിജയം നേടിയത് പ്രവാസികളുടെ അമേരിക്കൻ ജീവിതം മലയാളിയെ പരിചയപ്പെടുത്തിക്കൊണ്ടാണ്. വികസിതമായ നാടുകളിലെ ആഢംബരജീവിതമാണ് ഇത്തരം സിനിമകൾ പരീക്ഷിച്ചത്. എന്നാൽ അവ പരിചയപ്പെടുത്തിയത് പ്രവാസികളുടെ യഥാർത്ഥ ജീവിതമായിരുന്നില്ല.

നമ്മുടെ പ്രവാസസിനിമകൾ പ്രധാനമായും മിഡിൽ ഈസ്റ്റിനെ പ്രതിനിധീകരിച്ചാണ് വന്നത്. 90 കൾ പിന്നിടുമ്പോഴേക്കും ഗൾഫ് മേഖലകൾ സാമ്പത്തികമായി വലിയൊരു കുതിപ്പിലേക്കെത്തി. 'അക്കരെ നിന്നൊരു മാരൻ' (1985) പോലുള്ള സിനിമകൾ സമൂഹത്തിൽ ഗൾഫുകാരന് ലഭിക്കുന്ന ഉന്നത പദവിയെയാണ് സൂചിപ്പിക്കുന്നത്. എങ്കിലും ഗൾഫ് മേഖലകളിൽ പലയിടങ്ങളിലും മലയാളികൾ അടിമജോലിയാണ് ചെയ്തുവന്നത്. അവരെ കെണിയിൽപ്പെടുത്തുന്ന മാഫിയകൾ നാട്ടിലും തഴച്ചുവളർന്നു. ഗർഷോം (1999), ഗദ്ദാമ (2011) തുടങ്ങിയ സിനിമകൾ പ്രവാസജീവിതത്തിന്റെ ഇരുണ്ട മുഖങ്ങൾ കാണിച്ചുതന്നു. അറബിക്കഥ (2007) വേറിട്ടൊരു കാഴ്ചപ്പാടിൽ പ്രവാസജീവിതം ആവിഷ്ക്കരിച്ചു. പത്തേമാരി (2015) യും ഈ വിഭാഗത്തിൽ ശ്രദ്ധിക്കപ്പെട്ട സിനിമയാണ്.

**ആടുജീവിതം ചലച്ചിത്രമാകുമ്പോൾ**

ആടുജീവിതം തിരക്കഥയെഴുതി സംവിധാനം ചെയ്തത് ബ്ലെസിയാണ്. 'കാഴ്ച'യിൽ തുടങ്ങുന്ന അദ്ദേഹത്തിന്റെ ചിത്രങ്ങൾ വാണിജ്യസിനിമയുടെ ഭാഗമായിരിക്കെത്തന്നെ കലാമൂല്യമുള്ളവയുമായിരുന്നു. തന്റേതായ ഒരു ശൈലി തിരക്കഥാരചനയിലും

സംവിധാനത്തിലും അദ്ദേഹത്തിന് ആവിഷ്ക്കരിക്കാൻ കഴിഞ്ഞു.

ആടുജീവിതം തിരക്കഥയുടെ ആമുഖത്തിൽ അദ്ദേഹം ഇങ്ങനെ എഴുതുന്നു. 'ആടുജീവിതത്തിന്റെ ആദ്യവായനയിൽത്തന്നെ സിനിമയെക്കുറിച്ച് ചില ധാരണകൾ രൂപപ്പെട്ടിരുന്നു. 43 അധ്യായങ്ങളായി വ്യാപിച്ചുകിടക്കുന്ന ഒരു പുസ്തകം സിനിമയുടെ രൂപത്തിലേക്കും ഘടനയിലേക്കും സ്വാംശീകരിക്കുകയെന്നത് ഏറ്റവും ദുഷ്ക്കരവും ശ്രമകരവുമായ ജോലിയായിരുന്നു. ഒരുപാടു തവണ വായിച്ചും ഏറ്റവും പ്രധാനപ്പെട്ട ഇടങ്ങൾ മഷികൊണ്ട് രേഖപ്പെടുത്തിയും പ്രധാന പോയിന്റുകൾ കുറിച്ചുവെച്ചുമാണ് ഞാൻ ഈ തിരക്കഥയ്ക്ക് രൂപം കൊടുത്തത്.'[3]

ആടുജീവിതത്തിന്റെ തിരക്കഥയ്ക്ക് ചില പ്രത്യേകതകളുണ്ട്. മുമ്പ് ബ്ലെസി തിരക്കഥയൊരുക്കിയത് അദ്ദേഹത്തിന്റെ തന്നെ കഥകൾക്കാണ്. ആടുജീവിതം നോവലിനെ അവലംബിച്ച് തയ്യാറാക്കിയ തിരക്കഥയാണ്.

നോവൽ നജീബിന്റെ ചിന്തയിലൂടെയുള്ള കഥാഖ്യാനമാണ്. കഥയിൽ തുടർച്ച നിലനിർത്തുന്ന ആഖ്യാനമല്ല നോവലിസ്റ്റ് സ്വീകരിച്ചത്. തിരക്കഥയിൽ ക്രമികമായ തുടർച്ച ആവശ്യമായിരുന്നു എന്ന് ബ്ലെസി പറയുന്നു. അതിനിണങ്ങുംവണ്ണം കഥ ക്രമപ്പെടുത്തി. അങ്ങനെ ഘടന രൂപപ്പെടുത്തിയപ്പോൾ നോവലിൽനിന്ന് ചിലതെല്ലാം ഒഴിവാക്കി. ചില കാര്യങ്ങൾ കൂട്ടിച്ചേർത്തു. നോവലിൽ അറബിഭാഷയുടെ ആവശ്യമില്ല. തിരക്കഥയിൽ സ്വാഭാവികതയ്ക്കായി അറബിഭാഷ തന്നെ ഉപയോഗിക്കേണ്ടതുണ്ട്. ഇങ്ങനെയുള്ള വെല്ലുവിളികൾ സംവിധായകനുണ്ട്.

സിനിമ ആരംഭിക്കുന്നത് മരുഭൂമിയുടെ വന്യത അവതരിപ്പിച്ചുകൊണ്ടാണ്. ചുഴലിക്കാറ്റും പൊടിപടലങ്ങളും നിറഞ്ഞ മരുഭൂമി. ആ ദേശത്തിന്റെ രൗദ്രഭാവം അവിടുത്തെ മനുഷ്യരിലും ഉണ്ടാവാം.

അതിനുശേഷം കാറ്റടങ്ങിയ മണൽപ്പരപ്പ് നാം കാണുന്നു. മരുഭൂമിയുടെ തന്നെ മറ്റൊരു ഭാഗം. സൂര്യാസ്തമനത്തിന്റെ ഭംഗി. പിന്നെ നിലാവും നക്ഷത്രങ്ങളും. മരുഭൂമിയുടെ വശ്യമായ അത്ഭു

തക്കാഴ്ച. ഒരേ മണ്ണിന്റെ വിഭിന്ന ഭാവങ്ങൾ നാം കാണുന്നു.

സീൻ 2-ൽ ആടുകൾ വെള്ളം കുടിക്കുന്ന ബക്കറ്റിനരികിലേക്ക് ഇഴഞ്ഞെത്തി തല താഴ്ത്തി വെള്ളം കുടിക്കുന്ന നജീബിനെ അവതരിപ്പിക്കുന്നു. ആടുജീവിതം എന്ന ടൈറ്റിലും. ചിത്രത്തിന് ലഭിക്കാവുന്ന ഏറ്റവും മികച്ച തുടക്കമാണ് ഇവിടെ നൽകിയിരിക്കുന്നത്.

മസറയിൽനിന്ന് രക്ഷപ്പെട്ടശേഷം സ്വയം ജയിൽവാസം തെരഞ്ഞെടുക്കുന്ന നജീബിനെ അവതരിപ്പിച്ചുകൊണ്ടാണ് നോവൽ ആരംഭിക്കുന്നത്. നോവൽ എന്ന നിലയിൽ വായനക്കാരെ ആകർഷിക്കുന്ന തുടക്കമാണത്. നോവലിൽ ആറാമത്തെ അധ്യായത്തിലാണ് നജീബും കൂട്ടുകാരൻ ഹക്കീമും റിയാദ് എയർപോർട്ടിൽ വന്നിറങ്ങുന്നത്. സിനിമ ഇവിടെ തുടങ്ങുന്നു. സിനിമയുടെ ആദ്യത്തെ 6 സീനുകൾ ഈ അധ്യായം ആധാരമാക്കുന്നു.

നോവലിൽ അഞ്ചാമത്തെ അധ്യായമാണ് നജീബിന്റെ നാട്ടിലെ ജീവിതം വിവരിക്കുന്നത്. സിനിമയിലുള്ളതുപോലെ വിശദമായ കഥാവിവരണം അവിടെയില്ല. സിനിമയിൽ 13-ാമത്തെ സീനിൽ മസറയിലെ ഇരുട്ടിൽ ബാഗ് തലയിണയാക്കി കിടക്കുന്ന നജീബിന്റെ ബാഗിൽനിന്നു വരുന്ന അച്ചാറിന്റെ മണമാണ് അയാളുടെ ഓർമ്മകൾ നാട്ടിലേക്കു കൊണ്ടുപോകുന്നത്.

43 അധ്യായങ്ങളുള്ള നോവൽ 85 സീനിലേക്ക് തിരക്കഥാകൃത്ത് മാറ്റിയെഴുതി. ഏതാണ്ട് നോവലിനെ അതേപടി പിൻതുടരുന്നുണ്ടെങ്കിലും പൂർണ്ണതയിൽ നോവലും സിനിമയും വ്യത്യസ്തമാണ്. നോവൽ മാനസികമായി ചുറ്റുപാടുകളോടിണങ്ങി ദയനീയമായ ജീവിതം ഏറ്റെടുക്കുന്ന നായകനെ അവതരിപ്പിക്കുന്നു. നോവലിന്റെ മാധ്യമപരമായ സവിശേഷതയുപയോഗിച്ച് എഴുത്തുകാരൻ നജീബിന്റെ മാനസികാനുഭവങ്ങൾ സൂക്ഷ്മമായി അവതരിപ്പിച്ചു. ആടുജീവിതം അയാൾ ഏറ്റെടുത്ത് ജീവിച്ചുതുടങ്ങുകയാണ്. ആടുജീവിതമാണ് നോവലിന്റെ മുഖ്യപ്രമേയം. ഈ മാറ്റം ജീവിക്കുവാനുള്ള കരുത്ത് അയാളിൽ നിറയ്ക്കുന്നുണ്ട്. മരുഭൂമിയെ മറികടക്കാനുള്ള കരുത്ത് അയാൾ അങ്ങനെ നേടിയെടുക്കുന്നു. പതുക്കെ

ആടുകളും ഒട്ടകങ്ങളും നിറഞ്ഞ ലോകത്തിൽ അയാൾ ഭൂതകാലം ചേർത്തുവയ്ക്കുന്നു. അങ്ങനെ നാട്ടിലെ ജീവിതം ആടുകൾക്കൊപ്പം ആ മസറയ്ക്കുള്ളിലും അനുഭവിക്കുന്നു. പോച്ചക്കാരി രമണി മുതൽ അറവുറാവുത്തർ, മേരി മൈമുന എന്നിങ്ങനെ ആ പേരുകൾ നീളുന്നു. ഒരു ആടിന് അയാളെ അഞ്ചാം ക്ലാസിലെ പ്രണയിനിയുടെ ഓർമ്മകളിലേക്കു പോലും കൊണ്ടുപോകാൻ കഴിയുന്നു. അയാളിലെ കെട്ടടങ്ങിയ ലൈംഗികത അവിടെവച്ച് വീണ്ടും ഉണർവ് നേടുന്നു. ജീവിതത്തെ അയാൾ വിടാതെ പിടിച്ചതിങ്ങനെയാണ്.

ഇങ്ങനെയുള്ള നജീബിനെ സിനിമയിൽ കാണുന്നില്ല. മരുഭൂമിയിലൂടെയുള്ള നജീബിന്റെയും കൂട്ടരുടെയും രക്ഷപ്പെടൽ ചിത്രീകരിക്കുമ്പോഴും സിനിമ നോവലിൽ നിന്ന് വ്യത്യസ്തമാണ്. നോവലിൽ അധ്യായം 31 മുതൽ 39 വരെയാണ് അവരുടെ യാത്ര വിവരിക്കുന്നത്. സിനിമയിലാവട്ടെ സീൻ 46 മുതൽ 70 വരെ ഈ യാത്ര കൂടുതൽ പ്രാധാന്യത്തോടെ ചിത്രീകരിച്ചു. സീൻ 46 സിനിമയിൽ നമ്മെ പൊള്ളിക്കുന്ന രംഗമാണ്. അതിങ്ങനെയാണ് തിരക്കഥയിൽ വിവരിക്കുന്നത്. പൊട്ടിപ്പൊളിഞ്ഞ കാലുറയിൽനിന്ന് പുറത്തേയ്ക്കെടുക്കുന്ന കാലുകൾ. കുപ്പായം ഊരിപ്പോകുമ്പോഴുള്ള നഗ്നതപോലും അയാൾ തിരിച്ചറിയുന്നില്ല. ആടുകളോടും ഒട്ടകങ്ങളോടും അയാൾ യാത്ര പറയുന്നു. ഈ ചിത്രത്തിലെ ഏറ്റവും ഉജ്ജ്വലമായ രംഗമാണിത്.

മരുഭൂമിയുടെ തിളയ്ക്കുന്ന ദൃശ്യങ്ങൾക്ക് സിനിമ പ്രാധാന്യം നൽകി. ജീവനുവേണ്ടിയുള്ള ആ യാത്രയിലാണ് എ.ആർ.റഹ്മാന്റെ ഹൃദയം തൊടുന്ന സംഗീതവും സംവിധായകൻ ചേർത്തുവയ്ക്കുന്നത്. ഏതാണ്ട് 25 സീനുകൾ ഈ യാത്രയ്ക്കായി സംവിധായകൻ മാറ്റിവെച്ചു. നോവലിൽനിന്ന് വ്യത്യസ്തമായ ഒരനുഭവമാണ് സിനിമ നൽകുന്നത്. നോവൽ വായിച്ച പലരും ആടുജീവിതം സിനിമയെ വിമർശിച്ചുകൊണ്ട് രംഗത്തുവന്നത് ഇതുകൊണ്ടാവാം. വിപണിയുടെ കലയായ സിനിമയ്ക്ക് പരിമിതികളുണ്ട്. വലിയ മുതൽമുടക്കാണ് ഈ ചിത്രത്തിന് വേണ്ടിവന്നത്. മലയാളം പോലെ ചെറിയ പ്രേക്ഷകവൃന്ദത്തിനുവേണ്ടി ഇത്തരമൊരു പ്രോജക്ട് സംവിധായകൻ ഏറ്റെടുക്കുന്നത് സാഹസമാണ്. ഈ സാഹസമാണ് ബ്ലെസി

ഏറ്റെടുത്തത്. നജീബെന്ന കഥാപാത്രത്തിനുവേണ്ടി പൃഥ്വിരാജ് ചെയ്ത സമർപ്പണവും ആദരവർഹിക്കുന്നു. ശബ്ദലേഖനം, സംഗീതം, ക്യാമറ ഇതെല്ലാം ആടുജീവിതം എന്ന സിനിമയുടെ മാറ്റുകൂട്ടുന്ന ഘടകങ്ങളാണ്. സാഹിത്യം സിനിമയായി അനുവർ ത്തനം ചെയ്യുമ്പോൾ സംവിധായകന് അയാളുടേതായ സ്വാതന്ത്ര്യമുണ്ട്.

ആടുജീവിതം പ്രേക്ഷകർ ഏറ്റെടുത്ത ചിത്രമാണ്. ദീർഘകാലത്തെ കഠിനാധ്വാനത്തിന്റെ ഫലമായി രൂപമെടുത്ത സിനിമയാണത്. ഈ ചിത്രത്തിന്റെ കോവിഡ് കാല ചിത്രീകരണവും വാർത്താപ്രാധാന്യം നേടി.

ചില വിമർശനങ്ങളും ചിത്രം നേരിട്ടു. മലയാളത്തിലെ പ്രേക്ഷകർക്കുവേണ്ടി സംവിധായകൻ ചെയ്ത വിട്ടുവീഴ്ചകൾ ഗുണത്തെക്കാളേറെ ദോഷം ചെയ്തു. ന്യൂജനറേഷൻ സിനിമകളുടെ സംസ്കാരം ശീലിച്ച മലയാളിക്ക് പഴയ രീതിയിലുള്ള ആഖ്യാനശൈലി അരോചകമായി. ആടുജീവിതത്തിന്റെ ദൃശ്യാവിഷ്കാരങ്ങൾക്ക് ഏതാണ്ട് തുല്യമായ Me Captain (2023) പോലുള്ള ചിത്രങ്ങൾ പ്രേക്ഷകർ കണ്ടുകഴിഞ്ഞിരുന്നു. തിരക്കഥയുടെ പോരായ്മകളും ചിലർ വിമർശനവിധേയമാക്കി.

ആടുജീവിതം നോവലും സിനിമയും മലയാളിക്ക് വ്യത്യസ്താനുഭവമാണ് സമ്മാനിച്ചത്. ഡയസ്പെറ വിഭാഗത്തിൽ നിലവാരമുള്ള സാന്നിദ്ധ്യമാണ് ആടുജീവിതം. പ്രവാസിജീവിതം മലയാളിക്കു നൽകിയ ഏറ്റവും ദുരന്തപൂർണ്ണമായ കാഴ്ചകൾ അന്തർദ്ദേശീയ ശ്രദ്ധ നേടിയെടുത്തു. ഇനിയും ഈ വിഭാഗത്തിൽ ധാരാളം സൃഷ്ടികൾ വരേണ്ടിയിരിക്കുന്നു. അതിനു മാർഗ്ഗനിർദ്ദേശം നൽകാൻ ആടുജീവിതത്തിനു കഴിഞ്ഞു.

**കുറിപ്പുകൾ**

1. ബെന്യാമിൻ, ആടുജീവിതം, പുറം, 199
2. അതേ പുസ്തകം, പുറം 5
3. ബ്ലെസി, ആടുജീവിതം, തിരക്കഥ, പുറം 7

**ഗ്രന്ഥസൂചി**

1. ബ്ലെസി, ആടുജീവിതം തിരക്കഥ, ഡി.സി.ബുക്സ്, കോട്ടയം, 2024
2. ബെന്യാമിൻ, ആടുജീവിതം, ഗ്രീൻ ബുക്സ്, തൃശ്ശൂർ, 2009.
3. ജോസ് കെ. കുന്നുമ്മൽ ഡോ., ന്യൂജനറേഷൻ സിനിമ, ഡി. സി.ബുക്സ്, കോട്ടയം, 2012
4. ജോസഫ് വി.കെ., സിനിമയും പ്രത്യയശാസ്ത്രവും, സാംസ് കാരികവകുപ്പ്, കേരളസർക്കാർ, 1997
5. വെങ്കിടേശ്വരൻ സി.എസ്., സിനിമയുടെ ഭാവനാ ദേശങ്ങൾ, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2022.
6. Mohammed Shafeeq Karinkurayil, Dubai as a place of Memory in Malayalam Cinema, International Journal of Politics Culture and Society, 2023.
7. Sathyaraj Venkadesan and Rajesh James Imagining the Middle East : Migration and Malayalam Cinema, The IUP Journal of English Studies, March 2022.

oo

**ഭാഷാസാഹിതിയിലേക്ക് അയയ്ക്കുന്ന പ്രബന്ധങ്ങളിൽ ഘടനാപരമായി പാലിക്കേണ്ട കാര്യങ്ങൾ**

1. പ്രബന്ധഭാഷ ഋജുവും യുക്തിഭദ്രവും ആശയവ്യക്തതയുള്ളതും തലക്കെട്ടിനോട് നീതി പുലർത്തുന്നതുമായിരിക്കണം.
2. ലേഖനഭാഷ വിഷയാനുസൃതവും യുക്തിബദ്ധവും വ്യക്തതയുള്ളതുമായിരിക്കണം.
3. ഗവേഷണരീതിശാസ്ത്രം ഉപയോഗിച്ച് എഴുതുന്ന പഠനലേഖനങ്ങൾ മാത്രമാണ് ഭാഷാസാഹിതിയിൽ പ്രസിദ്ധീകരിക്കുക.
4. പ്രബന്ധങ്ങൾ പരിശോധനാസമിതിക്ക് അയച്ച് കൊടുക്കേണ്ടതിനാൽ ശീർഷകം, എഴുതുന്നയാളുടെ പേര്, വിലാസം എന്നിവ പ്രത്യേകം പേജിൽ അയച്ചു തരേണ്ടതാണ്. പ്രബന്ധം എഴുതുന്ന പേജിൽ അവ ആവർത്തിക്കുകയുമരുത്.
5. പേജ്മേക്കറിലോ (Pagemaker) വേഡിലോ (Word) ML-Revathi എന്ന ഫോണ്ടിലാണ് ലേഖനം ടൈപ്പു ചെയ്യേണ്ടത്. (കേരള സർവ്വകലാശാലയുടെ പ്രസ്സിൽ യൂണിക്കോട് നടപ്പാക്കുമ്പോൾ ഇതിനു മാറ്റംവരും. അത്തരം മാറ്റങ്ങൾ തീർച്ചയായും അറിയിക്കുന്നതാണ്.) ഇംഗ്ലീഷ് വാക്കുകളോ വാക്യങ്ങളോ ഉണ്ടെങ്കിൽ calibri എന്ന ഫോണ്ടിൽ ടൈപ്പു ചെയ്യണം.
6. ലേഖനത്തിനുള്ളിലെ ഉപശീർഷകങ്ങൾ ഇടതുമാർജിൻ ചേർത്തെഴുതണം. അവ തടിച്ച ലിപിയിൽ (bold letters) ആയിരിക്കണം. എന്നാൽ, വ്യത്യസ്ത ഫോണ്ടുപയോഗിക്കുകയോ ഫോണ്ടിന്റെ വലുപ്പം കൂട്ടുകയോ ചെയ്യേണ്ടതില്ല.
7. ഫോണ്ടിന്റെ വലുപ്പം 13 ആയിരിക്കണം.
8. വരികൾ തമ്മിൽ 1.5 അകലം ഉടനീളമുണ്ടായിരിക്കണം.
9. A4 കടലാസിന്റെ നാലുവശത്തും 2 സെന്റീമീറ്റർ മാർജിൻ നൽകണം.
10. ലേഖനത്തിന്റെ തുടക്കത്തിൽ, ഏതാനും വാക്യങ്ങളിൽ, മുഖ്യ ആശയം സംഗ്രഹം എന്ന ഉപശീർഷകത്തിൽ നൽകണം.
11. സംഗ്രഹത്തെ തുടർന്ന് താക്കോൽവാക്കുകൾ (Key words) ഏതൊക്കെയെന്ന് എഴുതണം.
12. ഉദ്ധരണികളുടെയും മറ്റും സൂചന അതതിടങ്ങളിൽ ഉദ്ധരണിക്കു പിന്നാലെ ബ്രായ്ക്കറ്റിൽ നൽകാം. അവ ഗ്രന്ഥകർത്താവ്, ഗ്രന്ഥത്തിന്റെ പേര്, പുറം എന്ന രീതിയിലാകണം.
13. പ്രബന്ധത്തിന്റെ അവസാനമാകണം വിശദീകരണക്കുറിപ്പുകൾ, ഗ്രന്ഥസൂചി, ഓൺലൈൻ വിവരങ്ങൾ എന്നിവ ക്രമത്തിൽ നൽകേണ്ടത്.
14. ഗ്രന്ഥസൂചി തയ്യാറാക്കേണ്ടത് MLA Style Sheet രീതിയിലാകണം. (A-B-P-P-Y)

15. പേജ്നമ്പർ എല്ലാപ്പുറത്തിലും മുകളിൽ വലതുവശത്തായിരിക്കണം.
16. ഗവേഷണരീതിശാസ്ത്രം ഉപയോഗിച്ച് എഴുതുന്ന പഠനലേഖനങ്ങൾ മാത്ര മാണ് ഭാഷാസാഹിതിയിൽ പ്രസിദ്ധീകരിക്കുക.
17. മറ്റെവിടെയെങ്കിലും പ്രസിദ്ധീകരിച്ച പ്രബന്ധങ്ങൾ ഭാഷാസാഹിതിയിലേക്ക് അയയ്ക്കാൻ പാടില്ല.
18. പ്രസിദ്ധീകരണത്തിനായി തെരഞ്ഞെടുത്തവ മറ്റ് പ്രസിദ്ധീകരണങ്ങളിലോ സമാഹാരങ്ങളിലോ അയയ്ക്കാനും പാടില്ല.
19. ഒടുവിൽ പറഞ്ഞ നിർദ്ദേശങ്ങൾ ഉറപ്പുവരുത്തിക്കൊണ്ടുള്ള സമ്മതപത്രവും പ്രബന്ധത്തോടൊപ്പം അയയ്ക്കേണ്ടതാണ്.

**അയയ്ക്കേണ്ടരീതി**

- പ്രബന്ധത്തിന്റെ രണ്ടു കോപ്പി അയയ്ക്കണം
- ഒരു സോഫ്റ്റ് കോപ്പി (Soft copy) bhashasahithi.mal@keralauniversity.ac.in എന്ന ഇ-മെയിലിലേക്കും ടൈപ്പു ചെയ്തു പ്രിന്റെടുത്ത മറ്റൊരു കോപ്പി (Hard copy) Hod, Dept. of Malayalam, University of Kerala, Kariavattom, Thiruvananthapuram. Pin : 695581 എന്ന മേൽവിലാസത്തിലേക്കുമാണ് അയയ്ക്കേണ്ടത്.

**പ്രബന്ധം പ്രസിദ്ധീകരിക്കുന്നത്**

ഓരോ പ്രബന്ധവും പരിശോധകസമിതിയിലെ പണ്ഡിതരെക്കൊണ്ടു പരി ശോധിപ്പിച്ചശേഷമുള്ള നിർദ്ദേശത്തിനനുസരിച്ചായിരിക്കും പ്രസിദ്ധീകരണത്തിനു സ്വീകരിക്കുന്നത്.

കാര്യവട്ടം

**പ്രൊഫ. സീമാ ജെറോം**
വകുപ്പദ്ധ്യക്ഷ
(പത്രാധിപർ, ഭാഷാസാഹിതി)
മലയാളവിഭാഗം, കേരളസർവ്വകലാശാല

## ഭാഷാസാഹിതി
## തപാലിൽ ലഭിക്കാൻ

ഭാഷാസാഹിതി തപാലിൽ ലഭിക്കാൻ വാർഷിക വരിസംഖ്യയായ **400** രൂപയ്ക്കൊപ്പം 4 പ്രവാശ്യത്തെ തപാൽ ചാർജ്ജായ **200** രൂപകൂടി ഉൾപ്പെടുത്തി 600 രൂപ (ഒറ്റക്കോപ്പിയാണെങ്കിൽ **100** രൂപയും തപാൽ ചാർജ്ജും ഉൾപ്പെടെ **150** രൂപ) HoD, Malayalam Department എന്നപേരിൽ PD അക്കൗണ്ടിലേക്ക് (Account No. 57007266575 IFSCode: SBIN 0070043) അയയ്ക്കുകയും അതിന്റെ രേഖ malkvtm@gmail.com എന്ന മെയിൽ ഐഡിയിലേക്ക് അയക്കുകയും ചെയ്താൽ മതി. മലയാളവിഭാഗത്തിൽനിന്നും പാളയത്തെ സെയിൽസ് എമ്പോറിയത്തിൽനിന്നും കോപ്പികൾ നേരിട്ടു വാങ്ങാവുന്നതാണ്. നേരിട്ടു വാങ്ങുകയാണെങ്കിൽ ഒറ്റപ്രതിക്ക് **100** രൂപ, വാർഷികവരിസംഖ്യ **400** രൂപ.